
www.malankaralibrary.com

# പ്രിയം
# മൈലപ്ര



തിരുഹൃദയ മലങ്കര കത്തോലിക്കാ
ദേവാലയ നവതി സ്മരണിക

www.malankaralibrary.com



മൈലപ്ര തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം


www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com

# പ്രിയം മൈലപ്ര








15 കൂട്ടായ്മയെ ബലപ്പെടുത്തുന്ന പുനരൈക്യം

22 നവതി നിറവിൽ മഹിമയോടെ

28 മൈലപ്ര തിരുഹൃദയ ഇടവക ചരിത്രവഴികളിലൂടെ

39 മൈലപ്ര അച്ചൻ എന്ന മൈലപ്രയുടെ ചരിത്രം

44 മലങ്കര കത്തോലിക്കാ സഭ: തനിമയും വ്യക്തിത്വവും നിയോഗവും

56 ക്രൈസ്തവജീവിത ദൗത്യനിർവഹണം ഭക്തസംഘടനകളിലൂടെ

66 പള്ളിക്കൊപ്പം പള്ളിക്കൂടം

72 ഇടവകയെ നയിച്ച ഇടയൻമാർ

82 ദൈവവിളിയോടുള്ള പ്രത്യുത്തരങ്ങൾ










www.malankaralibrary.com

# ഉള്ളടക്കം





92 എനിക്ക് ഒന്നൂടെ വരണമെന്നുണ്ട്, മൈലപ്രയിൽ

95 മൈലപ്രയും എന്റെ ദൈവവിളിയും

102 ഞാനും എന്റെ പകുതിയും

104 എന്റെ ദേവാലയവും ഞാനും: ഒരു തിരിഞ്ഞുനോട്ടം

111 മൈലപ്രയിലെ ശുശ്രൂഷാ നാളുകൾ

115 മൈലപ്രയെന്നൊരു ദേശമുണ്ട്, ഓർമകളേറെയുണ്ട്

120 മൈലപ്രയെന്ന വിശ്വാസ നീരൊഴുക്ക്

122 പ്രൗഢം ഗംഭീരം നവതി ആഘോഷം

125 നവതി ചിത്രങ്ങളിലൂടെ










www.malankaralibrary.com

പ്രിയം മൈലപ്ര

# നവ്യം

## നവതി ആഘോഷം



രണ്ടായിരം വർഷത്തെ ചരിത്രമുള്ള സഭയിൽ ഒരു ഇടവകയുടെ നവതി ചെറിയൊരു അധ്യായം മാത്രം. പക്ഷേ, പൂർവികർ പകർന്നുനൽകിയ വിശ്വാസ ധാരയിൽ ഉറച്ചുനിന്നു മുന്നോട്ടുപോകുന്ന ഇടവക സമൂഹത്തിന് നവതി ആഘോഷം പകർന്നുനൽകുന്ന ശക്തി ചെറുതല്ലതാനും. 90 വർഷത്തെ ചരിത്രത്തിലേക്ക് മലങ്കര കത്തോലിക്കാ സഭയെ ചുരുക്കാൻ പലരും ശ്രമിക്കാറുണ്ട്. എന്നാൽ മാർത്തോമ്മാ ശ്ലീഹായിൽ തുടങ്ങുന്ന ഭാരത ക്രൈസ്തവചരിത്രത്തിന്റെ ഭാഗം തന്നെയാണ് മലങ്കര കത്തോലിക്കാ സഭയും. ഇക്കാര്യം സഭാതലവൻ അത്യഭിവന്ദ്യ മേജർ ആർച്ച് ബിഷപ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ അടിവരയിട്ടുപറയുകയും ഓർമിപ്പിക്കുകയും ചെയ്യുന്നുണ്ട്. മലങ്കര സഭയുടെ പുനരൈക്യ ചരിത്രത്തിൽ നിർണായക സ്ഥാനമാണ് മൈലപ്രയ്ക്കുള്ളത്. 1928ൽ തന്നെ ഇവിടെ കത്തോലിക്കാ സഭയുമായി ബന്ധം തുടങ്ങിയിരുന്നു. 1930 മുതൽ തന്നെ സഭാ സമൂഹവുമുണ്ട്. 1932ൽ ആദ്യ ദേവാലയം സ്ഥാപിതമായതിന്റെ നവതി ആഘോഷമാണ് കടന്നുപോകുന്നത്.

നവതി എല്ലാ അർഥത്തിലും ശാക്തീകരണമായിരുന്നു. ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനിയുടെയും വിശുദ്ധ ദേവസഹായം പിള്ളയുടെയും കബറിടങ്ങളിലേക്കുള്ള യാത്ര ഇടവക മക്കൾക്ക് നവ്യാനുഭവമായിരുന്നു. അതുപോലെ തന്നെയായിരുന്നു ഇടവകയെ നയിച്ച മുൻ വികാരിമാരുടെ കബറിടങ്ങളിലേക്കുള്ള പ്രാർഥനാ യാത്രയും. കൊച്ചുകുട്ടികളും യുവാക്കളും മുതിർന്നവരും ഒരേ മനസ്സോടെ ആ കബറിടങ്ങളിലെത്തി പ്രാർഥിച്ചു. പൂർവപിതാക്കളെ അനുസ്മരിക്കുന്നത് എത്രയോ പുണ്യം.

നവതി ആഘോഷത്തോടനുബന്ധിച്ച് വ്യത്യസ്തമായ പരിപാടികളാണ് സംഘടിപ്പിച്ചത്. മാതൃവേദിയുടെ രൂപതാതല ധ്യാനം, എംസിഎയുടെ രൂപതാതല സമ്മേളനം തുടങ്ങിയ പരിപാടികളിലൂടെ നവതിയുടെ സന്ദേശം എല്ലായിടത്തും എത്തി. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമത്തിനും നവതി നിമിത്തമായി. മനോഹരമായ പാസ്റ്ററൽ സെന്റർ ആ കൂട്ടായ്മയിൽ പൂർത്തിയായി. ഓഡിറ്റോറിയവും നവതി സ്മാരകമായി പൂർത്തിയാകുന്നു. 2022 മേയ് നാലിന് പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് തിരുമേനി തെളിച്ച നവതി ദീപം ഇടവകയുടെ വെളിച്ചമായി മാറി. 2023 മേയ് 5ന് അത്യഭിവന്ദ്യ കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ നവതി ആഘോഷത്തിന് സമാപന സന്ദേശമേകി.

നവതി കഴിയുമ്പോൾ ശതാബ്ദിയിലേക്കാണ് കുതിപ്പ്. കുറഞ്ഞുവരുന്ന ജനനനിരക്ക്, വിദേശങ്ങളിലേക്കുള്ള കുടിയേറ്റം തുടങ്ങി ഒട്ടേറേ കാര്യങ്ങൾ നമ്മളെ ആശങ്കാകുലരാക്കുന്നുണ്ട്. പക്ഷേ, ഏതു സാഹചര്യത്തെയും പോസിറ്റീവ് ആയി എടുക്കാൻ നമ്മൾ പ്രാപ്തരാണ്. വിരലിലെണ്ണാവുന്ന ഒരു സമൂഹത്തിൽ നിന്ന് 320 കുടുംബങ്ങൾ ഉള്ള വലിയ ഇടവകയായി വളർന്നുവെങ്കിൽ ആശങ്കയ്ക്കു വകയില്ല. ആത്മീയമായും ഭൗതികമായും ഇടവകയും സഭയും വളർന്നുകൊണ്ടേയിരിക്കും. അനുദിനം നവീകരിക്കപ്പെടുകയും ശാക്തീകരിക്കപ്പെടുകയും ചെയ്യുന്ന സമൂഹം ഒന്നിനെയും ഭയക്കേണ്ടതില്ല. മൈലപ്രയെ അറിയാത്തവരായി മലങ്കര കത്തോലിക്കാ സഭയിൽ ആരും ഉണ്ടാവില്ല. മലങ്കരയുടെ മൂത്ത പുത്രി എന്ന് മാർ ഇവാനിയോസ് പിതാവിനാൽ വിളിക്കപ്പെട്ട മൈലപ്ര നവതി ആഘോഷിക്കുമ്പോൾ സഭാ സമൂഹം മുഴുവനാണ് അഭിമാനം കൊള്ളുന്നത്. മൈലപ്ര ഇടവകയുടെ ചരിത്രം പറയുന്ന ഡോക്യുമെന്ററി കണ്ട് അഭിനന്ദനം പറഞ്ഞവരെത്രയോ പേരുണ്ട്. നവതി ആഘോഷം ഭംഗിയാക്കാനും അതിനോടനുബന്ധിച്ച് ഈ സ്മരണിക തയാറാക്കാനും മുന്നിട്ടിറങ്ങിയ എല്ലാവർക്കും നന്ദിയുടെ ഒരു വാക്കു കൂടി പറയട്ടെ

സ്നേഹപൂർവം,

**ബോബി ഏബ്രഹാം പുതിയമേലേതിൽ**

(നവതി ജനറൽ കൺവീനറും സ്മരണിക ചുമതലക്കാരനും)

മാനേജിങ് എഡിറ്റർ:
ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ

എഡിറ്റർ:
ബോബി ഏബ്രഹാം

രൂപകല്പന:
ജിജോ മാത്യു

വര, കവർചിത്രം:
ഷാജി മാത്യു

സ്മരണിക കൺവീനർ:
ബിനോയ് വർഗീസ്

Printed and Published by **Rev. Fr. Paul Nilakkal Thekkethil,** Vicar, Sacred Heart Malankara Syrian Catholic Church, Mylapra

Printed at SS Printers, Mallappally.

www.malankaralibrary.com

# മലങ്കരയുടെ
# പുനരൈക്യ ശില്പി



ദൈവദാസൻ ആർച്ച് ബിഷപ് ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പൊലീത്ത

പ്രഥമ ആർച്ച്ബിഷപ് തിരുവനന്തപുരം മേജർ അതിരൂപത 21.09.1882 - 15.07.1953

www.malankaralibrary.com



ആർച്ച് ബിഷപ് ബനഡിക്ട്
മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത
**01.02.1916 - 10.10.1994**

www.malankaralibrary.com



മേജർ ആർച്ച് ബിഷപ് മോറാൻ മോർ
സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ
16.08.1935 - 18.01.2007

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

23-09-2023

## അനുഗ്രഹ സന്ദേശം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പത്തനംതിട്ട ഭദ്രാസനത്തിലെ മൈലപ്രാ തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ നവതി ആഘോഷത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷിക്കുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവദശയിൽ ഈ ഇടവകയും നമ്മുടെ പൂർവികരും നൽകിയ പങ്കിനെ ഞാൻ ഹൃദയപൂർവ്വം സ്മരിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ഈ ഇടവക കൂട്ടായ്മ, സഭയുടെ കെട്ടുപണിയിലും പുരോഗതിയിലും സ്ഥായിയായ പങ്കുവഹിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. ഈ ഇടവക, ദൈവാനുഭവത്തിലും ദൈവീക സാക്ഷ്യത്തിലും സജീവമായിരുന്നു എന്നതിന്റെ വലിയ ദൃഷ്ടാന്തമാണ് അനേക ദൈവവിളികൾ ഇവിടെ നിന്ന് ലഭിച്ചു എന്നത്. മലങ്കര സുറിയാനി കത്തോലിക്കാസഭയിലും പത്തനംതിട്ട ഭദ്രാസനത്തിലും ഈ ഇടവക മാതൃകയായി നിലനിൽക്കുന്നു എന്നത് സന്തോഷകരമാണ്.

ഭാഗ്യസ്മരണാർഹരായ നമ്മുടെ പുണ്യപിതാക്കന്മാരുടെ ശ്ലൈഹീക ആശീർവാദത്താൽ ഇവിടത്തെ ആത്മീയവും ഭൗതീകവുമായ പ്രവർത്തനങ്ങൾ ഫലപ്രദമായി എന്നതാണ് ഇന്നത്തെ ഇടവകയുടെ വളർച്ചയ്ക്ക് നിദാനം. ആദ്യകാലങ്ങളിൽ ഇടവകയുടെ അജപാലന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ ദിവംഗദരായ വന്ദ്യ വൈദികരെയും അൽമായ നേതാക്കന്മാരെയും ഈ സന്ദർഭത്തിൽ ആദരവോടെ സ്മരിക്കാം. അവർ തുടങ്ങി വച്ച പ്രേഷിത പ്രവർത്തനങ്ങളും ആദ്ധ്യാത്മിക ശുശ്രൂഷകളും ഫലപ്രദമായിരുന്നു എന്നത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. ഇടവകയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും പുനരൈക്യ പ്രസ്ഥാനത്തിനും ശക്തമായ പിൻബലം നൽകിയ അവിഭക്ത തിരുവനന്തപുരം മേജർ അതിരൂപതയിലെയും പത്തനംതിട്ട രൂപതയിലെയും ബഹു. വൈദികരെയും പൂജ്യരായ ബഥനി സന്യാസസമൂഹത്തിലെ മറ്റു വൈദികശ്രേഷ്ഠരെയും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. നവതി ആഘോഷം ഇടവക കൂട്ടായ്മയുടെ വിവിധ ശുശ്രൂഷാ വേദികൾക്ക് കൂടുതൽ ഊർജ്ജവും ക്രൈസ്തവ സാക്ഷ്യവും പ്രദാനം ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

നവതി ആഘോഷിക്കുന്ന ഈയവസരത്തിൽ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയെയും, ഈ ഇടവകയിൽ നിന്നുള്ള പാറശ്ശാല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയെയും ഇപ്പോഴത്തെ ഇടവക വികാരി ബഹു. പോൾ നിലയ്ക്കൽ അച്ചനെയും ബഹു. വൈദികർ, സന്യാസിനിമാർ, ഇടവക കമ്മിറ്റിയംഗങ്ങൾ, ഇടവകാംഗങ്ങൾ ഏവരെയും എന്റെ ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം അറിയിക്കുന്നു.

ദൈവം നിങ്ങളെയേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis


✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

www.malankaralibrary.com



മേജർ ആർച്ച് ബിഷപ് കർദിനാൾ മോറാൻ മോർ
ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും

www.malankaralibrary.com



അഭി. ഡോ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത
(പത്തനംതിട്ട രൂപതാധ്യക്ഷൻ)

www.malankaralibrary.com

# കൂട്ടായ്മയെ ബലപ്പെടുത്തുന്ന

# പുനരൈക്യം

അനേകം പ്രതിഭാശാലികളായ വൈദികരുടെ ആത്മീയ നേതൃത്വത്തിലാണ് മൈലപ്ര തിരുഹൃദയ കത്തോലിക്കാ ദേവാലയം ബീജാവാപം ചെയ്തത്.

ഡോ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത
(പത്തനംതിട്ട രൂപതാധ്യക്ഷൻ)

**'കർത്താവ് ഞങ്ങളോടിങ്ങനെ കല്പിച്ചിരിക്കുന്നു: ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ വ്യാപിപ്പിക്കുന്നതിന് വിജാതീയർക്കൊരു ദീപമായി നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു." അപ്പ. പ്രവ. 13, 47.**

കേരള സഭാ ചരിത്രത്തിലെ ഏറ്റവും നിർണ്ണായക സംഭവമാണ് 1930 സെപ്റ്റംബർ 20ന് ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യം. അസ്വസ്ഥതകളും കോടതി വ്യവഹാരങ്ങളും കക്ഷി വഴക്കുകളും നിറഞ്ഞു നിന്ന പുത്തൻകൂർ സമുദായത്തിന്റെ നിറം മങ്ങിയ ചരിത്രത്താളുകളിലെ തിളക്കമുള്ള അധ്യായമാണ് പുനരൈക്യം. മധ്യ തിരുവിതാംകൂറിലാണ് ആദ്യ നാളുകളിൽ പുനരൈക്യ പ്രസ്ഥാനം ശക്തമായി വളർന്നത്. മാർ ഇവാനിയോസ് പിതാവിന്റെ സത്യാന്വേഷണം കേവലം പ്രകടനപരമായ ഒരു മുന്നേറ്റമായിരുന്നില്ല. തനിക്കുറപ്പുള്ള വഴികളിലൂടെ നടന്ന ആ ജ്ഞാനതപസ്വി അനേകം യുവവൈദികരെ തന്റെ പന്ഥാവിലേക്ക് ആകർഷിച്ചു. ഇപ്രകാരം ആകൃഷ്ടരായ നിരവധി വൈദികരും അല്മായരുമാണ് പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാല മുന്നണിപ്പോരാളികൾ. മൈലപ്ര പ്രദേശത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൂട്ടായ്മ രൂപം കൊണ്ടിട്ട് ഒമ്പത് പതിറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. മാർ ഇവാനിയോസ് പിതാവിന്റെ പുനരൈക്യത്തിൽ നിന്ന് ഊർജം സ്വീകരിച്ച ബഹു. മേടയിലച്ചനും അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനിയാൽ സത്യ സഭയിലേക്ക് കടന്നു വന്ന ബഹു. പീടികയിലച്ചനുമുൾപ്പെടെയുള്ള അനേകം പ്രതിഭാശാലികളായ വൈദികരുടെ ആത്മീയ നേതൃത്വത്തിലാണ് മൈലപ്ര തിരുഹൃദയ കത്തോലിക്കാ ദേവാലയം ബീജാവാപം ചെയ്തത്. നവതിയുടെ നിറവിലായിരിക്കുമ്പോൾ നമുക്ക് വേണ്ടി ത്യാഗം സഹിച്ചവരെയും നിരവധി പ്രതികൂലങ്ങളെ അതിജീവിച്ച് ഈ പ്രദേശത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ആദ്യമായി ഒരു ദേവാലയം നിർമ്മിക്കുന്നതിന് അക്ഷീണം പ്രയത്നിച്ച പൂർവ്വ സൂരികളെയും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കാം.

കാലാനുസൃതമായി ചിന്തിക്കാനും ഉചിതമായി തീരുമാനങ്ങൾ എടുക്കാനും മാറി വരുന്ന സർക്കാരുകൾ പരാജയപ്പെടുന്നതിന്റെ പരിണത ഫലമാണ് നാടുവിട്ടു പോകുന്ന നമ്മുടെ വിദ്യാർഥി സമൂഹം.

പുനരൈക്യ പ്രസ്ഥാനത്തിന്റെ ധാരാളമായ നന്മകൾ ഇന്നും അനുഭവിക്കുന്ന ഗ്രാമമാണ് മൈലപ്ര. ഒരു പക്ഷേ ഈ പ്രദേശം ഇന്ന് നേടിയ നാനാവിധ വളർച്ചയ്ക്കും വികസനത്തിനും മലങ്കര കത്തോലിക്കാ സഭയ്ക്കും വിശേഷിച്ച് പുനരൈക്യ പ്രസ്ഥാനത്തിനും നിർണ്ണായക പങ്കുണ്ട്. ബഹു. മൈലപ്ര അച്ചന്റെ പുനരൈക്യവും തുടർന്ന് തിരുഹൃദയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയിൽ മൈലപ്രയും സമീപ പ്രദേശങ്ങളും കൈവരിച്ച അത്ഭുതകരമായ വളർച്ചയും ഒരു നാടിന്റെ സമഗ്രമായ പുരോഗതിയിൽ പുനരൈക്യ പ്രസ്ഥാനം വഹിച്ച അദ്വിതീയ പങ്കിനെ വിളിച്ചോതുന്നതാണ്. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉപവി പ്രവർത്തനങ്ങളിലൂടെ മറ്റുള്ളവരുടെ മുമ്പിൽ നമ്മുടെ വെളിച്ചം പ്രകാശിപ്പിക്കാനും തദ്വാര സ്വർഗസ്ഥനായ പിതാവ് മഹത്വപ്പെടുവാനുമിടയാകുമ്പോഴാണല്ലോ നമ്മുടെ ക്രിസ്തീയ ദൗത്യം പൂർണ്ണമാകുന്നത്. അവയെ കണ്ടെത്താനുള്ള പരിശ്രമമാണ് ഈ ലേഖനം.

വിദ്യാഭ്യാസ മേഖലയിൽ ധാരാളം കാര്യങ്ങൾ ഇനിയും ചെയ്യാൻ സഭയ്ക്കുണ്ട്. ഈ ദിശയിലുള്ള സർക്കാർ പ്രവർത്തനങ്ങളുടെ പോരായ്മയും പരാജയവും ഈ നാളുകളിൽ നാം കാണുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത്

www.malankaralibrary.com



ഈ അടുത്ത കാലത്ത് ഉണ്ടായികൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നാം നേരിടുന്ന അപചയത്തിന്റെ നേർക്കാഴ്ചകളാണ്. കാലാനുസൃതമായി ചിന്തിക്കാനും ഉചിതമായി തീരുമാനങ്ങളെടുക്കാനും മാറി വരുന്ന സർക്കാരുകൾ പരാജയപ്പെടുന്നതിന്റെ പരിണിത ഫലമാണ് നാടു വിട്ടുപോകുന്ന നമ്മുടെ വിദ്യാർഥി സമൂഹം. ഇവിടുത്തെ കോളജുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ അയൽ സംസ്ഥാനങ്ങളിലേക്ക് വിദ്യാഭ്യാസം നേടാനായി കുട്ടികൾ ഒഴുകുകയാണ്. രാജ്യം വിട്ടുപോകുന്ന യുവജനങ്ങളുടെ കണക്കുകളും നമ്മെ ഞെട്ടിക്കുന്നതാണ്. ഏകദേശം 650 കോടി ഡോളറാണ് ഓരോ വർഷവും ഫീസിനത്തിൽ മാത്രം നമ്മുടെ കുട്ടികൾ വിദേശ രാജ്യങ്ങളിൽ നിക്ഷേപിക്കുന്നത്. പണം മാത്രമല്ല മികച്ച തലച്ചോറുകൾ കൂടിയാണ് നാടു കടത്തപ്പെടുന്നത്. നമ്മുടെ നാട്ടിൽ ആസന്നമാകുന്ന ഒരു തരം ഇന്റെലക്ച്വൽ സ്റ്റാഗ്നേഷനിലേക്കാണ് ഈ അവസ്ഥ വിരൽ ചൂണ്ടുന്നത്. അതോടൊപ്പം ഓരോ വർഷവും അഡ്മിഷൻ സമയത്ത് നേരിടേണ്ടി വരുന്ന നിയമത്തിന്റെ നൂലാമാലകളും അഡ്മിഷൻ പ്രൊസീഡ്യറിൽ അനുഭവപ്പെടുന്ന അസ്വസ്ഥതകളും അനന്തമായ കാലതാമസവുമെല്ലാം പഠിക്കാനാഗ്രഹിക്കുന്ന കുട്ടികളെ നാടു വിട്ട് മെച്ചപ്പെട്ട ഇടങ്ങളിലേക്ക് ചേക്കേറാൻ പ്രേരിപ്പിക്കുന്നുണ്ട്. അതോടൊപ്പം നമ്മുടെ സർവ്വകലാശാലകളിലും കോളേജുകളിലും നിലനില്ക്കുന്ന സ്വജനപക്ഷപാതമുൾപ്പെടെയുള്ള ഹീനമായ വ്യവസ്ഥകളോട് സമരസപ്പെടാനാവാതെ രാഷ്ട്രീയ അടിമത്തത്തിൽ നിന്ന് മോചനം ആഗ്രഹിച്ചും സ്വസ്ഥമായ പഠനസാഹചര്യങ്ങളഭിലഷിച്ചും കേരളം വിടുന്നവരും കുറവല്ല. ഈ പശ്ചാത്തലത്തിൽ തൊഴിൽ സാധ്യതകളുള്ള പുതിയ കോഴ്സുകൾ ഉൾപ്പെടുത്തി ഈ ജില്ലയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ രൂപത സന്നദ്ധമാണ്. ഈ വിഷയത്തിൽ ഗൗരവമായ ആലോചനകൾ പുരോഗമിക്കുന്നുണ്ട്. അതോടൊപ്പം കൂടുതൽ ചെറുപ്പക്കാർക്ക് നാട്ടിൽ തന്നെ ജോലി കണ്ടെത്താൻ സഹായിക്കുന്നതിനുള്ള പരിശ്രമങ്ങളും മത്സര പരീക്ഷകൾക്കുള്ള പരിശീലനവും നല്കുന്നതിലും ശ്രദ്ധ പതിപ്പിക്കാൻ രൂപത ആഗ്രഹിക്കുന്നുണ്ട്.

നമ്മുടെ മലയോര മേഖലയെയും കർഷകരെയും പ്രതികൂലമായി ബാധിക്കുന്ന സുപ്രീം കോടതി വിധിയിൽ നാമെല്ലാം ആശങ്കാകുലരാണ്. പത്തനംതിട്ട രൂപത സവിശേഷ പ്രാധാന്യത്തോടെ കാണുന്ന ഒരു പ്രശ്നമാണിത്. സുപ്രീം കോടതി വിധിയെയല്ല ഇപ്രകാരമൊരു വിധിയിലേക്ക് നയിച്ച നിയമനടപടികളും നിയമപശ്ചാത്തലവും വിവിധ രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകളുമാണ് ചോദ്യം ചെയ്യപ്പെടേണ്ടത്. പിറന്ന മണ്ണിൽ ജീവിക്കാനും കൃഷി ചെയ്യാനും അവകാശങ്ങൾ സംരക്ഷിക്കാനുമുള്ള അടിസ്ഥാനപരമായ അതിജീവനോദ്യമങ്ങൾ പ്രതിരോധിക്കപ്പെടുമ്പോൾ,

www.malankaralibrary.com

നാട് കാടായി മാറുമ്പോൾ, മനുഷ്യനെക്കാൾ വന്യ ജീവികളും ശല്യ മൃഗങ്ങളും പരിഗണനയും സംരക്ഷണയും അർഹിക്കുന്നവയാണെന്ന് വാദിക്കുമ്പോൾ ഇത്തരം നിയമങ്ങളും അവയെ പടച്ചുവിടുന്ന നിയമസംവിധാനങ്ങളും വിധ്വംസക പ്രതിലോമ ശക്തികളുടെ കുഴലൂത്തുകാരായി അധപ്പതിക്കുന്നുവെന്ന് പറയേണ്ടി വരുന്നു.

ജനവാസ മേഖലയിൽ സീറോ ബഫർ സോൺ എന്ന നിലപാട് സ്വീകരിക്കാൻ സർക്കാർ തയാറാകണം. കർഷകന്റെ കഴുത്തിലെ കുരുക്ക് അഴിച്ചുമാറ്റാൻ ജനവിരുദ്ധ നിയമങ്ങൾ അടിച്ചേല്പിക്കാൻ ശ്രമിക്കാതെ ജനോപകാരപ്രദമായ നിയമസംവിധാനങ്ങൾ രൂപപ്പെടുത്താൻ സർക്കാർ തയാറാകണം. ബഫർ സോൺ വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിൽ പത്തനംതിട്ട രൂപത സവിശേഷമായ പങ്ക് വഹിച്ചിട്ടുണ്ട്. തുടർന്നും ഈ വിഷയങ്ങളിൽ സജീവമായ ഇടപെടൽ തുടരുന്നതാണ്. നമ്മുടെ പ്രധാനപ്പെട്ട മൂന്ന് വൈദിക ജില്ലകൾ ഈ കരിനിയമത്തിന്റെ ദുരന്തഫലം അനുഭവിക്കേണ്ടി വരുമെന്നതുകൊണ്ടു മാത്രമല്ല, ഈ പ്രദേശങ്ങളിലധിവസിക്കുന്ന നാനാജാതി മതസ്ഥരായ ആയിരക്കണക്കിനാളുകൾ ഇതിന്റെ ഭവിഷ്യത്തുകൾ നേരിടേണ്ടി വരുന്നതിനാൽ ബഫർ സോൺ വിഷയത്തിൽ ജനപക്ഷപരമായ നിലപാടുമായി രൂപത നേതൃനിരയിൽ തന്നെ ഉണ്ടാകും. മതരാഷ്ട്രീയ അതിർവരമ്പുകൾക്കതീതമായി ഒരു ബഹുജനപ്രക്ഷോഭ മുന്നേറ്റത്തിന് കഴിയുന്നതെല്ലാം ചെയ്യാൻ പരിശ്രമിക്കും.

പത്തനംതിട്ട ജില്ല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രതിസന്ധി ജനസംഖ്യാ ശോഷണമാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ജില്ലയിൽ നെഗറ്റീവ് വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 859 പേർ താമസിക്കുമ്പോൾ പത്തനംതിട്ടയിൽ 453 പേർ മാത്രമേ ഉള്ളൂ. 2001നെ അപേക്ഷിച്ച് 2011ൽ 3.12 ശതമാനം കുറവാണ് ജനസംഖ്യയിൽ വന്നിരിക്കുന്നത്. ജില്ലയിലെ 25 ശതമാനത്തിലധികം ആളുകൾ മുതിർന്ന പൗരന്മാരാണ്. 20 ശതമാനത്തോളം വീടുകൾ അടഞ്ഞു കിടക്കുന്നു. ഈ പ്രതിസന്ധിയെ അതിജീവിക്കാനും നമ്മുടെ ജില്ലയുടെ നിലനിൽപ് തന്നെ അപകടപ്പെടുത്തുന്ന സമീപനങ്ങളെപ്പറ്റി ജനത്തെ ബോധവത്കരിക്കാനും രൂപതയ്ക്ക് കടമയുണ്ട്. കൂടുതൽ കുഞ്ഞുങ്ങളെ സ്വീകരിക്കാൻ നവ ദമ്പതികളെ പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെയുള്ള നിരവധി പദ്ധതികൾ അതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതോടൊപ്പം അജപാലനപരമായ മറ്റൊരു പ്രതിസന്ധി 30 വയസ്സിനു മുകളിൽ അവിവാഹിതരായി കഴിയുന്ന യുവജനങ്ങളാണ്. അജപാലന സന്ദർശന വേളകളിലെല്ലാം ചെറിയ ഇടവകകളിൽ പോലും ധാരാളം ചെറുപ്പക്കാർ അവിവാഹിതരായി നില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലങ്കര മാട്രിമോണി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാക്കിയും ബോധവത്കരണം നല്കിയും ഈ പ്രതിസന്ധിയെ അതിജീവിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.



**ജനവിരുദ്ധ നിയമങ്ങൾ അടിച്ചേല്പിക്കാൻ ശ്രമിക്കാതെ കർഷകന്റെ കഴുത്തിലെ കുരുക്ക് അഴിച്ചുമാറ്റാൻ സർക്കാർ തയാറാകണം.**

മൈലപ്ര പ്രദേശത്തെ നമ്മുടെ സഭാകൂട്ടായ്മ നവതിയിലേക്ക് പ്രവേശിക്കുമ്പോൾ നമുക്കുള്ള ശുശ്രൂഷാ മേഖലകൾ ഇന്ന് വ്യത്യസ്തമാണ്. കഴിഞ്ഞ കാലങ്ങളെക്കാളുപരി സഭയും അതിന്റെ പ്രവർത്തനങ്ങളും ഈ കാലത്ത് കൂടുതൽ പ്രസക്തമാകുകയാണ്. സഭയുടെ ഇടപെടലലിലൂടെ മാത്രമേ ഇന്ന് പല രംഗങ്ങളിലും പൊതു സമൂഹത്തിനും നന്മയുണ്ടാകുന്നുള്ളൂ എന്നതാണ് വസ്തുത. നമ്മുടെ സഭയുടെ പൈതൃകത്തെയും അതിന്റെ ആരാധനാക്രമത്തെയും സ്നേഹിക്കാനും കാലദേശാന്തരങ്ങൾക്കനുസരിച്ച് അവയിലുണ്ടാകുന്ന വ്യത്യാസങ്ങളെ ഉൾക്കൊള്ളാനും നമുക്ക് കഴിയണം. മറ്റുള്ളവരിലേക്ക് നന്മ ചെയ്തിറങ്ങിച്ചെല്ലാനും അവരെ ചേർത്തു നിർത്താനും കൂട്ടായ്മയുടെ ആഘോഷമായി ജീവിതത്തെ പരിവർത്തനപ്പെടുത്താനുമുള്ള നിയോഗമാണ് ഓരോ മലങ്കര കത്തോലിക്കനുമുള്ളത്. ഇന്നും പുനരൈക്യം പ്രസ്കതമാകുന്നത് നമ്മുടെ പരോപകാര പ്രവർത്തികളിലൂടെയും മറ്റുള്ളവരെ ചേർത്ത് നിർത്തിയുള്ള പ്രവർത്തനങ്ങളിലൂടെയുമാണ്. അങ്ങനെ നമ്മുടെ ജീവിതം മുഴുവൻ പുനസമാഗമത്തിന്റെയും കൂട്ടായ്മയുടെയും ആഘോഷമായി പരിവർത്തനപ്പെടും. നവതിയുടെ എല്ലാ ആശംസകളും നേരുന്നു.

www.malankaralibrary.com

**SYRO-MALANKARA CATHOLIC CHURCH**
**DIOCESE OF PARASSALA**

Catholic Bishop's House, Ayira P.O., Kudayal, Parassala, Kerala, India 695-502

# അനുഗ്രഹ സന്ദേശം

മൈലപ്ര തിരുഹൃദയ കത്തോലിക്ക ഇടവക സ്ഥാപനത്തിന്റെ നവതി ആഘോഷ വേളയിൽ ഒരു സ്മരണിക തയാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. കഴിഞ്ഞ ഒൻപത് പതിറ്റാണ്ടിലധികമായി ക്രൈസ്തവ വിശ്വാസത്തിന്റെയും സുവിശേഷ മൂല്യങ്ങളുടെയും ആഗോള സഭാ കൂട്ടായ്മയുടെയും നന്മകൾ മൈലപ്രയിലും ചുറ്റുപാടിലും ശക്തമായി സാക്ഷിക്കുവാനും വിന്യസിക്കുവാനും അങ്ങനെ അനേകരെ ഈ നന്മയിലേക്ക് ആകർഷിക്കുവാനും ഈ ഇടവക കുടുംബത്തിന് സാധിച്ചു എന്നത് ദൈവസന്നിധിയിൽ നന്ദിയോടെ സ്മരിക്കുന്നു.

മലങ്കര കത്തോലിക്കാ സഭയിലെ തന്നെ ഏറ്റവും ചൈതന്യവത്തായ ഒരു ഇടവക സമൂഹമായി വളരുവാൻ ദൈവം ഈ കൂട്ടായ്മയെ അനുഗ്രഹിച്ചു. ഭാഗ്യസ്മരണാർഹനായ മൈലപ്ര വല്യച്ചനെയും അതിനു മുമ്പും ശേഷവും ഈ ഇടവകയ്ക്ക് ധീരമായ അജപാലന നേതൃത്വ ശുശ്രൂഷ നൽകിയ എല്ലാ വൈദിക ശ്രേഷ്ഠരെയും നന്ദിയോടെ ഈ മുഹൂർത്തത്തിൽ നമുക്ക് ഓർക്കാം. ഇടവക സമൂഹത്തിന്റെ വളർച്ചയ്ക്കു പിന്നിൽ അനേകം അത്മായ നേതാക്കളുടെ ത്യാഗോജ്വലമായ സമർപ്പണത്തിന്റെയും ശുശ്രൂഷയുടെയും നന്മയുണ്ട്. ഈ ഇടവകയിൽ നിന്ന് സഭയ്ക്കു ലഭിച്ച വൈദിക സന്യസ്ത ദൈവവിളികൾക്ക് ഇടവക പുലർത്തിയ ആത്മീയ അന്തരീക്ഷം ഒരു പ്രധാന കാരണമായിട്ടുണ്ട്. വ്യക്തിപരമായി എന്റെ ദൈവവിളിയുടെയും പൗരോഹിത്യപരമായ കൃപാനുഭവങ്ങളുടെയും പ്രഭവം ഈ വിശ്വാസ കുടുംബമാണ് എന്നു പറയുന്നതിൽ സന്തോഷമുണ്ട്.

ഇന്ന് ഇടവകയ്ക്ക് അനുഗ്രഹീത നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട പോൾ നിലയ്ക്കൽ അച്ചനെയും കമ്മിറ്റി അംഗങ്ങളെയും മറ്റ് എല്ലാ ഇടവക ശുശ്രൂഷകരെയും ഈ നവതി ആഘോഷവേളയിൽ ഞാൻ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നവതി ആഘോഷിക്കുന്ന ഈ അവസരത്തിൽ വർധമാനമായ തീക്ഷ്ണതയോടെ, ത്യാഗസന്നദ്ധതയോടെ ഒരു വിശ്വാസ ജീവിത പുനർസമർപ്പണത്തിന് ദൈവം നാമേവരെയും ശക്തരാക്കട്ടെ. ഈ സ്മരണയ്ക്ക് ദൈവാനുഗ്രഹങ്ങൾ ഞാൻ ആശംസിക്കുന്നു.



തോമസ് മാർ യൗസേബിയോസ്
പാറശാല രൂപത അധ്യക്ഷൻ

+ തോമസ് മാർ യൗസേബിയോസ്
പാറശ്ശാല ഭദ്രാസനാധ്യക്ഷൻ.

www.malankaralibrary.com



അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പൊലീത്ത
പത്തനംതിട്ട രൂപത പ്രഥമ അധ്യക്ഷൻ

www.malankaralibrary.com




# നവതി ഗീതം

പീറ്റർ സി. ഏബ്രഹാം

ഹൃദയമേ തിരു ഹൃദയമേ
കരുണതൻ തിരു
നിണമുതിരും
അരുമയാം തവ ഹൃദയമേ
(ഹൃദയമേ...)

മഹിത മൈലപ്രായ്ക്കു തിലക-
ക്കുറി കണക്കേ ദീപ്തി ചിന്തും
പാവനാലയ ശാന്തി ഗേഹം
കനിവരുളും പാദപീഠം (2)
(ഹൃദയമേ.....)


സ്നേഹതാതാ യേശുദേവാ
കരയുവോർക്കിന്നഭയ നാഥാ
മിഴി തുടയ്ക്കാൻ നീട്ടുമാക്കര-
താരിൽ നൽകാം നവതി മുത്തം (2)
(ഹൃദയമേ...)

www.malankaralibrary.com

# THE SYRO MALANKARA CATHOLIC HIERARCHY




HIS EXCELLENCY
**MOST. REV. THOMAS MAR KOORILOS**
Archbishop of Thiruvalla




HIS EXCELLENCY
**MOST. REV. SAMUEL MAR IRENIOS**
Bishop of Pathanamthitta



HIS HOLINESS
POPE FRANCIS



HIS EXCELLENCY
**MOST. REV. JOSHUA MAR IGNATHIOS**
Bishop of Mavelikara




HIS EXCELLENCY
**MOST. REV. JOSEPH MAR THOMAS**
Bishop of Bathery






HIS EXCELLENCY
**MOST. REV. VINCENT MAR PAULOSE**
Bishop of Marthandam



HIS EXCELLENCY
**MOST. REV. PHILIPOSE MAR STHEPANOS**
Bishop of America Canada



HIS EXCELLENCY
**MOST. REV. GEEVARGHESE MAR MACARIOS**
Bishop of Puttoor

## HIS BEATITUDE MOR BASELIOS CARDINAL CLEEMIS

**Major Archbishop-Catholicos of the Syro-Malankara Catholic Church**
**Major Archbishop of Thiruvananthapuram**




HIS EXCELLENCY
**MOST. REV. THOMAS MAR ANTHONIOS**
Bishop of Gurgaon




HIS EXCELLENCY
**MOST. REV. THOMAS MAR EUSEBIOS**
Bishop of Parasala




HIS EXCELLENCY
**MOST. REV. YOOHANON MAR THEODOSCIOUS**
Bishop of Muvattupuzha
Curia Bishop




HIS EXCELLENCY
**MOST. REV. ANTONY MAR SILVANOS**
Curia Bishop



HIS EXCELLENCY
**MOST. REV. MATHEWS MAR POLYCARPOS**
Auxillory Bishop of Thiruvananthapuram



HIS EXCELLENCY
**MOST. REV. YOOHANON MAR CHRYSOSTOM**
Bishop Emeritus of Pathanamthitta



HIS EXCELLENCY
**MOST. REV. ABRAHAM MAR JULIOS**
Bishop Emeritus of Muvattupuzha

www.malankaralibrary.com

**1932 മുതൽ 2022 വരെ നീളുന്ന വിശ്വാസജീവിതത്തിന്റെ ആഘോഷം**

# നവതി നിറവിൽ



# മഹിമയോടെ

ഫാ. പോൾ
നിലയ്ക്കൽ തെക്കേതിൽ

**(വികാരി)**

**മൈ**ലപ്ര തിരുഹൃദയ ദേവാലയം നവതിയുടെ നിറവിൽ പ്രശോഭിതയാണ്. ഈശോയുടെ തിരുഹൃദയനാമത്തിൽ 1932 ൽ പ്രതിഷ്ഠിക്കപ്പെട്ട ദേവാലയമാണിത്. 1932 മുതൽ 2022 വരെ നീണ്ടുനിന്ന വിശ്വാസജീവിതത്തിന്റെ ആഘോഷത്തിന് 2022 മേയ് മാസത്തിൽ തിരിതെളിഞ്ഞു. 2022 മേയ് മുതൽ 2023 മേയ് 7 വരെ ദൈവാനുഗ്രഹത്തിന് നന്ദി പറഞ്ഞ് ദൈവജനം ഈശോയുടെ തിരുഹൃദയത്തിൽ തങ്ങളെയും കുടുംബങ്ങളെയും ദേശത്തെയും പുനർസമർപ്പിക്കുന്നു.

ഈശോയുടെ തിരുഹൃദയം ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെയും പരിപാലനത്തിന്റെയും കരുണയുടെയും അടയാളമാണ്. തന്റെ സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് അരുളിച്ചെയ്തവൻ തന്റെ ശരീരം പ്രഹരങ്ങൾക്കും മുറിവുകൾക്കുമായി വിട്ടുകൊടുത്തു. ആത്മദാനത്തിന്റെ പരകോടിയിൽ ആകാശത്തിനും ഭൂമിക്കും മധ്യേ കാൽവരികുരിശിൽ തന്റെ പ്രാണൻ പരന് സമർപ്പിക്കുമ്പോൾ ലോകം ഒരിക്കലും കണ്ടിട്ടില്ലാത്ത ഇനിയും കാണാനിടയില്ലാത്ത അത്യപൂർവ്വ സ്നേഹപ്രകടനത്തിന് സമാനതകളില്ലാത്ത ആത്മസമർപ്പണത്തിന് കാൽവരി വേദിയാകുകയായിരുന്നു. 'അവൻ നന്മ മാത്രം ചെയ്തു കടന്നുപോയി' എന്ന സുവിശേഷകന്റെ സാക്ഷ്യത്തിന് സ്വന്തം ജീവൻകൊണ്ടല്ലാതെ ക്രിസ്തുവിന് മറുപടി നൽകാനാകുമായിരുന്നില്ല.



ഓഡിറ്റോറിയത്തിന്റെ കല്ലിടൽ ചടങ്ങിൽനിന്ന്.

ക്രിസ്തുവിനെ കുരിശിൽ തറച്ചവർ വീണ്ടും വീണ്ടും അവന്റെ വിലാവിൽ മുറിവേൽപ്പിക്കുമ്പോൾ, അവന്റെ തിരുവിലാവിൽനിന്ന് ഒഴുകിയിറങ്ങിയ തിരുചോരത്തുള്ളികൾ അവന്റെ ശത്രുപക്ഷത്തിന് പോലും സൗഖ്യത്തിന് കാരണമായെങ്കിൽ ആ സ്നേഹത്തിന് പരിമിതികളില്ലെന്നും ശത്രുവായാലും ഒരുവനെ മിത്രമാക്കുന്നതാണ് ദൈവസ്നേഹമെന്നുമുള്ള മഹത്തായ പാഠം ലോകത്തിനു മുമ്പിൽ അവൻ വരച്ചുവച്ചു. ആ 'സ്നേഹിതന്' തങ്ങളെ പൂർണമായും സമർപ്പിച്ച് ആഗോള കത്തോലിക്കാസഭയുടെ ഭാഗമായ്, മലങ്കര കത്തോലിക്കാസഭയുടെ 'മൂത്ത പുത്രി' എന്ന് വന്ദ്യതാതൻമാരാൽ മുദ്രകുത്തപ്പെട്ട ഇടവക സമൂഹം വിശ്വാസബോധ്യത്തോടെ ഏറ്റു പറയുകയാണ്. 'ക്രിസ്തുവാണ് ഞങ്ങളുടെ കർത്താവും, നാഥനും രക്ഷകനുമെന്ന്.' തങ്ങളുടെ ജീവിതത്തിന്റെ മുറിവനുഭവങ്ങളെയെല്ലാം അവിടുത്തെ തിരുമുറിവിൽ ചേർത്തുവച്ച് ഒരുമിച്ച് പാടുകയാണ്.

'അങ്ങേ തിരുമുറിവുകളിൽ
എന്നെ മറയ്ക്കേണമെ
അങ്ങേ തിരുഹൃദയത്തിൽ,
എന്നെ ഇരുത്തേണമെ
എല്ലാമെനിക്കെന്റെ ഈശോ
എന്റെ ജീവന്റെ ജീവനാമീശോ.'

ഈശോയുടെ തിരുഹൃദയത്തി

www.malankaralibrary.com

ന് സമർപ്പിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തിന്റെ കാവൽപിതാവായ വി. ഗീവർഗീസ് സഹദായുടെ മാധ്യസ്ഥവും കോട്ടയും ക്രിസ്തുവിലേക്കുള്ള, നിത്യതയിലേക്കുള്ള യാത്രയിൽ ഇടവകമക്കൾക്ക് ആശ്രയഹേതുവാണ്. സഹദായുടെ മധ്യസ്ഥതയിൽ ദൈവപിതാവിന് സമർപ്പിക്കുന്നതൊക്കെ വാഴ്‌വായി മാറുന്നതിന് ഇടവകമക്കൾ സാക്ഷികളാണ്. തിന്മയുടെ ശക്തികളെ ജയിക്കാൻ നേർച്ചകാഴ്ചകളോടുകൂടെ നാനാജാതിമതസ്ഥരായ ആളുകൾ ദേവാലയത്തിലെത്തുന്നതും സഹദാ കുരിശടിയിൽ പ്രാർഥിക്കുന്നതും ദേവാലയ മുറ്റത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്ന 'പിയാത്ത' യിൽ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിൽ തങ്ങളെത്തന്നെ സമർപ്പിച്ച് തിരി കത്തിച്ച് നിയോഗങ്ങൾ സമർപ്പിച്ച് പ്രാർഥിക്കുന്നതും കണ്ണു നനയുന്ന അനുഭവങ്ങളാണ്.

അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായ വി. യൂദാതദേവൂസിന്റെ തിരുസ്വരൂപത്തിന്റെ മുമ്പിൽ വിശ്വാസത്തോടെ വന്നണഞ്ഞ് പ്രാർഥിക്കാനുള്ള അവസരവുമെല്ലാം മൈലപ്ര തിരുഹൃദയ മലങ്കര കത്തോലിക്കാ ദേവാലയത്തെ സ്വർഗ്ഗസമാനമാക്കുന്നു. ആർക്കും, ഏതു നേരത്തും ഓടിവന്ന് ഭാരങ്ങൾ ഇറക്കിവയ്ക്കാനുള്ള അത്താണിയായി ഈ സ്വർഗീയ ഭവനം മാറ്റപ്പെട്ടിരിക്കുന്നു എന്നുള്ളത് കഴിഞ്ഞ 90 വർഷങ്ങൾ ദൈവം തന്റെ അനന്തപരിപാലനയാൽ കാത്തു പരിപാലിച്ചതിന്റെ അടയാളങ്ങളാണ്. 320 കുടുംബങ്ങളുള്ള വലിയ ഒരു കുടുംബമായി ഇടവക വിശ്വാസയാത്ര തുടരുകയാണ്. മൈലപ്ര ദേശത്തിന്റെ കാവൽഗോപുരമായി ഇതര സഭകളോട് തോളോടു തോൾ ചേർന്ന്, എല്ലാ മതസ്ഥരുമായി ദൈവസ്നേഹം പങ്കുവച്ച്, കാരുണ്യപ്രവർത്തികൾ ചെയ്ത്, ദൈവാരാധനയിലും മറ്റ് വിശ്വാസ, സുകൃത പ്രവർത്തികളിലും പൂർണമായും ഹൃദയം സമർപ്പിച്ച് ഹൃദയത്തിൽ അലിവുള്ളവരായി സഹജീവികളോട് ക്രിസ്തുസ്നേഹം പങ്കുവച്ച്ദൈവത്തിന് നന്ദി പറയുന്നു. മലങ്കര കത്തോലിക്കാസഭയുടെ പ്രൗഡി വിളിച്ചോതുന്ന മലങ്കര കത്തോലിക്കാ ദേവാലയങ്ങളിൽ ഏറ്റവും കൂടുതൽ വിശ്വാസികൾക്ക് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കാൻ ഇടം നൽകുന്ന, ആഡംബരങ്ങൾ കൊണ്ടും പുറംമോടി കൊണ്ടു



സേക്രഡ് ഹാർട്ട് പാസ്റ്ററൽ സെന്റർ



പണി പൂർത്തിയാകുന്ന ഓഡിറ്റോറിയം.

മൊക്കെ വിസ്മയം തീർക്കുന്ന ഈ കാലഘട്ടത്തിൽ, അതൊന്നുമില്ലാതെ ദൈവസ്നേഹം മാത്രം പങ്കുവയ്ക്കുന്ന ഒരു ദേവാലയം ഇടവകയ്ക്ക് ഉണ്ട് എന്നത് കൃതജ്ഞതയോടെ ഓർക്കുന്നു. നാളിതുവരെ നടത്തിയ ആഗോളസഭയുടെ തലവന്മാരെയും വന്ദ്യപിതാക്കന്മാരെയും ഇടവക സമൂഹത്തെ ഇന്നത്തെ മക്കളാക്കാൻ ജീവത്യാഗം ചെയ്ത പുരോഹിതശ്രേഷ്ഠരെയും സന്യസ്തരെയും മൺമറഞ്ഞുപോയ എല്ലാ മാതാപിതാക്കളെയും സഹോദരങ്ങളെയും ഓർക്കുന്നു. പൗരോഹിത്യ സന്യസ്ത ദൈവവിളികളാൽ ഇടവകയെ അലങ്കരിച്ച ദൈവത്തെ നന്ദിയോടെ ഓർക്കുന്നു.

## നവതി നിറവിൽ

2022 മെയ് നാലിന് ചരിത്രപ്രസിദ്ധമായ 'മൈലപ്ര തിരുനാൾ റാസ' യുടെ പ്രാർഥനയോടു ചേർന്ന് നവതി ആഘോഷങ്ങളുടെ ഉദ്ഘാടനം ഇടവക മെത്രാപ്പോലീത്ത അഭി. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് നിർവഹിച്ചു. 'നവതി നൻമ', 'നവതി നിർമിതി' എന്നീ പേരുകളിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ പദ്ധതികൾക്ക് രൂപം നൽകി. നവതി നൻമയിലൂടെ അനേകം ജീകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു എന്നുള്ളത് ദൈവാനുഗ്രഹമായി കാണുന്നു. രോഗീസഹായവും ആതുരാലയസന്ദർശനങ്ങളും സമർപ്പണവുമെല്ലാം നവതി നൻമയ്ക്ക് മിഴിവേകി. തിരുഹൃദയ മാസമായ ജൂണിൽ കുടുംബങ്ങളെയെല്ലാം തിരുഹൃദയത്തിന് പുനർസമർപ്പിച്ചു

www.malankaralibrary.com


# Meeval

ELECTRICAL & SANITARIES

Panachikapara Complex, Vadasserikkara

Honeywell, L&T, Kirloskar Pumps, Dewton Germany, Jv Luker USA, Havells, Usha, Polycab, Johnson Sanitaries, Viora, M-Brand, Supreme, Aquatech, Ocean, Spinner.

Dealers im: All types of Electrical, Sanitary, Plumbing Materials & Appliances

## MEEVAL LIGHTS

Branch: Meeval Lights & Electricals, Near Panchayath Office, Mylapra






Honeywell, DEWTON, USHA, KULIRMA, M-BRAND, viora, kamptec, LUKER, L&T, JOHNSON, HAVELLS, POLYCAB, SURYA, OCEAN, Supreme, Kirloskar, AQUA TECH



www.malankaralibrary.com



പാഴ്സനേജ് കൂദാശ ചടങ്ങിൽ നിന്ന്.

കൊണ്ടു നവതി ശുശ്രൂഷകൾ സമാരംഭിച്ചു. മലങ്കരസഭയുടെ പുണ്യാതൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും വി. ദേവസഹായം പിള്ളയുടെയും കബിടസന്ദർശനവും വി. കുർബാനയർപ്പണവും ഇടവക സമൂഹത്തിന്റെ കൃതജ്ഞതാസൂചനയായി. പത്തനംതിട്ട ഭദ്രാസനത്തിലെ അല്മായ പ്രസ്ഥാനത്തിന്റെ (എംസിഎ) രൂപതാ കൂട്ടായ്മയും അമ്മമാരുടെ കൂട്ടായ്മയും ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചൻ നയിച്ച ഏകദിന ധ്യാനവുമെല്ലാം രൂപതയുടെ വിശ്വാസ പ്രഘോഷണമായി മാറി.

മൈലപ്ര ഇടവകയുടെ സ്ഥാപനം മുതൽ ഇന്നോളം ദൈവജനത്തിന്റെറ ശുശ്രൂഷകനായി സ്വയം സമർപ്പിച്ച് ദൈവസന്നിധിയിലേക്ക് കടന്നുപോയ പുരോഹിതരുടെ കബറിടത്തിലേക്ക് നടത്തിയ പ്രാർഥനായാത്ര തികച്ചും വേറിട്ട അനുഭവമായിരുന്നു. ഇടവക മക്കൾ ഒരുമിച്ച് തങ്ങളെ ശുശ്രൂഷിച്ച് കടന്നുപോയ പുരോഹിത കബറിടങ്ങളിൽ കണ്ണീരോടെ പ്രാർഥിച്ച് മടങ്ങുമ്പോൾ അനന്യമായ ആശ്വാസവും മാദ്ധ്യസ്ഥവും അനുഭവിക്കാനിടയായി. 'നിങ്ങൾക്ക് അനുയോജ്യരായ ഇടയന്മാരെ ഞാൻ നിങ്ങൾക്ക് നൽകും' എന്നുള്ള ക്രിസ്തുനാഥന്റെ വാഗ്ദാനം ഉറപ്പിക്കുന്ന പൗരോഹിത്യ സാന്നിദ്ധ്യങ്ങളെ അനുസ്മരിച്ച് ഇടവക മക്കൾ നല്ല ഓർമ്മകൾ പങ്കുവച്ചു. തങ്ങളുടെ ശുശ്രൂഷയ്ക്കായ് കടന്നുവരുന്ന പുരോഹിതരെയും സന്യസ്തരെയും സ്വന്തമായി കരുതി സ്നേഹിക്കുകയും കരുതുകയും ബഹുമാനിക്കുകയും ചെയ്യുന്ന, വളരെ മാതൃകാപരമായ സ്വഭാവ വൈശിഷ്ട്യത്തിനു മുമ്പിൽ ഇടവക സമൂഹത്തിന് ആദരവുകൾ.

**320 കുടുംബങ്ങളുള്ള വലിയ ഒരു കുടുംബമായി ഇടവക വിശ്വാസയാത്ര തുടരുകയാണ്. മൈലപ്ര ദേശത്തിന്റെ കാവൽഗോപുരമായി...**

## നവതി നിർമ്മാണങ്ങൾ

### എ) സേക്രഡ് ഹാർട്ട് പാസ്റ്ററൽ സെന്റർ:

വലിയ ഒരു ഇടവക സമൂഹമായതുകൊണ്ടും ഇടവകയുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും വൈദിക മന്ദിരത്തിന്റെയും ഇടവക കമ്മറ്റി ഓഫിസിന്റെയും നിർമാണം ഈ നവതി വർഷത്തിൽ പൂർത്തിയായി. ഇടവകമക്കളുടെ പൂർണ്ണമായ സഹകരണത്തിലും സഹായത്താലുമാണ് ഇതു പൂർത്തിയായത്. പത്തനംതിട്ട ഭദ്രാസനത്തിലെ ഏറ്റവും വലിയ ഇടവക എന്ന നിലയിലും റാന്നി പെരുനാട് വൈദികജില്ലയുടെ പ്രധാന ഇടവക എന്ന നിലയിലും സഭയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാൻ ഈ പാസ്റ്ററൽ സെന്റർ കൊണ്ട് സാധിക്കും എന്നുള്ളത് ഇടവക സമൂഹത്തിന് അഭിമാനകരമാണ്.

### ബി) ഓഡിറ്റോറിയ നിർമ്മാണം:

ഇടവക സമൂഹത്തിന്റെ വലിയ ആഗ്രഹവും സ്വപ്നവുമായിരുന്നു. എല്ലാവർക്കും ഒരുമിച്ചു കൂടുവാനുള്ള ഓഡിറ്റോറിയം. 1000 പേർക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ സാധിക്കുന്ന അതിന്റെ നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ ഈ നവതി വർഷത്തിൽ സാധിച്ചു എന്നുള്ളത് ദൈവകൃപയാണ്. ഉടൻതന്നെ കൂദാശ ചെയ്ത് പൊതുജനാവശ്യത്തിന് സമർപ്പിക്കാം എന്ന് ദൈവത്തിൽ പ്രത്യാശിക്കുന്നു.

www.malankaralibrary.com

*With best compliments from:*

# Gateway Technologies

## City Electronics

ST. PETER'S JN., PATHANAMTHITTA
Ph: 0468 2325592, 9539625863, 8921889072
email: abrahamtgra@yahoo.com


**Sale, Service & Installation of**
Gate, Rolling Shutters and Door Automation,
Security Camera Systems,
Video Door Phones, Telephone PABX
Systems, Attendance Machines,
LED Display Boards, Electronic Timers,
Invertors & Solar Equipments






www.malankaralibrary.com

പുനരൈക്യം
മുതൽ ഇന്നോളം
ധാരാളം ചരിത്ര
സംഭവങ്ങൾക്ക്
വേദിയായിട്ടുണ്ട്
മൈലപ്ര ഇടവക











# ചരിത്രം

www.malankaralibrary.com

# മൈലപ്ര തിരുഹൃദയ ഇടവക
# ചരിത്ര വഴികളിലൂടെ

ജോർജ്ജ് വർഗ്ഗീസ്
വടക്കേതിൽ



**1928** ജനുവരി 12ന് മൈലപ്രയിൽ നിന്നുള്ള തറയിൽ ചാണ്ടി ഗീവറുഗീസ്, വടക്കേതറയിൽ തോമസ് മത്തായി, കാലായിൽ ഇട്ടി തോമസ്, തീക്കുറിഞ്ഞിയിൽ ഈപ്പൻ ഉണ്ണൂണ്ണി, പൂവണ്ണുംമൂട്ടിൽ ചാക്കോ തോമസ്എന്നിവർ പുത്തൻപീടിക ലത്തീൻ പള്ളിയിൽ ഇടവകാംഗങ്ങളായി ചേർന്നതായി അവിടുത്തെ ഇടവക രേഖകളിൽ കാണുന്നു.



## മൈലപ്രയിലെ ആദ്യപുനരൈക്യം

1905-ൽ കൊല്ലം ബിഷപ്പായി സ്ഥാനമേറ്റ ബൻസിഗർ തിരുമേനി, പമ്പ മുതൽ കന്യാകുമാരി വരെ വ്യാപിച്ചു കിടന്നിരുന്ന അന്നത്തെ കൊല്ലം രൂപതയ്ക്ക് വേദപ്രചാരണ രംഗത്ത് ഇന്ത്യയിൽ തന്നെ ഒന്നാം സ്ഥാനം നേടിക്കൊടുത്തു. തന്റെ രൂപതാതിർത്തിയിലുള്ള ഹൈന്ദവ സഹോദരങ്ങളുടെ മാനസാന്തരത്തോടൊപ്പം യാക്കോബായ സഹോദരങ്ങളെ കത്തോലിക്കേ സഭയിലേക്ക് ചേർക്കുന്നതിലും ഈ പ്രേഷിതവര്യൻ ശ്രദ്ധപതിപ്പിച്ചു. കറ്റാനം, പുനലൂർ എന്നീ മിഷൻ ജില്ലകൾ കേന്ദ്രമാക്കിയായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. കോട്ടാർ മെത്രാനായിരുന്ന ലോറൻസ് പെരേര തിരുമേനിയുടെ വാക്കുകളിൽ ദീർഘകാലമായി വിഘടിച്ചുനിന്നിരുന്ന യാക്കോബായക്കാരുടെ പുനരൈക്യത്തിലുള്ള തീക്ഷ്ണതയിൽ മവേലിക്കര ഇടവക വികാ

www.malankaralibrary.com

രി ഫാ.പന്തലേയോൺ പെരേരയുടെ സഹായത്തോടുകൂടി 1914- ൽ കറ്റാനത്ത് തിരുഹൃദയ മിഷൻ, ബിഷപ്പ് ബൻസിഗർ തിരുമേനി ഉദ്ഘാടനം ചെയ്തു. പുനലൂർ മിഷൻ ജില്ലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത് ഫാ.ജോൺ മേരി ആയിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടരായി അനേകം യാക്കോബായ വൈദികരും വിശ്വാസികളും കത്തോലിക്കാ സഭയിൽചേർന്നു. ഈ കാലയളവിൽ സഭയിൽ ചേർന്ന വൈദികരാണ് പത്തനംതിട്ട പീടികയിൽ ഗീവർഗ്ഗീസച്ചൻ, കൊട്ടാരക്കര തെക്കേടത്ത് സക്കറിയാസച്ചൻ, അഞ്ചൽ മത്തായിയച്ചൻ, ഇലന്തൂർ തോമസച്ചൻ തുടങ്ങിയവർ.

ഏഷ്യയിലെ മാർത്തോമ്മാ സഭകൾ എന്ന ഗ്രന്ഥത്തിൽ ഇക്കാര്യങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.യാക്കോബായ വൈദികരും വിശ്വാസികളും പുനരൈക്യപ്പെട്ടുതുടങ്ങിയപ്പോൾ അവരുടെ ഇടയിൽ ജോലി ചെയ്യാൻ സിറിയൻ കർമ്മലീത്താ വൈദികരെ ബൻസിഗർ തിരുമേനി ക്ഷണിച്ചുവരുത്തി. അതത് പ്രദേശത്ത് യാക്കോബായ സഭയിൽ നിന്ന് കത്തോലിക്കാ സഭയിലേക്ക് ചേർന്ന വൈദികർ കർമ്മലീത്താ വൈദികരോട് ചേർന്ന് പ്രവർത്തിച്ചത് പുനരൈക്യ ശ്രമങ്ങൾ കൂടുതൽ വ്യപകവും വേഗത്തിലുമാകാൻ സഹായമായി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി മൈലപ്രയിൽനിന്നുള്ള 5 കുടുംബങ്ങളും കൈപ്പട്ടൂരിൽനിന്ന് 15 കുടുംബങ്ങളും തുമ്പമണ്ണിൽനിന്ന് 4 കുടുംബങ്ങളും ലത്തീൻ സഭയിലേക്ക് പുനരൈക്യപ്പെട്ടു. 1928 ജനുവരി 12 ന് മൈലപ്രയിൽ നിന്നുള്ള തറയിൽ ചാണ്ടി ഗീവറുഗീസ്, വടക്കേതറയിൽ തോമസ് മത്തായി, കാലായിൽ ഇട്ടി തോമസ്, തീക്കുറിഞ്ഞിയിൽ ഈപ്പൻ ഉണ്ണൂണ്ണി, പൂവണ്ണുംമൂട്ടിൽ ചാക്കോ തോമസ്എന്നിവർ പുത്തൻപീടിക ലത്തീൻ പള്ളിയിൽ ഇടവകാംഗങ്ങളായി ചേർന്നതായി അവിടുത്തെ ഇടവക രേഖകളിൽ കാണുന്നു.

## ബഹു.ഗീവറുഗീസ് പീടികയിലച്ചനും മൈലപ്ര ഇടവകയും

മലങ്കര കത്തോലിക്കാസഭയിലെ മുതിർന്ന വൈദികരിൽ ഒരാളായിരുന്ന ബഹു.ജോഷ്വാ പീടികയിലച്ചന്റെ പിതാവ് ബഹു.ഗീവറുഗീസ് പീടികയിലച്ചൻ യാക്കോബായ സഭയിൽ ആയിരുന്ന കാലത്തുതന്നെ സഭാചരിത്ര പഠനത്തിൽ അതീവ തല്പരനായിരുന്നു. അങ്ങനെയിരിക്കെ വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് തിരുമേനി രോഗശയ്യയിലായിരുന്ന തന്റെ ആദ്യകാല സുഹൃത്തും പാത്രിയർക്കീസ് പക്ഷക്കാരനുമായിരുന്ന ഇലവിനാമണ്ണിലച്ചനെ സന്ദർശിക്കാനുള്ള താത്പര്യം പ്രകടിപ്പിച്ചു. എന്നാൽ മെത്രാൻ കക്ഷിക്കാർക്ക് പാത്രിയർക്കീസ് പക്ഷത്തുനിന്ന് മുടക്കുണ്ടെന്നു പറഞ്ഞ് അദ്ദേഹത്തെ സ്വീകരിച്ചില്ല. ഇതു കേട്ടപ്പോൾ കൂടെയുണ്ടായിരുന്ന പീടികയിലച്ചനോട് തിരുമേനി പറഞ്ഞത് ഇപ്രകാരമായിരുന്നു.

601-ൽ പരം പിതാക്കന്മാരുടെ മുടക്കുള്ളപ്പോൾ ഒന്നിച്ച് പ്രവർത്തിച്ചവർക്കാണ് ഇപ്പോൾ ഒറ്റയാളിന്റെ മുടക്ക്. (451-ലെ കൽക്കദോനിയാ സുന്നഹദോസിൽ ഉണ്ടായ മുടക്കിനെയാണ് തിരുമേനി ഉദ്ദേശിച്ചത്.) ഇത് പീടികയിലച്ചനെ ഇരുത്തി ചിന്തിപ്പിച്ചു. സഭാചരിത്ര സത്യങ്ങൾ പഠിക്കുക മാത്രമല്ല, അത് വട്ടശ്ശേരിൽ തിരുമേനിയുമായി ചർച്ച ചെയ്യുകയും വിശദീകരണങ്ങൾ തേടുകയും ചെയ്തു. അതിന്റെ പശ്ചാത്തലത്തിൽ 1927-ൽ വട്ടശ്ശേരിൽ തിരുമേനി പീടികയിലച്ചനെ കത്തു സഹിതം മുണ്ടൻമലയിലുള്ള മാർ ഇവാനിയോസ് പിതാവിന്റെ അടുക്കലേക്ക് അയച്ചു. ഒരാഴ്ചത്തെ താമസത്തിനു ശേഷം മാർ ഇവാനിയോസ് പിതാവ് മറുപടി എഴുതിയത് പീടികയിലച്ചന്റെ വിശ്വാസം ഉറച്ചതാണെന്നായിരുന്നു. ഏറെ താമസിയതെ അച്ചൻ കൊല്ലത്ത് ബൻസിഗർ തിരുമേനിയുടെ കൈകളാൽ തിരുസഭയിൽ ചേർന്നു. പുത്തൻപീടിക കേന്ദ്രമാക്കി ലത്തീൻ റീത്തിന്റെ ഒരു ഇടവകപ്പള്ളി ഇക്കാലത്ത് രൂപംകൊണ്ടു.

പീടികയിലച്ചന്റെ അകന്ന ബന്ധത്തിലുള്ള തറയിൽ ചാണ്ടി ഗീവറുഗീസിനെയും കാലായിൽ തോമസിനെയും സന്ദർശിക്കാനായി അച്ചൻ നടത്തിയിരുന്ന ഓരോ വരവും യഥാർത്ഥത്തിൽ ഓരോ പ്രേഷിത യാത്രയായിരുന്നു. കത്തോലിക്കാ വിശ്വാസം സംബന്ധിച്ച പുസ്തകങ്ങളും ലഘുലേഖകളും



മൈലപ്ര ഇടവകയിൽ ആദ്യമായി സ്ഥാപിച്ച ദേവാലയം ചിത്രകാരന്റെ ഭാവനയിൽ.

> ആദിസഭയിലെ വിശ്വാസികളെപ്പോലെ മൈലപ്രയിലെ ആദ്യ കത്തോലിക്കർക്ക് ധാരാളം പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

www.malankaralibrary.com






www.malankaralibrary.com


വല്യയന്തി പള്ളി.

മറ്റും അച്ചൻ ഇവർക്ക് വായിക്കാൻ കൊടുക്കുമായിരുന്നു. ഈ പ്രവർത്തനങ്ങളിൽ മുഖ്യമായും ഏർപ്പെട്ടിരുന്നത് മുകളിൽ പറഞ്ഞ ഐവർ ആയിരുന്നു. അങ്ങനെ സത്യ വിശ്വാസത്തിലേക്ക് വന്ന ഇവർ 1928 ജനുവരി 12ന് ഏറ്റവും അടുത്ത കത്തോലിക്കാ ദേവാലയമായ പുത്തൻപീടിക ലത്തീൻ പള്ളിയിൽ ഇടവകാംഗങ്ങളായി.

മാർ ഇവാനിയോസ് തിരുമേനിയും കൂട്ടരും കത്തോലിക്കാ സഭയെ ആശ്ലേഷിച്ചശേഷം മുണ്ടൻമലയിൽ നിന്ന് തിരുവല്ലയിലെ തിരുമൂലപുരത്തേക്ക് താമസം മറ്റിയിരുന്നു. 1930 നവംബർ 14ന് അഞ്ചുപേരിൽ ഒരാളൊഴികെ ബാക്കിയുള്ളവർ കാളവണ്ടിയിൽ മൈലപ്രായിൽനിന്നു തിരുവല്ലയിലേക്ക് പുറപ്പെട്ടു. മാർ ഇവാനിയോസ് തിരുമേനി അന്ന് സ്ഥലത്തില്ലാതിരുന്നതിനാൽ വന്ദ്യ തെയോഫിലോസ് തിരുമേനി ഇവരെ മലങ്കര കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു. ഇവരോടൊപ്പം തിരുസഭാ പ്രവേശനത്തിനായി ആഗ്രഹിക്കുകയും പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന തറയിൽ കൊച്ചുമത്തായിക്ക് വീട്ടിലെ ശക്തമായ പ്രതിഷേധം കാരണമായിരുന്നു ആദ്യ സംഘത്തിൽ ചേരാൻ കഴിയാതെ പോയത്.

ആദിസഭയിലെ വിശ്വാസികളെപ്പോലെ മൈലപ്രയിലെ ആദ്യ കത്തോലിക്കർക്ക് ധാരാളം പീഢനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. സ്വന്തം വീട്ടുകാരിൽനിന്നും മറ്റു സഭാംഗങ്ങളിൽനിന്നും ദേഹോപദ്രവമുൾപ്പെടെ ഒട്ടേറെ പീഢനങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഈ അവസരങ്ങളിൽ പുത്തൻപീടിക പള്ളിയിൽ നടന്നിരുന്ന സുവിശേഷ പ്രസംഗങ്ങളിൽ ഫാ.പ്ലാസിഡ്, ഫാ.തോട്ടാശ്ശേരിൽ, ഫാ.മണ്ണാശ്ശേരിൽ, ഫാ.പഞ്ഞിക്കാരൻ തുടങ്ങിയ പ്രശസ്ത മതപണ്ഡിതരും വാഗ്മികളും നടത്തിയ പ്രസംഗങ്ങൾ ഇവർക്ക് ഇവരുടെ വിശ്വാസം അരക്കിട്ടുറപ്പിക്കാൻ സഹായകമായിരുന്നു. പക്ഷേ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കാൻ വളരെ ദൂരം പോകേണ്ടിയിരുന്നത് ഇവരെ സങ്കടത്തിലാക്കി. 1930 നവംബർ അവസാനം കുമ്പഴ മേടയിൽ ഫിലിപ്പോസ് അച്ചൻ തിരുസഭയുമായി ഐക്യപ്പെട്ടു. അനന്തരം കുമ്പഴ മരുതൂർ പുരയിടത്തിലുണ്ടാക്കിയ ചെറിയ ചാപ്പലിൽ നടത്തിവന്നിരുന്ന ശുശ്രൂഷകളിൽ മൈലപ്രയിൽനിന്നുള്ള ആദ്യകാല വിശ്വാസികൾ പങ്കെടുത്തിരുന്നു. ഈ ചാപ്പലിലാണ് തറയിൽ കൊച്ചുമത്തായി മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടത്.

## ദേവാലയത്തിനായുള്ള പ്രഥമ പ്രവർത്തനങ്ങളും തടസ്സങ്ങളും

മൈലപ്രയിൽ ഒരു ദേവാലയത്തിനു വേണ്ടിയുള്ള തീവ്രമായ പ്രാർഥനയുടെ ഫലമായി ബഹു. പീടികയിലച്ചന്റെ നേതൃത്വത്തിൽ വിശ്വാസികൾ സ്ഥലത്തിനുള്ള അന്വേഷണം ആരംഭിച്ചു. മൈലപ്ര ഇല്ലത്ത് മേൽഭാഗത്ത് 40 സെന്റ് സ്ഥലം 10 രൂപ നിരക്കിൽ തരാൻ പീടികപ്പറമ്പിൽ നൈനാൻ വറുഗീസ് സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും അതു നടപ്പായില്ല. ഈ അവസരത്തിൽ കാവടശ്ശേരിൽ മാത്തൻ വക 90 സെന്റ് സ്ഥലം കടം തീർക്കുന്ന വകയിൽ വല്യപറമ്പിൽ ഇടിക്കുളയ്ക്ക് നൽകിയത് വല്യപറമ്പിൽ കോശിക്ക് വീതമായി ലഭിച്ചിരുന്നു. പ്രസ്തുത വസ്തു നാൽക്കംപറമ്പിൽ ഗീവറുഗീസ് തോമസ് ഒറ്റിയായി കൈവശപ്പെടുത്തിയിരുന്നു. ഒറ്റിക്കടം തീർക്കാനായി പള്ളിക്ക് വിലയ്ക്ക് നൽകാമെന്ന് സമ്മതിച്ചു. എന്നാൽ ബാധ്യതാ സർട്ടിഫിക്കറ്റ് തിരയാനും മറ്റും കാലതാമസം ഉണ്ടായതുകൊണ്ട് സെന്റിന് 10 രൂപ നിരക്കിൽ പള്ളിക്കുവേണ്ടി സ്ഥലം തരാമെന്ന് ഉടമ്പടി എഴുതി. വലിയപറമ്പിൽ കോശി ഇതിനകം തിരുവല്ലയിൽ പോയി കത്തോലിക്കാസഭാംഗമാവുകയും മൈലപ്രായിൽ കാവടശ്ശേരിൽ പുരയിടത്തിൽ കത്തോലിക്കാപ്പള്ളിക്കു വേണ്ടി അനുവാദത്തിനായി അപേക്ഷിക്കുകയും ചെയ്തു. എന്നാൽ സ്ഥലത്തെ യാക്കോബായ വിശ്വാസികൾ ഈ സംരംഭത്തിനെതിരായി പ്രവർത്തനമാരംഭിച്ചു. മൈലപ്ര ക്ഷേത്രത്തിൽ നിന്നോ മറ്റോ വലഞ്ചുഴിയിലേക്കുള്ള നടയെടുപ്പിന്റെ മാർഗമദ്ധ്യേ ആയിരിക്കാം പുതിയപള്ളി എന്ന കാരണം കാണിച്ച് അന്നത്തെ പത്തനംതിട്ട മജിസ്ട്രേറ്റ് കോലപ്പ പിള്ള പള്ളി പണിയുന്നതിനെതിരായി ഉത്തരവ് ഇറക്കി.

എന്നാൽ പീടികയിലച്ചനും കൂട്ടരും കീഴടങ്ങാൻ തയ്യാറായില്ല. ഇവരുടെ കഠിന പ്രയത്നത്തിന്റെ ഫലമായി മൈലപ്ര കാവടശ്ശേരിൽ പുരയിടത്തിൽ കത്തോലിക്കാപ്പള്ളി നിർമ്മിക്കുന്നതിന് എതിരല്ലന്ന് മൈലപ്ര ക്ഷേത്രകാര്യത്തിൽ നിന്ന് എഴുതിവാങ്ങാൻ കഴിഞ്ഞു. കൂടാതെ അയൽവാസികളും ഹിന്ദുക്കളുമായ ശങ്കരൻ, പുളിനിൽക്കുന്നതിൽ കുഞ്ഞുചെറുക്കൻ, ഇടയിലെപറമ്പിൽ ശങ്കരൻ എന്നിവരിൽനിന്നു സമ്മതപത്രം എഴുതിവാങ്ങി. അതുപോലെ മൈലപ്ര ഊരകത്തില്ലത്തിൽ ക്ഷേത്രത്തിൽനിന്നും കുമ്പഴ വടക്ക് കാവ് അധികാരികളിൽനിന്നും സമ്മതപത്രം എഴുതി വാങ്ങേണ്ടിവന്നു. ഈ സമ്മതപത്രങ്ങൾ കോന്നി പാർവത്യാർ ചക്രപാണിയെ കാണിച്ച് ബോധ്യപ്പെടുത്തി. ദേവാലയ നിർമ്മാണത്തിനുള്ള അനുവാദത്തിനായി ബ.പീടികയിലച്ചനും വിശ്വാസി

www.malankaralibrary.com



www.malankaralibrary.com

കളും കൂടാതെ അയൽവാസികളായ ഹിന്ദു സഹോദരങ്ങളും ചേർന്ന് കോന്നി തഹസിൽദാരെ നേരിട്ടുകണ്ട് വിവരങ്ങൾ ധരിപ്പിച്ചു. പത്തനംതിട്ട മജിസ്ട്രേറ്റിന്റെ അനുവാദത്തിനുള്ള ഊഴമായപ്പോൾ വീണ്ടും പ്രതിസന്ധികൾ തലപൊക്കി. ദേവാലയ നിർമാണത്തിനെതിരെ യാക്കോബായ സഹോദരങ്ങൾ കോന്നി പാർവത്യാർക്ക് വീണ്ടും പരാതി അയച്ചു. എന്നാൽ അദ്ദേഹത്തിന്റെ നേരിട്ടുള്ള അന്വേഷണത്തിൽ പരാതിയിൽ പറയുന്ന കാര്യങ്ങൾ സത്യമല്ലെന്നു ബോധ്യപ്പെട്ടു. നിർദിഷ്ട ദേവാലയത്തിനു പടിഞ്ഞാറുവശത്ത് താമസിക്കുന്ന കരുവഞ്ചേരിൽ അമ്മച്ചിയോട് പരാതി ഉണ്ടോയെന്ന് പാർവത്യാർ നേരിട്ട് അന്വേഷിക്കുകയും അവർക്കും പരാതിയില്ലെന്ന് ഉറപ്പുവരുത്തിയശേഷം ശരിയായ റിപ്പോർട്ട് മുകളിലേക്ക് അയയ്ക്കുകയും ചെയ്തു. പുത്തൻകാവ് സ്വദേശി കെ.ഇ. ചെറിയാൻ മൈലപ്രയിലെ ഒരു ഭവനത്തിൽ വന്നപ്പോൾ സ്ഥലത്ത് ഒരു റീത്തു പള്ളിക്ക് സ്ഥലം അനുവദിക്കുന്നത് തടയാൻ ഗവ.സെക്രട്ടറി കെ.ജോർജിനെ സ്വാധീനിക്കാൻ യാക്കോബായ വിശ്വാസികൾ ഇദ്ദേഹത്തെ ചുമതലപ്പെടുത്തി. ഇക്കാര്യങ്ങൾ മനസ്സിലാക്കിയ സ്ഥലത്തെ കത്തോലിക്കാ വിശ്വാസികൾ പീടികയിലച്ചനെ വിവരങ്ങൾ ധരിപ്പിച്ചു. അദ്ദേഹം താമസിയാതെ തിരുവനന്തപുരത്തെത്തി ദാസൻ പത്രാധിപരായ എം.എം.വർക്കിയുടെ സഹായം തേടി. മൈലപ്ര കത്തോലിക്കാ പ്പള്ളിക്ക് അനുവാദം കൊടുക്കരുതെന്ന് കെ.ജോർജിന്റെ ഡയറിയിൽ എഴുതി സൂക്ഷിച്ചുവെങ്കിലും, അപേക്ഷകളിലും ശുപാർശ കളിലും 'കുമ്പഴ വടക്ക് കാവടശ്ശേരി പള്ളി' എന്നാണ് രേഖപ്പെടുത്തിയിരുന്നത്. മൈലപ്ര കത്തോലിക്കാപ്പള്ളിയും കുമ്പഴ വടക്ക് കാവടശ്ശേരി പള്ളിയും ഒന്നാണെന്ന് മനസ്സിലാക്കാതിരുന്ന ഗവ.സെക്രട്ടറി പള്ളി പണിയുന്നതിനാവശ്യമായ അനുവാദം കൊടുക്കണമെന്ന് മഹാരാജാവിനെ ധരിപ്പിക്കുകയും മഹാരാജാവിന്റെ ഒപ്പോടുകൂടി മൈലപ്രയിൽ കത്തോലിക്കാ പള്ളി നിർമിക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 1107 മേടം 2 (1932 ഏപ്രിൽ 16)-ാം തീയതി പള്ളിക്കു വേണ്ടി നേരത്തെ കരാർ എഴുതിയ 90 സെന്റ് സ്ഥലവും അതിനോടു ചേർന്ന സ്ഥലവും ചേർത്ത് 1 ഏക്കർ74 സെന്റ് സ്ഥലം റോമിലെ മാർപാപ്പായുടെയും രൂപതാദ്ധ്യക്ഷൻ മാർ ഇവാനിയോസ് പിതാവിന്റെയും പേർക്ക് തീറാധാരം വാങ്ങി. ഇതിനാവശ്യമായ പണം മാർ ഇവാനിയോസ് പിതാവാണ് നൽകിയത്. വന്ദ്യ പുലിക്കോട്ട് റമ്പാച്ചൻ വസ്തുവിന്റെ ഒരുഭാഗം സെമിത്തേരിക്കായി ആശീർവദിച്ച് വേർതിരിച്ചു. ഈ കാലയളവിൽ കൂടുതൽ കുടുംബങ്ങൾ ഇടവകയിലേക്ക് വന്നുകൊണ്ടിരുന്നു.



മേക്കൊഴൂർ പള്ളി

## ചാപ്പൽ നിർമ്മാണം

മാർ ഇവാനിയോസ് പിതാവിന്റെ സാമ്പത്തിക സഹായത്താലും ബഹു. പീടികയിലച്ചന്റെ മേൽനോട്ടത്തിലും തടിയും വെട്ടുകല്ലും ഓടും മറ്റും ഉപയോഗിച്ച് ആദ്യ ചാപ്പൽ രൂപം കൊണ്ടു.ഇപ്പോഴത്തെ പുതിയ ദേവാലയത്തിന് വടക്കു പടിഞ്ഞാറ് ഭാഗത്ത് മെയിൻ റോഡിന് കിഴക്കുഭാഗത്തായിരുന്നു ആദ്യത്തെ ദേവാലയം നിർമിച്ചത്. വൈദികർക്ക് വിശ്രമിക്കാനും മറ്റും ആവശ്യമായ മുറികൾ ചാപ്പലിന് ഉള്ളിൽ ക്രമീകരിച്ചിരുന്നു. ചാപ്പൽ കൂദാശയ്ക്ക് മാർ ഇവാനിയോസ് പിതാവിനെ ക്ഷണിക്കാൻ വിശ്വാസികൾ തിരുവല്ലയിലേക്ക് പോയെങ്കിലും മഴയും വെള്ളപ്പൊക്കവും കാരണം തിരുമേനിക്ക് എത്തിച്ചേരാൻ കഴിയില്ലെന്ന് അറിയിച്ചു. കൂദാശയും തുടർന്നുള്ള തിരുകർമ്മങ്ങളും നടത്താൻ കുമ്പഴ മേടയിൽ ഫിലിപ്പോസച്ചനെയും പീടികയിലച്ചനെയും ചുമതലപ്പെടുത്തിക്കൊണ്ടുള്ള കൽപന വിശ്വാസികൾ പക്ഷം പിതാവ് കൊടുത്തയച്ചു. അതനുസരിച്ച് 1932 ജൂൺ 9 (1107 മിഥുനം 24) ന് ചാപ്പലിന്റെ കൂദാശ ബ.പീടികയിലച്ചനും ബ. മേടയിലച്ചനും ചേർന്നു നടത്തി. ചാപ്പലിൽ ആദ്യത്തെ വി.കുർബാന ബ.മേടയിലച്ചൻ അർപ്പിച്ചു. ഇടവകയുടെ ആദ്യത്തെ വികാരിയായി ബ. എം.ടി. ഫിലിപ്പോസച്ചനെ (കുമ്പഴയച്ചൻ) നിയമിച്ചു കൊണ്ട് അതിരൂപതാദ്ധ്യക്ഷൻ കല്പന പുറപ്പെടുവിച്ചു. ഇതോടൊപ്പം നേരത്തെ അംഗങ്ങളായ ഭവനങ്ങളിലെ സ്ത്രീകളെയും കുട്ടികളെയും തിരുസഭാംഗങ്ങളായി ചേർക്കുകയും ചെയ്തു. മാസത്തിൽ രണ്ടു കുർബാന മാത്രമായിരുന്നു ഉണ്ടായിരുന്നത്. എല്ലാ ഞായറാഴ്ചകളിലും വി. കുർബാനയും ആരാധനയും ലഭിക്കുന്നതിനു വേണ്ടി ബഹു. പന്തളത്തച്ചനെ (ഗീവറുഗീസ് ചരുവിലേത്ത്)വികരിയായി നിയമിച്ചു. അച്ചനും കുടുംബവും പള്ളിയ്ക്കു സമീപം വാടകയ്ക്ക് താമസിച്ചുകൊണ്ട് ശുശ്രൂഷകൾ നടത്തിയിരുന്നു. പൂവണ്ണംമൂട്ടിൽ തോമസിന്റെ മകൻ ജയിംസിന് കുമ്പഴ താഴത്തേതിൽ ജോബ് അച്ചൻ മാമ്മോദീസ കൊടുത്തതായിരുന്നു ആദ്യത്തെ ജ്ഞാന സ്നാനം. കാലായിൽ തോമസി

www.malankaralibrary.com






www.malankaralibrary.com

ന്റെ മകൾ ആറ് വയസുള്ള ത്രേസ്യാമ്മയായിരുന്നു ഇടവകയിൽനിന്ന് മരണംമൂലം ആദ്യം വേർപെട്ടത്.

## മാർ ഇവാനിയോസ് പിതാവിന്റെ ഇടവക സന്ദർശനം

മൈലപ്രയിലെ കത്തോലിക്കാ വിശ്വാസികളെ സന്ദർശിക്കാനായി 1932 ഒക്ടോബറിൽ മാർ ഇവാനിയോസ് പിതാവ് ഇവിടെയെത്തി. ചാപ്പലിൽ താമസമാക്കിയ അദ്ദേഹത്തിന് വിശ്രമിക്കുന്നതിനാവശ്യമായ കട്ടിൽ തറയിൽ ചാണ്ടി ഗീവറുഗീസിന്റെ ഭവനത്തിൽ നിന്നാണ് കൊണ്ടുവന്നത്. (പ്രസ്തുത കട്ടിൽ ഭവനാംഗങ്ങൾ ഇപ്പോഴും പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.) വിശ്വാസികളുമായി മുഖാമുഖം ചർച്ചകൾ നടത്തുകയും പുനരൈക്യത്തിന്റെ പ്രസക്തിയെപ്പറ്റി വിശ്വാസികളെ ബോധവൽക്കരിക്കുകയും ചെയ്തു. വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് നിലവിലുള്ള ചാപ്പലിനു പകരം സ്ഥിരം പള്ളി നിർമിക്കണമെന്ന് താൽപര്യം പ്രകടിപ്പിക്കുകയും ആയതിലേക്ക് ചാപ്പലിന്റെ തെക്കു കിഴക്കുള്ള വസ്തുകൂടി വാങ്ങണമെന്ന് നിർദേശിക്കുകയും ചെയതു. അതിൻ പ്രകാരം സെന്റിന് മൂന്നര രൂപ പ്രകാരം 90 സെന്റ് വസ്തു ബ.പന്തളത്തച്ചന്റെ പേർക്ക് വാങ്ങി. മൈലപ്ര അച്ചന്റെ പുനരൈക്യത്തിനു മുമ്പ് ഇടവകയിൽ 29 കുടുംബങ്ങളും 106 അംഗങ്ങളും ഉണ്ടായിരുന്നു.

## മൈലപ്ര അച്ചന്റെ പുനരൈക്യം

ഫാ. ഏ.ജി. ഏബ്രഹാം (മൈലപ്ര അച്ചൻ) തെങ്ങുംതറമേടയിലച്ചന്റെ പുനരൈക്യം ഇടവക ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്. മൈലപ്ര അച്ചൻ മൈലപ്ര ഓർത്തഡോക്സ് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിരിക്കുമ്പോൾതന്നെ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട അഞ്ചുപേരുമായി നല്ല ബന്ധം പുലർത്തിയിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ഉത്ഭവവും വളർച്ചയും ആദ്യമൊക്കെ യാക്കോബായ സഭാ നേതൃത്വം അവഗണിച്ചിരുന്നെങ്കിലും പിന്നീട്



മണ്ണാറക്കുളഞ്ഞി പള്ളി

അതിനെതിരായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പുനരൈക്യ പ്രസ്ഥാനത്തിനെതിരെ യാക്കോബായ സഭാംഗങ്ങളെ ബോധവൽക്കരിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വൈദികരിൽ ഒരാളായിരുന്നു മൈലപ്ര അച്ചൻ. ഇങ്ങനെ കത്തോലിക്കാ വിശ്വാസത്തെപ്പറ്റി ആഴത്തിൽ പഠിക്കുന്നതിന് അച്ചന് അവസരം ലഭിച്ചു. യാക്കോബായ സഭയിൽ നിന്ന് പുനരൈക്യപ്പെട്ടവരെയും പുനരൈക്യ പ്രസ്ഥാനത്തെയും നേരിടുന്നതിനെച്ചൊല്ലി ഇടവകയിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ തലപൊക്കിത്തുടങ്ങിയിരുന്നു. അതേസമയം സഭാധികാരികളും അച്ചനും തമ്മിലുള്ള ബന്ധം വഷളാക്കുന്നതിന് ചില കാരണങ്ങൾ ഇക്കാലത്തുണ്ടായി. യാക്കോബായ സഭയിലെ തുമ്പമൺ ഭദ്രാസനത്തിലെ സ്കൂളുകളുടെ ചുമതല ബഹു.മൈലപ്ര അച്ചനായിരുന്നു. മൈലപ്ര, വല്യയന്തി, മണ്ണാറക്കുളഞ്ഞി സ്കൂളുകൾ അച്ചന്റെ ഉടമസ്ഥതയിലായിരുന്നു. 1109-ൽ ലോവർ ട്രെയിനിങ് സ്കൂൾ കൊന്നക്കോട്ട് ആരംഭിച്ചു. മൈലപ്രയിൽ കല്ലുംപുറത്ത് അതിനാവശ്യമായ സ്ഥലം അച്ചൻ വാങ്ങി കെട്ടിടം പണിതു. ഈ സ്ഥലം ഭദ്രാസനത്തിന് വിട്ടുകൊടുക്കണമെന്ന് തിരുമേനി ആവശ്യപ്പെട്ടെങ്കിലും അച്ചൻ വഴങ്ങിയില്ല. മാനേജ്മെന്റ് ട്രെയിനിങ് സ്കൂൾ പത്തനംതിട്ടയിലേക്ക് മാറ്റി. ഇത് അച്ചനും സഭയും തമ്മിൽ പിണങ്ങുന്നതിന് കരണമായി. പിന്നീട് നീണ്ട നിയമയുദ്ധത്തിനുശേഷമാണ് ട്രെയിനിങ് സ്കൂൾ മൈലപ്രയിൽ തിരികെ എത്തിയത്. കത്തോലിക്കാ സഭയ്ക്കെതിരെ പ്രസംഗിക്കുന്നതിന് കത്തോലിക്കാ വിശ്വാസം പഠിച്ച അച്ചന്റെ മനസ്സിൽ സത്യവിശ്വാസത്തെ സംബന്ധിച്ച ചില ധാരണകൾ രൂപപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ പള്ളി പൊതുയോഗം അച്ചന്റെ ഉടമസ്ഥതയിലുള്ള മൈലപ്ര സ്കൂളിൽ നടത്താനുള്ള തീരുമാനം അച്ചനും ഇടവകയും തമ്മിലുള്ള ബന്ധം വീണ്ടും വഷളാക്കി.

ഒരുവിഭാഗം ആളുകൾ പുത്തൻകാവിൽ തിരുമേനിക്ക് അച്ചനെതിരെ പരാതി അയച്ചു. വിവരങ്ങൾ മണത്തറിഞ്ഞ കത്തോലിക്കാ ഇടവകാംഗങ്ങൾ മൈലപ്ര അച്ചനെ സന്ദർശിച്ച് ഒരു രാത്രി മുഴുവൻ ചർച്ചകൾ നടത്തി. പിറ്റേദിവസം അതിരാവിലെ തന്നെ മാർ ഇവാനിയോസ് പിതാവിനെ വിവരം ധരിപ്പിക്കാൻ പ്രതിനിധികൾ മാവേലിക്കരയിലേക്ക് യാത്ര തിരിച്ചു. (പിതാവ് മാവേലിക്കരയിലുള്ള ഭവനത്തിൽ വിശ്രമത്തിലായിരുന്നു) യാത്രാ മധ്യേ പീടികയിലച്ചനെയും വിവരം ധരിപ്പിച്ചു. അച്ചൻ ഒരു കത്ത് തയ്യാറാക്കി പ്രതിനിധികൾ വശം ഈവാനിയോസ് പിതാവിന് കൊടുത്തയച്ചു. കത്തുമായി മാവേലിക്കരയിലെത്തിയെങ്കിലും പിതാവ് കൊച്ചിക്ക് പുറപ്പെടാൻ തയ്യറെടുക്കുകയായിരുന്നു. ഏറെ ത്യാഗം സഹിച്ച് പിതാവിനെ നേരിട്ടുകണ്ട് കത്ത് ഏല്പിച്ചു. കത്ത് വായിച്ച പിതാവ് കാര്യങ്ങൾ വിശദമായി ചോദിച്ച് മനസ്സിലാക്കി. പീടികയിലച്ചനും മൈലപ്ര അച്ചനും ഉടനെതന്നെ പിതാവിനെ നേരിട്ടു കാണണമെന്ന് പ്രതിനിധികളോട് പറഞ്ഞയയ്ക്കുകയും ചെയ്തു. ഇതിനകം കത്തോലിക്കാ വിശ്വാസികൾ, മൈലപ്ര അച്ചനെ അനുകൂലിക്കുന്ന യാക്കോബായരുടെ ഇടയിൽ പുനരൈക്യത്തെപ്പറ്റി കൂടുതൽ പ്രചരണം നടത്തിക്കൊണ്ടിരുന്നു. 1936 ജനുവരി 19ന് ഇടവക പൊതുയോഗം മൈലപ്ര സ്കൂളിൽ നടത്തി. പുനരൈക്യ ശ്രമങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ച് ഒരു വിഭാഗം ആളുകൾ യോഗം ബഹിഷ്ക്കരിച്ചു. ബാക്കിയുള്ളവർ മൈലപ്ര അച്ചന്റെ നേതൃത്വത്തിൽ ജാഥയായി ചാപ്പലിൽ വന്ന് മാർ ഇവാനിയോസ് പിതാവിന്റെ മുമ്പാകെ പുനരൈ

www.malankaralibrary.com



www.malankaralibrary.com




ക്യപ്പെട്ടു. ചാപ്പലിൽ സ്ഥലമില്ലാത്തതിനാൽ പിറ്റേദിവസം മൈലപ്ര സ്കൂളിൽ 100-ൽപരം കുടുംബങ്ങൾ ഇവാനിയോസ് പിതാവിന്റെ മുമ്പാകെ പുനരൈക്യപ്പെട്ടു.

## ദേവാലയ നിർമാണം

ബഹു. മൈലപ്ര അച്ചന്റെ പുനരൈക്യത്തോടെ ഇടവകയിൽ അംഗങ്ങൾ വർദ്ധിച്ചു. പുതിയ ദേവാലയം നിർമിക്കാനാവശ്യമായ സ്ഥലം ഇതിനകംതന്നെ വാങ്ങിയിരുന്നു. മാർ ഇവാനിയോസ് പിതാവിന്റെ പ്രത്യേക താല്പര്യപ്രകാരം നിലവിലുള്ള ചാപ്പലിന്റെ വടക്കുകിഴക്ക് ഭാഗത്തായി ഉയർന്ന സ്ഥലത്ത് പുതിയപള്ളി നിർമ്മിക്കാൻ തീരുമാനിച്ചു. ജർമ്മനിയിൽ നിന്നുള്ള ഒരു കുടുംബത്തിന്റെ സഹായംകൊണ്ട് വളരെ മനോഹരവും സ്ഥലസൗകര്യമുള്ളതുമായ ഒരു ദേവാലയം നിർമിക്കാൻ സാധിച്ചു. ജർമ്മൻ കുടുംബത്തിന്റെ പ്രത്യേക താത്പര്യപ്രകാരം പുതിയ ദേവാലയം യേശുവിന്റെ തിരുഹൃദയത്തിനു സമർപ്പിക്കപ്പെട്ടു. 1941 മാർച്ച് 13 ന് മാർ ഇവാനിയോസ് പിതാവ് ശിലാസ്ഥാപനം നടത്തി പണി ആരംഭിച്ച ദേവാലയം 1944 സെപ്റ്റംബർ 14, 15 തീയതികളിലായി കൂദാശ നടത്തി. കൂദാശകർമ്മങ്ങൾക്ക് മാർ ഇവാനിയോസ് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

ബഹു. മൈലപ്ര അച്ചനും നായ്ക്കംപറമ്പിൽ പരേതനായ എൻ.ഐ. തോമസുമായിരുന്നു നിർമാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഇടവകയിലെ എല്ലാ ആളുകളുടെയും നിർലോഭമായ സഹകരണം ദേവാലയ നിർമാണത്തിന് ലഭിച്ചിരുന്നതായി ബഹു. മൈലപ്ര അച്ചന്റെ ഡയറിക്കുറിപ്പിൽനിന്നു മനസ്സിലാക്കുന്നു. ചാപ്പലിന്റെ തടിയും ചെങ്കല്ലും മറ്റും ഉപയോഗിച്ച് വൈദികർക്ക് താമസിക്കാനായി മനോഹരമായ ബംഗ്ലാവ് നിർമ്മിച്ചു. പുതിയ ദേവാലയത്തിന്റെ വടക്കുഭാഗത്തായി ദേവലയവും പരിസരവും ശ്രദ്ധിക്കത്തക്ക രീതിയിൽ നിർമ്മിച്ച ബംഗ്ലാവിന്റെ വെഞ്ചെരിപ്പു കർമവും നിർവ്വഹിച്ചത് മാർ ഇവാനിയോസ് പിതാവ് തന്നെയായിരുന്നു.

1940-50 കാലയളവിൽ ഇടവകയിൽ ധാരാളം പുതിയ കുടുംബങ്ങൾ ചേർന്നുകൊണ്ടിരുന്നു. ഇക്കാലയളവിൽ മണ്ണാറക്കുളഞ്ഞി, മേക്കൊഴൂർ, വല്യയന്തി തുടങ്ങിയ പ്രദേശങ്ങളിൽ ഇടവകയ്ക്ക് ചാപ്പലുകൾ ഉണ്ടായി. പിന്നീട് ഈ ചാപ്പലുകൾ എല്ലാം തന്നെ സ്വതന്ത്ര ഇടവകകളായി. ചുരുക്കത്തിൽ മണ്ണാറക്കുളഞ്ഞി, മേക്കൊഴൂർ, വല്യയന്തി, മേരിഗിരി ഇടവകകളുടെ മാതൃ ഇടവക മൈലപ്ര തിരുഹൃദയ കത്തോലിക്കാ ദേവലയമാണ്. ഇക്കാലയളവിൽ ധാരാളം ചരിത്ര സംഭവങ്ങൾക്ക് ഇടവക വേദിയായിട്ടുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിനു മുമ്പും ശേഷവും രാഷ്ട്രീയ സാമൂഹിക ഭരണ രംഗങ്ങളിൽ വിരാജിച്ചിരുന്ന പ്രശസ്തരും പ്രഗത്ഭരുമായ വ്യക്തികൾ ഇടവകയിൽ സ്വകാര്യവും അല്ലാത്തതുമായ സർശനങ്ങൾ നടത്തിയിട്ടുണ്ട്. തിരുക്കൊച്ചി സംസ്ഥാനത്തിന്റെ സ്പീക്കറായിരുന്ന അലക്സാണ്ടർ പറമ്പിത്തറ സ്വകാര്യാവശ്യത്തിന് ആഴ്ചകളോളം നമ്മുടെ ബംഗ്ലാവിൽ താമസിച്ചിട്ടുണ്ട്. നിവർത്തന പ്രക്ഷോഭത്തിന്റെ

www.malankaralibrary.com

പ്രചരണാർഥം ജോയിന്റ് പൊളിറ്റിക്കൽ കോൺഗ്രസ് നേതാവും തിരുവിതാംകൂർ മന്ത്രിയുമായിരുന്ന ടി.എം.വറുഗീസ് ഇടവകയിൽ സർശനം നടത്തിയിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ക്ഷാമം നേരിടുന്നതിന് അമേരിക്കയിൽ നിന്നും യൂറോപ്പിൽനിന്നും മറ്റും ലഭിച്ചിരുന്ന സഹായം ഇടവകവഴി വിതരണം നടത്തിയത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസമായിരുന്നു. അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ വിശേഷാൽ സമ്മേളനം ദേവാലയാങ്കണത്തിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നടത്തിയിട്ടണ്ട്. പ്രഗത്ഭവാഗ്മികളായ ജോർജ് വറുഗീസ് കണ്ണന്താനം, ജോസഫ് ചാഴികാടൻ തുടങ്ങിയവർ ഈ സമ്മേളനത്തിൽ പങ്കെടുത്ത് പ്രസംഗിച്ചു.. 1953 നവംബർ 20ന് മാർപ്പാപ്പായുടെ പ്രതിനിധിയും പൗരസ്ത്യ തിരുസംഘത്തിന്റെ തലവനുമായ കർദിനാൾ എവുജിൻ ടിസറന്റ് തിരുമേനി ഇടവകയിൽ സർശനം നടത്തി. അഭിവന്ദ്യ പിതാക്കന്മാരായ മാർ ഇവാനിയോസ് തിരുമേനി, സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനി , യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി എന്നിവരുടെ മുഖ്യ കർമികത്വത്തിൽ വിശുദ്ധവാര ശുശ്രൂഷകൾ ഇടവകയിൽ നടത്തിയിട്ടുണ്ട്.

ഇടവകയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി.ഗീവറുഗീസ് സഹദായുടെ നാമധേയത്തിൽ കുരിശ്ശടി നിർമിച്ച് 1962 ഒക്ടോബർ 10ന് കൂദാശകർമം നടത്തി. കുരിശ്ശടി നിർമ്മാണത്തിനു നേതൃത്വം നൽകിയത് ബ. മാത്യു പൊൻമേലിൽ അച്ചനായിരുന്നു.

1966 ജനുവരി 16-ാം തീയതി കൂടിയ ഇടവക പൊതുയോഗം പള്ളിവക മാവേലിക്കുളം വസ്തുവിൽ പുതിയതായി ആരംഭിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഇടവകാംഗങ്ങളുടെ കഴിവിനൊത്ത് പണം ശേഖരിക്കുന്നതിന് കമ്മിറ്റിയെ ചുമതലപ്പെടുത്തി. കൂടാതെ ഓരോ വീട്ടുകാരും മാസത്തിൽ മൂന്നുപേരുടെ ജോലിവീതം ചെയ്തു കൊടുക്കണമെന്നും തീരുമാനിച്ചു.

അങ്ങനെ മൗണ്ട് ബഥനി സ്കൂളിന്റെ പ്രധാന കെട്ടിടത്തിന്റെ ഒരു നില ഇടവകയിൽ നിന്ന് പണികഴിപ്പിച്ചതാണ്. 1981 ഏപ്രിൽ 30, മേയ് 1, 2, 3 തീയതികളിൽ ദേവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഒരാഴ്ച നീണ്ടുനിന്ന



മേരിഗിരി പള്ളി.

പരിപാടികളോടെ ആഘോഷിച്ചു. അഭി. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവും ഇടവക കമ്മിറ്റിയും പരിപാടികൾക്ക് നേതൃത്വം നൽകി. 1984 ൽ പാരിഷ് ഹാളിന്റെ നിർമാണം ആരംഭിച്ചു.

ദേവാലയ സമീപത്ത് ബഥനി സന്ന്യാസിനീ മഠത്തിന്റെ ഒരു ശാഖ 1977 ജൂൺ 14 ന് സമാരംഭിച്ചതും ഇടവകയുടെ ആത്മീയ ചൈതന്യത്തെ ഉദ്ദീപിപ്പിച്ചു. തിരുഹൃദയ സ്വരൂപം 1993 ഏപ്രിൽ 4 ന് ദേവാലയത്തിന്റെ പ്രവേശന കവാടത്തിൽ പ്രതിഷ്ഠിച്ചു.

68-ാം പുനരൈക്യ വാർഷികത്തിന് ഇടവക വേദിയായത് ഇടവകയുടെ ചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട സംഭവമാണ്. 1998 സെപ്റ്റംബർ 19, 20, 21 തീയതികളിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെട്ട വാർഷികം വിശ്വാസികളുടെ പങ്കാളിത്തം കൊണ്ടും ചിട്ടയായ ക്രമീകരണങ്ങൾ കൊണ്ടും അങ്ങേയറ്റം വിജയപ്രദമായിരുന്നു.

> നിർമാണത്തിലെ പുതുമ കൊണ്ടും ശില്പഭംഗികൊണ്ടും വലിപ്പം കൊണ്ടും തികച്ചും വ്യത്യസ്തമായ ദേവാലയമാണ് മൈലപ്രയിലേത്.

## പുതിയ ദേവാലയത്തിന്റെ നിർമാണം

നിലവിലുള്ള ദേവാലയം വർദ്ധിച്ചു വരുന്ന വിശ്വാസികൾക്ക് ആരാധനയ്ക്ക് അപര്യാപ്തമായപ്പോഴാണ് പുതിയ ദേവാലയം നിർമിക്കണമെന്ന ആശയം ഉയർന്നു വന്നത്. 2012 മേയിൽ ബഹു. ജോൺ ജി. വടക്കേപ്പുറം അച്ചൻ വികാരിയായി സ്ഥാനമേറ്റതോടെ പുതിയ ദേവാലയം എന്ന ആഗ്രഹത്തിന് പുതുജീവൻ കൈവന്നു. 2012 ഒക്ടോബറിൽ കൂടിയ പ്രത്യേക പൊതുയോഗം 155 അടി നീളവും വരാന്തയുൾപ്പെടെ 77 അടി വീതിയും 100 ൽ പരം അടി ഉയരവുമുള്ള മുഖാവാരത്തോടുകൂടിയ പുതിയ ദേവാലയം നിർമ്മിക്കാൻ തീരുമാനിച്ചു.

2013 ജനുവരി 12ന് അഭി. സിറിൾ മാർ ബസേലിയോസ് കാതോലിക്കാ ബാവ തിരുമേനി അടിസ്ഥാന ശില ആശീർവദിച്ച് നിക്ഷേപിച്ചു. നാലര വർഷം നീണ്ടുനിന്ന നിർമാണ പ്രവർത്തനങ്ങൾക്കൊടുവിൽ 2007 ഡിസംബർ 28, 29 തീയതികളിൽ മേജർ ആർച്ച് ബിഷപ് കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയുടെ മുഖ്യ കാർമികത്വത്തിലും സഭയിലെ ഇതര മെത്രാപ്പോലീത്താമാരുടെ സഹകാർമികത്വത്തിലും പുതിയ പള്ളിയുടെ കൂദാശ കർമം നടത്തി.


നിർമാണത്തിലെ പുതുമ കൊണ്ടും ശില്പഭംഗികൊണ്ടും വലിപ്പം കൊണ്ടും തികച്ചും വ്യത്യസ്തമായ ദേവാലയമാണ് മൈലപ്രയിലേത്.

ബഹു. ജോൺ ജി. വടക്കേപ്പുറം അച്ചന്റെ നേതൃത്വത്തിൽ മണ്ണിൽ എം. ടി.തോമസ് ജനറൽ കൺവീനറായി 51 അംഗ നിർമാണ കമ്മറ്റിയെ പൊതുയോഗം തിരഞ്ഞെടുത്ത് നിർമാണ ചുമതലയേൽപിച്ചു.

ദൈവാനുഗ്രഹവും കമ്മിറ്റിയുടെ കൂട്ടായ പ്രവർത്തനവും ഇടവകജനങ്ങളുടെ നിസീമമായ സഹകരണവും ഒത്തുചേർന്നപ്പോൾ മലങ്കര കത്തോലിക്കാ സഭയ്ക്ക് അഭിമാനിക്കത്തക്കവിധത്തിൽ കേരളത്തിലെ വലിയ ക്രൈസ്തവ ദേവാലയങ്ങളിലൊന്നായി മൈലപ്ര തിരുഹൃദയ ദേവാലയം പുനർനിർമിക്കാൻ കഴിഞ്ഞു. ■

www.malankaralibrary.com

മൈലപ്ര അച്ചൻ എന്നറിയപ്പെട്ട തെങ്ങുംതറയിൽ ഫാദർ എ.ജി. ഏബ്രഹാമിന്റെ മുഖമുദ്ര ദൈവസ്നേഹവും മനുഷ്യസ്നേഹവുമായിരുന്നു.



# മൈലപ്ര അച്ചൻ

## എന്ന മൈലപ്രയുടെ

# ചരിത്രം

കെ.ജി. ജോയി



സഭയുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ പുരോഗതിക്കും വേണ്ടി ജീവനും ജിവിതവും സമർപ്പിച്ച പുരോഹിതശ്രേഷ്ഠനായിരുന്നു മൈലപ്ര അച്ചൻ എന്നറിയപ്പെട്ട തെങ്ങുംതറയിൽ ഫാദർ എ.ജി. ഏബ്രഹാം. ദൈവസ്നേഹവും മനുഷ്യസ്നേഹവുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. ലാഭവും നഷ്ടവും നോക്കാതെ മാതൃസഭ വിട്ട് മലങ്കര കത്തോലിക്കാ സഭയിലേക്ക് അദ്ദേഹം കടന്നുവന്നു. തന്മൂലം മൈലപ്രയിൽ പ്രബലമായ ഒരു സമൂഹത്തിന് സാർവ്വത്രികസഭയുടെ നന്മകളിൽ പങ്കുചേരാനും അനുഭവിക്കാനും സാധിച്ചു. അതുതന്നെയാണ് അച്ചന്റെ ജീവിതത്തെ അവിസ്മരണീയമാക്കുന്ന പ്രധാന സംഭവവും.

യേശുവിനെക്കുറിച്ച് സുവിശേഷകൻ പറയുന്നതുപോലെ 'അവൻ നന്മ ചെയ്തു ചുറ്റി സഞ്ചരിച്ചു' എന്ന് അച്ചന്റെ ജീവിതത്തെയും സംഗ്രഹിക്കാൻ സാധിക്കും.

പ്രശസ്തവും പുരാതനവുമായ തെങ്ങുതറ കുടുംബത്തിലാണ് 1901 ഒക്ടോബർ 17 ന് അച്ചൻ ജനിച്ചത്. ഏബ്രഹാം കത്തനാരും വല്യത്ത് മറിയാമ്മയുമായിരുന്നു മാതാപിതാക്കൾ. വൈദിക പാരമ്പര്യമുള്ള കുടുംബത്തിൽനിന്ന് ചെറുപ്പത്തിൽതന്നെ വൈദികാഭിമുഖ്യം പകർന്നുകിട്ടി.

1926 ആഗസ്റ്റ് 31 ന് കുണ്ടറ സെമിനാരി ചാപ്പലിൽ വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. മാക്കാംകുന്ന് കൺവൻഷൻ സെക്രട്ടറി, തുമ്പമൺ ഭദ്രാസന വൈദിക സെക്രട്ടറി എന്നീ ചുമതലകൾ യുവ വൈദികന് നൽകി. കുറേക്കാലം സിലോണിൽ ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെട്ടു. മടങ്ങിവന്ന അച്ചനെ മണ്ണാറക്കുളഞ്ഞി, മൈലപ്ര ഓർത്തഡോക്സ് ഇടവകകളുടെ വികാരിയായി നിയമിച്ചു.

ശെമ്മാശനായിരിക്കുമ്പോൾത്തന്നെ സ്വന്തം ഗ്രാമത്തിന്റെ സമഗ്ര പുരോഗതി അദ്ദേഹം സ്വപ്നം കണ്ടു. ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന അക്കാലത്ത് കർഷകരെ സഹായിക്കാനായി 1923 ൽ സ്വയംസഹായ സഹകരണസംഘത്തിന് (ഇന്നത്തെ സഹകരണ ബാങ്ക് രൂപംകൊടുത്തു. വിദ്യാഭ്യാസ പുരോഗതിയുടെ പ്രാധാന്യം നന്നായി മനസ്സിലാക്കിയ അച്ചൻ എംഡി സ്കൂളുകളുടെ കറസ്പോണ്ടന്റായിരുന്നു. മൈലപ്രയിൽ പ്രവർത്തിച്ചിരുന്ന എൽപി സ്കൂൾ അച്ചൻ ഏറ്റെടുക്കുകയും മണ്ണാറക്കുളഞ്ഞി, വല്യയന്തി സ്കൂളുകൾ പുതുതായി ആരംഭിക്കുകയും ചെയ്തു.

കുമ്പഴ-മൈലപ്ര വില്ലേജ് യൂണിയൻ മൈലപ്ര പഞ്ചായത്തായി രൂപപ്പെട്ടപ്പോൾ അതിന്റെ പ്രഥമ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഗതാഗതസൗകര്യത്തിനുവേണ്ടി നിരവധി റോഡുകൾ വെട്ടാൻ അച്ചൻ നേതൃത്വം നൽകി. വിവിധ സമുദായ നേതാക്കളുമായി നല്ല ബന്ധം പുലർത്തുകയും ജനങ്ങളുടെ പിന്തുണ ആർജിക്കുകയും ചെയ്തു. പോസ്റ്റ് ഓഫസ്, വൈദ്യശാല എന്നിങ്ങനെ ജനോപകാരപ്രദമായ സ്ഥാപനങ്ങൾ അച്ചന്റെ ശ്രമഫലമായി ഉയർന്നുവന്നു. അച്ചൻ പ്രസിഡന്റായിരിക്കുമ്പോഴാണ് മൈലപ്ര പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി ലഭിക്കുന്നത്. പത്തനംതിട്ട പ്രദേശത്ത് നിന്ന് ആദ്യമായി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടത് പീടികയിൽ ഗീവർഗീസ് കശീശ ആയിരുന്നു. 1930നു മുമ്പുതന്നെ മൈലപ്രയിലെ ഏതാനും ആത്മായർ പീടികയില

www.malankaralibrary.com






www.malankaralibrary.com



ച്ചനുമായി ബന്ധപ്പെട്ട് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചിരുന്നു. കത്തോലിക്കരെ എതിർക്കാൻവേണ്ടി മൈലപ്ര അച്ചൻ കത്തോലിക്കാ വിശ്വാസത്തെപ്പറ്റി പഠിച്ചുകൊണ്ടിരുന്നു. ഏകസത്യസഭ മാർപ്പാപ്പാമാരാൽ നയിക്കപ്പെടുന്ന തിരുസഭയാണെന്ന് അച്ചൻ തിരിച്ചറിഞ്ഞു. പീടികയിലച്ചന്റെ സ്നേഹപൂർവമായ ഉപദേശവും നേരത്തെ പുനരൈക്യപ്പെട്ടവരുടെ നിർബന്ധവും മൈലപ്ര അച്ചന്റെ പുനരൈക്യം വേഗത്തിലാക്കാൻ സഹായിച്ചു. 1935 ജൂലൈ 20 ന് തന്റെ മാതൃ ദേവാലയത്തിലെ വിടവാങ്ങൽ പ്രസംഗത്തിനു ശേഷം മൈലപ്ര കത്തോലിക്കാ ചാപ്പലിൽ മാർ ഇവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് സാർവത്രിക സഭാ കൂട്ടായ്മയിലേക്ക് അദ്ദേഹം പ്രവേശിച്ചു. 150ൽപരം കുടുംബങ്ങൾ അച്ചനോടൊപ്പം പുനരൈക്യപ്പെട്ടു. അതുമൂലം മൈലപ്ര ഇടവക മലങ്കര കത്തോലിക്കാ സഭയിലെ പ്രമുഖ ഇടവകകളിലൊന്നായിത്തീർന്നു.

മൈലപ്ര അച്ചന്റെ ജനസ്വാധീനവും നേതൃപാടവവും തിരിച്ചറിഞ്ഞ് മാർ ഇവാനിയോസ് പിതാവും അതിനുശേഷം മാർ ഗ്രിഗോറിയോസ് തിരുമേനിയും അതിരൂപതയിലെ നിർണായക ചുമതലകൾ ഏൽപ്പിക്കാൻ തയ്യാറായി. പ്രധാന തീരുമാനങ്ങളെടുക്കുന്നതിന് മുമ്പ് അച്ചന്റെ ഉപദേശം തേടുക പതിവായിരുന്നു.

കോന്നി, റാന്നി, പത്തനംതിട്ട വൈദിക ജില്ലകളിൽ പുതിയ ഇടവകകൾ സ്ഥാപിക്കാനും വസ്തു വാങ്ങി പള്ളി പണിയാനുമുള്ള നിയോഗം അച്ചനു ലഭിച്ചു. എതിർപ്പുകളും കേസുകളും നിരവധിയുണ്ടായി. പ്രതിസന്ധിയുടെ ഏതു വൻമലയും തട്ടിമാറ്റാൻ പോന്ന ഇച്ഛാശക്തിയും പ്രാഗത്ഭ്യവും അച്ചന്റെ കൈമുതലായിരുന്നു. സമകാലികരായിരുന്ന കുമ്പഴയച്ചൻ, കടമ്മനിട്ടയച്ചൻ എന്നിവരുടെ സഹകരണത്തോടും പിന്തുണയോടുംകൂടി പ്രവർത്തിച്ചതിനാൽ ഈ പ്രദേശത്ത് മലങ്കര കത്തോലിക്കാസഭയ്ക്ക് ശക്തമായ അടിത്തറ പാകാൻ സാധിച്ചു.

ഏതു കാര്യവും ഫലപ്രാപ്തിയിലെത്തിക്കാൻ തക്കവിധം ഉന്നതാധികാരികളുടെ പക്കൽ അച്ചന് സ്വാധീനമുണ്ടായിരുന്നു. കൊല്ലം ജില്ലയിൽപെട്ട പ്രദേശമായതിനാൽ കൊല്ലം, മാവേലിക്കര, ചെങ്ങന്നൂർ, തിരുവനന്തപുരം സ്ഥലങ്ങളിലേക്ക് അച്ചന് നിരന്തരം യാത്ര ചെയ്ത് സർക്കാർ ഓഫിസുകൾ കയറിയിറങ്ങേണ്ടതായിട്ടുണ്ടായിരുന്നു. യാത്രാസൗകര്യവും വാർത്താവിനിമയമാർഗ്ഗങ്ങളും പരിമിതമായിരുന്ന അക്കാലത്ത് അച്ചൻ നടത്തിയ പ്രവർത്തനങ്ങൾ അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയൂ. മൈലപ്രയിൽ പ്രവർത്തമാരംഭിച്ച ട്രയിനിങ് സ്കൂൾ നഷ്ടമായപ്പോൾ നിരാശപ്പെടാതെ പുതിയ ട്രയിനിങ് സ്കൂളിന് അനുവാദം നേടിയെടുത്തതും മൈലപ്ര പോസ്റ്റ് ഓഫിസ് നഷ്ടമായപ്പോൾ മൈലപ്ര ടൗൺ പോസ്റ്റ് ഓഫിസ് അനുവദിപ്പിച്ചതുമൊക്കെ അച്ചന്റെ പ്രവർത്തനശേഷി പ്രകടമാക്കുന്ന സംഭവങ്ങളാണ്. ന്യൂനപക്ഷ അവകാശങ്ങൾക്കെതിരായ കടന്നുകയറ്റത്തെ പ്രതിരോധിക്കാനുള്ള പോരാട്ടത്തിന്റെ മുന്നണിപ്പോരാളിയായി അച്ചനുണ്ടായിരുന്നു. ഒരിക്കൽ അസംബ്ലി ഹാളിൽ കാർഷിക സമ്മേളനത്തിൽ കാർഷിക പ്രമേയമവതരിപ്പിക്കാൻ അച്ചൻ ക്ഷണിക്കപ്പെടുകയുണ്ടായി.

ജയപ്രകാശ് നാരായണൻ, മൊറാർജി ദേശായി (മുൻ പ്രധാനമന്ത്രി) എന്നിവരുടെ കേരള സന്ദർശനവേളയിൽ മൈലപ്രായിൽ അച്ചനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി.

സാമൂഹികസേവന പ്രവർത്തനങ്ങൾക്കിടയിൽ ഇടവകയുടെ ആത്മീയ ശുശ്രൂഷകൾക്ക് അച്ചൻ ഭംഗം വരുത്തിയില്ല. ധ്യാനവും കൺവൻഷനും സംഘടിപ്പിച്ച് വിശ്വാസികളെ ശക്തിപ്പെടുത്തി. യുവതീയുവാക്കളെ വൈദിക-സന്യാസ പരിശീലനത്തിനയച്ചുകൊണ്ട് ദൈവവിളി പ്രോത്സാഹിപ്പിച്ചു. ഇടവകയോട് ചേർന്ന് വസ്തു വാങ്ങി ഭൗതിക സാഹചര്യങ്ങൾ വിപുലപ്പെടു

www.malankaralibrary.com

*Best compliments...*



**K. G. Joy & Family**
**Marian Hills**

*Best compliments...*



**JOHN C.T. & FAMILY**
**Chamakalayil**

www.malankaralibrary.com

ത്തിക്കൊണ്ടിരുന്നു. സമീപപ്രദേശങ്ങളിലെ ദേവാലയങ്ങളിൽ അച്ചൻ സുവിശേഷ പ്രസംഗകനായിരുന്നു. കായിക-കലാസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും പ്രതിഭകളെ വളർത്താനും അച്ചൻ ശ്രദ്ധിച്ചിരുന്നു. 24-ാം വയസ്സിൽ പുത്തൻപീടിക പടിഞ്ഞാറ്റേതിൽ ശോശാമ്മയെ അച്ചൻ വിവാഹം കഴിച്ചു. മൂന്ന് ആൺമക്കളെയും ഏഴ് പെൺമക്കളെയും ദൈവം നൽകി. പെൺമക്കളിലൊരാൾ അൽഫോൻസ എന്ന നാമം സ്വീകരിച്ച് സന്യാസിനിയായി.

മൈലപ്രയുടെ ഹൃദയഭാഗത്തായിരുന്നു അച്ചന്റെ തെങ്ങുംതറയിൽ ഭവനം. വൈദികൻ താമസിക്കുന്ന സ്ഥലം എന്ന അർത്ഥത്തിൽ തെങ്ങുംതറ മേടയിൽ എന്നറിയപ്പെട്ടു. മൈലപ്രയിലെ ആദ്യത്തെ ടെക്നിക്കൽ സ്ഥാപനമായ ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ട് അച്ചന്റെ ഭവനത്തിനു മുൻവശത്തുള്ള ഇരുനില ക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ടൈപ്പ്റൈറ്റിങ്ങും ഷോർട്ട് ഹാൻഡും പഠിക്കുക എന്നത് അക്കാലത്തെ പ്രത്യേകതയായിരുന്നു.

ഇടവകയുടെ ഭരണച്ചുമതല വിട്ടതിനുശേഷം വിശ്രമിക്കുമ്പോൾ പലപ്പോഴും ഭവനത്തിൽ അച്ചനെ സന്ദർശിക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. നടന്നുവന്ന് ഏതെങ്കിലും സമയത്ത് ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയർപ്പിക്കുക പതിവായിരുന്നു. പലപ്പോഴും ശുശ്രൂഷകനാകാൻ എനിക്കു കഴിഞ്ഞു. എംസിവൈഎം റാന്നി-പത്തനംതിട്ട മേഖലയുടെ പ്രസിഡന്റായി ഞാൻ പ്രവർത്തിക്കുമ്പോൾ 1979 ആഗസ്റ്റിൽ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തിയ സമ്മേളനത്തിൽ അനാരോഗ്യം വകവയ്ക്കാതെ അച്ചൻ സംബന്ധിക്കുകയുണ്ടായി. അച്ചൻ പങ്കെടുത്ത അവസാനത്തെ പൊതു പരിപാടിയും അതായിരുന്നു.

തന്റെ ഐഹിക ജീവിതം അവസാനിപ്പിച്ച് 1979 സെപ്റ്റംബർ 14 ന് കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ നിത്യസമ്മാനത്തിനായി അദ്ദേഹം വിളിക്കപ്പെട്ടു. പള്ളിയുടെ കിഴക്കുഭാഗത്ത് വൈദികർക്കായി വേർതിരിച്ച കല്ലറയിൽ അച്ചൻ അന്ത്യവിശ്രമം കൊള്ളുന്നു. അദ്ദേഹം അവശേഷിപ്പിച്ച പ്രകാശം എക്കാലവും മൈലപ്രയെ ജ്വലിപ്പിക്കും. ■



## മുൻ ദേവാലയത്തിന്റെ നിർമ്മാണത്തെപ്പറ്റി ബ. മൈലപ്രാ അച്ചന്റെ ഡയറിക്കുറിപ്പിൽ നിന്നും

| | |
|---|---|
| 1942 ജൂലൈ 10 | കോൺട്രാക്ടർ സൂസൻ അന്തോണി വന്ന് പള്ളി പണി സംബന്ധിച്ച് ആലോചിച്ചു. മണൽ വാരുന്നതിന് ഞാൻ മൂലം ചുമതലപ്പെടുത്തി. 100 ഘനഅടി മണലിന് 3 രൂപ റേറ്റുവച്ച് 15 രൂപ അഡ്വാൻസ് കൊടുത്തു. |
| 1942 ജൂലൈ 11 | ഫാദർ സെറാഫിയോനും സൂസൻ അന്തോണിയും വന്ന് പള്ളിയുടെ സ്ഥാനം നിശ്ചയിച്ചു. |
| 1942 ജൂലൈ 20 | ഇന്ന് മേസ്തിരിവന്ന് വാനം വെട്ടാനുള്ള ഏർപ്പാടുകൾ ചെയ്തു. |
| 1942 ജൂലൈ 31 | പള്ളിക്ക് ഇന്ന് വാനംതോണ്ടി |
| 1942 ആഗസ്റ്റ് 6 | ഇന്ന് 8 മണിക്ക് ഞാനും സെറാഫിയോനച്ചനുംകൂടി പള്ളിക്ക് മൂലക്കല്ലിട്ടു. |
| 1944 ഏപ്രിൽ 18 | മൈലപ്രാപള്ളിക്ക് ഓടിനുവേണ്ട കൂലി 120 രൂപ മാർ ഈവാനിയോസ് തിരുമേനി തന്നു. |
| 1944 ഏപ്രിൽ 23 | സൂസൻ അന്തോണി പണിക്കാരെക്കൂട്ടി വന്നു. പള്ളിയുടെ മേൽക്കൂട്ടം 275 രൂപ ഉടമ്പടിക്കുകൊടുത്തു. മാരാമണ്ണുനിന്നും പള്ളിമണി ഉണ്ണി കൊണ്ടുവന്നു. 52 റാത്തൽ തൂക്കം |
| 1944 ജൂൺ 24 | 10 മണി ആയപ്പോൾ ആളുകൾകൂടി. അനേകർ അപ്പവും മറ്റും കൊണ്ടുവന്നു. ഒരു മണിക്ക് പള്ളിയുടെ ഉത്തരം കൂട്ടി. കാപ്പിയും പലഹാരവും എല്ലാവർക്കും കൊടുത്തു. |

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സഭ

റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്
(സഭാതല ഡയറക്ടർ, എംസിവൈഎം)



## ആമുഖം

യേശുക്രിസ്തുവിൽ പൂർണമായ രക്ഷയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികൾവരെ പ്രഘോഷിക്കപ്പെടണമെന്ന ദൈവീക നിയോഗം പേറിയാണ് അപ്പസ്തോലന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് പ്രേഷിതരായി യാത്രയായത്. ക്രിസ്തുശിഷ്യരിലൊരുവനായ വി. തോമാശ്ലീഹാ ക്രിസ്തുവർഷം 52-ൽ കേരളത്തിലെ കൊടുങ്ങല്ലൂരിൽ കാലൂന്നിക്കൊണ്ട് സമാരംഭം കുറിച്ച പ്രേഷിത യാത്രയിലൂടെ ആദ്യ നൂറ്റാണ്ടിൽ തന്നെ സുവിശേഷദീപ്തി ലഭിക്കാൻ ഭാഗ്യം സിദ്ധിച്ച നാടാണ് ഭാരത ഉപഭൂഖണ്ഡം. മാർത്തോമ്മാ ശ്ലീഹായുടെ വിശ്വാസപൈതൃകം ഏറ്റുവാങ്ങിയ ഇവിടുത്തെ ക്രൈസ്തവർ മാർത്തോമ്മാ ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെടുകയും നൂറ്റാണ്ടുകളോളം അവിഭക്ത സഭാസമൂഹമായി നിലകൊള്ളുകയും ചെയ്തു. കാലത്തിന്റെ കുത്തൊഴുക്കിൽ രൂപംകൊണ്ട വിഭജനത്തിന്റെയും വിഭാഗീയതയുടെയും അടിയൊഴുക്കിൽ ഈ അപ്പസ്തോലിക സഭ ആടിയുലയുകയും ഛിന്നഭിന്നമാവുകയും ചെയ്തു. ചരിത്രത്തിന്റെ ശരി-തെറ്റുകളെ ചർവിതചർവണം ചെയ്യാതെ ഇന്നിന്റെ നിയോഗങ്ങളെ തിരിച്ചറിഞ്ഞാൽ ക്രിസ്തുവിന്റെ യഥാർത്ഥ സഭയായി മാർത്തോമ്മായുടെ ശ്ലൈഹിക പാരമ്പര്യത്തിൽ അടിയുറച്ച ഭാരതത്തിലെ വിശ്വാസകൂട്ടായ്മകൾക്ക് നിലകൊള്ളാൻ സാധിക്കും. അപ്പസ്തോലിക പൈതൃകംപേറുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തനിമയും വ്യക്തിത്വവും പ്രേഷിത നിയോഗവും ചരിത്രത്തിന്റെ ഏടുകളിലൂടെ അപഗ്രഥനം ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം

## അപ്പസ്തോലിക പൈതൃകം

മാർത്തോമ്മാശ്ലീഹായുടെ ധീരമായ പ്രേഷിതപ്രവർത്തനങ്ങളാൽ സ്ഥാപിതമായ ഏഴരപ്പള്ളികളാണ് നാം ഇന്നുകാണുന്ന ഭാരതത്തിലെ സുറിയാനി സഭകളുടെ പൊതുപൈതൃകം. ജാതിവ്യവസ്ഥ അടിസ്ഥാനമാക്കിയ സാമൂഹിക മാനോഭാവം സുവിശേഷ പ്രഘോഷണത്തിന് സാർവത്രിക ഭാവം കൈവരിക്കുന്നതിന് ഭാരതത്തിൽ വിഘാതമാണ് എന്നത് യാഥാർത്ഥ്യമാണ്. അതോടൊപ്പം 500ൽപരം നാട്ടുരാജ്യങ്ങളും 1000ൽ പരം ഭാഷാ-ഭാഷാന്തരങ്ങളുമായി നെയ്തെടുത്ത സാംസ്കാരിക സങ്കീർണത ഭാരതത്തിലെ ക്രൈസ്തവരുടെ നിലനിൽപ് ദക്ഷിണ ഇൻഡ്യയിൽ മാത്രമായി ചുരുക്കിയെന്നത് ആർക്കും നിഷേധിക്കാനാവാത്ത ചരിത്രയാഥാർത്ഥ്യമാണ്. എന്നാൽ, ഇത്തരം പ്രേഷിത വെല്ലുവിളികളുടെ മധ്യത്തിലും നൂറ്റാണ്ടുകളായി വിശ്വാസം സജീവമായി ജീവിക്കുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ ക്രിസ്തീയ സഭാചരിത്രത്തിലെ അവിസ്മരണീയമായ സാന്നിദ്ധ്യമാണ്.

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ സ്വീകരിച്ച വിശ്വാസം അവികലമായി ജീവിക്കുന്നതിലും അത് തലമുറകളിലൂടെ കൈമാറ്റം ചെയ്യുന്നതിലും ഇവിടുത്തെ ക്രിസ്ത്യാനികൾ കാണിച്ച ഔത്സുക്യം മറ്റു ക്രൈസ്തവർക്കും ഇന്നത്തെ തലമുറയ്ക്കും അനുകരണായോഗ്യമാണ്.

## സുറിയാനി പാരമ്പര്യം പേറുന്ന അവിഭക്ത സഭ

ഭാരത ക്രൈസ്തവരുടെ അപ്പസ്തോലിക വിശ്വാസത്തെക്കുറിച്ചും അവരുടെ വിശ്വാസ ജീവിതത്തെക്കുറിച്ചും ചരിത്രപരമായി നമുക്ക് നടത്താവുന്ന

www.malankaralibrary.com



# തനിമയും വ്യക്തിത്വവും നിയോഗവും

രണ്ടു അനുമാനങ്ങൾ: ഭാരത ക്രൈസ്തവരുടെ വിശ്വാസ ജീവിതം സുറിയാനി സഭകളുടെ പൊതുആരാധനാ പാരമ്പര്യങ്ങളോട് ഏറെ അടുത്ത നിൽക്കുന്നതും, ഭാരത സംസ്ക്കാരത്തിന് ഏറെ അനുയോജ്യവുമായിരുന്നു എന്നതാണ്. തുടർന്നുള്ള നൂറ്റാണ്ടുകളിൽ കൽദായ സഭയുടെ ആരാധനാ പൈതൃകം ഇവിടുത്തെ സഭാ സമൂഹത്തിന് സ്വീകാര്യമായതിനുള്ള അടിസ്ഥാനം ആദ്യത്തെ അനുമാനമാണ്.

ഇവിടുത്തെ തദ്ദേശീയർ ക്രിസ്റ്റീയ വിശ്വാസം സ്വീകരിച്ചതും ഇവിടെ പ്രചരിച്ച മറ്റു മതങ്ങൾക്ക് കാലക്രമത്തിൽ സംഭവിച്ച നാശം ക്രൈസ്തവ വിശ്വാസത്തിനു സംഭവിക്കാതിരുന്നതിനും കാരണം രണ്ടാമത്തെ അനുമാനമാണ്. കൽദായ ആരാധനാക്രമം സ്വീകരിക്കുക മാത്രമല്ല, ആദ്യനൂറ്റാണ്ടുകളിൽ മതമർദനങ്ങളാൽ ക്ലേശമനുഭവിച്ച മദ്ധ്യപൂർവേഷ്യയിലെ ക്രൈസ്തവർക്ക് അഭയകേന്ദ്രവും ഭാരതമായിരുന്നു എന്നത് നമുക്ക് അഭിമാനം നൽകുന്ന ചരിത്രവസ്തുതയാണ്. പതിനാറുനൂറ്റാണ്ടുകളോളം ഇവിടുത്തെ ക്രൈസ്തവർ ഏക സഭയായി ഒരേ ആരാധനാക്രമം പാലിച്ച് കൽദായ മെത്രാന്മാരുടെ ആത്മീക ഭരണത്തിൻ കീഴിൽ നമ്മുടെ പാരമ്പര്യങ്ങൾക്കനുയോജ്യമായ സഭാജീവിതക്രമം ചിട്ടപ്പെടുത്തി ജീവിച്ചു പോന്നു.

## ലത്തീൻവത്ക്കരണവും വിഭജനവും

മധ്യകാലഘട്ടത്തിൽ ആഗോള കത്തോലിക്കാ സഭയിൽ ശക്തിപ്രാപിച്ച പ്രേഷിത ചൈതന്യം അനേകം പ്രേഷിത സന്യാസ സമൂഹങ്ങൾക്ക് രൂപം നൽകി. ക്രിസ്റ്റീയ വിശ്വാസ വെളിച്ചം ഇതുവരെ എത്തിർച്ചേർന്നിട്ടില്ലാത്ത നാടുകളിലേക്ക് സുവിശേഷവുമായി അനേകം മിഷണറിമാർ യാത്രചെയ്തു. അതോടൊപ്പം, വിശ്വാസം ക്ഷയിച്ചുപോയ സ്ഥലങ്ങളിലേയ്ക്കും പ്രേഷിതർ സധൈര്യം കടന്നു ചെന്നു. സാർവത്രിക പ്രേഷിത നിയോഗം പൂർത്തിയാക്കാനുള്ള തിട്ടൂരവുമായി പോയവർ ലത്തീൻ സഭാപാരമ്പര്യത്തിൽ ജനിച്ചു വളർന്നവരും ആഗോളസഭയുടെ മറ്റു വിശ്വാസ പാരമ്പര്യങ്ങളെക്കുറിച്ച് വിശിഷ്യാ പൗരസ്ത്യ സഭാ പാരമ്പര്യങ്ങളെക്കുറിച്ച് അജ്ഞരുമായിരുന്നതിനാൽ ലത്തീൻവത്കരണം പ്രേഷിത ശുശ്രൂഷയുടെ ഭാഗമായി.

യൂറോപ്യൻ മിഷണറിമാരുടെ നേതൃത്വത്തിൽ നടന്ന 1599-ലെ ഉദയംപേരൂർ സുന്നഹദോസിനെ തുടർന്ന് ആരംഭിച്ച ലത്തീൻവത്കരണ പരിശ്രമം അവിഭക്തമായ ഇവിടുത്തെ അപ്പസ്തോലിക സഭയെ രണ്ടായി വിഭജിച്ചു: പഴയകൂർ, പുത്തൻകൂർ വിഭാഗങ്ങളായി. കാലക്രമത്തിൽ പഴയകൂറ്റുകാർ ലത്തീൻവത്ക്കരിക്കപ്പെട്ട കൽദായ ആരാധനാ ക്രമം പാലിച്ചുകൊണ്ട് വൈദേശിക മിഷണറിമാരുടെ അധികാരത്തിൻ കീഴിൽ മലബാർ സഭാസമൂഹമായും പുത്തൻകൂറ്റുകാർ യാക്കോബായ (അന്ത്യോക്യൻ) ആരാധനാക്രമം സ്വീകരിച്ചുകൊണ്ട് സിറിയയിലെ യാക്കോബായ സഭാനേതൃത്വത്തിൻകീഴിൽ മലങ്കരസഭയായും രണ്ടു വ്യത്യസ്തമായ സഭാപാരമ്പര്യങ്ങൾക്ക് ഭാരതത്തിൽ തുടക്കം കുറിച്ചു. അതോടൊപ്പം, വിദേശ മിഷണറിമാരുടെ നേരിട്ടുള്ള സുവിശേഷപ്രഘോഷണ ഫലമായി സ്ഥാപിക്കപ്പെട്ട ലത്തീൻ സഭയും ഈ നാട്ടിലെ ക്രിസ്റ്റീയ വിശ്വാസത്തിന്റെ സജീവ സാക്ഷ്യം നൽകുന്ന കൂട്ടായ്മയായി. അങ്ങനെ വ്യത്യസ്തമായ മൂന്നു സഭാപാരമ്പര്യങ്ങൾ ഭാരതത്തിൽ തഴച്ചു വളർന്നു.

## മലങ്കര സഭ

1653-ലെ കൂനൻകുരിശു സത്യം വൈദേശികാധിപത്യത്തിനെതിരെയുള്ള പ്രാദേശിക വിപ്ലവം മാത്രമല്ല,

www.malankaralibrary.com

ആശംസകളോടെ...



ആന്റണി വർഗീസ് & അൽഫോൻസാ
ആന്റോ വില്ല, മൈലപ്ര

ആധാരം എഴുത്ത്
സെൻട്രൽ ജംഗ്ഷൻ, പത്തനംതിട്ട
സ്റ്റേറ്റ് ലൈസൻസികൾ
ആന്റോ വില്ല, മൈലപ്ര പി.ഒ., കുമ്പഴ വടക്ക്
Email: antonyvarghese475@gmail.com
Ph: 9447207058, 8921214491

MADONNA INTERNATIONAL RESIDENTIAL SCHOOL
AFFILIATED TO CBSE NEW DELHI : NO. 931363
OMALLOOR, P.O, PUTHENPEEDIKA
PATHANAMTHITTA - 689647

e mail : madonnainternationalpta@gmail.com
web : madonnaschoolindia.com

9447461432
8301912432

PRE KG - STD IX

LITTLE WONDERS TO LIVING WONDERS






www.malankaralibrary.com

ഭാരതീയ പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കാനുള്ള അഭിനിവേശം കൂടിയായിരുന്നു. ഇക്കാര്യത്തിൽ ആ കാലഘട്ടത്തിലെ പൂർവികർ കാണിച്ച അമിതാവേശം കാലക്രമത്തിൽ സാർവത്രിക സഭയുമായുള്ള ബന്ധത്തിന്റെ വിച്ഛേദനത്തിലേയ്ക്കും മറ്റൊരു വൈദേശികാധിപത്യത്തിലേക്കും മലങ്കര സഭയെ നയിച്ചു എന്നത് ചരിത്രത്തിൽ സംഭവിച്ച ബോധപൂർവമല്ലാതെ ഒരു പിഴയാണെന്ന് നാമിന്ന് മനസ്സിലാക്കുന്നു. വിശ്വാസ ജീവിതത്തിൽ സാർവത്രിക ദർശനം നഷ്ടപ്പെട്ട മലങ്കര സഭാ മക്കൾ വഴക്കും വക്കാണവുമായി പരസ്പരം പോരടിക്കുകയും കൂടുതൽ വിഭജിതമാവുകയും ചെയ്തു. അധികാരത്തിനും താൻപോരിമയ്ക്കുംവേണ്ടിയുള്ള കുതന്ത്രങ്ങളും കുത്സിത പ്രവർത്തനങ്ങളും ഈ സഭയുടെ ആത്മീയ പൈതൃകത്തെ മലീമസമാക്കുക മാത്രമല്ല, അതിന്റെ പ്രേഷിത ചൈതന്യം ചോർത്തിക്കളയുക കൂടി ചെയ്തു. പ്രേഷിത തീക്ഷ്ണത നഷ്ടപ്പെട്ട ഈ അപ്പസ്തോലിക സഭ കാലക്രമത്തിൽ നിർജ്ജീവാവസ്ഥയിലേയ്ക്ക് കൂപ്പുകുത്തുകയായിരുന്നു.

## ദൈവദാസൻ മാർ ഇവാനിയോസും പുനരൈക്യപ്രസ്ഥാനവും

മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതചൈതന്യം വീണ്ടെടുക്കാൻ ദൈവത്താൽ അയയ്ക്കപ്പെട്ട പുണ്യപുരുഷനായിരുന്നു ദൈവദാസൻ ആർച്ച് ബിഷപ് ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ. ഒരു സഭയുടെ ഉന്നമനത്തിനായി തന്റെ ജീവിതം ഉഴിഞ്ഞുവച്ച ആ സന്യാസവര്യൻ വാക്കുകൾക്കൊണ്ടും പ്രവർത്തികൾക്കൊണ്ടും മലങ്കര സഭയ്ക്ക് അതുല്യ വ്യക്തിത്വമായിരുന്നു. എം.എ. അച്ചൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിലൂടെ ഉത്തമ ബോധ്യത്തിലേക്ക് വളർന്നു. തന്നോടൊപ്പം തന്റെ സഭാംഗങ്ങൾക്കും ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കാനുള്ള എല്ലാ സാധ്യതകളും അദ്ദേഹം കണ്ടെത്തി സംലഭ്യമാക്കി. ഇനിയും വൈദേശീകാധിപത്യത്തിന്റെ നുകം പേറാതിരിക്കാൻ സ്വയം ഭരണാവകാശമുള്ള ഒരു സഭയായി മലങ്കര സഭയെ നിലനിർ



തോമസ് മാർ ദിയോസ്കോറോസ്



ജോസഫ് മാർ സേവേറിയോസ്



ജേക്കബ് മാർ തെയോഫിലോസ്

ത്താൻ 1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സിംഹാസനം സ്ഥാപിക്കാനുള്ള ആലോചനയിലും അതിന്റെ നടത്തിപ്പിലും അദ്ദേഹം സജീവപങ്കാളിയായി. തന്റെ മാതൃസഭയുടെ യഥാർത്ഥ പ്രശ്നങ്ങൾക്ക് കാരണമായ സ്വാർഥചിന്തയും അധികാരമോഹവും ഇല്ലാതാക്കാൻ ശരിയായ ആത്മീയ ഉണർവ് അനിവാര്യമാണെന്ന് ചിന്തിച്ചതുകൊണ്ടാണ് 1919-ൽ പത്തനംതിട്ട മുണ്ടൻമലയിൽ ബഥനി ആശ്രമവും 1925-ൽ തിരുമൂലപുരത്ത് ബഥനി മഠവും സ്ഥാപിച്ചത്. അതിലൂടെ അനേകം യുവതീ യുവാക്കന്മാർക്ക് ആത്മീയ പരിശീലനം നൽകി യഥാർഥ പ്രേഷിതരായി അവരെ രൂപീകരിച്ചു. മലങ്കര സഭയിൽ പിന്നീടുണ്ടായ പ്രേഷിത വിപ്ലവത്തിന്റെ നിലമൊരുക്കൽ ബഥനിയിലൂടെ അദ്ദേഹം തുടക്കം കുറിച്ചു.

സാർവത്രിക സഭാ കൂട്ടായ്മ നഷ്ടമായ ഒരു സഭയ്ക്ക് അവളുടെ വിശ്വാസ ജീവിതം സജീവമായി ജീവിക്കുന്നതിനോ സാർവത്രിക പ്രേഷിത നിയോഗം നിവർത്തിയാക്കുന്നതിനോ പരിപൂർണമായി സാധിക്കില്ലായെന്ന് ആഴമായ പഠനത്തിലൂടെയും പ്രാർഥനാപൂർവമായ പരിചിന്തനത്തിലൂടെയും ബോധ്യമായ മാർ ഇവാനിയോസ് പിതാവ് മലങ്കര ഓർത്തഡോക്സ് സഭയുടെ 1926-ലെ പരുമല സുന്നഹദോസിന്റെ നിർദേശാനുസരണം റോമാ മാർപാപ്പായുമായുള്ള പുനരൈക്യ പരിശ്രമങ്ങൾക്ക് തുടക്കം കുറിച്ചു. കൂനൻകുരിശു സത്യം എന്ന ചരിത്രസംഭവത്തിന് മാർ ഇവാനിയോസ് നൽകിയ പരിഹാരമായി പുനരൈക്യത്തെ കാണുന്നത് അദ്ദേഹത്തിന്റെ സഭാ-പ്രേഷിത ദർശനങ്ങളുടെ ഇടുങ്ങിയ വ്യാഖ്യാനമാണെന്ന് നാം മനസ്സിലാക്കണം. 19-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ ആംഗ്ലിക്കൻ സഭയിൽ സമാരംഭം കുറിച്ച സാർവത്രിക പ്രേഷിത പ്രവർത്തനത്തിന് സഭകളുടെ കൂട്ടായ്മ അനിവാര്യമാണെന്ന ദൈവശാസ്ത്രചിന്ത കത്തോലിക്കാ സഭയിലെ ദൈവശാസ്ത്ര ചിന്തകളെ സ്വാധീനിക്കുകയും പ്രേഷിത നിയോഗത്തിന്റെ സാർവത്രിക മാനവും കൂട്ടായ്മ സഭാശാസ്ത്രവും ഊന്നിപ്പറയാൻ രണ്ടാം വത്തിക്കാൻ സുന്നഹദോസ് പിതാക്കന്മാരെ പ്രേരിപ്പിക്കുകയും ചെയ്തു. 20-ാം നൂറ്റാണ്ടിലെ ഈ ദൈവശാസ്ത്ര ചിന്താധാരകൾ മലങ്കരയിലെ

www.malankaralibrary.com

*Best compliments...*





**T.G. THANKCHAN & FAMILY**
**KOCHUVILAYIL HOUSE**


www.malankaralibrary.com

പണ്ഡിതനായ മാർ ഇവാനിയോസ് പിതാവിനെ സ്വാധീനിച്ചില്ലാ എന്ന് നമുക്ക് പറയാൻ സാധ്യമല്ല.

പുനരൈക്യ പരിശ്രമങ്ങളിൽ മാർ ഇവാനിയോസ് പിതാവ് ഊന്നിപ്പറഞ്ഞ രണ്ട് ആവശ്യങ്ങൾ, മലങ്കര സഭയുടെ സുറിയാനി-ഭാരത പാരമ്പര്യങ്ങൾ അഭംഗുരം തുടരാനുള്ള അവകാശവും പിതാക്കന്മാർക്ക് അജഗണത്തിനുമേലുള്ള കാനോനികമായ അവകാശങ്ങളുടെ ഉറപ്പുമായിരുന്നു. ഒരു വ്യക്തിഗത സഭയെന്ന നിലയിൽ മലങ്കര സഭയ്ക്ക് അനിവാര്യമായിരുന്ന ഈ രണ്ട് അവകാശങ്ങളും ആഗോള കത്തോലിക്കാ സഭാ അനുവദിക്കുകയും കത്തോലിക്കാ പുനരൈക്യത്തിന്റെ വാതിലുകൾ തുറക്കുകയും ചെയ്തു. എന്നാൽ മാനുഷിക പരിഗണനകളുടെ ലാഭനഷ്ടക്കണക്കുകൾ തൂക്കിനോക്കി ബോധ്യങ്ങളിൽ നിന്ന് പിന്മാറാൻ പലരെയും പ്രലോഭിപ്പിച്ചപ്പോഴും മാർ ഇവാനിയോസ് പിതാവും അദ്ദേഹത്തിന്റെ സന്തത സഹചാരിയും ബഥനിയിലെ എപ്പിസ്കോപ്പായുമായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയും ബോധ്യങ്ങളിലുറച്ചു നിൽക്കുകയും ചെയ്തു.

**1930 സെപ്റ്റംബർ 20 :** ഭാരത സഭാ ചരിത്രത്തിലെ സുവർണ ലിപികളിൽ എഴുതപ്പെട്ട ചരിത്രദിനം. കൊല്ലം തങ്കശ്ശേരിയിലെ അരമന ചാപ്പലിൽ കൊല്ലം മെത്രാൻ അഭിവന്ദ്യ അലോഷ്യസ് മരിയ ബൻസിഗർ പിതാവിന്റെ മുമ്പാകെ സത്യവിശ്വാസം ഏറ്റുപറഞ്ഞ ദിവസം. അങ്ങനെ മാർ ഇവാനിയോസ് പിതാവ് സംഘടിതമായ പുരൈനക്യത്തിന് നാന്ദി കുറിച്ചു. പുനരൈക്യപ്രസ്ഥാനത്തിന് ഒരു വ്യക്തിഗത സഭയുടെ പരിച്ഛേദം നൽകാനായി അന്നേദിവസം തന്നെ ബഹു. ഫാ. ജോൺ കുഴിനാപ്പുറത്ത് ഒഐസിയും, ബഹു. ഡീക്കൻ അലക്സാണ്ടർ ഒഐസിയും, കിളീലേത്ത് ചാക്കോയും അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ കത്തോലിക്കാ വിശ്വാസം ഏറ്റുചൊല്ലി.

## മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഹയരാർക്കി



സക്കറിയാസ് മാർ അത്തനാസിയോസ്



ഐസക് മാർ യൂഹാനോൻ



ലോറൻസ് മാർ അപ്രേം

വെല്ലുവിളികളെ അതിജീവിച്ച് തെക്കൻ തിരുവിതാംകൂറിന്റെ വിവിധ പ്രദേശങ്ങളിൽ പുരോഗമിച്ച മലങ്കര കത്തോലിക്കാ പുനരൈക്യം അനേകം സഭാ കൂട്ടായ്മകൾക്കും കുടുംബങ്ങൾക്കും വ്യക്തികൾക്കും സത്യവിശ്വാസത്തിന്റെ വെളിച്ചം പകരുകയും അവർക്ക് ആഗോള കത്തോലിക്കാ സഭാകൂട്ടായ്മയിലേയ്ക്കുള്ള വാതായനം തുറക്കുകയും ചെയ്തു. പുനരൈക്യ പ്രസ്ഥാനത്തിന് കാനോനികമായ അംഗീകാരം നൽകിക്കൊണ്ട് പരി. പിയൂസ് പതിനൊന്നാമൻ മാർപാപ്പാ 'ക്രിസ്റ്റോ പാസ്റ്റോരും പ്രിൻചിപ്പി' എന്ന തിരുവെഴുത്തിലൂടെ 1932 ജൂൺ 11 മലങ്കര കത്തോലിക്കാ സഭാ ഹയാർക്കി സ്ഥാപിച്ചു. തിരുവനന്തപുരം ആസ്ഥാനമായി ഒരു അതിഭദ്രാസനവും സാമന്ത ഭദ്രാസനമായ തിരുവല്ല ഭദ്രാസനവും ഈ തിരുവെഴുത്തിലൂടെ സ്ഥാപിച്ചു.

1933 മാർച്ച് 12-ന് തിരുവനന്തപുരം അതിഭദ്രാസനവും നവംബർ 6-ന് തിരുവല്ല ഭദ്രാസനവും ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അതിലൂടെ ആഗോള കത്തോലിക്കാ സഭയുടെ പൗരസ്ത്യ സഭാ പാരമ്പര്യത്തിലുള്ള ഒരു വ്യക്തിഗത സഭയുടെ സ്വത്വം മലങ്കരയിലെ പുനരൈക്യപ്പെട്ട കത്തോലിക്കാ വിശ്വാസികൾക്ക് കൈവന്നു. പമ്പയാറിന് തെക്കും വടക്കുമായി സ്ഥാപിക്കപ്പെട്ട ഈ കാനോനിക സംവിധാനത്തിലൂടെ പുനരൈക്യത്തിന്റെ ദ്വിവിധ നിയോഗത്തിലൂടെ പുനരൈക്യ പ്രസ്ഥാനം അതിന്റെ പ്രേഷിത ജൈത്രയാത്രയിലൂടെ മുന്നേറി. ഈ അപ്പസ്തോലിക സഭയുടെ ഏഴു പതിറ്റാണ്ടു കാലത്തെ അജപാലനപരവും പ്രേഷിതപരവുമായ പുരോഗതിക്ക് സാർവത്രികസഭയിൽ അംഗീകാരം നൽകിക്കൊണ്ട് 2005 ഫെബ്രുവരി 10-ന് മെത്രാപ്പോലീത്തൻ സഭയെന്ന നിലയിൽ നിന്ന് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി പരി. സിംഹാസനം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ഉയർത്തി. മേജർ ആർച്ച് ബിഷപ് - കാതോലിക്കാ ബാവാ തലവനായ ഒരു എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഈ സഭയുടെ അജപാലന-പ്രേഷിത ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ഹയരാർക്കി സ്ഥാപനത്തിന്റെ ഒൻപതു പതിറ്റാണ്ടുകൾ പിന്നിട്ട് പുനരൈക്യത്തിന്റെ ശതാബ്ദിയിലേക്കും കാതോലിക്കേറ്റ് സ്ഥാപന

www.malankaralibrary.com

*Best compliments...*



**Adv. Manoj Thekkedam & Family**

*Best compliments...*



**C.T. Joemon & Family**
**Chamakalayil**


www.malankaralibrary.com

ത്തിന്റെ രജത ജൂബിലിയിലേക്കും ഈ അപ്പസ്തോലിക സഭ മുന്നേറുമ്പോൾ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച്, സഭാജീവിതത്തിലും പ്രേഷിത നിയോഗത്തിലും സജീവമായി മുന്നേറാനുള്ള ദൈവീക നിയോഗം ഒരു സഭയായി നമുക്ക് പൂർത്തിയാക്കാം.

## ഒരു വ്യക്തിഗത സഭയുടെ തനിമയും വ്യക്തിത്വവും

ഒരു സഭാകൂട്ടായ്മയെ വ്യക്തിഗത സഭയായി നിർണയിക്കുന്ന അടിസ്ഥാന ഘടകങ്ങൾ നാലു കാര്യങ്ങളാണ്: ആരാധനാക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം. കത്തോലിക്കാ കൂട്ടായ്മയിൽ അന്ത്യോക്യൻ ആരാധനാക്രമം പാലിക്കുന്ന രണ്ടു സഭകളിൽ ഒന്നാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. പൗരസ്ത്യവും ഭാരതീയവുമായ ആദ്ധ്യാത്മിക പൈതൃകമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ അനുവർത്തിക്കുന്നത്. ആരാധനാക്രമാധിഷ്ഠിതമായ ആത്മീക ജീവിത ശൈലിയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭാ പിൻതുടരുന്നത് എന്നത് ഏറെ പ്രസ്താവ്യമായ കാര്യമാണ്. ഈ സഭ ജീവിക്കുന്ന സജീവ വിശ്വാസത്തിന്റെ വ്യാഖ്യാനത്തിൽ (ദൈവശാസ്ത്രം) പൗരസ്ത്യവും ഭാരതീയവും മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യവും ഒന്നുചേർന്നുള്ള ദൈവശാസ്ത്ര ശൈലിയാണ് നാം അവലംബിക്കുന്നത്.

2005 വരെ ഒരു മെത്രാൻ സമിതിയുടെ കീഴിലും തുടർന്ന് ഒരു എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു കീഴിലുമായി പ്രവർത്തിക്കുന്ന ഒരു ഭരണക്രമമാണ് ഈ അപ്പസ്തോലിക സഭയുടെ നിലവിലെ കാനോനികമായ വ്യക്തിത്വം. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സംവിധാനത്തിലുള്ള ഒരു നേതൃത്വം ഈ സഭയുടെ ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിർവഹിച്ചു വരുന്നു. കത്തോലിക്കാ സഭയുടെ പൊതു ഭരണ നിബന്ധനകളോടൊപ്പം പൗസ്ത്യ സഭകൾക്ക് വേണ്ടിയുള്ള നിയമങ്ങളും ഉൾചേർക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമസംഹിതയാണ് ഈ സഭയുടെ ഭരണക്രമത്തിനുള്ള അടിസ്ഥാന നിയമശാസനകൾ. ഇപ്രകാരം കത്തോലിക്കാ സഭയുടെ കൂട്ടായ്മയുടെ ഭാഗവും എന്നാൽ വ്യതിരക്തവുമായ ഒരു വ്യക്തിഗത സഭയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ.



പൗലോസ് മാർ പീലക്സിനോസ്



ഗീവർഗീസ് മാർ ദിവന്നാസിയോസ്



ഗീവർഗീസ് മാർ തിമോത്തിയോസ്

## അജപാലന-പ്രേഷിത മുന്നേറ്റം

ഹയരാർക്കി സ്ഥാപനത്തോടെ ആരംഭിച്ച ഊർജ്ജിത പുനരൈക്യ -പ്രേഷിത ശുശ്രൂഷകൾ തിരുവിതാംകൂറിന്റെ വിവിധ പ്രദേശങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാ കൂട്ടായ്മകൾ സ്ഥാപിക്കാൻ സഹായകരമായി. കത്തോലിക്കാ വിശ്വാസത്തിന്റെ അനന്യതയും കത്തോലിക്കാ സഭയുടെ പ്രാധാന്യവും എടുത്തുകാട്ടുന്ന പ്രേഷിത ശുശ്രൂഷയിൽ, കത്തോലിക്കാ കൂട്ടായ്മയിൽ നിന്ന് വേറിട്ടു നിൽക്കുന്ന യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാ, ആംഗ്ലിക്കൻ, സിഎസ്ഐ തുടങ്ങിയ സഭാവിഭാഗങ്ങളിലെ അനേകായിരം വിശ്വാസികൾക്ക് സത്യവിശ്വാസത്തിന്റെ വെളിച്ചം പകരാനും കത്തോലിക്കാ സഭാ കൂട്ടായ്മാ ജീവിതത്തിന്റെ വാതായാനങ്ങൾ തുറക്കാനും ഇടയായി. അതോടൊപ്പം, നൂറ്റാണ്ടുകളായി അന്യമായിരുന്ന സുവിശേഷ വെളിച്ചം അക്രൈസ്തവ സഹോദരങ്ങൾക്ക് പകർന്നുകൊടുക്കാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പ്രേഷിതർ ധീരമായ ചുവടു വച്ചു. പുനരൈക്യാനന്തരം മലബാർ പ്രദേശത്ത് തുടക്കം കുറിച്ച അജപാലനപ്രേഷിത ശുശ്രൂഷകൾക്ക് പരി. സിംഹാസനത്തിന്റെ അംഗീകാരമായിരുന്നു ഈ സഭയുടെ കാനോനിക അധികാര പരിധി കർണ്ണാടകത്തിലെ ഷിമോഗ വരെയും തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിവരെയും 1958 ഫെബ്രുവരി 14 ന് പരിശുദ്ധ സിംഹാസനം നീട്ടിയത്. വൈദിക പരിശീലനത്തിനായി തിരുവനന്തപുരത്ത് 1983 ജൂൺ 29-ന് മലങ്കര മേജർ സെമിനാരി സ്ഥാപിച്ചതും വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1986 ഫെബ്രുവരി 8-ന് നമ്മുടെ സഭയിൽ അപ്പസ്തോലിക സന്ദർശനം നടത്തിയതും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ സുവർണ ഏടുകളാണ്.

ഈ അപ്പസ്തോലിക സഭ ക്രമാനുഗതമായി കൈവരിച്ച അജപാലന-പ്രേ

www.malankaralibrary.com

*Best compliments...*



**Mathewkutty Varughese & Family**
**Chamakala Puthenparambil**

*Best compliments...*



**Thomas George & Family**
**Kochuvilayil**

www.malankaralibrary.com

ഷിത പുരോഗതി വിലയിരുത്തികൊണ്ടാണ് 'അതിവേഗം വളരുന്ന സഭാകൂട്ടായ്മ'യായി 2003-ൽ ഈ സഭയെ ആഗോള സഭാതലവൻ വി. ജോൺ പോൾ പാപ്പാ വിശേഷിപ്പിച്ചത്. ബത്തേരി ഭദ്രാസനം (1978), മാർത്താണ്ഡം ഭദ്രാസനം (1996), മൂവാറ്റുപുഴ ഭദ്രാസനം (2003), മാവേലിക്കര ഭദ്രാസനം (2007), പത്തനംതിട്ട ഭദ്രാസനം (2010), പുത്തൂർ ഭദ്രാസനം (2010), ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനം (2015), അമേരിക്ക-കാനഡ ഭദ്രാസനം (2016), പാറശ്ശാല ഭദ്രാസനം (2017), പൂനെ-ഖട്കി ഭദ്രാസനം (2019) എന്നിവ സ്ഥാപിച്ചുകൊണ്ട് ഈ സഭയുടെ അജപാലന ശുശ്രൂഷ ഭാരതത്തിന് അകത്തും വിദേശത്തുമായി ദൈവജനത്തിന് സംലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. 2005-ൽ തിരുവല്ല ഭദ്രാസനത്തെ അതിഭദ്രാസനമായി ഉയർത്തികൊണ്ട് രണ്ടു മെത്രാപ്പോലീത്തൻ പ്രോവിൻസുകളിലായി (തിരുവനന്തപുരം പ്രോവിൻസും തിരുവല്ല പ്രോവിൻസും) വളരെ ശക്തമായ സഭാപ്രവർത്തനത്തിന് മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് നേതൃത്വം നൽകുന്നു.



ജേക്കബ് മാർ ബർണബാസ്

2015 മാർച്ച് 26 ന് ഈ സഭയുടെ അജപാലന-പ്രേഷിത അധികാര പരിധി ഭാരതം മുഴുവൻ വ്യാപിപ്പിച്ചപ്പോൾ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ പ്രേഷിതസ്വപ്നമായ ഭാരതസുവിശേഷവത്ക്കരണ നിയോഗത്തിനാണ് കാനോനിക അംഗീകാരം ലഭിച്ചത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ് സെന്റർ 2011 സെപ്റ്റംബർ 21-ന് കൂദാശ ചെയ്തതിനോടൊപ്പം 2012 മാർച്ച് 10-ന് സഭയുടെ പ്രത്യേക നിയമ സംഹിതയായ Code of Particular Canons of The Syro Malankara Catholic Church(CPCSMCC) പ്രാബല്യത്തിലാവുകയും ചെയ്തു. 2012-ൽ സഭാതലവനായ മേജർ-ആർച്ചുബിഷപ്പ് കാതോലിക്കാ ബാവായെ പരി.പിതാവിന്റെ കർദിനാൾ സംഘത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് നമ്മുടെ സഭയ്ക്ക് കത്തോലിക്കാ സഭയുടെ ആഗോളഭരണത്തിൽ പങ്കാളിത്തം നൽകി. ഒരു വ്യക്തിഗത സഭയെന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാ ചരിത്രത്തിലെ സുപ്രധാനമായ രണ്ടു സമ്മേളനങ്ങളായിരുന്നു 2011 -ൽ സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്ന വിഷയം അടിസ്ഥാനമാക്കി നടന്ന പ്രഥമ സഭാ അസംബ്ലിയും, 2019-ൽ കൃപ നിറയുന്ന കുടുംബങ്ങൾ എന്ന വിഷയം അടിസ്ഥാനമാക്കി നടന്ന ദ്വിതീയ സഭാ അസംബ്ലിയും.



www.malankaralibrary.com

## പ്രേഷിതയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ

പ്രേഷിത തീക്ഷ്ണത നഷ്ടപ്പെട്ടുപോയ മലങ്കര സഭയ്ക്ക് പ്രേഷിത ചൈതന്യം പകർന്നു നൽകാൻ മാർ ഈവാനിയോസ് പിതാവ് ദീപംകൊളുത്തിയ ബഥനി പ്രസ്ഥാനവും പുനരൈക്യ പ്രസ്ഥാനവും ഭാരത സഭാചരിത്രത്തിലെ അനന്യമായ പ്രേഷിത മാതൃകകളാണ്. ജാതി വ്യവസ്ഥയുടെ കരാള ഹസ്തത്തിൽ ഞെരിഞ്ഞമർന്ന പ്രേഷിത നിയോഗത്തെ ഭാഷാ-ദേശാന്തരത്തിനധീതമായി പ്രായോഗികമായി നടപ്പിലാക്കാനുള്ള മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരമായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാ സഭ. കത്തോലിക്കാ വിശ്വാസത്തിലേയ്ക്കും കത്തോലിക്കാ സഭാകൂട്ടായ്മയിലേയ്ക്കും അനേകരെ കൈപിടിച്ചു നടത്താനുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത നിയോഗം ഭാരതത്തിനകത്തും പുറത്തും അഭംഗുരം തുടരാൻ ഈ കാലഘട്ടത്തിലെ പ്രേഷിതരായ നമുക്ക് കൈകോർക്കാം.

കൂട്ടായ്മയുടെ സഭാദൈവശാസ്ത്രത്തിന് മലങ്കരയിൽ നൽകിയ കാലിക വ്യാഖ്യാനമായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാ സഭ. ആരെയും മാറ്റി നിറുത്താതെ എല്ലാവരെയും ഉൾചേർക്കുന്ന സുവിശേഷമൂല്യത്തിന് സഭാജീവിതത്തിൽ മൂർത്തഭാവം നൽകാൻ ഓരോ കാലഘട്ടത്തിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കഴിയുന്നു എന്നത് ഓരോ മലങ്കരക്കാരനും അഭിമാനത്തോടെ ഓർക്കാവുന്ന ചരിത്ര സത്യമാണ്. അതോടൊപ്പം മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ പ്രേഷിത നിയോഗത്തിൽ നാം അനുവർത്തിക്കേണ്ട കൂട്ടായ്മയുടെ സമീപനത്തിന് അഥവാ സുന്നഹദോസ് ശൈലിക്ക് ഭാരതസഭ നൽകിയ മാതൃകയാണ് പുനരൈക്യപ്രസ്ഥാനവും മലങ്കര സുറിയാനി കത്തോലിക്കാ സഭയും.

## ഉപസംഹാരം

നവതിയിൽ നിന്ന് ശതാബ്ദിയിലേയ്ക്കുള്ള പ്രയാണം ഒരേസമയം അനുഗ്രഹവും വിളിയുമാണ്. ചരിത്രത്തിന്റെ നാൾവഴികളിലേയ്ക്ക് പിൻതിരിഞ്ഞു നോക്കി, ചെറിയ അജഗണത്തെ പരിപാലിച്ച ദൈവീക കരുണയ്ക്ക് നന്ദിപറയാനും സഭാപരമായ പുരോഗതിയിൽ നമുക്ക് കൈതാങ്ങായ സഭാകൂട്ടായ്മകളെ നന്ദിപൂർവം ഓർക്കാനും, പരിമിതമായ സാധ്യതകളുടെ നടുവിലും ഒരു വ്യക്തിഗതസഭയുടെ തനിമയിലും പൂർണതയിലും ഈ സഭാഗാത്രത്തെ പണിതുയർത്തിയ പൂർവസൂരികളെ അനുസ്മരിക്കാനുമുള്ള അനുഗ്രഹീതമായ അവസരം. അതോടൊപ്പം സാർവത്രിക രക്ഷ സാധ്യമാക്കാനുള്ള പ്രേഷിത നിയോഗത്തിൽ വർദ്ധിതവീര്യത്തോടെ പങ്കാളികളാകാനുള്ള ദൈവീകാഹ്വാനം ഈ വിളിയിൽ ഉൾചേർത്തുണ്ടെന്ന് നാം ഓർക്കണം. പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായരും ഒന്നുചേർന്ന് ഏകമനസ്സോടോ ഒരു സഭാകൂട്ടായ്മയായി ക്രിസ്തുവിന്റെ സാക്ഷികളായി നമുക്ക് മുന്നേറാം. ■

### നമ്മെ നയിച്ച പിതാക്കന്മാർ

ദൈവദാസൻ ആർച്ച് ബിഷപ് ഗീവർഗീസ് മാർ ഇവാനിയോസ് (+1953)
ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് (+1994)
മേജർ ആർച്ച് ബിഷപ് സിറിൽ ബസേലിയോസ് കാതോലിക്കാബാവാ (+2007)
തോമസ് മാർ ദിയോസ്കോറോസ് (+1943)
ജോസഫ് മാർ സേവേറിയോസ് (+1955)
ജേക്കബ് മാർ തെയോഫിലോസ് (+1956)
സക്കറിയാസ് മാർ അത്തനാസിയോസ് (+1977)
ഐസക് മാർ യൂഹാനോൻ (+1987)
ലോറൻസ് മാർ അപ്രേം (+1997)
പൗലോസ് മാർ പീലക്സിനോസ് (+1998)
ഗീവർഗീസ് മാർ ദിവന്നാസിയോസ് (+2018)
ഗീവർഗീസ് മാർ തിമോത്തിയോസ് (+2019)
ജേക്കബ് മാർ ബർണബാസ് (+2021)

### നമ്മെ നയിക്കുന്ന പിതാക്കന്മാർ

തിരുവനന്തപുരം - മേജർ ആർച്ച് ബിഷപ് ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ
തിരുവല്ല - ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്
ബത്തേരി - ജോസഫ് മാർ തോമസ്
മാർത്താണ്ഡം - വിൻസെന്റ് മാർ പൗലോസ്
മൂവാറ്റുപുഴ - യൂഹാനോൻ മാർ തെയോഡോഷ്യസ്
മാവേലിക്കര - ജോഷ്വ മാർ ഇഗ്നാത്തിയോസ്
പത്തനംതിട്ട - സാമുവേൽ മാർ ഐറേനിയോസ്
പുത്തൂർ - ഗീവർഗീസ് മാർ മക്കാറിയോസ്
ഗുഡ്ഗാവ്-ഡൽഹി - തോമസ് മാർ അന്തോണിയോസ്
അമേരിക്ക-കാനഡ - ഫീലിപ്പോസ് മാർ സ്തേഫാനോസ്
പാറശ്ശാല - തോമസ് മാർ യൗസേബിയോസ്
കട്കി-പൂനൈ - തോമസ് മാർ അന്തോണിയോസ്
കൂരിയ മെത്രാൻ - ആന്റണി മാർ സിൽവാനോസ്
സഹായമെത്രാൻ - മാത്യൂസ് മാർ പോളിക്കാർപ്പസ് (തിരുവനന്തപുരം)
വിരമിത മെത്രാന്മാർ
- യൂഹാനോൻ മാർ ക്രിസോസ്റ്റം (പത്തനംതിട്ട)
- ഏബ്രഹാം മാർ യൂലിയോസ് (മൂവാറ്റുപുഴ)

www.malankaralibrary.com



# വിശ്വാസം

## ദൗത്യം

## പ്രഘോഷണം

സൺഡേ സ്കൂൾ, എം.സി.വൈ.എം, മാതൃസംഘം, എം.സി.എ, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി എന്നീ ഭക്തസംഘടനകൾ ഇടവകയിൽ സജീവമാണ്.

www.malankaralibrary.com



# ക്രൈസ്തവജീവിത ദൗത്യനിർവഹണം

# ഭക്തസംഘടനകളിലൂടെ

ജിമ്മി ഫിലിപ്

ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ ദൗത്യമാണ് സുവിശേഷം ആകുക, സുവിശേഷം ഏകാൻ കഴിയുക എന്നത്. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്ന പൗരോഹിത്യ ധർമ്മത്തോടൊപ്പംതന്നെ സുവിശേഷം ആകാൻ കഴിയുക എന്ന അത്മായ ദൗത്യം സാധ്യമാക്കുന്നത് സഭയിലെ വിവിധ ഭക്തസംഘടനകളിലൂടെയാണ്.



ചെറിയ കുട്ടികൾ മുതൽ മുതിർന്ന തലമുറ വരെ ഇന്ന് ക്രൈസ്തവ ദൗത്യം നിർവഹിക്കുന്നത് വിവിധ ഭക്തസംഘടനകളിൽ ഉള്ള അവരുടെ പ്രവർത്തനങ്ങളിലൂടെയാണ്.

ഭക്തസംഘടനകളുടെ എല്ലാം അടിസ്ഥാനപരമായ ലക്ഷ്യം സുവിശേഷവത്കരണമാണ്. സൺഡേ സ്കൂൾ, എം.സി.വൈ.എം, മദേഴ്സ് ഫോറം, എം.സി.എ, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി എന്നീ ഭക്തസംഘടനകൾ നമ്മുടെ ഇടവകയിൽ വളരെ സജീവമായി പ്രവർത്തിക്കുന്നു.

www.malankaralibrary.com



## പൊതു ഇടങ്ങളിൽ ശക്തമായ സാന്നിധ്യമായി

# മലങ്കര കാത്തലിക് അസോസിയേഷൻ

സഭാംഗങ്ങളായ 30 വയസ്സ് കഴിഞ്ഞ ഏതൊരു സ്ത്രീപുരുഷൻമാർക്കും എംസിഎയിൽ അംഗത്വമുണ്ട്.

മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ എംസിഎ.യുടെ യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നു. സഭാംഗങ്ങളുടെ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ താൽപര്യങ്ങൾ സംരക്ഷിക്കാൻ സംഘടന ശ്രമിക്കുന്നു. സഭയ്ക്കകത്തും പുറത്തും ഉണ്ടാകുന്ന വിവിധങ്ങളായ പ്രതിസന്ധികളിൽ ഇടപെടുകയും പ്രതികരിക്കുകയും പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയും ചെയ്യുന്നു. വേണ്ടിവന്നാൽ ഇതര സമുദായ സംഘടനകളുമായി സഹകരിക്കുകയും പൊതുവായ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലും ഭാഗഭാക്കാകുകയും തിരഞ്ഞെടുപ്പുകളിൽ സജീവമായി പങ്കെടുക്കുകയും മത്സരരംഗങ്ങളിൽ മുന്നിൽ നിൽക്കുകയും ചെയ്യുന്നു.

എംസിഎയ്ക്ക് ഭരണഘടന നിലവിലുണ്ട്. സഭാംഗങ്ങളായ 30 വയസ്സ് കഴിഞ്ഞ ഏതൊരു സ്ത്രീപുരുഷൻമാർക്കും ഇതിൽ അംഗത്വമുണ്ട്. പ്രവർത്തകാംഗങ്ങൾ 20 രൂപ കൊടുത്ത് അംഗത്വം എടുക്കണം. ആജീവനാന്ത അംഗത്വത്തിന് 500 രൂപ നൽകണം. രണ്ടുവർഷത്തിലൊരിക്കൽ തിരഞ്ഞെടുപ്പ് നടത്തി ഭാരവാഹികളെ നിശ്ചയിക്കുന്നു. യൂണിറ്റിലെ ഭാരവാഹികൾ ഇപ്രകാരമാണ്. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ കൂടാതെ 2 വൈസ് പ്രസിഡന്റുമാർ, രണ്ട് ജോയിന്റ് സെക്രട്ടറിമാർ (ഒന്നു വീതം വനിതകൾ ആയിരിക്കണം), 3 ജില്ലാ കമ്മിറ്റിയംഗങ്ങൾ എന്നിങ്ങനെയാണ്. (ഇടവക വികാരി യൂണിറ്റിന്റെ ആത്മീയ ഉപദേഷ്ടാവാണ്.) നമ്മുടെ യൂണിറ്റിൽ തൻവർഷം 39 പേർ മെമ്പർഷിപ്പ് എടുത്തിട്ടുണ്ട്. യൂണിറ്റുകളിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന ജില്ലാ സമിതിയംഗങ്ങൾ ചേർന്ന് ജില്ലാ കമ്മിറ്റി ഭാരവാഹികളെയും ജില്ലാ കമ്മിറ്റിയിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്നവർ രൂപതാ സമിതിയിലും അവിടെനിന്ന് സഭാ സമിതിയിലും ഭാരവാഹികളെ തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

എല്ലാ വർഷവും കർമപരിപാടികൾ മുൻകൂട്ടി തീരുമാനിക്കുകയും അംഗങ്ങളെ അറിയിക്കുകയും ചെയ്യുന്നു. രൂപതാതലത്തിലുള്ള കർമ്മപരിപാടികൾക്കനുസരണമായി ജില്ലയിലും യൂണിറ്റുകളിലും പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. പൊതുവെയുള്ള കർമ്മപദ്ധതികൾ വിപുലവും സംഘാത്മകവുമാണ്. ഭദ്രാസന തല അസംബ്ലി നേതൃത്വസംഗമം, നോമ്പുകാല ധ്യാനം, കുരിശിന്റെ വഴി, മലങ്കര കാത്തലിക് കൺവെൻഷൻ, അൽമായ സംഗമം, അൽമായ ദിനാചരണം, പരിസ്ഥിതി ദിനാചരണം, സെന്റ് തോമസ് ദിനം, സമിതിയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ, ദൈവദാസൻ മാർ ഇവാനിയോസ് പിതാവന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര, കാതോലിക്കാദിനം, ആദ്യ കാതോലിക്കാബാവായും എംസിഎ യുടെ സ്ഥാപകനുമായ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ ഓർമദിനാചരണം , മാർ ഗ്രീഗോറിയോസ് പിതാവിന്റെയും ഇപ്പോഴത്തെ കാതോലിക്കയായ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് പിതാവിന്റെയും നാമഹേതുക തിരുന്നാൾ, മറ്റു പിതാക്കന്മാരുടെ തിരുനാളുകൾ, കാരുണ്യഭവനങ്ങളിലേക്കുള്ള സന്ദർശനങ്ങൾ, ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ ദിനാചരണം, ഇടവക വികാരിമാരെ ആദരിക്കൽ തുടങ്ങിയ പരിപാടികൾ വർഷംമുഴുവൻ എംസിഎ അംഗങ്ങൾക്ക് ആചരിക്കാനുണ്ട്.

കൃഷിയെയും കൃഷിക്കാരെയും പ്രോത്സാഹിപ്പിക്കുന്നതിനും പച്ചക്കറികൃഷിത്തോട്ടങ്ങൾക്ക് പ്രോത്സാഹനസമ്മാനം നൽകുന്നതിനും ശ്രമിക്കുന്നു. കൃഷിയെ നശിപ്പിക്കുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിന് സർക്കാർതലത്തിൽ സമ്മർദം ചെലുത്തുന്നു. പരിസ്ഥിതി സംരക്ഷണവും മാലിന്യ സം

www.malankaralibrary.com

സ്കരണവും വൃക്ഷത്തൈകൾ നടീലും ഒക്കെ എംസിഎയുടെ കർമപദ്ധതികളിൽ ഉൾപ്പെടുന്നു.

നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മ, വിദ്യാർഥികളുടെയും ഉദ്യോഗാർഥികളുടെയും കുടിയേറ്റം, മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും അമിതമായ ഉപയോഗം, ഭരണകർത്താക്കളുടെ പിന്തുണയോടെയുള്ള കള്ളക്കടത്ത്, കൊള്ളയടി, ഭീകരത, പക്ഷംപിടിച്ചുള്ള വിധിന്യായങ്ങൾ എല്ലാം എംസിഎ അംഗങ്ങൾ ചർച്ച ചെയ്യുകയും ഉചിതമായ വേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

മലങ്കരസഭാമക്കൾ അധിവസിക്കുന്ന എല്ലാ രാജ്യങ്ങളിലും എംസിഎയുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നു. മറ്റു സഭാ കൂട്ടായ്മകളോട് ചേർന്ന് പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ ഇടപെടുന്നു. കെസിഎ പോലുള്ള (കേരളാ കാത്തലിക് ഫെഡറേഷൻ) പ്രസ്ഥാനങ്ങളിൽ എംസിഎയിൽ നിന്നുള്ള നേതാക്കൾ ഭാരവാഹിത്വം വഹിക്കുന്നു. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ ചൂണ്ടിക്കാണിക്കുകയും തിരുത്തിക്കുന്നതിന് സാധിക്കുകയും ചെയ്തു. ക്രൈസ്തവർക്കെതിരെയുള്ള അക്രമങ്ങൾക്കും പീഡനങ്ങൾക്കും എതിരെ ഉചിതമായി പ്രതികരിക്കുന്നു. ഫാ. സ്റ്റാൻ സാമിയുടെ നേരെയുള്ള അതിക്രമവും നീതിനിഷേധവും അദ്ദേഹത്തിന്റെ മരണവും നമ്മെ വല്ലാതെ മുറിപ്പെടുത്തി. പാവങ്ങൾക്കു വേണ്ടി അഹോരാത്രം കഷ്ടപ്പെട്ടുകൊണ്ടിരുന്ന സിസ്റ്റർ റാണി മരിയയുടെ കൊലപാതകവും രക്തസാക്ഷിത്വവും നമ്മെ വേദനിപ്പിച്ചു. ഇതിനെല്ലാമെതിരായി നാം പ്രതികരിച്ചു.

കുവൈറ്റിലെ കെആർഎംഎൽ എന്ന സംഘടന നമ്മുടെ എംസിഎ പ്രസ്ഥാനത്തിലൂടെ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നു. നമ്മുടെ ഇടവകകളിൽനിന്നുള്ള സമർത്ഥരായ 12-ാം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്ക് കോച്ചിങ് ക്ലാസ് നടത്തുന്നു. എംസിഎ നേതൃത്വം നൽകി വിദ്യാർഥികളെ അതിൽ പങ്കെടുപ്പിക്കുന്നു. ■

# വിശ്വാസത്തിലുറച്ച് സേവന വഴിയിൽ എംസിവൈഎം

സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങൾ യുവജനങ്ങളാണെന്ന യാഥാർഥ്യവും കർമധീരനും ഊർജ്ജസ്വലനുമായിരുന്ന ക്രിസ്തുവിന്റെ നേതൃത്വവും അസ്സീസിയയിലെ വി.ഫ്രാൻസിസിന്റെ ചൈതന്യവും ഉൾക്കൊണ്ടുകൊണ്ട് മൈലപ്ര തിരുഹൃദയ മലങ്കരകത്തോലിക്കാ ദൈവാലയത്തിലെ യുവജന പ്രസ്ഥാനം ശക്തമായി പ്രവർത്തിച്ചു വരുന്നു.

ക്രിസ്തുവിന്റെ സാക്ഷികളായി ലോകത്തെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ഇടവക വികാരിയും യൂണിറ്റ് ഡയറക്ടറുമായ റവ.ഫാ പോൾ നിലക്കൽ തെക്കേതിൽ അച്ചൻ, ബഹു. ആനിമേറ്റർ.സിസ്റ്റർ ശാലോം എസ്ഐസി എന്നിവർ മാർഗനിർദേശങ്ങൾ നൽകി വരുന്നു. യൂണിറ്റ് പ്രസിഡന്റായി ഷിബിൻ ഷാജി അലക്സ്, വൈസ് പ്രസിഡന്റുമാരായി ആൻ.എൽസ, ഷിബിൻ രാജൻ എന്നിവരും സെക്രട്ടറിയായി ജസ്റ്റിൻ ജേക്കബ് തോമസ്, ജോയിന്റ് സെക്രട്ടറിമാരായി അനീറ്റ മേരി പ്രമോദ്, ബിൻസോ വിൽസൻ എന്നിവരും യൂണിറ്റ് ട്രഷററായി ആൽബി മാത്യു, യൂണിറ്റ് സിൻഡിക്കേറ്റുമാരായി ജിഫിൻ സാം, മേഷ മേരി ബിജു എന്നിവരും സേവനമനുഷ്ഠിക്കുന്നു. വിശ്വാസ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിലും സഹജീവിസ്നേഹം വളർത്തുന്നതിലും ഇടവകയുടെ സമസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിലും യൂണിറ്റ് പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു.

ഇടവകയിലെ വൈദ്യുത ബന്ധമില്ലാത്ത ഭവനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കാനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകാനും ലോകത്തെ പിടിച്ചു കുലുക്കിയ കോവിഡ് മഹാമാരിയുടെ കാലങ്ങളിൽ ഓൺ ലൈൻ വിദ്യാഭ്യാസം ലഭിക്കാത്ത വിദ്യാർഥികൾക്ക് ടെലിവിഷനുകളും മൊബൈൽ ഫോണുകളും എത്തിച്ചു നൽകാനും 2018-ലെ പ്രളയത്തിന്റെ കാലത്ത് വിവിധയിടങ്ങളിലെ ജനങ്ങൾക്ക കൈത്താങ്ങാകാനും യൂണിറ്റിന് കഴിഞ്ഞു. ഇടവകയിലെ നിർധനരായ രോഗികൾക്ക് ധനസഹായം നൽകുന്നതിലും ജില്ലയിലെ വിവിധ ആതുരാലയങ്ങളിൽ രക്തദാനം നടത്താനും യൂണിറ്റംഗങ്ങൾ ശ്രദ്ധിക്കുന്നു. ഇടവകയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ചാലക ശക്തിയാകാൻ യുവജനങ്ങൾക്ക് സാധിക്കുന്നു. പരീക്ഷ ഒരുക്ക ധ്യാനങ്ങളും ദിവ്യകാരുണ്യ ആരാധനകളും പ്രാർഥനകളും വിശുദ്ധ നോമ്പാചരണവും മറ്റ് വിവിധ ഭക്ത്യാഭ്യാസങ്ങളും മുഖേന യുവജനങ്ങളിലെ വിശ്വാസത്തെ തീക്ഷ്ണമായി ജ്വലിപ്പിക്കാൻ യൂണിറ്റിന് സാധിക്കുന്നു.

30-ൽ പരം സജീവ അംഗങ്ങളാലും 300-ൽ പരം മെമ്പർഷിപ്പുകളാലും സമ്പന്നമായ മൈലപ്ര എസിവൈഎം യൂണിറ്റ് യുവജന നേതാക്കളെ സംഭാവന ചെയ്യുന്നതിലും പിന്നിലല്ല. കെസിവൈഎം സഭാതല സമിതി, എംസിവൈഎം പത്തനംതിട്ട രൂപത സമിതി എന്നിവയ്ക്കൊപ്പം മറ്റ് വിവിധ സഭാ സമിതികളിലെ നേതൃത്വത്തിലേക്ക് കടന്നുവരാനും യൂണിറ്റംഗങ്ങൾക്ക് കഴിയുന്നു.

മൈലപ്ര എസിവൈഎം യൂണിറ്റിന് പിന്തുണയും പ്രോത്സാഹനവും നൽകിയ എല്ലാവർക്കും നന്ദി പറയുന്നു. ഞങ്ങളെ സഹായിക്കുന്ന ഇടവക വികാരിയും യൂണിറ്റ് ഡയറക്ടറുമായിരിക്കുന്ന ഫാ.പോൾ നിലക്കൽ തെക്കേതിൽ അച്ചനോടും ബഹു.സിസ്റ്റർ ആനിമേറ്റർ ശാലോം എസ്ഐസി യോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. ■

www.malankaralibrary.com



എംസിവൈഎം പ്രവർത്തകർ.

# ആത്മീയവഴിയിൽ ഉറച്ച്

# മദേഴ്സ് ഫോറം

ഇടവകയിലെ അമ്മമാരുടെ ആത്മീയവളർച്ചയ്ക്ക് വേണ്ടി നിലകൊള്ളുന്ന മദേഴ്സ് ഫോറം 1999-മുതൽ സജീവമായി പ്രവർത്തിക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10.30 ന് പ്രാർഥനഗാനത്തോടെ മീറ്റിങ് ആരംഭിക്കുന്നു. ജപമാല പ്രാർഥന, ലോഗോസ് ക്വിസിന് വരുന്ന ബൈബിൾ ഭാഗങ്ങളുടെ പഠനം, വചന വിചിന്തനം, മധ്യസ്ഥ പാർഥന, മാസാദ്യവെള്ളിയാഴ്ചകളിൽ തിരുഹൃദയ പ്രതിഷ്ഠ ജപവും നവനാൾ പ്രാർഥനയും നടത്തി വരുന്നു. വലിയനോമ്പ് കാലത്ത് കുരിശിന്റെ വഴിയും നടത്തി വരുന്നു.

**1999 മുതൽ ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്ന സംഘടനയാണ് മദേഴ്സ് ഫോറം**

രോഗിസന്ദർശനം, മരണവീട് സന്ദർശനം, മൃതസംസ്കാരത്തിൽ പങ്കെടുക്കുക, ആതുരാലയ സന്ദർശനവും സഹായവും, ദേവാലയം ശുചിയാക്കുക, ഇടവകയിലെ മറ്റ് ആധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുക തുടങ്ങിയ കാര്യങ്ങൾ ഈ യൂണിറ്റ് ചെയ്യുന്നു. ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും നേതൃത്വം നൽകുകയും ഒപ്പം സാമ്പത്തികമായി സഹായം നൽകുകയും ചെയ്യുന്നുണ്ട്. സഭ, രൂപത, ജില്ലാതല പ്രവർത്തനങ്ങളോട് പൂർണമായി സഹകരിക്കുന്നു.

ബൈബിൾ ക്വിസ്, ലോഗോസ് ക്വിസ് മത്സരങ്ങളിൽ ഈ യൂണിറ്റിലെ അംഗമായ ഗ്രേയ്സി തോമസ് രൂപതാതലത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ നാലാം സ്ഥാനവും കരസ്ഥമാക്കി.

യൂണിറ്റ് പ്രസിഡന്റായി ജോയ്സ് ജോസഫ് വടക്കേതിൽ , വൈസ് പ്രസിഡന്റായി സാലി മാത്യു ചൊള്ളമാങ്കൽ, സെക്രട്ടറിയായി മീരാ ജോസഫ് പുതിയേൽ, ജോയിന്റ് സെക്രട്ടറിയായി ജൈന സജി പുറ്റുംപുറത്ത്, ട്രഷറർ ആയി മേരിക്കുട്ടി എബ്രഹാം തെക്കേടം ഗ്രീൻവില്ല എന്നിവർ പ്രവർത്തിക്കുന്നു. മേരിക്കുട്ടി എബ്രഹാം ജില്ലാതല വൈസ് പസിഡന്റായും ജോയ്സ് ജോസഫ് ഇടവക കമ്മറ്റി അംഗമായും സേവനം ചെയ്യുന്നു. ■



www.malankaralibrary.com



## നാളെയുടെ പ്രതീക്ഷകളെ നേർവഴിയിൽ നയിക്കാൻ

# സൺഡേ സ്കൂൾ

കത്തോലിക്കാ സഭ കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് വളരെ വലിയ പ്രധാനമാണ് നൽകുന്നത്. സഭയുടെ ജീവനാഡിയാണ് വിശ്വാസ പരിശീലനം.സഭ ജീവിക്കുന്നതും വളരുന്നതും വിശ്വാസ പരിശീലന പ്രക്രിയയിലൂടെയാണ്. വിശ്വാസം പഠിപ്പിക്കുക എന്നതു മാത്രമല്ല, വിശ്വാസത്തിന്റെ രൂപീകരണവും അതിൽ പക്വത പ്രാപിക്കലും കൂടിയാണ് വിശ്വാസ പരിപാലനം.

നമ്മുടെ ദേവാലയത്തിൽ വിശ്വാസ പരിശീലന ക്ലാസുകൾ വളരെ സജീവമായിത്തന്നെ പ്രവർത്തിക്കുന്നു.നഴ്സറി മുതൽ 12 വരെ ക്ലാസുകളിലായി 140 വിദ്യാർഥികൾ പഠനം നടത്തുന്നു. ഞായറാഴ്ച രാവിലെ 10 മുതൽ 11.30 വരെ വിശ്വാസ പരിശീലന ക്ലാസുകൾ നടത്തുന്നു. കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്ന അസംബ്ലിയിൽ പാട്ട്, ബൈബിൾ വായന, പ്രതിജ്ഞ, സ്വയം പ്രേരിത പ്രാർഥന, പൊതുനിർദേശങ്ങൾ എന്നിവ നടത്തുന്നു.

ഹെഡ് മിസ്ട്രസ്സ് ജിമ്മി ലൈറ്റ് സി. ജോയ്സ് , സ്റ്റാഫ് സക്രട്ടറി മാത്യു ജോർജ് ചൊള്ളമാങ്കൽ, സിസ്റ്റർ പൂജ എന്നിവർക്കൊപ്പം 20 അദ്ധ്യാപകരും വിശ്വാസ പരിപാലന ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. പി.ടിഎ പ്രസിഡന്റായി ജോർജ് വർഗീസും പ്രവർത്തിക്കുന്നു. സിസ്റ്റർ ശാലോം ആത്മീയ നേതൃത്വവും മാർഗനിർദേശങ്ങളും നൽകി വിശ്വാസപരിശീലനത്തിന് നേർവഴി കാട്ടുന്നു.



സൺഡേ സ്കൂൾ അധ്യാപകർ.

> "ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക, വാർദ്ധ്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകകയില്ല." (സുഭാഷിതങ്ങൾ 22:6)

ജില്ല, രൂപത കലോത്സവത്തിൽ കുട്ടികൾ പങ്കെടുക്കുകയും ജില്ലയിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്തു. രൂപതയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും ചെയ്തു. 2021-2022 അധ്യയന വർഷത്തെ മത്സര പരീക്ഷയിൽ മൈലപ്ര ഇടവക രൂപതയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് എന്ന സംഘടനയിൽ കുട്ടികൾ സജീവമായി പ്രവർത്തിക്കുന്നു. പ്രസിഡന്റായി സിറിൾ ജ്യോതിസ് ജോയ്, സെക്രട്ടറിയായി ഏദ്യ സന്തോഷ്, ട്രഷററായി ജോവന്ന ജോമോൻ എന്നിവർ പ്രവർത്തിക്കുന്നു. കുട്ടികൾ എംസിസിഎൽ ദിനം ആചരിക്കുകയും ചീക്കനാലിലെ ആതുര സേവന കേന്ദ്രം സന്ദർശിക്കുകയും ചെയ്തു.

നമ്മുടെ കുട്ടികളെ ദൈവികചിന്തയിൽ വളർത്താനും പരിപാലിക്കാനും പരിപോഷിപ്പിക്കാനും നാളെ സഭയെ നയിക്കാൻ അവരെ കരുത്തുള്ളവരാക്കാനും വിശ്വാസപരിശീലന ക്ലാസുകളിലൂടെ സാധിക്കുന്നു. ■

www.malankaralibrary.com



## എളിയവരെ എന്നും കരുതുന്ന

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

> 'എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്.
> (മത്തായി: 25:40)

മലങ്കര മക്കൾക്കഭിമാനിക്കാവുന്ന തലത്തിലേക്കുയർന്ന കത്തോലിക്കാ അത്മീയ സംഘടനയാണ് സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ. സ്ഥാപകൻ ഫെഡറിക് ഓസാനാം എന്ന നിയമ വിദ്യാർഥിയായ ഫ്രഞ്ചുകാരനാണ്. അദ്ദേഹം പാരീസിൽ വിദ്യാർഥിയായിരിക്കുമ്പോൾ ഫ്രഞ്ചു വിപ്ലവത്തെ തുടർന്നുണ്ടായ ദാരിദ്ര്യവും സാമൂഹിക വ്യവസ്ഥിയയിലുണ്ടായ അധഃപതനവും ധാർമിക നിലവാരത്തകർച്ചയും കത്തോലിക്ക വിശ്വാസത്തിലുണ്ടായ മൂല്യച്യുതിയും കണ്ട് മനസ്സ് നൊന്ത് തന്റെ സഹപാഠികളായ കത്തോലിക്ക വിദ്യാർഥികളെ സഹകരിപ്പിച്ച് ആലോചിച്ച് ആരംഭിച്ച പ്രസ്ഥാനമാണിത്. ദൈവസ്നേഹത്തിൽ പ്രചോദിതരായി , സ്വയം നവീകരണത്തിലൂടെ അവശതയനുഭവിക്കുന്ന പട്ടിണിപ്പാവങ്ങൾക്കും മുറിവേറ്റ പട്ടാളക്കാർക്കും ആവുന്നത്ര സഹായം ചെയ്യുകയായിരുന്നു ലക്ഷ്യം.

യുവത്വത്തിന്റെ ചാപല്യമോ പ്രഭുകുടുംബത്തിൽ ജനിച്ചതിന്റെ മാസ്മരികതയോ രാഷ്ട്രീയ കാപട്യമോ ലവലേശം ഏൽക്കാതെ ജീവകാരുണ്യത്തിന്റെ ഉപാസകനായി പങ്കുവയ്ക്കലിന്റെ അനുഭവത്തിലേക്ക് കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കുക എന്ന വലിയ ശുശ്രൂഷയിലേക്ക് ആനയിക്കപ്പെട്ടു. അതോടൊപ്പം എതിരാളികളിൽ നിന്നുണ്ടായ വിമർശനങ്ങളെ നേരിടാനുള്ള ധൈര്യവും പ്രവർത്തിക്കാനുള്ള മനസ്സും നേടിയെടുത്തു. 1833 ൽ ഉപവി കോൺഫറൻസിന് രൂപം നൽകി. പാരീസിൽ തന്റെ പഠനം തുടരുമ്പോൾതന്നെ സഹപ്രവർത്തകരുമൊന്നിച്ച് സാധുക്കൾക്ക് ആത്മീയവും ഭൗതികവുമായ സഹായം നൽകി. നിയമത്തിലും സാഹിത്യത്തിലും ഡോക്ടർ ബിരുദവും നേടി. 1840 ൽ ലിയോൺസ് യൂണിവേഴ്സിറ്റിയിൽ പ്രഫസറായി നിയമിതനായി. അക്കാലത്ത് പാരീസിലെ യുവജനങ്ങളുടെ ഹരമായിരുന്ന തീയറ്റർ ക്ലബ്ബുകളിൽ ഒരിക്കൽപോലും സന്ദർശിക്കാത്ത വ്യക്തിയായി മാറി. 1853 സെപ്റ്റംബർ മാസം 8-ാം തീയതി 40-ാം വയസ്സിൽ നിര്യാതനായി. എല്ലാ വർഷവും സെപ്റ്റംബർ 9ന് ലോകമെമ്പാടുമുള്ള വിൻഷ്യൻ സഹോദരങ്ങൾ തിരുനാൾ ദിനമായി ആചരിക്കുന്നു.

## വി. വിൻസെന്റ് ഡി പോൾ

ദൈവ തിരുമനസ്സിനോടുള്ള വിധേയത്വം വഴി തന്നെ ഒരു ബലിവസ്തുവായി ദൈവത്തിനു സമർപ്പിച്ച ഒരു വൈദീകൻ. ഈ വിധേയത്വം സ്വർഗ്ഗരാജ്യത്തിന്റെ ഒരു മുന്നനുഭവമായും മറ്റെല്ലാത്തിനുപരിയായ നന്മയായും ഉപവിയുടെ പരിപൂർണ്ണതയായും അദ്ദേഹം കണക്കാക്കി. ദൈവം നന്മ മാത്രമേ ചെയ്യുകയുള്ളു. ദൈവത്തെ സ്വതന്ത്രമായി നമ്മുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ അനുവദിക്കണം. ഇതാണ് വിശുദ്ധ വിൻസെന്റ് നമ്മോടു പറയുന്നത്. നമുക്ക് ദൈവത്തെ സ്നേഹിക്കാം. പക്ഷെ അത് നിരന്താരാധ്വാനം കൊണ്ടും നെറ്റിയിലെ വിയർപ്പുകൊണ്ടും ആയിരിക്കണം. നല്ലതും പരിപൂർണ്ണവുമായ പ്രവൃത്തിയാണ് ദൈവസ്നേഹത്തിന്റെ യഥാർഥ ലക്ഷണം. ഹൃദയവികാരങ്ങൾക്കനുസരണമായി കരങ്ങൾ പ്രവർത്തനോന്മുഖമാക്കണം.

www.malankaralibrary.com

സ്നേഹം സദാ പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടണം. ക്രൈസ്തവ പരസ്നേഹ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും മാർഗദർശനം നൽകിയ ജീവിതകഥ. വേദനയനുഭവിക്കുന്നവരിൽ ക്രൂശിതനായ ക്രിസ്തുവിനെ കാണാൻ സാധിച്ച വിശുദ്ധൻ. 'എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് (മത്തായി: 25:40) എന്ന ദിവ്യനാഥന്റെ വചനത്തിൽ നിന്നു ചൈതന്യം ഉൾക്കൊണ്ട് പരസ്നേഹ കൃത്യങ്ങളിലും ആദ്ധ്യാത്മിക നോവയിലും ഏർപ്പെട്ട വിശുദ്ധൻ. പ്രതിഫലേച്ഛ കൂടാതെ ശരിയായ ക്രൈസ്തവ ചൈതന്യത്തിൽ ഏർപ്പെട്ട ഈ വുശുദ്ധന്റെ നാമമല്ലാതെ ആരുടെ നാമമാണ് സംഘടന സ്വീകരിക്കുക. 1581 മുതൽ 1660 വരെ ഫ്രാൻസിൽ ജീവിച്ച അദ്ദേഹത്തെ 1737 ൽ വിശുദ്ധ പദവി നൽകി സഭ ആദരിച്ചു. ഉപവിയുടെ മധ്യസ്ഥനായി സഭ അംഗീകരിച്ചപ്പോൾ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ലൂയിസ് ഡി.മരിലാക് വിശുദ്ധയാകുകയും ജിയോ ജിയോ ഫ്രസാറ്റി, കൊണ്ടോർ ഡോ ഫെറീനി എന്നിവർ അന്തരിച്ചു. സെപ്റ്റംബർ 27 ന് വിൻസെന്റ് ഡിപോൾ ദിനമായി സംഘടന ആചരിക്കുന്നു.

## സൊസൈറ്റി ഇന്ത്യയിൽ

ഇന്റർ നാഷനൽ ഓഫീസ് പാരീസിലും നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ മുംബൈയിലുമാണ്. കേരളത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് (കേരളാ റീജിയണൽ കോ-ഓർഡിനേഷൻ കൗൺസിൽ ആണ്. ഓരോ രൂപതയിലും സെൻട്രൽ കൗൺസിലുകളും ജില്ലകളിൽ ഏരിയാ കൗൺസിലുകളുമുണ്ട്.

ഓരോ ഇടവകകളിലും കോൺഫറൻസുകൾ ഉണ്ട്. കോൺഫറൻസുകളാണ് ജീവനാഡി. പ്രസിഡന്റിന്റെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കുന്ന സംഘടനയ്ക്ക് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും യോഗങ്ങൾ ചേർന്ന് തീരുമാനിക്കും. വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുക, ഭവനനിർമ്മാണത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങളിലും സഹായം നൽകുക, രോഗീസന്ദർശനം നടത്തുകയും അർഹരായവരെ സഹായിക്കുകയും ചെയ്യുക തുടങ്ങിയ ഏതു പുണ്യപ്രവർത്തികളും വിൻസൻഷ്യൻ പ്രവർത്തകന് അന്യമല്ല. പാവങ്ങളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന പ്രോജക്ടുകളും വിൻസെന്റ് ഡി പോൾ പ്രവർത്തനത്തിന്റെ ഭാഗമാണ്. ആടുവളർത്തൽ, പശുവിനെ വളർത്തൽ, ബിസിനസ് സംരംഭങ്ങൾ, ടെക്നിക്കൽ സ്ഥാപനങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിങ്ങനെയുള്ള സംരംഭങ്ങൾക്കും സൊസൈറ്റി സഹായിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സൊസൈറ്റി നേതൃത്വം നൽകുന്നു.

> വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുക, ഭവനനിർമ്മാണത്തിന് സഹായം നൽകുക, രോഗികളെ സഹായിക്കുക തുടങ്ങിയ ഏതു പുണ്യപ്രവർത്തികളും വിൻസൻഷ്യൻ പ്രവർത്തകന് അന്യമല്ല.

മൈലപ്ര ഏരിയ കൗൺസിലിൽ കഴിഞ്ഞ വർഷം 8 കോൺഫറൻസുകളിലായി 5 ലക്ഷത്തിലധികം രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കി.

വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിലേക്കും നല്ലൊരു തുക നൽകുന്നതിന് സാധിച്ചു. ഇന്ന് ലോകത്താകമാനം 150-ൽ പരം രാജ്യങ്ങളിലായി അമ്പതിനായിരത്തിലധികം കോൺഫറൻസുകളും 15 ലക്ഷത്തിലധികം പ്രവർത്തകരും ഉണ്ട്.

2012 ൽ ഐക്യരാഷ്ട്രസംഘടനയുടെ അംഗമെന്ന ഖ്യാതി ലഭിച്ചു. ഇന്ത്യയിൽ കേന്ദ്ര ഗവൺമെന്റ് നിലനിർത്തിയ ചുരുക്കം ചില വിദേശഫണ്ടുകളിലൊന്നായി വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ അക്കൗണ്ടുകൾ മാറി.

2010 ൽ നമ്മുടെ രൂപത നിലവിൽ വന്നപ്പോൾ പത്തനംതിട്ട സെൻട്രൽ കൗൺസിൽ രൂപംകൊണ്ടു. ഇന്നു 8 ഏരിയാ കൗൺസിലുകളും 88 കോൺഫറൻസുകളും 615 പ്രവർത്തകാംഗങ്ങളും ഉണ്ട്. മൈലപ്രയിൽ പുരുഷന്മാർക്കും വനിതകൾക്കും രണ്ടു കോൺഫറൻസുകൾ സജീവമായുണ്ട്. ആത്മീയ ഗുരുനാഥൻ ബഹു. പോൾ നിലയ്ക്കൽ തെക്കേതിലച്ചൻ നവതി വർഷത്തിൽ പ്രത്യേകം പരിഗണന നൽകി സൊസൈറ്റിയെ നയിക്കുന്നു. തിരുഹൃദയ കോൺഫറൻസിന്റെ പ്രസിഡന്റ് ബ്ര. ജോസഫ് പുതിയേലും ജപമാല റാണി വനിതാ കോൺഫറൻസിന്റെ പ്രസിഡന്റ് ലിസ്സി കണ്ണംമണ്ണിലും സ്തുത്യർഹമായി പ്രവർത്തിക്കുന്നു. വിൻസൻഷ്യൻ പ്രവർത്തനങ്ങൾ 1983 ൽ ആരംഭിച്ചു. അന്നു മുതൽ വിൻസൻഷ്യൻ ദീപ്തി പരത്തി മൺമറഞ്ഞുപോയ എല്ലാ സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

പ്രാരംഭകാലംമുതൽ ത്യാഗങ്ങൾ സഹിച്ചു ഉപവി പ്രവർത്തനങ്ങൾ നടത്തിയ ബ്ര. സി.എം. പാപ്പി, ബ്ര. എൻ. ടി. വർഗ്ഗീസ്, ബ്ര. കെ.എസ്. സാമുവൽ, ബ്ര. സി.എ. വർഗീസ് തുടങ്ങിയവരുടെ സേവനങ്ങളെ പ്രത്യേകം സ്മരിക്കുന്നു. 1987 ൽ നമ്മുടെ കോൺഫറൻസിന് അഗ്രിഗേഷനും ട്വിന്നേജും ലഭിച്ചു.

2010 വരെ ഇംഗ്ലണ്ടിൽ അക്രിംഗ്ടണിലുള്ള സെന്റ് ആനീസ് കോൺഫറൻസിൽ നിന്ന് ദുത്തുകുടുംബങ്ങളെ സഹായിക്കുന്നതിനുള്ള ഗ്രാന്റ് ലഭിച്ചു. അതിനുശേഷം നാളിതുവരെ അംഗങ്ങൾതന്നെ 6 ദത്തുകുടുംബങ്ങൾക്കു 500 രൂപ വീതം നൽകിവരുന്നു.

3 പ്രാവശ്യം പ്രോജക്ട് ഗ്രാന്റ് അനുവദിച്ചു. ആട് വളർത്തൽ, പശുവളർത്തൽ, വീട് നിർമ്മാണവും റിപ്പയറിങ്ങും തുടങ്ങിയ ജോലികൾ വിജയപ്രദമായി നടപ്പിലാക്കി. വനിതാ കോൺഫറൻസും ദത്തു കുടുംബസഹായം ഉൾപ്പെടെ നിരവധിയായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. 2009 ൽ രജതജൂബിലി ആഘോഷങ്ങൾ വിപുലമായി നടത്തി.



തയാറാക്കിയത് :
ടി. ജി. ജോയിക്കുട്ടി
(ട്രഷറർ, മൈലപ്ര കോൺഫറൻസ്)

www.malankaralibrary.com

# മരിയഭക്തിയിൽ മുന്നേറി ലീജിയൻ ഓഫ് മേരി



മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ 'സദുപദേശ മാതാ പ്രസീദിയം' എന്ന പേരിൽ 1946 ൽ 'ലീജിയൻ ഓഫ് മേരി'യുടെ യൂണിറ്റ് സ്ഥാപിതമായി. ആദ്യകാലങ്ങളിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഒരു പ്രസീദിയം മാത്രമേ ഉള്ളൂ. അതിൽ 9 സജീവ അംഗങ്ങളും 7 പ്രാർഥനാംഗങ്ങളും പ്രവർത്തിക്കുന്നു. നാളിതുവരെ 6792 യോഗങ്ങൾ നടന്നു. എല്ലാ ശനിയാഴ്ചകളിലും വി. കുർബാനയ്ക്കു ശേഷം 7.30 മുതൽ 8.30 വരെയാണ് പ്രാർഥന.

രോഗികളെ ആശുപത്രിയിലും ഭവനങ്ങളിലും സന്ദർശിക്കുക, ദുഃഖഭവനങ്ങൾ സന്ദർശിക്കുക, മൃതസംസ്കാരത്തിലും ധൂപപ്രാർത്ഥനയിലും സംബന്ധിക്കുക, ആരാധനയിലും കൂദാശാകർമ്മങ്ങളിലും സംബന്ധിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ മരിയ സൈനികരിൽ ആരെങ്കിലും മരിച്ചാൽ മാതാവിന്റെ തിരുസ്വരൂപവും മെഴുകുതിരിയും പൂക്കളും ഭവനത്തിൽ കൊണ്ടുവച്ച് ലീജിയൻ അംഗങ്ങൾ ഒന്നിച്ച് ലീജിയന്റെ പ്രാർഥനകളും ജപമാലയും നടത്തുന്നു.

പ്രസിഡന്റ് രാജൻ മത്തായി മാവേലിക്കുളം, വൈസ് പ്രസിഡന്റ് കുഞ്ഞമ്മ തോമസ് മണ്ണിൽ, സെക്രട്ടറി നാൻസി വർഗീസ് കൊച്ചുവിളയിൽ, ജോയിന്റ് സെക്രട്ടറി എലിസബേത്ത് ബാബു നാരകത്തിൻമൂട്ടിൽ, ട്രഷറാർ ലീലാമ്മ തോമസ് തീക്കുറിഞ്ഞിയിൽ എന്നിവർ ഭാരവാഹികളായി പ്രവർത്തിക്കുന്നു. റാന്നി-പെരുനാട് ജില്ലാ കൂരിയ പ്രസിഡന്റ് ആയി കുഞ്ഞമ്മ തോമസ് മണ്ണിലും സെക്രട്ടറിയായി രാജൻ മത്തായി മാവേലിക്കുളവും പ്രവർത്തിച്ചുവരുന്നു. കുരിയ മീറ്റിങ് എല്ലാ രണ്ടാം ഞായറാഴ്ചകളിലും എല്ലാ പ്രസീദിയങ്ങളിലെയും ഭാരവാഹികൾ ചേർന്ന് നടത്തിവരുന്നു. മാർച്ചിൽ മരിയ സൈനികർ ഓരോരുത്തരും അവരെ പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ച് പ്രതിജ്ഞ പുതുക്കുന്നു. സെപ്റ്റംബറിൽ എല്ലാ അംഗങ്ങളും ചേർന്ന് വാർഷിക സമ്മേളനം വിവിധ ഇടവകകളിൽ നടത്തുന്നു.

എല്ലാ പ്രവർത്തനങ്ങളിലും സിസ്റ്റർ ശാലോമിന്റെയും സിസ്റ്റർ യൗസേബിയയുടെയും സാന്നിദ്ധ്യം ലീജിയൻ അംഗങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നു. എല്ലാറ്റിനും ഉപരി പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥവും സഹായവും എല്ലാവരെയും ശക്തമായി മുന്നോട്ട് നയിക്കുന്നു. ■



അൾത്താര ശുശ്രൂഷകർ



ഇടവക ഭരണസമിതി അംഗങ്ങൾ

www.malankaralibrary.com

# പ്രാർഥനാ കൂട്ടായ്മകൾ


മാർ ഇവാനിയോസ്


സെന്റ് ജൂഡ്


സെന്റ് പോൾസ്


സെന്റ് മാത്യൂസ്


സെന്റ് അഗസ്റ്റിൻ

www.malankaralibrary.com



സെന്റ് തോമസ്



സെന്റ് സ്റ്റീഫൻസ്



സെന്റ് ജോസഫ്



സെന്റ് ആന്റണീസ്



സെന്റ് ജോർജ്



സെന്റ് മേരീസ്

www.malankaralibrary.com

# പള്ളിക്കൊപ്പം

### മൈലപ്ര തിരുഹൃദയ ദേവാലയത്തിന്റെ ഭാഗമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

# പള്ളിക്കൂടം




എസ്എച്ച് ഹയർ സെക്കൻഡറി സ്കൂൾ.

ജിമ്മിലൈറ്റ് സി. ജോയ്സ്



പരമാണുസഞ്ചയത്തിലാകെയും നിറഞ്ഞുനിൽക്കുന്ന സനാതനമായ ഊർജത്തിന്റെ ശക്തിയെ തിരിച്ചറിയാനും ജീവനകലയുടെ താളലയങ്ങൾ പരിശീലിപ്പിക്കാനും സാംസ്കാരിക ഉന്നമനത്തിന് മാർഗദീപമായി നിൽക്കാനും ദൈവം കനിഞ്ഞനുഗ്രഹിച്ച വിദ്യാലയങ്ങളാൽ അനുഗ്രഹീതമാണ് മൈലപ്ര ഗ്രാമം. വിജ്ഞാന വിഹായസ്സിലേക്ക് അതിരുകളില്ലാതെ പാറിപ്പറന്ന് ആകാശസീമയ്ക്കു കീഴെ വിവിധ ദേശങ്ങളിൽ വിവിധ പദവികളിൽ പരിലസിക്കുന്ന ശിഷ്യഗണങ്ങളാൽ സമ്പന്നമാണ് ഈ വിദ്യാലയങ്ങൾ.

നഴ്സറി മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും അതോടൊപ്പം അധ്യാപന പരിശീലനകേന്ദ്രവും മൈലപ്രയിലെ വിദ്യാഭ്യാസ സമുച്ചയങ്ങൾക്ക് വ്യത്യസ്തതയുടെ നിറം പകരുന്നു. മൈലപ്ര ഇടവകയുടെ ഭാഗമായുള്ള ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം മലങ്കര കത്തോലിക്കാസഭയുടെ പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലുമാണ്. പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയെല്ലാം മാനേജരായും ഫാ. പോൾ നിലയ്ക്കൽ ലോക്കൽ മാനേജരായും സേവനമനുഷ്ഠിക്കുന്നു.

## എംഎസ് സി എൽപിഎസ് മൈലപ്ര

1915 ൽ, തെങ്ങുംതറമേടയിൽ ദിവംഗതനായ എ.ജി. ഏബ്രഹാം അച്ച

www.malankaralibrary.com

നാൽ സ്ഥാപിതമായ വിദ്യാലയമാണിത്. പുനരൈക്യത്തെ തുടർന്ന് 1933 ൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് ഈ വിദ്യാലയം കൈമാറ്റം ചെയ്തു. മൈലപ്ര പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണിത്. എംഎസ്സി മാനേജ്മെന്റിന്റെ അധീനതയിലുള്ള 118 വയസ്സുള്ള ഈ വിദ്യാലയമുത്തശ്ശി ദേശത്തിന്റെ വിളക്കായി ശോഭിക്കുന്നു. 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 370 കുട്ടികൾ പഠിക്കുന്നു. സ്കൂളിന്റെ ഹെഡ്മിസ്ട്രസ് ആയ മൈലപ്ര ഇടവകാംഗം ജയ്സി തോമസിനോടൊപ്പം 7 അധ്യാപകരുടെ ആത്മാർഥമായ സേവനം പാഠ്യ പാഠ്യേതര മികവിലേക്ക് ഈ വിദ്യാലയത്തെ നയിച്ചുകൊണ്ടിരിക്കുന്നു. സ്കൂൾ പിടിഎ പ്രസിഡന്റായി മൈലപ്ര ഇടവകാംഗം സി.ടി. ജോൺ സേവനമനുഷ്ഠിക്കുന്നു.

സേവനം അനുഷ്ഠിച്ച മുൻ പ്രഥമാധ്യാപകർ (പേര് ലഭ്യമായത്)

മറിയാമ്മ ഏബ്രഹാം, പുതിയമേലേതിൽ (മൈലപ്ര ഇടവകാംഗം)
മേരിക്കുട്ടി ഏബ്രഹാം
വി.ഇ. യോഹന്നാൻ വാഴപ്പിള്ളേത്ത്
എസ്. മാത്യു
കെ.ജി. ലിസി (മൈലപ്ര ഇടവകാംഗം)
കെ.എം. ഗ്രേസമ്മ
റോസ്ലിൻ സാമുവൽ (മൈലപ്ര ഇടവകാംഗം)


എംഎസ് സി എൽപി സ്കൂൾ

## സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ, മൈലപ്ര

### ഹൈസ്കൂൾ വിഭാഗം

ഫാ. എ.ജി. ഏബ്രഹാം എന്ന മൈലപ്ര വല്യച്ചൻ 1936 ൽ തുടക്കം കുറിച്ച വിദ്യാലയം 87 വർഷങ്ങൾ പിന്നിട്ട് നവതിയുടെ നിറവിലേക്ക് നീങ്ങുന്നു. 1944 ൽ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ പ്രാർഥനാനുഗ്രഹങ്ങളാൽ ഈ സ്കൂൾ മലങ്കര കത്തോലിക്കാ സഭയ്ക്ക് സ്വായത്തമായി. പത്തനംതിട്ട രൂപത നിലവിൽ വന്നതോടെ, രൂപതയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന മാതൃകാ വിദ്യാലയം എന്ന നിലയിലേക്ക് സേക്രഡ് ഹാർട്ട് ഉയർന്നു കഴിഞ്ഞു. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി 1300 ൽ പരം കുട്ടികൾ പഠിക്കുന്നു.

സ്കൂൾ ഹെഡ്മാസ്റ്റർ സജി വർഗീസിന്റെ നേതൃത്വത്തിൽ 48 അധ്യാപകരും 5 അനധ്യാപകരും കർമനിരതരായി വിദ്യാഭ്യാസ ശുശ്രൂഷ ചെയ്യുന്നു. അധ്യാപകഗണത്തിൽ റവ. ഫാ. ജോർജ് പുതുപ്പറമ്പിൽ, റവ. സിസ്റ്റർ പൂജ എസ്ഐസി എന്നിവരുടെ സേവനം സ്കൂളിന് വലിയ മുതൽക്കൂട്ടാണ്. ഏറ്റവും കൂടുതൽ വിദ്യാർഥികൾ എസ്എസ്എൽസി പരീക്ഷ എഴുതുകയും 100% വിജയം കരസ്ഥമാക്കുകയും ചെയ്യുന്ന പത്തനംതിട്ട ജില്ലയിലെ സ്കൂളുകളുടെ മുൻനിരയിൽ സേക്രഡ് ഹാർട്ട് സ്കൂളുണ്ട് എന്നത് ഏറെ അഭിമാനകരമാണ്. സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങൾക്കുവേണ്ടി ആത്മാർഥമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന പിടിഎയും പൂർവ വിദ്യാർഥി സംഘടനയും സ്കൂളിന്റെ വളർച്ചയ്ക്ക് കൈത്താങ്ങാകുന്നു. പിടിഎ പ്രസിഡന്റായി ഇപ്പോൾ മൈലപ്ര ഇടവകാംഗം ജോഷി കെ. മാത്യു സേവനമനുഷ്ഠിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് പുതിയൊരു കാൽവയ്പായി ഹരിതവിദ്യാലയം റിയാലിറ്റി ഷോയിലെ വിദ്യാലയത്തിന്റെ പങ്കാളിത്തം. ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി മാറാൻ കഴിഞ്ഞു എന്നതും ലോകശ്രദ്ധ ആകർഷിക്കാൻ



www.malankaralibrary.com

*Best compliments...*



**KOZHIMALAYIL FAMILY**

*Best compliments...*



**M.M. Thomas & Family**
**Mulekonil House**

www.malankaralibrary.com

സാധിച്ചു എന്നതും എടുത്തു പറയത്തക്ക പ്രത്യേകതയാണ്.

### ഹയർ സെക്കൻഡറി വിഭാഗം

മൈലപ്ര ഗ്രാമപഞ്ചായത്തിലെ ഏക എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളും പത്തനംതിട്ട രൂപതയുടെ ഏക എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുമാണിത്. 2014 ൽ ഹയർ സെക്കൻഡറി സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിലെ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്തപ്പോൾ അനുവദിക്കപ്പെട്ട സ്കൂളാണിത്. ആദ്യവർഷം സയൻസ് ബാച്ചും രണ്ടാം വർഷം കൊമേഴ്സ് ബാച്ചും അനുവദിച്ചു. ഹൈസ്കൂൾ കെട്ടിടത്തിൽതന്നെയാണ് ആദ്യവർഷം ഹയർ സെക്കൻഡറി പ്രവർത്തിച്ചത്. 2014 ൽതന്നെ ഹയർ സെക്കൻഡറിക്കുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന് പത്തനംതിട്ട രൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കല്ലിടീൽ കർമ്മം നിർവഹിക്കുകയും ത്വരിതഗതിയിൽ പണി പൂർത്തിയാക്കി 2015 സെപ്റ്റംബർ 25 ന് അന്നത്തെ കയർ, റവന്യൂവകുപ്പ് മന്ത്രിയായിരുന്ന അടൂർ പ്രകാശ് ഉദ്ഘാടനം നിർവഹിച്ച് പുതിയ കെട്ടിടത്തിലേക്ക് മാറുകയും ചെയ്തു.

ഹയർ സെക്കൻഡറി സ്കൂളിന്റെ ആരംഭകാലത്തും കെട്ടിട നിർമാണ സമയത്തും ലോക്കൽ മാനേജർ ആയിരുന്ന റവ. ഫാ. ജോൺ തുണ്ടിയത്ത് അച്ചൻ നൽകിയ ത്യാഗപൂർണമായ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാനാവുന്നതല്ല. സുസജ്ജമായ ആധുനിക രീതിയിലുള്ള സയൻസ്, കമ്പ്യൂട്ടർ ലാബുകളും ഉന്നത നിലവാരമുള്ള ഡിജിറ്റൽ ക്ലാസ് റൂമുകളും മറ്റ് ഭൗതിക സൗകര്യങ്ങളും സ്കൂളിന്റെ അധ്യയന പ്രവർത്തനങ്ങൾക്ക് മാറ്റ് കൂട്ടുന്നു. സയൻസ്, കൊമേഴ്സ് ബാച്ചുകളിലായി 200 വിദ്യാർഥികൾ പഠിക്കുന്നു. എൻഎസ്എസ്, ഗൈഡ്സ്, സൗഹൃദ ക്ലബ്, കരിയർ ഗൈഡൻസ് യൂണിറ്റ്, വിവിധ ക്ലബ്ബുകൾ എന്നിവ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. പത്തനംതിട്ട ജില്ലയിലെ മികച്ച റിസൽട്ട് നേടിയ സ്കൂളുകളുടെ മുൻനിരയിൽ ഈ സ്കൂളുണ്ട്. മൈലപ്ര ഇടവകാംഗം ജിമ്മി ലൈറ്റ് സി. ജോയിസ്, സ്കൂൾ പ്രിൻസിപ്പൽ ഇൻ ചാർജ് ആയി സേവനമനുഷ്ഠിക്കുന്നു. 11 അധ്യാപകരും, 3 അനധ്യാപകരും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ പുരോഗതിക്കായി ആത്മാർഥമായി ശ്രമിക്കുന്നു.



എസ്എച്ച് പ്രീ പ്രൈമറി സ്കൂൾ

## സേക്രഡ് ഹാർട്ട് ടീച്ചർ ട്രെയ്നിങ് ഇൻസ്റ്റിറ്റ്യൂട്ട്, മൈലപ്ര

തെങ്ങുംതറമേടയിൽ റവ. ഫാ. എ. ജി. ഏബ്രഹാം എന്ന മൈലപ്ര അച്ചനാൽ 1936 ൽ പത്തനംതിട്ട ജില്ലയിലെ ഇളകൊള്ളൂരിൽ സ്ഥാപിതമായ സെന്റ് ജോർജ് ബിടിഎസ്. എന്ന സ്ഥാപനം, 1936 ൽ അദ്ദേഹത്തിന്റെ കത്തോലിക്കാ സഭാ പുനരൈക്യത്തോടുകൂടി മൈലപ്രയിലേക്ക് മാറ്റി മൈലപ്ര എസ്എച്ച്ബിടിഎസ് എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ ഈ സ്ഥാപനം എസ്എച്ച്ടിടിഐ എന്ന പേരിലറിയപ്പെടുന്നു. നിലവിൽ പ്രിൻസിപ്പൽ ആയി ഷേർളി സി.തോമസുംടീച്ചർ എഡ്യൂക്കേറ്റർമാരായി 3 പേരും, അനധ്യാപകരായി 3 പേരും പ്രവർത്തിക്കുന്നു. 2 ബാച്ചുകളിലായി 79 അധ്യാപക വിദ്യാർത്ഥികൾ പരിശീലനം നടത്തുന്നു. മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട രൂപതയുടെ കീഴിലുള്ള ഏക അധ്യാപക പരിശീലന കേന്ദ്രമാണിത്. പിടിഎ പ്രസിഡന്റായി ഷാനി തോമസ് (മൈലപ്ര ഇടവകാംഗം) പ്രവർത്തിക്കുന്നു. അധ്യാപക പരിശീലന മികവിൽ പത്തനംതിട്ട ജില്ലയിലെ മികച്ച സ്ഥാപനങ്ങളിലൊന്നായി ഈ സ്ഥാപനം പ്രവർത്തിക്കുന്നു.

## എസ്എച്ച് നഴ്സറി സ്കൂൾ

2017 ജൂൺ 5ന് എസ്എച്ച് നേഴ്സി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പത്തനംതിട്ട രൂപതാധ്യക്ഷനായിരുന്ന





എസ്എച്ച് ടിടിഐ

www.malankaralibrary.com

*Best compliments...*



**Sam K. Onnunny & Family**
**Kizhakedathu House**

*Best compliments...*



**O.G. Mathukutty & Family**
**Kochuvilayil House**

www.malankaralibrary.com




എസ്എച്ച് ഹൈസ്കൂൾ

അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടെയാണ് പ്രഥമ സ്കൂൾ വർഷം ആരംഭിച്ചത്. അന്നത്തെ ലോക്കൽ മാനേജരായിരുന്ന ജോൺ തുണ്ടിയത്ത് അച്ചന്റെ വലിയ പിന്തുണ നേഴ്സറിയുടെ വളർച്ചയിൽ എന്നും സ്മരിക്കപ്പെടും. 34 കുഞ്ഞുങ്ങളുമായി തുടങ്ങിയ സ്ഥാപനം ഇന്ന് വളർച്ചയുടെ പാതയിലാണ്. 70 കുഞ്ഞുങ്ങൾ ഇപ്പോൾ ഇവിടെ പഠിക്കുന്നു. 2 അധ്യാപകരും ഒരു വർക്കറും കുഞ്ഞുങ്ങളുടെ പഠന പ്രവർത്തനങ്ങളിൽ കരുതലോടെ പ്രവർത്തിക്കുന്നു. സ്കൂളിന്റെ തുടക്കംമുതൽ കഴിഞ്ഞ് അധ്യയനവർഷം വരെയും ത്യാഗപൂർവം ഏറെ കരുതലോടെ സ്കൂളിനെ നയിച്ച, അകാലത്തിൽ പൊലിഞ്ഞ സാറാമ്മ തോമസ് (മിനി ടീച്ചർ) ടീച്ചറിന്റെ സ്മരണകൾക്കു മുന്നിൽ പ്രണാമം.

## മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ

മൈലപ്ര തിരുഹൃദയ കത്തോലിക്കാ ദേവാലയത്തിനോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്ന അൺ എയ്ഡഡ് വിദ്യാലയമാണ് മൗണ്ട് ബഥനി ഇഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ.

1977 ൽ ഭാഗ്യസ്മരണാർഹനായ ആർച്ചു ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ സ്കൂൾ കൂദാശ ചെയ്ത് പ്രവർത്തനം തുടങ്ങി. സ്കൂളിന്റെ ആദ്യ പ്രിൻസിപ്പൽ റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒഐസി ആണ്. സ്കൂൾ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന റവ. ഡോ. ജോസ് കുരുവിളയുടെ ശ്രമഫലമായി സ്കൂൾ 2002 ൽ ഹയർ സെക്കൻഡറി തലത്തിലേക്ക് ഉയർത്തി. ഇതോടൊപ്പം ആരംഭിച്ച സിബിഎസ്ഇ സ്കൂൾ 2004ൽ കുമ്പഴയിലേക്ക് മാറ്റി സ്ഥാപിച്ചു.

സ്കൂളിനോടു ചേർന്ന് ആൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനായി ബോർഡിങ് പ്രവർത്തിക്കുന്നു. ഫാ. തോമസ് പ്രശാന്ത് ലോക്കൽ മാനേജർ ആയും ഫാ. തോമസ് സിജു ബർസാർ ആയും ഫാ. വർഗീസ് പി. മാത്യു പ്രിൻസിപ്പൽ ആയും പ്രവർത്തിക്കുന്നു.

## അമല മാതാ ബഥനി ബോർഡിങ്, മൈലപ്ര

മൈലപ്ര ഇടവകയ്ക്ക് ആത്മീയ വെളിച്ചം പകർന്ന് ഇടവക ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും ശുശ്രൂഷ ചെയ്യുന്നതിനും ജാഗരൂകരായി അമലമാതാ ബഥനി ബോർഡിങ്ങിലെ സിസ്റ്റേഴ്സ് ഉണ്ട് എന്നത് ഇടവകയ്ക്ക് വലിയ അനുഗ്രഹമാണ്.

പെൺകുട്ടികൾക്ക് താമസിച്ച് പഠനം നടത്തുന്നതിനുവേണ്ടി ബോർഡിങ് നടത്തുക, സ്കൂളിലും ഇടവകയിലും പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 1977 ജൂൺ 19 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനാൽ അനുഗ്രഹിച്ച് ആശീർവദിക്കപ്പെട്ട സ്ഥാപനമാണ് അമലമാതാ ബഥനി ബോർഡിങ്.

120 പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഈ ബോർഡിങ്ങിലുണ്ട്. മൗണ്ട് ബഥനി, എസ്എച്ച് മൈലപ്ര, ടിടിഐ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് വലിയൊരു ആശ്രയമാണ് ഈ സ്ഥാപനം. ■




www.malankaralibrary.com

# ഇടവകയെ നയിച്ച ഇടയൻമാർ

## റവ.ഫാ. പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ)



കുമ്പഴ മേലേതിൽ തോമസ് വൈദ്യന്റെയും കൈപ്പട്ടൂർ ചക്കാലയിൽ മറിയാമ്മയുടെയും മകനായി 1907 ഏപ്രിൽ 23 ന് ജനിച്ചു. ഉണ്ണിക്കുഞ്ഞ് എന്നായിരു

റവ. ഫാ. ഫിലിപ്പോസ് മേടയിൽ (1930-1932)
റവ. ഫാ. ഗീവറുഗീസ് ചരുവിലേത്ത് (1932-1935)
റവ. ഫാ. എ.ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ (1935-1963)
റവ. ഫാ. ഏബ്രഹാം തെക്കേടത്ത് (1963-1969)
റവ. ഫാ. കുര്യൻ ഇലഞ്ഞിമറ്റം (1969-1978)
വന്ദ്യ. കുരിശുമല മാത്യൂസ് റമ്പാൻ (1978-1985)
റവ. ഫാ. ഫിലിപ്പോസ് തോമസ് (1985-1987)
റവ. ഫാ. തോമസ് പൊൻമേലിൽ (1987-1992)
റവ. ഫാ. സഖറിയാസ് നെടിയകാലായിൽ (1992-1996)
റവ. ഫാ. മാത്യു കാലായിൽ (1996-1997)
റൈറ്റ് റവ. ജോസ് കടകമ്പള്ളിൽ കോർ എപ്പിസ്കോപ്പ (1997-2001)
റവ. ഫാ. ജോൺ ജി. വടക്കേപ്പുറം (2001-2008)
റവ. ഫാ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ (2008)
റവ. ഫാ. വറുഗീസ് പ്ലാവിള (2008-2010)
റൈറ്റ് റവ. ജോർജ്ജ് ജേക്കബ് കിഴക്കേതിൽ
കോർ എപ്പിസ്കോപ്പ (2010-2013)
റവ. ഫാ. ജോൺ തുണ്ടിയത്ത് കോർ എപ്പിസ്കോപ്പ (2013- 2017)
റവ. ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ (2017-2021)

www.malankaralibrary.com

ന്നു ചെല്ലപ്പേര്. വൈദികനാകാനുള്ള ആഗ്രഹത്തോടെ യാക്കോബായ സെമിനാരിയിൽ ചേർന്നു. ശെമ്മാശനായിരിക്കെ, അയിരൂർ വലിയ ചെമ്പോത്രയിൽ അന്നമ്മയെ വിവാഹം കഴിച്ചു.

1929 ഓഗസ്റ്റ് 31ന് 22-ാം വയസ്സിൽ കുണ്ടറ മാർ ഗ്രിഗോറിയോസിൽ നിന്ന് മാരാമൺ ഓർത്തഡോക്സ് പള്ളിയിൽ വൈദികാഭിഷിക്തനായി. തുടർന്ന് ഒരു വർഷം കുമ്പഴ ശെമവൂൻ ദെസ്തുനി യാക്കോബയ പള്ളിയിൽ ശുശ്രൂഷ ചെയ്തു. അഞ്ച് പെൺമക്കളും ഒരു പുത്രനും അദ്ദേഹത്തിനു ജനിച്ചു. പെൺമക്കളിൽ രണ്ടു പേർ സന്യാസിനികളായി. സിസ്റ്റർ ഫിലോമിന എസ്ഐസിയും സിസ്റ്റർ ദീന എംഎംഎസും.

മാർ ഇവാനിയോസ് തിരുമേനിയുടെ പുനരൈക്യവർഷമായ 1930 ൽതന്നെ മലങ്കര കത്തോലിക്കാ സഭയുമായി മേടയിൽ അച്ചൻ പുനരൈക്യപ്പെട്ടു. മാവേലിക്കരയിൽ ചെന്ന് മാർ ഇവാനിയോസ് പിതാവിന്റെ തൃക്കരങ്ങളാലായിരുന്നു പുനരൈക്യം. അന്നദ്ദേഹത്തിന് 23 വയസ് മാത്രമാണുണ്ടായിരുന്നത്. അതിനാൽ യുവത്വത്തിന്റെ പ്രസരിപ്പോടെ പത്തനംതിട്ട പ്രദേശങ്ങളിലെല്ലാം നടന്നു ചെന്ന് പുനരൈക്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തി. മൈലപ്രയിൽ നിന്ന് പുത്തൻപീടിക ലത്തീൻ ദേവാലയവുമായി ആരാധനാകാര്യങ്ങൾക്കായി ബന്ധപ്പെട്ടുപോന്നിരുന്ന മൈലപ്രക്കാർക്ക് 1930 ഡിസംബർ 25 ന് കുമ്പഴയിൽ മേടയിൽ അച്ചൻ സ്ഥാപിച്ച മലങ്കര കത്തോലിക്കാ ചാപ്പൽ വലിയ അനുഗ്രഹമായി. പത്തനംതിട്ട പ്രദേശത്ത് 46 പ്രദേശങ്ങളിൽ മേടയിലച്ചൻ പുനരൈക്യ കൂട്ടായ്മകൾ ശക്തിപ്പെടുത്തി.

ഈ കൂട്ടായ്മകളിൽ വി. കുർബാന അർപ്പിച്ചും ജനത്തെ പ്രബോധിപ്പിച്ചും അവരുടെ ഇല്ലായ്മ വല്ലായ്മകളിൽ സഹായിച്ചും മേടയിലച്ചൻ ചുറ്റി സഞ്ചരിച്ചുകൊണ്ടിരുന്നു. മൈലപ്രയിലും 1930 മുതൽ 1932 വരെ ബ. പിലിപ്പോസ് മേടയിൽ അച്ചനെ വികാരിയായി അഭി. മാർ ഇവാനിയോസ് തിരുമേനി നിയമിച്ചിരുന്നു. മൈലപ്രയിൽ 1932 ൽ ആദ്യ ചാപ്പൽ സ്ഥാപിക്കുന്നതിനായി ഫാ. ഗീവറുഗീസ് പീടികയിൽ അച്ചനോടൊപ്പം നിന്നുകൊണ്ട് മേടയിൽ അച്ചൻ പ്രവർത്തിച്ചു. മൈലപ്ര ചാപ്പലിന്റെ കൂദാശാകർമം 1932 ജൂൺ 9 ന് ഈ രണ്ടു വൈദികരും ചേർന്നാണ് നിർവഹിച്ചത്.

ഫാ. ഗീവറുഗീസ് ചരുവിലേത്ത് അച്ചൻ രണ്ടാമത്തെ വികാരിയായി 1932 ൽ വരുന്നതുവരെ മേടയിൽ അച്ചൻ മൈലപ്ര ഇടവകയിൽ തുടർന്നു. പിൽക്കാല സഭാചരിത്രത്തിൽ മൈലപ്ര അച്ചൻ, കുമ്പഴ അച്ചൻ, കടമ്മനിട്ട അച്ചൻ എന്നീ ത്രിമൂർത്തികൾ രത്നശോഭയോടെ വെട്ടിത്തിളങ്ങി നിന്നിരുന്നു. വിശ്രമരഹിതമായ നിരന്തരാധ്വാനത്തോടെ 67-ാം വയസ്സിൽ ഫാ. പീലിപ്പോസ് മേടയിൽ എന്ന കുമ്പഴ അച്ചൻ 1974 ജൂൺ 2 ന് ഈ ലോകത്തോട് വിട പറഞ്ഞു.

## റവ. ഫാ. ഗീവറുഗീസ് ചരുവിലേത്ത്



പന്തളത്തച്ചൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പന്തളത്ത് തയ്യിൽ വീട്ടിൽ ബ. ഈശോ കത്തനാരുടെ പുത്രനായി ജനിച്ചു. മാർ ഇവാനിയോസ് പിതാവിന്റെ പുനരൈക്യപ്രസ്ഥാനത്തോട് ആഭിമുഖ്യമുണ്ടായി ആരംഭകാലത്തുതന്നെ പുനരൈക്യപ്പെട്ട കുടുംബമാണ് തയ്യിൽ വീട്. 1932 മുതൽ 1936 വരെ മൈലപ്ര ഇടവകയിൽ വികാരിയായി സേവനം ചെയ്തു. ഇവിടെ ആദ്യമായി സെന്റ് ജോർജിന്റെ നാമധേയത്തിൽ ചാപ്പൽ പണിയുന്നതിനും പ്രാരംഭകാല പ്രതിസന്ധികൾ തരണം ചെയ്യുന്നതിലും ബഹു. അച്ചന്റെ നേതൃത്വം മറക്കാനാവുന്നതല്ല.

കുമ്പഴവടക്കുള്ള തെങ്ങുംതറയിൽ എന്ന വീട്ടിൽ വാടകയ്ക്ക് കുടുംബസമേതം താമസിച്ചാണ് ബഹു. അച്ചൻ ഇടവകയിൽ ശുശ്രൂഷ ചെയ്തിരുന്നത്.1935 ൽ ബഹു. മൈലപ്ര അച്ചൻ പുനരൈക്യപ്പെടുകയും 1936 മുതൽ ഇടവകയുടെ വികാരിസ്ഥാനം എറ്റെടുക്കുകയും ചെയ്തതോടെ പന്തളത്തച്ചൻ മണ്ണാറക്കുളഞ്ഞി, ആഞ്ഞിലികുന്ന് ഇടവകകളിലേക്ക് സ്ഥലം മാറുകയായിരുന്നു.

## വെരി റവ. ഫാ. എ.ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ (മൈലപ്ര അച്ചൻ)



മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ദേവാലയത്തിന്റെ സ്ഥാപക നേതാവായിരുന്ന തെങ്ങുംതറയിൽ കൊച്ചിട്ടി തരകന്റെ പുത്രൻ വന്ദ്യ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ മൈലപ്ര യാക്കോബായ പള്ളിയുടെ വികാരിയായിരുന്നു. അദ്ദേഹത്തിന്റെ മൂത്ത പുത്രൻ റവ. ഫാ. ടി.ജി. ഏബ്രഹാം പിന്നീട് മൈലപ്ര യാക്കോബായാ പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടപ്പോൾ അദ്ദേഹം പത്തനംതിട്ട മാക്കാംകുന്നിൽനിന്ന് മൈലപ്രയിലെ ആലുനിൽക്കുന്നതിൽ എന്ന പുരയിടത്തിലേക്കു താമസം മാറ്റി. അദ്ദേഹത്തിന്റെ ഭാര്യ മൈലപ്ര വല്യത്ത് ഉമ്മന്റെ മകൾ മറിയാമ്മ ആയിരുന്നു. ഇവരുടെ നാല് ആൺമക്കളിൽ ഏറ്റം ഇളയവനായി വെരി. റ. ഫാ. എ.ജി. ഏബ്രഹാം 1901 ഒക്ടോബർ 17 ന് ജനിച്ചു. അടിസ്ഥാന വിദ്യാഭ്യാസം നേടിയശേഷം വൈദിക പഠനത്തിനായി കുണ്ടറ സെമിനാരിയിൽ ചേർന്നു. തുടർന്ന് കോട്ടയം എം.ഡി. സെമിനാരിയിലും ചേർന്നു പഠിച്ചു. പുത്തൻപീടിക പടിഞ്ഞാറ്റേതിൽ ഗീവർഗീസിന്റെ മകൾ ശോശാമ്മയെ 27.04.1925 ൽ വിവാഹം ചെയ്തു. അടുത്ത വർഷം ഓഗസ്റ്റ് 31 ന് പിന്നീട് കാതോലിക്കാ ബാവയായി അവരോധിതനായ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയിൽ നിന്ന് വൈദികപട്ടം നേടി. 18.09.1926 ൽ പ്രഥമ ദിവ്യബലിയർപ്പണം മൈലപ്ര സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ നടത്തി. പരി. കാതോലിക്കാ ബാവയുടെ കല്പന പ്രകാരം സിലോണിലെ യാക്കോബായ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾക്കായി ശ്രീലങ്കയിലെത്തി. കൊളംബോയിൽ താമസിച്ചുകൊണ്ടുള്ള സേവനങ്ങൾക്കു ശേഷം 6 മാസം കഴിഞ്ഞ്

www.malankaralibrary.com



അത്യഭിവന്ദ്യ കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ
കാർമികത്വത്തിൽ ചരിവുപറമ്പിൽ അലൻ എ. പീറ്റർ–സാൻഡ്ര സൂസൻ റോയ്
ദമ്പതികളുടെ മകൾ ഗബ്രിയേലാ സെലീന അലൻ
വിശുദ്ധ മാമ്മോദീസ കൈക്കൊണ്ടപ്പോൾ.

www.malankaralibrary.com

നാട്ടിൽ തിരിച്ചെത്തി. തുടർന്ന് മൈലപ്ര, മണ്ണാറക്കുളഞ്ഞി എന്നിവിടങ്ങളിലെ യാക്കോബായ പള്ളികളിൽ വികാരിയായി. അതേസമയം മാക്കാംകുന്ന് കൺവൻഷന്റെ സെക്രട്ടറി, തുമ്പമൺ ഭദ്രാസന വൈദിക അസോസിയേഷൻ സെക്രട്ടറി തുടങ്ങിയ പദവികൾ ഏറ്റെടുത്ത് വർഷങ്ങളോളം പ്രവർത്തിച്ചു.

ആത്മീയതയ്ക്കൊപ്പം വിദ്യാഭ്യാസപരവും സാമൂഹികവുമായ തലങ്ങളിൽ അദ്ദേഹം അതീവ തത്പരനായിരുന്നു. ശെമ്മാശനായിരുന്ന കാലത്തുതന്നെ അദ്ദേഹം മൈലപ്ര, മണ്ണാറക്കുളഞ്ഞി, വല്യയന്തി എന്നിവിടങ്ങളിൽ ഓരോ പ്രൈമറി സ്കൂൾ സ്ഥാപിച്ചിരുന്നു. 1934 ൽ അധ്യാപക പരിശീലന കേന്ദ്രവും അപ്പർ പ്രൈമറി സ്കൂളും മൈലപ്രയിൽ സ്ഥാപിച്ച് നാടിനെ അച്ചൻ പ്രകാശപൂരിതമാക്കി. 1923 ൽ 639-ാം നമ്പരായി അദ്ദേഹം മൈലപ്രയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കുകയും അതിന്റെ പ്രസിഡന്റായി 50 വർഷക്കാലം പ്രവർത്തിക്കുകയും ചെയ്തു.

സിലോൺ വാസക്കാലത്തുതന്നെ അദ്ദേഹത്തിന്റെ സഭാത്മക വീക്ഷണം ഏറെ വിസ്തൃതതരമായിരുന്നു. തുടർന്നും സഭാവിജ്ഞാനീയത്തിൽ ഏറെ അറിവുകൾ നേടി. അങ്ങനെ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യപ്രസ്ഥാനത്തോട് ആഭിമുഖ്യമുണ്ടാവുകയും 20.07.1935 ൽ അദ്ദേഹം പുനരൈക്യപ്പെടുകയും തന്റെ അസാധാരണമായ സ്വാധീനശക്തിയാൽ 100ൽപരം കുടുംബങ്ങളെക്കൂടി കത്തോലിക്കാ സഭയിലേക്ക് ആനയിച്ചുകൊണ്ട് മലങ്കരകത്തോലിക്കാസഭയുടെ ശക്തനായ മുന്നണിപ്പോരാളിയായി അദ്ദേഹം മാറി.

മൈലപ്രാ അഞ്ചൽ ഓഫീസ് (പിന്നീട് മൈലപ്ര പോസ്റ്റ് ഓഫീസ്), മൈലപ്ര വില്ലേജ് യൂണിയൻ (പിന്നീട് മൈലപ്ര പഞ്ചായത്ത്), റൂറൽ കൺസ്ട്രക്ടീവ് സെന്റർ, നൂൽ നൂൽപ് കേന്ദ്രം, ആയുർവേദ വൈദ്യശാല, ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ട്, മിഡൈ്വഫറി സെന്റർ തുടങ്ങിയവ അദ്ദേഹത്തിന്റെ അധ്വാനഫലമായി സ്ഥാപിതമായവയാണ്. പഞ്ചായത്ത് നിലവിൽ വന്നപ്പോൾ അതിന്റെ പ്രസിഡന്റായി എതിരില്ലാതെ 4 തവണ ബഹു. അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. പല ബോർഡുകൾ, കമ്മീഷനുകൾ, സർക്കാർ-രാഷ്ട്രീയ-സാമൂഹിക സമിതികൾ എന്നിവിടങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി, പ്രസിഡന്റ്, ചെയർമാൻ, കൺവീനർ, സെക്രട്ടറി തുടങ്ങിയ പദവികളും അദ്ദേഹത്തിൽ അർപ്പിതമായി.

നാടിന്റെ നാഥനായിരുന്ന ആ ആചാര്യൻ 78-ാം വയസ്സിൽ 1979 സെപ്റ്റംബർ 14-ാം തീയതി നിര്യാതനായി. മൈലപ്ര തിരുഹൃദയ ദേവാലയ മദ്ബഹായുടെ പാർശ്വഭാഗത്തായി അഭിവന്ദ്യ ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് എന്നിവരുടെ കാർമികത്വത്തിൽ കബറടക്കം നടത്തി. പുതിയ ദേവാലയം സ്ഥാപിതമായതോടെ ആ കബർ മദ്ബഹയുടെ കിഴക്കേ ഭാഗത്തായി മാറ്റി സ്ഥാപിച്ചു.

## റവ. ഫാ. ഏബ്രഹാം തെക്കേടത്ത്



1963 മുതൽ 1969 വരെയുള്ള 6 വർഷക്കാലം ഇടവക വികാരിയായിരുന്നത് ബഹു. ഏബ്രഹാം തെക്കേടത്ത് അച്ചനാണ്. ചെങ്ങന്നൂർ പുത്തൻകാവാണ് അച്ചന്റെ ജന്മദേശം. ബഹു. മൈലപ്ര അച്ചൻ ഔദ്യോഗികമായി വികാരിസ്ഥാനത്തുനിന്നു വിരമിച്ചശേഷമുള്ള കാലഘട്ടമായിരുന്നു അത്. ഇലന്തൂർ സെന്റ് പാട്രിക് ദേവാലയത്തിൽ നിന്നാണ് ബഹു. തെക്കേടത്ത് അച്ചൻ മൈലപ്രയിലേക്ക് സ്ഥലംമാറി എത്തിയത്.

## റവ. ഫാ. കുര്യൻ ഇലഞ്ഞിമറ്റം

മൈലപ്രയിലെ വികാരിമാരിൽ സീറോ മലബാർ സഭയുടെ അടിത്തറയുള്ള ഏക വികാരിയാണ് ബഹു. കുര്യൻ ഇലഞ്ഞിമറ്റം അച്ചൻ. കാഞ്ഞിരപ്പള്ളി രൂപതയിൽ തമ്പലക്കാട്ട് ഇടവകയിൽ 1915 മാർച്ച് 19 ന് ജനിച്ചു. മാർ ഇവാനിയോസ് പിതാവിന്റെ അഭ്യർത്ഥന പ്രകാരം പുനരൈക്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ മലങ്കരയിലെത്തിയ ആദ്യകാല സീറോ മലബാർ അംഗങ്ങളിൽ പ്രമുഖനായ ഒരാൾ. 1934 ജൂൺ 21 ന് പട്ടത്ത് സെന്റ് അലോഷ്യസ് സെമിനാരി ആരംഭിച്ചപ്പോഴുള്ള ആദ്യ ബാച്ചിലെ 7 വൈദിക വിദ്യാർഥികളിൽ ഒരാളായിരുന്നു. 1936 ൽ ആലുവാ മേജർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. 1943 മാർച്ച് 25 ന് അഭിഷിക്തനായി. അന്നുമുതൽ മാർ ഇവാനിയോസ് പിതാവിന്റെ സെക്രട്ടറി, അതിരൂപത പ്രൊക്യൂറേറ്റർ, മൂന്ന് ഇടവകകളുടെ വികാരി തുടങ്ങിയ സ്ഥാനങ്ങൾ ഒരേ സമയം വഹിച്ചുപോന്നു. കാട്ടൂർ, വയലത്തല, കീക്കൊഴൂർ, തോട്ടമൺ തുടങ്ങിയ ഇടവകകളിൽ 7 കൊല്ലം സേവനമനുഷ്ഠിച്ചു. കോന്നി, റാന്നി വൈദിക ജില്ലകളിൽ ഡിസ്ട്രിക്റ്റ് വികാരിയായും ദീർഘനാൾ പ്രവർത്തിച്ചു. വകയാർ, കോന്നി, ളാക്കൂർ, ഊട്ടുപാറ, കിഴവള്ളൂർ, മേക്കൊഴൂർ എന്നീ ഇടവകകളിലും വികാരിയായിരുന്നു. 1969 മുതൽ 1978 വരെയുള്ള 9 വർഷം മൈലപ്ര ഇടവകയുടെ വികാരിയായിരുന്നു. 1982 മെയ് 1 ന് ആ നല്ലിടയൻ ഈ ലോകത്തോടു വിടപറഞ്ഞു. വിശുദ്ധ യൗസേഫ് പിതാവിന്റെ മരണ ദിനത്തിൽ ജനിക്കുകയും യൗസേഫ് പിതാവിന്റെ ഓർമ്മദിനത്തിൽ മരിക്കുകയും ചെയ്തു എന്ന പ്രത്യേകതയുമുണ്ട്.



## വന്ദ്യ കുരിശുമല മാത്യൂസ് റമ്പാൻ



വടശ്ശേരിക്കര വാഴപ്പിള്ളേത്ത് ഈശോ-മറിയ ദമ്പതികളുടെ പുത്രനായി 1937 മെയ് 4 ന് ജനിച്ചു. മദ്ബഹായിൽ ഇമ്പമുള്ള സ്വരഗതികളോടെ ശുശ്രൂഷ ചെയ്തിരുന്ന ബാലനെ മാർ ഈവാനിയോസ് പിതാവ് പട്ടത്തേക്കു വിളിച്ചു.

www.malankaralibrary.com

പാവനസ്മരണയ്ക്ക്...



**കോശി തോമസ്, പുറ്റുംപുറത്ത്**

*Best compliments...*









**PUTTUMPURATH FAMILY**

www.malankaralibrary.com

അങ്ങനെ വൈദിക പരിശീലനാർഥം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. 1964 മാർച്ച് 19 ന് വൈദികാഭിഷിക്തനായി. 1974 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം നേടി. വൈദികശുശ്രൂഷകളുടെ ആദ്യത്തെ പത്തുകൊല്ലം മാർത്താണ്ഡത്ത് വന്ദ്യ ജോസഫ് കുഴിഞ്ഞാലിൽ അച്ചനൊപ്പമായിരുന്നു. തമിഴിലും മലയാളത്തിലും തിരക്കുള്ള സുവിശേഷ പ്രഭാഷകനായി ശോഭിച്ചു. മൈലപ്രയിൽ വികാരിയായി 1976 ൽ എത്തി. 1985 വരെ ഇവിടെ വികാരിയായിരുന്നു. നല്ലൊരു ഗായകസംഘത്തെ ഇവിടെ രൂപീകരിക്കുകയും പുനരൈക്യവാർഷികാഘോഷ വേദികളിൽ വരെ പാടാൻ അവസരം തരപ്പെടുത്തുകയും ചെയ്തു. ദേവാലയത്തിന് ആദ്യമായി ഒരു പാരിഷ് ഹാൾ നിർമിച്ചത് അച്ചന്റെ കഠിനാധ്വാനം മൂലമാണ്. 1980 ൽ ഇടവകയുടെ 50-ാം വാർഷികം അച്ചന്റെ നേതൃത്വത്തിൽ അരങ്ങേറി. അന്നത്തെ മുഖ്യാതിഥിയായി ബത്തേരി രൂപതാധ്യക്ഷൻ അഭി. സിറിൽ മാർ ബസേലിയോസ് പിതാവിനെ സംലഭ്യനാക്കിയതും വാഴപ്പിള്ളേത്ത് അച്ചനാണ്. മൈലപ്ര ഹൈസ്കൂൾ അങ്കണത്തിൽ അച്ചന്റെ സംഘാടകനേതൃത്വത്താൽ ഒരു മതമൈത്രീസംഗമം നടന്നു.

മൈലപ്ര അച്ചന്റെ സ്മരണാർഥം അദ്ദേഹത്തിന്റെ പേരിൽ ഹൈസ്കൂൾ അങ്കണത്തിൽ സ്ഥിരം വേദി നിർമിക്കാൻ മുൻകൈയെടുത്തു. കാരക്കാട്, പുത്തൂർ, കടമ്മനിട്ട, വയലത്തല, മൈലപ്ര, പത്തനംതിട്ട, കൂടൽ, ചന്ദനപ്പള്ളി, ഇലന്തൂർ തുടങ്ങി 35 ഇടവകകളിൽ വികാരിയായി. അജപാലന സമിതി, ലിറ്റർജിക്കൽ കമ്മീഷൻ എന്നീ രംഗങ്ങളിൽ പ്രവർത്തിച്ചു. സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ആത്മീയ പിതാവായിരുന്നു. ഇവാനിയൻ പദയാത്രയുടെ പ്രചാരകനുമായി നിറഞ്ഞുനിന്നു. 2008 ൽ അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനി ബഹു. അച്ചന് 'കുരിശുമല മാത്യൂസ് റമ്പാൻ' എന്ന നാമത്തിൽ റമ്പാൻപട്ടം നൽകി. കുമ്പഴ ക്ലർജിഹോമിൽ വിശ്രമത്തിലായിരുന്ന അദ്ദേഹം 2019 ജൂൺ 11 ന് ഈ ലോകത്തോട് വിടപറഞ്ഞു.

## റവ. ഫാ. ഫിലിപ്പോസ് തോമസ്



കൊടുമൺ നെടുമൺകാവ് ഇടവകയിൽ കൊച്ചുകല്ലിൽ വീട്ടിലാണ് അച്ചന്റെ ജനനം. 1985 മുതൽ 1987 വരെയുള്ള കാലഘട്ടത്തിലാണ് ബഹു. അച്ചൻ മൈലപ്രയിൽ വികാരിയായി സേവനം ചെയ്തത്. അതിനു മുമ്പ് അദ്ദേഹം തിരുവനന്തപുരം അതിരൂപതയിൽ സോഷ്യൽ സർവീസ് ഡയറക്ടറായിരുന്നു. ഇടവകയിൽ കോൾപിങ് എന്ന അന്താരാഷ്ട്ര സംഘടനയുടെ ശാഖ അച്ചൻ ആരംഭിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കുകയുമുണ്ടായി. ഇവിടെ വികാരിയായിരിക്കെ വളരെ ആകസ്മികമായി 1987 നവംബർ 7 ന് 46-ാം വയസ്സിൽ ഹൃദ്രോഗത്തെ തുടർന്ന് ബഹു. അച്ചൻ അന്തരിച്ചു.

## റവ. ഫാ. തോമസ് പൊൻമേലിൽ



വയലത്തലയിൽ 1938 ജൂൺ 11 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തെ തുടർന്ന് 1956 ൽ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നു വൈദികപഠനം പൂർത്തിയാക്കി. 1964 ഡിസംബർ 2 ന് ബോംബെയിൽ നടന്ന ചരിത്രപ്രസിദ്ധമായ യുക്കരിസ്റ്റിക് കോൺഗ്രസ്സിൽ വൈദികാഭിഷിക്തനായി. തുമ്പമൺ ഏറം, ഉള്ളന്നൂർ ഇടവകകളിലെ സേവനത്തിനു ശേഷം 1973 മുതൽ 1976 വരെ ബൽജിയത്തിൽ പോയി ഉപരിപഠനം നടത്തി. തുടർന്നുള്ള മൂന്നു വർഷക്കാലം ക്രൈസ്തവകാഹളം മാസികയുടെ എഡിറ്റർ, സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ ജോയിന്റ് ഡയറക്ടർ തുടങ്ങിയ സ്ഥാനങ്ങളിൽ സേവനം ചെയ്തു. തിരുവനന്തപുരം അതിരൂപതയിലെ വിദ്യാലയങ്ങളുടെ കറസ്പോണ്ടന്റായി 1979 മുതൽ 1986 വരെ പ്രവർത്തിച്ചു. മൈലപ്രയിൽ 1987 മുതൽ 1992 വരെ വികാരിയായിരുന്നു. തുടർന്ന് 5 കൊല്ലം അഞ്ചലിലും വികാരിയായി. 1997 മുതൽ 2002 വരെ അമേരിക്കയിൽ ശുശ്രൂഷ നിർവ്വഹിച്ചു. ഏതാനും വർഷങ്ങൾക്കു മുമ്പ് രോഗാവസ്ഥയിൽ ബഹു. അച്ചൻ ഈ ലോകത്തോടു വിടപറഞ്ഞു.

## റവ. ഫാ. സഖറിയാസ് നെടിയകാലായിൽ



മെഴുവേലിൽ തോമസ് ചെറിയാൻ - ശോശാമ്മ ദമ്പതികളുടെ മകനായി 1953 നവംബർ 3 ന് ജനിച്ചു. സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും മംഗലാപുരം സെന്റ് ജോസഫ്സ് മേജർ സെമിനാരിയിലുമായി പഠിച്ച് 1979 ഏപ്രിൽ 4 ന് ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്നു വൈദികാഭിഷിക്തനായി. ചരിത്രം, ഇംഗ്ലീഷ് വിഷയങ്ങളിൽ കേരള യൂണിവേഴ്സിറ്റി കോളജിൽ നിന്ന് എംഎ ബിരുദങ്ങൾ സമ്പാദിച്ചു. മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എഡ്. നേടി. കിരാത്തൂർ, മഞ്ഞത്തോപ്പ്, പാറശാല, കൊടുമൺ, അടൂർ, പറന്തൽ, പറക്കോട്, മണ്ണാറക്കുളഞ്ഞി, മേക്കൊഴൂർ, ഉതിമൂട്, പുതുക്കുളം, ചേപ്പാട്, തുമ്പമൺ ,ഊന്നുകൾ, ഓമല്ലൂർ തുടങ്ങിയ ഇടവകകളിൽ സേവനമനുഷ്ഠിച്ചു. അച്ചൻ മൈലപ്രയിൽ വികാരിയായിരുന്നത് 1992-96 കാലഘട്ടത്തിലാണ്. ഹൈസ്കൂളുകളിൽ അധ്യാപകനായിരുന്നു. രോഗാവസ്ഥയെ തുടർന്ന് ഈ ലോകത്തോട് വിടപറഞ്ഞു.

## റവ. ഫാ. മാത്യു കാലായിൽ

പെരുനാട് മാമ്പാറയിൽ കാലായിൽ വീട്ടിൽ 1948 ജനുവരി 6ന് ജനിച്ചു. തി

www.malankaralibrary.com

*In loving memory of...*



**ABRAHAM PUTHIYAMELETHIL MYLAPRA**

*Best compliments...*



**Ciby Abraham & Family**
**Melbourne, Australia**

www.malankaralibrary.com



രുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും കോട്ടയം വടവാതൂർ മേജർ സെമിനാരിയിലുമായി വൈദികപഠനം പൂർത്തിയാക്കി. 1975 ഡിസംബർ 17-ാം തീയതിയിൽ കൊടുമണ്ണിൽ വൈദികാഭിഷിക്തനായി. 1996 മുതൽ 2000 വരെയുള്ള കാലഘട്ടത്തിലാണ് ബഹു. അച്ചൻ മൈലപ്രായിൽ വികാരിയായി സേവനമനുഷ്ഠിച്ചത്. 2006 മേയ് 16ന് അന്തരിച്ചു.

## വന്ദ്യ ജോസ് കടകംപള്ളിൽ കോറെപ്പിസ്കോപ്പ



പുത്തൂർ കടകംപള്ളി കുടുംബത്തിൽ അധ്യാപകനായിരുന്ന കെ. ഉമ്മൻ സാറിന്റെയും അയിരൂർ വല്യേലിൽ റെയ്ച്ചലിന്റെയും രണ്ടാമത്തെ പുത്രനായി 1942 ജൂലൈ 27 ന് ജനിച്ചു. ദൈവവിളികളാൽ സമ്പുഷ്ടമായിരുന്നു കടകംപള്ളിൽ കുടുംബം. പിതൃസഹോദരൻ ഫാ. ഡാനിയേൽ കടകംപള്ളിൽ, പിതൃസഹോദരി സി. മരിയ ഗ്രാസ്യ, ഫാ. മാത്യു കടകംപള്ളിൽ, സഹോദരീപുത്രൻ ഫാ. മാത്യു മണലുവിള, സഹോദരിയായ സി. ലൂമിന, സഹോദര പുത്രിയായ സി. ലീജിയ , എന്നിങ്ങനെ നീളുന്നു ആ അഭിഷിക്തനിര. അഭി. സാമുവൽ മാർ ഐറേനിയോസ് പിതാവ് മാതൃസഹോദര പുത്രനാണ്. 1967 ഡിസംബർ 10 ന് പുത്തൂർ പള്ളിയിൽ അഭി. ആർച്ചു ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ പട്ടംകൊട ശുശ്രൂഷകൾ നടന്നു. 1971 മുതൽ 74 വരെ കായംകുളം, പെരിങ്ങാല ഇടവകകളിൽ വികാരിയായി ആദ്യ നിയമനം ലഭിച്ചു. 1997-2000 കാലഘട്ടത്തിൽ മൈലപ്ര, മേരിഗിരി ഇടവകകളുടെ വികാരിയായി. അച്ചന്റെ നേതൃത്വത്തിലാണ് 1998 ൽ 68-ാം പുനരൈക്യ വാർഷികം മൈലപ്രയിൽ അരങ്ങേറിയത്. 2005-07 കാലയളവിൽ സെന്റ് മേരീസ് മേജർ സെമിനാരിയിൽ ആത്മീയപിതാവായിരുന്നു. 2007 ൽ മാവേലിക്കര ഭദ്രാസനം നിലവിൽ വന്നപ്പോൾ കല്ലുമലയിലെ മൈനർ സെമിനാരിയുടെ ആദ്യ ഡയറക്ടർ ആയും നിയമിതനായി. 2014 മെയ് 21 ന് കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. അച്ചന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷം 2017 ഡിസംബർ 9 ന് നടത്തി.

## റവ. ഫാ. ജോൺ ജി. വടക്കേപ്പുറം



നരിയാപുരം വടക്കേപ്പുറം വീട്ടിൽ അധ്യാപകരായിരുന്ന എൻ.ഒ. ജോർജ് - മറിയാമ്മ ദമ്പതികളുടെ 11 മക്കളിൽ ഒൻപതാമനായി 30.01.1956 ൽ ജനിച്ചു. 1970 ൽ മൈനർ സെമിനാരിയിൽ പ്രവേശിച്ചു. 1981 ഡിസംബർ 21 ന് വൈദികപട്ടം കൈക്കൊണ്ടു. തമിഴ് പ്രവിശ്യയിലെ ദേവാലയങ്ങളിലായിരുന്നു ആദ്യ നിയമനം. 2001-2008 കാലഘട്ടത്തിൽ മൈലപ്രയിൽ സേവനം ചെയ്യുകയും ബൃഹത്തും മനോഹരവുമായ ദേവാലയം ഇവിടെ പൂർത്തിയാക്കി കൂദാശ ചെയ്ത് ഇടവക ജനത്തിനു സമർപ്പിക്കുകയും ചെയ്തു.

കോൾപിങ് പ്രസ്ഥാനത്തിന്റെ രൂപതാ ഡയറക്ടർ ആയിരുന്നു. മൈലപ്ര സേക്രഡ് ഹാർട്ട് സ്ഥാപനങ്ങളുടെ ലോക്കൽ മാനേജർ ആയിരുന്ന കാലത്ത് അച്ചന്റെ നേതൃത്വത്തിലാണ് അൺ എയ്ഡഡ് ഹയർ സെക്കൻഡറി ആരംഭിച്ചത്. ഫാമിലി അപ്പസ്റ്റലേറ്റിന്റെ രൂപതാ ഡയറക്ടർ സ്ഥാനവും വഹിച്ചു.. 3 ദേവാലയങ്ങൾ, 4 കുരിശടികൾ, 5 നേഴ്സറി സ്കൂളുകൾ, 6 തയ്യൽ സ്കൂളുകൾ, 4 ടൈപ്പ്റൈറ്റിങ് സ്ഥാപനങ്ങൾ, 2 പുൽപ്പായ നെയ്ത്തുശാല, 1 പ്രിന്റിങ് പ്രസ്, 1 ബുക്ക് ബയന്റിങ് സെന്റർ, 1 വെൽഡിങ് യൂണിറ്റ്, 62 ലൈബ്രറികൾ, ഭക്ഷ്യനിർമാണ സംരംഭങ്ങൾ എന്നിവയെല്ലാം ആരംഭിച്ചു. മനോരോഗികളുടെ പുനരധിവാസകേന്ദ്രമായ ളാക്കൂർ സെന്റ് മേരീസ് കാരുണ്യ ഭവന്റെ ആദ്യ ഡയറക്ടറായും സേവനം ചെയ്തു.

## റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ



കൂടൽ സെന്റ് പയസ് മലങ്കര കത്തോലിക്കാ ഇടവകയിൽ കൊച്ചുവിളയിൽ കെ.വി. ജോർജ്ജ് -മേരിക്കുട്ടി ദമ്പതികളുടെ ആറ് മക്കളിൽ ഏറ്റം ഇളയവനായി ജനിച്ചു. 2004-ലായിരുന്നു പട്ടത്വ സ്വീകരണം. സെന്റ് മേരീസ് മേജർ സെമിനാരിയിൽ കാനൻ ലോ അദ്ധ്യാപകനായും റജിസ്ട്രാർ ആയും സേവനം ചെയ്തു. മേജർ അതിരൂപതയിലും വിവിധ രൂപതകളിലും ജുഡിഷ്യൽ വികാർ ആയിരുന്നു. മേജർ അതിഭദ്രാസനത്തിന്റെ ചാൻസലർ, ദൈവദാസൻ മാർ ഈവാനിയോസ് വിശുദ്ധ പദനാമകരണ സമിതിയിൽ വൈസ് പോസ്റ്റുലേറ്റർ, സമന്വയ പാസ്റ്ററൽ സെന്ററിന്റെ ഡയറക്ടർ, പട്ടം സെന്റ് മേരീസ് പ്രസിന്റെ ഡയറക്ടർ, വിശ്വാസപരമായ സിനഡൽ കമ്മീഷനിൽ സെക്രട്ടറി, ധർമ്മാരാം കോളജിൽ കാനൻ ലോയിൽ വിസിറ്റിങ് പ്രഫസർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. മൈലപ്രാ ദേവാലയത്തിൽ 2008 ൽ ഒന്നേകാൽ മാസം മാത്രം നീണ്ട ഒരു ഹ്രസ്വകാലയളവിലാണ് ബഹു. അച്ചൻ സേവനം ചെയ്യാൻ നിയുക്തനായിരുന്നത്.

## റവ. ഫാ. വറുഗീസ് പ്ലാവിള

സാമുവൽ-റാഹേൽ ദമ്പതികളുടെ പുത്രനായി 1948 ൽ ഏഴംകുളത്ത് ജനിച്ചു. 1965 ൽ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറി

www.malankaralibrary.com

## ആത്മീയ ഉറവകളുടെ സമൃദ്ധി

ദൈവോന്മുഖ നിലയങ്ങളുടെ അതിശയിപ്പിക്കുന്ന സാന്ദ്രതയാൽ ധന്യമാണീ മൈലപ്ര ഗ്രാമം. ബഥനി ആശ്രമം, ബഥനി മഠം, മുണ്ടുകോട്ടയ്ക്കൽ കപ്പുച്ചിൻ ആശ്രമം, മാർ കുര്യാക്കോസ് ദയറാ എന്നീ നാല് സന്ന്യാസാശ്രമങ്ങൾ ഇവിടെ നിലകൊള്ളുന്നു. പുരാതനമായ മൈലപ്ര ദേവീക്ഷേത്രവും കുമ്പഴ വടക്ക് കടമണ്ണിൽ കാവിലെ അമ്പലവും ആത്മീയ വരപ്രസാദങ്ങളാണ്. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി, മാർ കുര്യാക്കോസ് ഓർത്തഡോക്സ് ദേവാലയം, ഓർത്തഡോക്സ് ചാപ്പലുകൾ, തിരുഹൃദയ മലങ്കര കത്തോലിക്കാ ദേവാലയം, മേരിഗിരി സെന്റ് മേരീസ് ദേവാലയം, ചീങ്കൽത്തടത്തിലെ സീറോ മലബാർ ചർച്ച്, കുമ്പഴ വടക്ക് ശാലേം മാർത്തോമ്മാ പള്ളി എന്നീ ആത്മീയ തീർഥാലയങ്ങൾ ഈ ദേശത്തിന്റെ പുണ്യമാണ്. അഭിവന്ദ്യരായ ഡോ. തോമസ് മാർ യൗസേബിയോസ്, ഡോ. ഏബ്രഹാം മാർ സ്തേഫാനോസ് എന്നീ മെത്രാപ്പോലിത്തമാർ ഈ ദേശത്തിന്റെ അഭിമാന മകുടങ്ങളാണ്.

## മലങ്കരസഭയുടെ മൂത്ത പുത്രി

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഒന്നിച്ച് പുനരൈക്യപ്പെട്ട ഇടവകയാണ് മൈലപ്ര. 1935 ൽ, മൈലപ്ര അച്ചൻ എന്നു ഖ്യാതിയുള്ള എ.ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ അച്ചന്റെ പുനരൈക്യത്തോടെ അദ്ദേഹത്തിന്റെ സ്വാധീനത്താൽ 200 ൽപരം കുടുംബാംഗങ്ങളാണ് ആദ്യത്തെ സെന്റ് ജോർജ്ജ് ചാപ്പലിലും അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള മൈലപ്ര സ്കൂളിലുമായി രണ്ടു ദിവസങ്ങൾക്കുള്ളിൽ പുനരൈക്യപ്പെട്ടത്. പുനരൈക്യ ശുശ്രൂഷകൾക്ക് സാക്ഷാൽ മാർ ഇവാനിയോസ് പിതാവ് തന്നെ നേതൃത്വം നൽകുകയുണ്ടായി. അതുവരെ മുപ്പതിൽ പരം കുടുംബങ്ങൾ മാത്രമുണ്ടായിരുന്ന മൈലപ്ര കത്തോലിക്കാ സമൂഹം വലിയൊരു ഇടവകയായി പൊടുന്നനെ മാറി. അതുകൊണ്ടുതന്നെ മൈലപ്ര ഇടവക, മലങ്കരയുടെ മൂത്ത പുത്രി എന്ന സവിശേഷമായ പ്രകീർത്തനത്താൽ അന്നു മുതൽ വിഖ്യാതമായിത്തീർന്നു.



www.malankaralibrary.com



യോസ് പിതാവിൽ നിന്ന് 1975 ഡിസംബർ 18 ന് വൈദികപട്ടം കൈക്കൊണ്ടു. മുപ്പതിൽപരം ദേവാലയങ്ങളിൽ വികാരിയായി. 2008-2010 കാലഘട്ടത്തിലാണ് മൈലപ്രയിൽ എത്തിയത്. ഇവിടെനിന്ന് ഇളമാട്, വാളിയോട് ദേവാലയ വികാരിയായി സ്ഥലം മാറി. പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയുടെ ആത്മീയ ഗുരുവായിരുന്നു. ഇപ്പോൾ കുറവൻകോണത്ത് താമസിച്ച് സേവനം തുടരുന്നു.

## വന്ദ്യ ജോർജ് ജേക്കബ് കോറെപ്പിസ്കോപ്പ



പുത്തൻപീടിക കിഴക്കേതിൽ കെ.എം. ജോക്കബ്-മേരി ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി 1941 ഒക്ടോബർ 19 ന് ജനിച്ചു. ജോയി എന്നായിരുന്നു ഓമനപ്പേര്. 1967 ഡിസംബർ 27 ന് പട്ടമേറ്റു. ബാഹ്യ കേരളത്തിലെ ആദ്യ വികാരി എന്ന നിലയിൽ മദ്രാസിലെ പാഡിയിലേക്ക് അയയ്ക്കപ്പെട്ടു. പാഡിയിൽ പടുത്തുയർത്തിയ സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിന്റെ ലോക്കൽ മാനേജരായിരുന്നു ബഹു. അച്ചൻ. അവിടെ ബഥനി മഠം സമാരംഭിച്ചതും അച്ചന്റെ നേതൃത്വത്താലാണ്. പിന്നീട് 1982 ൽ ഭോപ്പാൽ, ഭിലായ് മിഷനുകളിലേക്കാണ് അയയ്ക്കപ്പെട്ടത്. തിരുവനന്തപുരം അതിരൂപതയുടെ സോഷ്യൽ സർവീസ് ഡയറക്ടറുമായിരുന്നു. 1996 മുതൽ 2006 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിന്റെ വികാരിയായിരുന്നു. മാവേലിക്കര രൂപത നിലവിൽ വന്നപ്പോൾ അവിടുത്തെ കത്തീഡ്രൽ വികാരിയുമായിരുന്നു. മൈലപ്ര ഇടവകയിൽ വികാരിയായിക്കഴിഞ്ഞത് 2010 മുതൽ 2013 വരെയാണ്. മലങ്കര മേജർ സെമിനാരി ആത്മീ ഗുരുവായും നിയമിതനായി. 2014 മെയ് 20 ന് കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം 2017 ഡിസംബർ 27 ന് നടത്തി. 2019 ഡിസംബർ 2 ന് ദിവംഗതനായി.

## വന്ദ്യ ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പ



പത്തനംതിട്ട കിഴക്കുപുറം തുണ്ടിയത്ത് വീട്ടിൽ മത്തായി ദാനിയേൽ-മറിയാമ്മ ദമ്പതികളുടെ എട്ടു മക്കളിൽ ഏറ്റം ഇളയവനായി 1960 ഏപ്രിൽ 30 ന് ജനിച്ചു. 1985 ഡിസംബർ 22 ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് പുതുശ്ശേരിഭാഗം ഇടവകയിൽവച്ച് വൈദികപട്ടമേറ്റു. 1986 ജനുവരി 1 മുതൽ ആയൂർ സെന്റ് മേരീസ് ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി നിയമിതനായി. 1996 ൽ തിരുവനന്തപുരം അതിരൂപതാ എംസിവൈഎം ഡയറക്ടറായി നിയമിക്കപ്പെട്ടു. അക്കാലത്ത് എംസിവൈഎം രജത ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. മഹാജൂബിലി വർഷമായ 2000 ൽ മൂവായിരത്തോളം യുവജനങ്ങളെ മൂന്നു ദിവസത്തെ പരിപാടികളോടെ പട്ടത്തു താമസിപ്പിച്ച് 'ബേത്ലഹേം 2000' എന്ന പേരിൽ ആഘോഷങ്ങൾ നടത്തി. വിവിധ കാലങ്ങളിലായി സെന്റ് അലോഷ്യസ് എസ്റ്റേറ്റ് മാനേജർ, അടൂർ, ഓൾ സെയിന്റ്സ് സ്കൂൾ മാനേജർ, മൈലപ്രാ സെക്രഡ് ഹാർട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജർ, പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ വികാരി , മാർ ബസേലിയോസ് എഞ്ചിനീയറിങ് കോളജിന്റെ ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. 2017 ൽ പത്തനംതിട്ട രൂപതയുടെ വികാരി ജനറൽ ആയി.. 2011 മുതൽ 2017 വരെ എംസിഎയുടെ സഭാതല സ്പിരിച്വൽ ഡയറക്ടറും പ്രീസ്റ്റ് കമ്മീഷന്റെ സെക്രട്ടറിയും ആയി പരിശുദ്ധ സുന്നഹദോസ് നിയമിച്ചു. 72-ാം പുനരൈക്യ വാർഷികാഘോഷങ്ങളുടെ ജനറൽ കൺവീനറും ആയിരുന്നു. 2000ൽ റോമിലെ ഹോളി ക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്നു മാസ് മീഡിയ കമ്യൂണിക്കേഷനിൽ ലൈസൻഷ്യേറ്റ് നേടി. ആ കാലത്ത് അമേരിക്കയിലെ ഷിക്കാഗോയിൽ താൽക്കാലിക വികാരിയുമായി. ഫിലഡൽഫിയായിലും വികാരിയായിരുന്നു. കുവൈറ്റ്, ബഹറിൻ രാജ്യങ്ങളിലും വികാരിയായി നിയമിതനായ അച്ചൻ 2020 ൽ ഖത്തർ, യു.എ.ഇ., സൗദി അറേബ്യ, കുവൈറ്റ്, ബഹറിൻ, ഒമാൻ എന്നീ 6 രാജ്യങ്ങൾ ഉൾപ്പെടുന്ന ഗൾഫ് മേഖലാ കോ-ഓർഡിനേറ്ററായി.

## റവ. ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ

പത്തനംതിട്ട ചരിവുപുരയിടത്തിൽ സി.ജെ. ചെറിയാൻ- ശോശാമ്മ ദമ്പതികളുടെ മകനായി 1972 ജൂൺ 10 ന് ജനിച്ചു. 1998 ഫെബ്രുവരി 18 ന്



വൈദികപട്ടം കൈക്കൊണ്ടു. മുപ്പതോളം ഇടവകകളിൽ വികാരിയായി. പത്തനംതിട്ട രൂപതയുടെ മൈനർ സെമിനാരി റെക്ടർ ആയിരുന്നു. ഗാനങ്ങൾ രചിക്കുകയും അവയ്ക്ക് ഈണം പകരുകയും അവ ആലപിക്കുകയും ചെയ്യുന്നു. മൈലപ്ര ഇടവകയിൽ നിന്നു സ്ഥലം മാറി കോന്നി ഇടവകയിൽ സേവനം തുടരുന്നു. ■

തയാറാക്കിയത്:
പീറ്റർ സി. ഏബ്രഹാം

## അഭിനന്ദനങ്ങൾ



ലോഗോസ് ക്വിസ് 2023 രൂപതാ തലത്തിൽ ഒന്നാം സ്ഥാനവും ദേശീയ തലത്തിൽ അഞ്ചാം സ്ഥാനവും നേടിയ ഗ്രേസി തോമസ് ജയ്ഭവൻ.

www.malankaralibrary.com

# ദൈവവിളിയോടുള്ള ഇടവകയുടെ പ്രത്യുത്തരങ്ങൾ



അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ്
വന്ദ്യ ജോസ് ചാമക്കാലായിൽ റമ്പാൻ
റവ. ഫാ. ജോഷ്വാ താഴത്തേതിൽ
റവ. ഫാ. പാട്രിക് സ്കറിയ ഒഐസ്എ
റവ. ഫാ. ജോസ് ചരുവിൽ
റവ. ഫാ. വറുഗീസ് ചാമക്കാലായിൽ
റവ. സിസ്റ്റർ. അൽഫോൻസ എസ്ഐസി
റവ. സിസ്റ്റർ. ശാലീത്ത എസ്ഐസി
റവ. സിസ്റ്റർ. ലൂസിനാ ഡിഎം
റവ. സിസ്റ്റർ. വിനീത എസ്ഐസി
റവ. സിസ്റ്റർ. ഗ്രേസി എൽഎസ്ജെ
റവ. സിസ്റ്റർ. ദർശന എസ്ഐസി
റവ. സിസ്റ്റർ. പുഷ്പം എസ്ഐസി
റവ. സിസ്റ്റർ. ആൻ എസ്ഐസി
റവ. സിസ്റ്റർ മേഴ്സലിൻ ഡിഎം
റവ. സിസ്റ്റർ ഐഡ എസ്ഐസി

## റൈറ്റ്. റവ. ഡോ. തോമസ് മാർ യൗസേബിയോസ്



മൈലപ്രാ നായ്ക്കംപറമ്പിൽ എൻ.ടി. വർഗീസ്-ശോശാമ്മ ദമ്പതികളുടെ പുത്രനായി 1961 ജൂൺ 6 ന് ജനിച്ചു. മൂഴിയാർ ഗവ. യു.പി. സ്കൂളിലെ പഠനശേഷം മൈലപ്ര സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽനിന്ന് ഫസ്റ്റ് ക്ലാസ്സിൽ എസ്.എസ്.എൽ.സി. ജയിച്ചു. വൈദികപഠനാർത്ഥം പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. മാർ ഇവാനിയോസ് കോളജിൽനിന്ന് പ്രീഡിഗ്രി പാസ്സായശേഷം പൂനാ പേപ്പൽ സെമിനാരിയിൽ ഉപരിപഠനം തുടർന്നു. പൂനായിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്നു തത്വശാസ്ത്രപഠനം പൂർത്തിയാക്കി. 1986 ഡിസംബർ 29 ന് അഭി. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽ നിന്നു പട്ടമേറ്റു. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്നു ഡോക്ടറേറ്റ് നേടി. കുടശ്ശനാട്, പൂഴിക്കാട്, പന്തളം, കുരമ്പാല, പുത്തൻകാവുവിള, തൂങ്ങൻപാറ, പുന്നവൂർ, കാട്ടുവയൽ, ബാർട്ടൻഹിൽ, ചേന്തിപ്പൂർ, കല്ലയം എന്നീ ദേവാലയങ്ങളിൽ വികാരിയായി. 1988 മുതൽ മലങ്കര സെന്റ് മേരീസ് മേജർ സെമിനാരിയിൽ ഫിലോസഫി പ്രഫസറായി. വടവാതൂർ സെന്റ് തോമസ്, ബാംഗ്ലൂർ വിൻസെൻഷ്യൻസ്, തിരുവനന്തപുരം കാർമ്മൽ ഹിൽ, കാപ്പാട് ബനഡിക്ടയിൽസ് തുടങ്ങിയ സെമിനാരികളിൽ വിസിറ്റിംഗ് പ്രൊഫസറുമായിരുന്നു. മലങ്കര കത്തോലിക്കാസഭയുടെ വൈദികർക്കായുള്ള സിനഡൽ കമ്മീഷൻ സെക്രട്ടറി, മേജർ ആർച്ച്ഡയോസിസ് കൗൺസിൽ മെമ്പർ, നിരവധി പണ്ഡിത പ്രബന്ധങ്ങളുടെ രചയിതാവ് എന്നീ നിലകളിലും പ്രശോഭിച്ചു. 2010 സെപ്റ്റംബർ 21 ന് മെത്രാനായി വാഴിക്കപ്പെട്ടു. വന്ദ്യപിതാവിന്റെ റമ്പാൻപട്ട സ്വീകരണം മാതൃ ഇടവകയിൽ മേജർ ആർച്ച് ബിഷപ് കർദിനാൾ ക്ലീമീസ് ബാവാ, അന്ത്യോഖ്യൻ പാത്രിയർക്കീസ് തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ നടത്തി. അമേരിക്കയിലെ മലങ്കര കത്തോലിക്കാ കൂട്ടായ്മയുടെ മെത്രാപ്പോലീത്തയായും കാനഡ-യൂറോപ്പ് പ്രവിശ്യയുടെ ശ്ലൈഹിക സന്ദർശകനായും നിയമിതനായി. 2017 മുതൽ പാറശ്ശാല രൂപതയുടെ മെത്രാപ്പോലീത്തയായി ശുശ്രൂഷ ചെയ്യുന്നു.

## വന്ദ്യ റമ്പാൻ ജോസ് ചാമക്കാലായിൽ

മൈലപ്ര ചാമക്കാലായിൽ സി.എം.

www.malankaralibrary.com



തോമസ്-ശോശാമ്മ ദമ്പതികളുടെ പത്തു മക്കളിൽ എട്ടാമനായി 1953 ജനുവരി 4 ന് ജനിച്ചു. വൈദിക വിദ്യാർഥിയായി 1968 ൽ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചത് മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്നാണ്. 1978 ഏപ്രിൽ 5 ന് മൈലപ്രയിൽ അഭി. ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന വൈദികാഭിഷിക്തനായി. വെണ്ണിയൂർ, സീതത്തോട്, കുടശ്ശനാട്, പുലിയൂർ, പാളയം, തുവയൂർ, പാഡി തുടങ്ങി മുപ്പതിൽപരം ദേവാലയങ്ങളിൽ വികാരിയായി. തിരുവനന്തപുരം അതിരൂപതാ എംസിവൈഎം ഡയറക്ടർ, മലങ്കര മേജർ സെമിനാരി പ്രൊക്യുറേറ്റർ, അതിരൂപത പ്രൊക്യുറേറ്റർ, സെന്റ് അലോഷ്യസ് മൈനർ സെമിനാരി റെക്ടർ, പത്തനംതിട്ട രൂപതയിൽ ദീർഘകാലം വികാരി ജനറൽ, സെന്റ് തോമസ് മൈനർ സെമിനാരി റെക്ടർ തുടങ്ങിയ പദവികളിൽ സേവനം ചെയ്തു. 2014 മേയ് 20 ന് കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തി. 2023 മാർച്ചിൽ റമ്പാൻ പദവിയിലേക്കും തിരഞ്ഞെടുത്തു.

## റവ. ഫാ. ജോഷ്വ താഴത്തേതിൽ



മൈലപ്ര താഴത്തേതിൽ വീട്ടിൽ ഗീവർഗീസ് കോശിയുടെയും മറിയാമ്മയുടെയും ഏഴ് മക്കളിൽ ഏറ്റവും ഇളയ പുത്രനായി 1938 ജനുവരി 21 ന് ജനിച്ചു. തിരുവല്ല രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സേവേറിയോസ് മെത്രാപ്പോലിത്തയുടെ സാന്നിദ്ധ്യത്തിൽ ബഹു. എ.ജി.ഏബ്രഹാം തെങ്ങുതറമേടയിലച്ചൻ മാമോദീസ നൽകി. 1956 ൽ വൈദിക വിദ്യാർഥിയായി പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. 1958 ൽ പൂന പേപ്പൽ സെമിനാരിയിൽ ഉപരിപഠനം തുടർന്നു. 1965 ൽ പൂനായിൽതന്നെ വൈദികാഭിഷിക്തനായി. അടുതല, ചെങ്കുളം, കാട്ടൂർ, നാരങ്ങാനം, കരുമ്പേക്കൽ, കാർമ്മല, ആവോലിക്കുഴി, എലിമുള്ളുംപ്ലാക്കൽ, തട്ട, ആനന്ദപ്പള്ളി, ഉള്ളന്നൂർ, മെഴുവേലി, വാഴമുട്ടം, ആറ്ററികം, കോന്നി, ളാക്കൂർ തുടങ്ങി മുപ്പതിൽപ്പരം ദേവാലയങ്ങളിൽ വികാരിയായി. അച്ചന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷം മാതൃഇടവകയായ മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ നടന്നു. 2023 ഓഗസ്റ്റ് 12ന് ദിവംഗതനായ അദ്ദേഹത്തെ മൈലപ്ര തിരുഹൃദയ കത്തോലിക്കാ ദേവാലയത്തിൽ കബറടക്കി.

## റവ. ഫാ. പാടിക് സ്കറിയ ഒഎസ്എ



മൈലപ്ര കാവിന്റെ തടത്തേൽ ചാക്കോ-സാറാമ്മ ദമ്പതികളുടെ പുത്രനായി 1941 ഫെബ്രുവരി 13 ന് ജനിച്ചു. മൈലപ്ര സെക്രഡ് ഹാർട്ട് ഹൈസ്കൂളിൽനിന്ന് 1958 ൽ എസ്എസ്എൽസി പാസ്സായി. വൈദികപരിശീലനത്തിന്റെ ആദ്യത്തെ 3 കൊല്ലം നാലാഞ്ചിറ ബഥനി ആശ്രമത്തിലും തുടർന്നുള്ള 8 വർഷം പൂന പേപ്പൽ സെമിനാരിയിലുമായിരുന്നു. പിന്നീട് ഫിലിപ്പൈൻസിലെ സെന്റ് അഗസ്റ്റിൻ സന്യാസസമൂഹമായ ഒഎസ്എയിൽ ചേർന്ന് 1975 ജൂൺ 28 ന് മനിലയിൽ കർദിനാൾ ജയിംസിനിൽ നിന്ന് വൈദികാഭിഷിക്തനായി. ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ ഒഎസ്എ വൈദികനാണ് പാടിക് അച്ചൻ. 8 വർഷം മലങ്കരസഭയിൽ സേവനം ചെയ്തു. 6 വർഷം ബത്തേരി രൂപതയിലും 2 വർഷം തിരുവനന്തപുരം അതിരൂപതയിൽ അഗസ്തീശ്വരപുരത്തും പ്രവർത്തിച്ചു. മലങ്കരയിൽ ഒഎസ്എ സന്ന്യാസ സഭയുടെ ശാഖ സ്ഥാപിക്കുവാൻ ആഗ്രഹിച്ചു. ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് അതിനനുവദിക്കുകയും ചെയ്തു. എന്നാൽ ആ ഉദ്യമം സഫലമാകാതെ വന്നപ്പോൾ 1980 ൽ കാനഡായിലേക്കു പോയി. അവിടെ ഡൽറ്റായിൽ സേക്രഡ് ഹാർട്ട് ദേവാലയത്തിൽ സേവനം ചെയ്തു. ബ്രിട്ടീഷ് കൊളംബിയായുടെ പല രൂപതകളിലും ശുശ്രൂഷ ചെയ്തു. 2005 ൽ പെമ്പേർട്ടൺ, മൗണ്ട് ക്യൂരി എന്നിവിടങ്ങളിലും സേവനം തുടർന്നു. 2010 ൽ ഔദ്യോഗിക ചുമതലകളിൽനിന്നു വിട്ട് സ്വസ്ഥനായി ക്രാൻബ്രൂക്കിൽ താമസിച്ചു. മേരീ ലേക്ക് ഷ്റൈനിൽ 2011 ഡിസംബർ 30 ന് അന്തരിച്ചു. 2012 ജനുവരി 3 ന് അവിടെ സംസ്കരിച്ചു.

## റവ. ഫാ. ജോസ് ചരുവിൽ



ചരുവിൽ ഫിലിപ് മാത്യു-ചിന്നമ്മ ഫിലിപ് കൊച്ചുവിളയിൽ ദമ്പതികളുടെ മകനായി 1969 ഡിസംബർ 19 ന് മൈലപ്രയിൽ ജനിച്ചു. മൈലപ്ര സേക്രഡ് ഹാർട്ട് സ്കൂളിൽ നിന്നു പത്താം ക്ലാസ്സ് ജയിച്ച് 1985 ജൂൺ 19 ന് പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. റീജൻസി കാലത്ത് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കൂടെ ആർച്ച് ബിഷപ്സ് ഹൗസിൽ ഉണ്ടായിരുന്നു. 1996 ഏപ്രിൽ 19നായിരുന്നു പട്ടത്വ സ്വീകരണം. അപ്പോഴേക്കും കുടുംബം മൈലപ്രയിൽ നിന്നും അതിരിങ്കലേക്ക് താമസം മാറിയിരുന്നു. തുടർന്ന് കോട്ടയം സീരിയിൽ ചേർന്ന് സുറിയാനിയിൽ എംഎ പഠനം നടത്തുകയും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്കോടെ വിജയിക്കുകയും ചെയ്തു. പിന്നീട് തിരുവനന്തപുരം സെന്റ് ജോൺസ് മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ സുറിയാനി അദ്ധ്യാപകനായി. 2013-16 കാലഘട്ടത്തിൽ സെന്റ് അലോഷ്യസ് മൈനർ സെമിനാരി റക്ടർ ആയി സേവനം ചെയ്തു. പാളയം സമാധാനരാജ്ഞി ബസലിക്കയിൽ 2016-20 ൽ വികാരിയായിരുന്നു. 2019 മുതൽ സെന്റ് ജോൺ

www.malankaralibrary.com


# പള്ളി നിർമ്മാണത്തിലും എബിയുടെ കൈയൊപ്പ്



ക്രിസ്തുവിന്റെ ശിഷ്യരിൽ ഒരാളായ തോമാ ശ്ലീഹ സ്ഥാപിച്ച പള്ളിയാണ് പത്തനംതിട്ട ജില്ലയിലെ നിരണം പള്ളിയെന്നാണ് വിശ്വാസം. 1912 ഫെബ്രുവരി 14-നാണ് ഇപ്പോൾ കാണുന്ന പള്ളി കൂദാശ ചെയ്തിരിക്കുന്നത്. മലങ്കര ഓർത്തോഡൊക്സ് സഭയുടെ കീഴിലുള്ള ഈ പള്ളി കേരളത്തിലെ പ്രശസ്തമായ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ്.

തോമാശ്ലീഹയുടെ ആശീർവാദം പതിഞ്ഞ ജില്ലയിലെ പള്ളികൾ പണിയുക എന്ന നിയോഗമാണ് പത്തനംതിട്ട മാതാ കൺസ്ട്രക്ഷനേയും അതിന്റെ അമരക്കാരൻ എബി വർഗ്ഗീസിനേയും നിർമ്മാണ മേഖലയിലെ നിറ സാന്നിധ്യമാക്കുന്നത്.വ്യാപാര സമുച്ചയങ്ങളുടെയും , വീടുകളുടെയും നിർമ്മാത്തിൽ മാത്രം ശ്രദ്ധ പതിച്ചിരുന്ന എബി യാദൃശ്ചികമായ ഇടവക പള്ളിയുടെ പണികൾ ഏറ്റെടുത്തതോടെയാണ് ഈ മേഖലയും തനിക്ക് വഴങ്ങുമെന്ന് തിരിച്ചറിഞ്ഞത്. ഇതോടെ പുതിയ നിർമ്മാണം ഏറ്റെടുത്തു. ആദ്യം നിർമ്മിച്ചത് തോട്ടമൺ പള്ളിയാണ്.

കേരള, സിറിയൻ ശൈലികളോടൊപ്പം യൂറോപ്യൻ ശൈലിയും സമന്വയിപ്പിച്ചുള്ള നിർമ്മാണ രീതികളാണ് തുടരുന്നത്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ധർ എബിക്കൊപ്പം ഉണ്ട്. കേരളത്തിന്റെ തനത് വാസ്തുവിദ്യ ശൈലികളും നിർമ്മാണത്തിലെ ലാളിത്യവുമാണ് എബിയുടെ നിർമ്മാണ മേഖലയെ ശ്രദ്ധേയമാക്കുന്നത്. പത്തനംതിട്ട ജില്ലയിൽ ഇതിനോടകം 15 പള്ളികൾ പണിതിട്ടുണ്ട്.കേരളത്തിന്റെ ഭൂപ്രകൃതിയുമായും കാലവസ്ഥയുമായും ഒത്തുചേരുന്ന രീതിയിൽ കല്ല്, തടി, ലോഹം, മണൽ എന്നിവ ഉപയോഗിച്ചാണ് നിർമ്മാണം. 25 വർഷത്തിലേറെയായി നിർമ്മാണ രംഗത്തുള്ള എബി നിരവധി സ്കൂളുകളും , കോളേജുകളും നിർമ്മിച്ചിട്ടുണ്ട്. ഭാവിക്കു വേണ്ടിയുള്ള നിർമ്മാണമെന്നതാണ് ഇവരുടെ മുഖമുദ്ര. ഗുണനിലവാരത്തിൽ ഒരു കുറവും വരുത്താൻ അനുവദിക്കില്ലെന്നും എബി പറഞ്ഞു. പത്തനംതിട്ട : സെന്റ് മേരീസ് ലൈനിൽ പ്ലാന്തോട്ടത്തിൽ പരേതനായ പി.റ്റി. വർഗ്ഗീസിന്റെ മകനാണ്. മാതാവ് തങ്കമ്മ വർഗ്ഗീസ് മൈലപ്ര എസ്എച്ച് എസ് അധ്യാപിക ജൂലി ജോസഫ് ആണ് ഭാര്യ. മക്കൾ: ഷാരോൺ മറിയ എബി, ക്രിസ്റ്റിൻ ജൂഡ് എബി.






**Advt**

www.malankaralibrary.com

സിന്റെ പ്രിൻസിപ്പലായി തുടരുന്നു. എംസിവൈഎം അതിരൂപതാ ജോയിന്റ് ഡയറക്ടറായും പ്രവർത്തിച്ചിരുന്നു.

## റവ. ഫാ. വർഗീസ് ചാമക്കാലായിൽ



ചാമക്കാലാ വീട്ടിൽ സി.എം. തോമസ്-സാറാമ്മ ദമ്പതികളുടെ മകനായി 26.04.1989 ൽ ജനിച്ചു. മൈലപ്ര സേക്രഡ് ഹാർട്ട് ഹൈസ്കൂൾ പഠനം കഴിഞ്ഞ് 2005 ൽ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. മേജർ സെമിനാരി പഠനവും വിജയകരമായി പൂർത്തീകരിച്ച് 2017 ജനുവരി 14 ന് വൈദികാഭിഷിക്തനായി. തുടർന്ന് പെരുനാട്, ളാഹ, തോണിക്കടവ്, കൊച്ചുകുളം എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായി നിയമിതനായി. മൂലക്കയം, പമ്പാവാലി, കുറിച്ചിമുട്ടം, ആറന്മുള, അതുമ്പുംകുളം, ആവോലിക്കുഴി, തണ്ണിത്തോട്, കരിമാൻതോട് എന്നിവിടങ്ങളിൽ വികാരിയായി.രൂപതയുടെ ഫാമിലി അപ്പസ്തോലേറ്റ് അസിസ്റ്റന്റ് ഡയറക്ടറും പിന്നീട് ഡയറക്ടറും ആയി പ്രവർത്തിച്ചു. രൂപതാ നോട്ടറി ആയും സേവനം ചെയ്തു. രൂപതയുടെ പ്രതിമാസ പത്രികയായ സാംതോം ബുള്ളറ്റിന്റെ എഡിറ്റർ ആയും പ്രവർത്തിച്ചു.

## റവ. സിസ്റ്റർ അൽഫോൻസാ എസ്ഐസി



വെരി. റവ. ഫാ. ഏബ്രഹാം തെങ്ങുംതറ മേടയിലിന്റെയും പുത്തൻപീടിക പുത്തൻപുരയിൽ ശോശാമ്മയുടെയും മകളായി മൈലപ്രയിൽ ജനിച്ചു. 1957 ൽ വ്രതവാഗ്ദാനം ചെയ്ത് ബഥനി മഠത്തിൽ സന്യാസിനിയായി. അരുവിയോട് അപ്പർ പ്രൈമറിസ്കൂൾ ഹെഡ്മിസ്ട്രസ്സായി ഔദ്യോഗിക സേവനം തുടങ്ങി. നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം ഹൈസ്കൂൾ, നാലാഞ്ചിറ സെന്റ് ഗൊരേറ്റി ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മിസ്ട്രസ്സായിരുന്നു. 1990 ൽ ഔദ്യോഗികമായി വിരമിച്ചെങ്കിലും അടൂർ ഹോളി ഏയ്ഞ്ചൽസ്, ചെങ്ങന്നൂർ സെന്റ് ആൻസ് എൽ.പി., കുറവൻകോണം ഇൻഫന്റ് ജീസസ് എൽ.പി., കുണ്ടറ ലിറ്റിൽ ഫ്ളവർ യു.പി. എന്നിവിടങ്ങളിൽ പ്രധാനാധ്യാപികയായി സേവനം തുടർന്നു. ജനറൽ കൗൺസിലർ ആയി 12 വർഷവും, പ്രോവിൻസ് കൗൺസിലർ ആയി 12 വർഷവും പ്രവർത്തിച്ചു. തിരുവനന്തപുരം പ്രോവിൻസിന്റെ സുപ്പീരിയർ ആയിരുന്നു മൂന്നു കൊല്ലം. 2017 ഫെബ്രുവരി 19 ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു.

## റവ. സി. ശാലീത്ത എസ്ഐസി



ചരിവുപറമ്പിൽ സി.ജി. ഏബ്രഹാം-ശോശാമ്മ ദമ്പതികളുടെ ആദ്യ ജാതയായി 1938 നവംബർ 20-ന് ജനിച്ചു. എൽസി എന്ന ഓമനപ്പേരിലും സാറാ എന്ന മാമോദീസാപ്പേരിലും അറിയപ്പെട്ടു. 1962 ൽ നാലാഞ്ചിറ ബഥനി മഠത്തിൽ ചേർന്ന് സന്ന്യാസ പരിശീലനം ആരംഭിച്ചു. 12.05.1965 ൽ തിരുവല്ലാ മെത്രാൻ സഖറിയാസ് മാർ അത്തനാസ്യോസ് പിതാവിന്റെ കാർമ്മികത്വത്തിൽ ആദ്യവ്രതവാഗ്ദാനം നടത്തി. ഈരെഴയിൽ 5 വർഷവും ചന്ദനപ്പള്ളിയിൽ 3 വർഷവും കലയപുരത്തു 2 വർഷവും വകയാറ്റിൽ 3 വർഷവും ആങ്ങമൂഴിയിൽ 6 വർഷവും മുക്കംപാലയിൽ 5 വർഷവും ചീക്കനാലിൽ 1 വർഷവും സുപ്പീരിയർ ആയിരുന്നു. കൂടാതെ നാലാഞ്ചിറ, മുഖത്തല, ചെങ്ങന്നൂർ, കുണ്ടറ, പുലിയൂർ മഠങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. വർണ്ണനൂലുകൾകൊണ്ട് സിസ്റ്റർ നെയ്തെടുത്ത തിരുസ്വരൂപങ്ങൾ കമനീയങ്ങളായിരുന്നു. ദേവാലയത്തിലെ തുണിത്തരങ്ങൾ തയ്ച്ചും ചിത്രങ്ങൾ പെയിന്റ് ചെയ്തും നൽകുമായിരുന്നു. സിസ്റ്ററിന്റെ പ്രാർഥനാജീവിതം കണ്ടും മാതൃക ഉൾക്കൊണ്ടും സിസ്റ്ററിന്റെ പ്രേരണമൂലവും വൈദികജീവിതത്തിലേക്കും സന്യാസജീവിതത്തിലേക്കും കടന്നുവന്നവർ വളരെയാണ്. നിലയ്ക്കൽ വർഗീയലഹളക്കാലത്ത് ആങ്ങമൂഴി മഠാധിപയായിരുന്ന സിസ്റ്റർ അനുഭവിച്ച സഹനങ്ങൾ വിവരണാതീതമാണ്. അന്ന് സിസ്റ്ററിനെ ആശ്വസിപ്പിച്ചുകൊണ്ട് ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് കത്തുകൾ അയയ്ക്കുകപോലും ചെയ്തു. 1998 ൽ പത്തനംതിട്ട പ്രോവിൻസ് രൂപംകൊണ്ടപ്പോൾ സിസ്റ്റർ അതിന്റെ വളർച്ചയ്ക്കായി അക്ഷീണം പ്രയത്നിച്ചു. ക്യാൻസർരോഗത്തിന്റെ സഹനങ്ങൾക്കിടയിലും പ്രവർത്തനം തുടർന്നു. 2000 മാർച്ച് 20 ന് അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ പ്രാർത്ഥനകൾക്കിടയിൽ പാളയം ബഥനിമഠത്തിൽ സിസ്റ്റർ അന്തരിച്ചു.

## റവ. സിസ്റ്റർ ലൂസിന ഡിഎം



മണ്ണിൽ വീട്ടിൽ ജോർജ്ജിന്റെയും കോഴിമലയിൽ കുടുംബാംഗം റേയ്ച്ചലമ്മയുടെയും രണ്ടാമത്തെ മകളായി ജനിച്ചു. മൈലപ്രയിലെ വിദ്യാഭ്യാസത്തിനു ശേഷം ഡോട്ടേഴ്സ് ഓഫ് മേരി (മേരി മക്കൾ) സന്യാസിനി മഠത്തിൽ ചേർന്നു. ഏഴംകുളം, കഴക്കൂട്ടം, ചവറ, വെട്ടിത്തിട്ട, മൈലം, നരിക്കൽ തുടങ്ങി ധാരാളം മിഷൻ കേന്ദ്രങ്ങളുടെയും പതിമൂന്നിലേറെ വിദ്യാലയങ്ങളിലെയും സാരഥ്യം വഹിച്ചു. ആയൂരിലെ മഠത്തിൽ അംഗമായിരിക്കെ ചെറുപുഷ്പ ഇംഗ്ലീഷ് മീഡിയം സ്കൂളിലും സേവനം ചെയ്തു. നാലാഞ്ചിറ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ സേവനാനന്തരം ഉറുകുന്ന് മഠത്തിലായിരുന്നു. പത്തനംതിട്ട രൂപതയുടെ സെന്റ് പീറ്റേഴ്സ് സ്കാ

www.malankaralibrary.com

# രുചിക്കൂട്ടിലൂടെ ജനമനസ്സുകളിലേക്ക്

# സാംസ് കേറ്ററിങ്






സാംസ് കേറ്ററിങ് എന്നു പറഞ്ഞാൽ തെക്കൻ കേരളത്തിലും മധ്യകേരളത്തിലും എല്ലാവർക്കും അറിയാം. രുചിക്കൂട്ടുകൊണ്ടും കൃത്യനിഷ്ഠ കൊണ്ടും വിഭവ സമ്പന്നത കൊണ്ടും പേരെടുത്ത സാംസ് കേറ്ററിങ് മൈലപ്രയുടെ അഭിമാന മുദ്രയായി മാറി. സാംകുട്ടി ചാമക്കാലായിൽ എന്ന ഒറ്റയാൾ പട്ടാളം പടുത്തുയർത്തിയതാണ് രുചി വൈവിധ്യത്തിന്റെ ഈ സ്ഥാപനം. അധികമാരും കാൽവച്ചിട്ടില്ലാത്ത ഒരു മേഖലയിലേക്ക് ധൈര്യപൂർവം ഇറങ്ങിപ്പുറപ്പെട്ട സാംസ് കേറ്ററിങ്ങിന് വളർച്ചയല്ലാതെ തളർച്ചയുണ്ടായിട്ടില്ല. മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യൻ വിവാഹങ്ങൾക്ക് വിരുന്നൊരുക്കിത്തുടങ്ങിയ കൈപ്പുണ്യം ഇന്ന് ഏതെങ്കിലും ഒരു വിഭാഗത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. വെജിറ്റേറിയൻ ആയാലും നോൺ വെജിറ്റേറിയൻ ആയാലും ധൈര്യപൂർവം സാംസിനെ ആളുകൾ സമീപിക്കുന്നതും അതുകൊണ്ടുതന്നെയാണ്.

വിവാഹവിരുന്ന് വീടുകളിൽ ഒരുക്കിയിരുന്ന ഒരു കാലം യുവതലമുറയ്ക്ക് അറിയാൻ വഴിയില്ല. എത്രയോ ദിവസം മുമ്പുതുടങ്ങുന്ന അധ്വാനം. വിളമ്പിത്തീരുംവരെ ആശങ്ക. വീട്ടുകാരുടെ ആ ആശങ്കകൾക്കു വിരാമമിട്ടാണ് കേറ്ററിങ് സ്ഥാപനങ്ങളുടെ വരവ്. അഞ്ചുപതിറ്റാണ്ടുമുമ്പുതന്നെ അത്തരമൊരു കാര്യം ചിന്തിക്കാനും ഫലപ്രാപ്തിയിലെത്തിക്കാനും സാംകുട്ടി ചാമക്കാലായിൽ എന്ന സാംകുട്ടിച്ചായനു കഴിഞ്ഞു. പാചകക്കാർ, വിളമ്പുകാർ, ഭക്ഷണം കൊണ്ടെത്തിക്കുന്നവർ എന്നിങ്ങനെ എത്രയോ മൈലപ്രക്കാർ സാംകുട്ടിച്ചായനൊപ്പം പ്രവർത്തിക്കുന്നു. സംരംഭങ്ങൾ തുടങ്ങാൻ മാത്രമല്ല, അത് ഭംഗിയായി കൊണ്ടുനടക്കാനും വളർത്തിയെടുക്കാനും വലിയ പ്രാപ്തി വേണം. അതിന് ബുദ്ധിയും ക്ഷമയും വേണം. എടുത്തുചാടാതെ പടിപടിയായി പുതിയ പുതിയ രീതികളിലേക്ക് ആ പ്രസ്ഥാനം വളർന്നിരിക്കുന്നു. കല്യാണ സദ്യ മാത്രമല്ല, ചെറുതും വലുതുമായ ഏതു പരിപാടിക്കും വിരുന്നൊരുക്കാൻ ധൈര്യമേകുന്നത് അനുഭവജ്ഞാനമാണ്. ആ അനുഭവജ്ഞാനം സാംകുട്ടിച്ചായന് ധാരാളമായുണ്ട്. സ്ഥിരം വിഭവങ്ങളിലല്ല, പുതുമയാർന്ന വിഭവങ്ങളിലാണ് കേറ്ററിങ് വ്യവസായത്തിന്റെ മികവ്. ആ മികവ് നന്നായി പുലർത്തുന്നതുകൊണ്ടാണ് കേരളത്തിലെമ്പാടും മൈലപ്രയുടെ പേരുയർത്തി സാംസ് നിറഞ്ഞുനിൽക്കുന്നത്.



കാറ്ററിങ് സംരംഭം വിജയകരമായി മുന്നോട്ടുപോകുമ്പോൾ തന്നെ കാർഷികരംഗത്തും മികവ് തെളിയിക്കുന്നുണ്ട് അദ്ദേഹം. മൈലപ്രയിലെ സാംസ് ഗാർഡനിൽ വിവിധയിനം ഫലവൃക്ഷങ്ങൾ നിറഞ്ഞുനിൽക്കുന്നു. റമ്പൂട്ടാൻ പോലെയുള്ള വിദേശ പഴവർഗങ്ങൾ, ഓറഞ്ച്. വിവിധയിനം പ്ലാവുകൾ അങ്ങനെ ഒരു ഏദൻ തോട്ടമായി ആ കൃഷിസ്ഥലത്തെ മാറ്റിയിരിക്കുന്നു. ഇതൊന്നും ഒറ്റയ്ക്കു ചെയ്തുതീർക്കാനാവില്ല. ഭാര്യയും മകനും ഉൾപ്പെടെ കുടുംബാംഗങ്ങളെല്ലാം ചേർന്നുള്ള നിരന്തര പ്രയത്നമാണ് പതറാതെ മുന്നോട്ടുപോകാനുള്ള ഊർജം. സാംസ് വെറുമൊരു സംരംഭം മാത്രമല്ല, പലർക്കും പ്രചോദനവും മാതൃകയുമാണ്. എളിയനിലയിൽ നിന്ന് എങ്ങനെ മികവിലേക്ക് എത്താമെന്നതിന്റെ മികച്ച മാതൃക.

**Advt**

www.malankaralibrary.com

ലിന്റെ മാനേജരുമായി ഏതാനും വർഷങ്ങൾ സേവനം ചെയ്തു. ഇപ്പോൾ നെടുമങ്ങാടുള്ള മഠത്തിൽ ശുശ്രൂഷ ചെയ്യുന്നു.

## റവ. സിസ്റ്റർ വിനീത എസ്ഐസി



ചരിവുപറമ്പിൽ സി.ജി. ഏബ്രഹാമിന്റെയും തെങ്ങുംതറയിൽ കുടുംബാംഗമായ ശോശാമ്മയുടെയും ഏഴു മക്കളിൽ അഞ്ചാമത്തെ അംഗമായി ജനിച്ചു. നാലാഞ്ചിറ ബഥനിമഠത്തിൽ 1966 മെയ് 27 ന് സന്യാസാർഥിനിയായി പ്രവേശിച്ചു. 02.05.1977 ൽ സത്യവ്രതവാഗ്ദാനം ചെയ്തു. മാർ ഇവാനിയോസ് കോളജിൽ നിന്നു ബിഎസ്സി.യും എംടിടി കോളേജിൽനിന്നു ബിഎഡ് ബിരുദവും നേടി. പല ഹൈസ്കൂളുകളിലും ശാസ്ത്രാധ്യാപികയായി. നങ്ങ്യാർകുളങ്ങര ബാലികാമഠം ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ് ആയിരിക്കേ 2006 ൽ ഔദ്യോഗികമായി വിരമിച്ചു. തുടർന്ന് ഇലന്തൂർ സെന്റ് തോമസ് സ്കൂളിൽ പ്രിൻസിപ്പലായി. കോട്ടയം ജനറലേറ്റിൽ 2010 മുതൽ 2022 വരെയുള്ള 12 കൊല്ലം സെക്രട്ടറി ജനറലും ജനറൽ കൗൺസിലറും ആയിരുന്നു. ഇപ്പോൾ പത്തനംതിട്ട പ്രോവിൻഷ്യൽ ഹൗസിൽ ഒന്നാം കൗൺസിലർ ആയി സേവനം ചെയ്യുന്നു.

## റവ. സിസ്റ്റർ ഗ്രേസി എൽഎസ്ജെ



ഇളവുംമഠത്തിൽ ജോർജിന്റെയും അച്ചാമ്മയുടെയും മകളായി 1946 ൽ ജനിച്ചു. മൈലപ്ര ഇടവകയിൽ സന്ദർശനം നടത്തിയിരുന്ന ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ് എന്ന സമർപ്പിതരിൽ നിന്നു കാര്യങ്ങൾ ഗ്രഹിച്ച് ആ സമൂഹത്തിൽ ചേരുകയായിരുന്നു. പിരപ്പൻകോട് സെന്റ് ജോൺസ് സെമിനാരിയിൽ സന്യാസിനീ പരിശീലനം ആരംഭിച്ചു. തുടർന്ന് ബനാറസിലേക്കു പോയി ഒരു വർഷം തുടർന്നു പഠിച്ചു. അതുകഴിഞ്ഞുള്ള രണ്ടു വർഷം റോമിൽ പോയി പഠനം തുടർന്നു. 1972 മുതൽ 1974 വരെ ഇറാനിലും സേവനം ചെയ്തു. നിത്യവ്രതത്തിന്റെ ഒരുക്കത്തിനായി പിന്നീട് ഇറ്റലിയിലേക്കു പോയി. നിത്യവ്രത വാഗ്ദാനത്തിനുശേഷം 1976 ൽ ബാംഗ്ലൂരിൽ എത്തിയെങ്കിലും വീണ്ടും ഇറാനിലേക്ക് പോയി. മുംബൈയിലും കുറേക്കാലം ശുശ്രൂഷ ചെയ്തു. പിരപ്പൻകോട് കുഷ്ഠരോഗാശുപത്രിയിലെ സേവനത്തിനു ശേഷം ഇപ്പോൾ വയനാട്ടിൽ ശുശ്രൂഷ തുടരുന്നു.

## റവ. സിസ്റ്റർ ദർശന എസ്ഐസി



കൊച്ചുവിളയിൽ വി.എം. ജോർജ്ജ്-മറിയാമ്മ ദമ്പതികളുടെ മകളായി 1962 ജൂലൈ 1 ന് മൈലപ്രയിൽ ജനിച്ചു. 1979 ൽ ബഥനി മഠത്തിൽ ചേർന്ന് 1982 ൽ വ്രതവാഗ്ദാനം ചെയ്തു. വകയാർ സെന്റ് തോമസ് യുപി സ്കൂൾ, ഉള്ളന്നൂർ സെന്റ് ജോൺസ് എംഎസ്സിഎൽപി സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപികയായിരുന്നു. നാലാഞ്ചിറ, നങ്ങ്യാർകുളങ്ങര, ഭോപ്പാൽ, വകയാർ, ഉള്ളന്നൂർ മഠങ്ങളിൽ സേവനം ചെയ്തു. സൺഡേസ്കൂൾ ആനിമേറ്റർ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ കേന്ദ്രകമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. ഇപ്പോൾ കുമ്പഴ ക്ലർജി ഹോമിൽ സേവനം ചെയ്യുന്നു.

## റവ. സിസ്റ്റർ മേഴ്സിലിൻ ഡിഎം

കൊച്ചുവിളയിൽ വി.എം. ജോർജ്-മറിയാമ്മ ദമ്പതികളുടെ ഏഴു മക്കളിൽ അഞ്ചാമത്തെ അംഗമായി 1965 സെപ്റ്റംബർ 3 ന് ജനിച്ചു. 1985



ൽ ഡോട്ടേഴ്സ് ഓഫ് മേരി സന്യാസസമൂഹത്തിൽ സന്യാസാർഥിനിയായി ചേർന്നു. 1989 ൽ നിത്യവ്രതം ചെയ്തു. തെക്കൻ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവരുടെ ഇടയിൽ മിഷൻ പ്രവർത്തനവും അധ്യാപന ശുശ്രൂഷയും ജീവിതസപര്യയായിരുന്നു. കേരളത്തിലും ബാഹ്യകേരളത്തിലുമായി 6 സ്കൂളുകളിൽ പഠിപ്പിച്ചു. ഒരിടവക സ്കൂൾ ആരംഭിക്കാനും കഴിഞ്ഞു. ഒരു സ്കൂളിന്റെ ലോക്കൽ മാനേജരുമായിരുന്നു. മലയിൻകീഴ് മഠത്തിൽ 6 വർഷക്കാലം സുപ്പീരിയർ ആയി സേവനം ചെയ്തു. നെയ്യാർ ഡാം പ്രദേശത്തെ അനാഥാലയത്തിന്റെ ചുമതലയുണ്ടായിരുന്നു. ഇപ്പോൾ പാറശ്ശാല വെങ്ങാനൂർ മദർ തെരേസ ഇംഗ്ലീഷ് മീഡിയം എൽപി സ്കൂളിൽ പ്രിൻസിപ്പൽ.

## റവ. സിസ്റ്റർ ഐഡ എസ്ഐസി



കൊച്ചുവിളയിൽ വി.എം. ജോർജ്ജ്-മറിയാമ്മ ദമ്പതികളുടെ മകളായി 1972 ൽ ജനിച്ചു. പ്രീഡിഗ്രി പാസ്സായശേഷം ബഥനി മഠത്തിൽ സന്യാസാർഥിനിയായി. നിത്യവ്രതവാഗ്ദാനം 1999ലായിരുന്നു. ലാബ് ടെക്നീഷ്യൻ കോഴ്സ് പഠിച്ച് പുഷ്പഗിരി മെഡിക്കൽ കോളജിൽ ആതുരശുശ്രൂഷകയായി പ്രവർത്തിച്ചു. തുടർന്ന് ചെങ്ങന്നൂർ മഠത്തിൽ താമസിച്ച് നേഴ്സിങ് പഠനവും പൂർത്തിയാക്കി. ഇപ്പോൾ നങ്ങ്യാർകുളങ്ങര ബാലികാമഠം സ്കൂൾ ഓഫീസിൽ ക്ലാർക്ക് ആയി സേവനം ചെയ്യുന്നു.

## റവ. സിസ്റ്റർ പുഷ്പം എസ്ഐസി

മൈലപ്ര ഇടയിലേമുറിയിൽ വീട്ടിൽ

www.malankaralibrary.com

# In Loving Memory of



# Biju Varughese

(1966 - 2016)

Nedumpurath Family

&

Thengumtharamedayil Family

www.malankaralibrary.com



ജോർജിന്റെയും കുഞ്ഞമ്മയുടെയും രണ്ടു പെൺമക്കളിൽ ഇളയ മകളായി 1976 ഡിസംബർ 1 ന് ജനിച്ചു. പ്രാരംഭവിദ്യാഭ്യാസം മുംബൈയിൽ ആയിരുന്നു. 4-ാം ക്ലാസ്സു മുതൽ മൈലപ്രയിൽ തിരിച്ചെത്തി മൗണ്ട് ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർന്ന് പഠനം തുടർന്നു. ആരംഭനാളുകളിൽ വല്യയന്തി ഇടവകാംഗമായിരുന്നു. മാതാപിതാക്കളുടെ അകാലവിയോഗം വലിയ വേദനയായി.ഭൗതികനേട്ടങ്ങളുടെ സുഗമപാതകൾ തുറന്നുകിട്ടിയിട്ടും സന്യാസജീവിതത്തോടായിരുന്നു ആഭിമുഖ്യം. പത്താം ക്ലാസ്സ് പാസ്സായ ശേഷം ബഥനി മഠത്തിൽ സന്യാസാർഥിനിയായി 1993 ൽചേർന്നു. മദ്രാസിലെ പാഡി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽനിന്നു പ്ലസ്ടു പാസ്സായി. കൊല്ലം, കൊട്ടിയം ഹോളിക്രോസ് ആശുപത്രിയിൽ നിന്നു ജനറൽ നേഴ്സിങ്ങും പാസ്സായി. തുടർന്ന് അമേരിക്കയിൽ ദീർഘനാൾ ആതുരസേവനരംഗത്തു സമർപ്പിതസേവനം ചെയ്തു. ഇപ്പോൾ ജർമ്മനിയിൽ ശുശ്രൂഷ തുടരുന്നു.

## റവ. സിസ്റ്റർ ആൻ എസ്ഐസി



വട്ടക്കൂട്ടത്തിൽ വർഗീസ്-ശാലിനി ദമ്പതികളുടെ മകളായി 1989 ഫെബ്രുവരി 1 ന് ജനിച്ചു. 2009 ൽ സന്യാസാർഥിനിയായി. ഇലന്തൂർ, ചന്ദനപ്പള്ളി, കോട്ടയം, ഭോപ്പാൽ തുടങ്ങിയ സ്ഥലങ്ങളിലായി സന്യാസപരിശീലനം പൂർത്തിയാക്കി. 2016 ഏപ്രിൽ 14 ന് മാതൃ ഇടവകയായ മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനാൽ നിത്യവ്രതം ചെയ്തു. ഇതിനുള്ളിൽ കാതോലിക്കേറ്റ് കോളജിൽ നിന്ന് ഇംഗ്ലീഷ് ഭാഷാസാഹിത്യത്തിൽ ബിരുദവും തുടർന്ന് ബിഎഡും നേടി. 2016 ൽ പാളയം ബഥനി ഹോസ്റ്റലിൽ താമസിച്ച് നിയമബിരുദത്തിനു പഠിച്ചു.

അഭിഭാഷകയായി 2019 ൽ എറണാകുളം ഹൈക്കോടതിയിൽ എന്റോൾ ചെയ്തു. ഇപ്പോൾ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് ലോ കോളജിൽ എൽഎൽബിയുടെ ഉപരിപഠനമായ എൽഎൽഎം ന് പഠിക്കുന്നു.

തയാറാക്കിയത്:
പീറ്റർ സി. ഏബ്രഹാം

# ഇങ്ങനെയുമുണ്ടോ ഒരു പുരോഹിതൻ!

പറയാൻ പോകുന്നത് ബഹു. കുര്യൻ ഇലഞ്ഞിമറ്റം അച്ചന്റെ ഹൃദയാർദ്ര സ്നേഹത്തെപ്പറ്റിയുള്ള ഒരനുഭവമാണ്. ഹൃദ്രോഗത്താൽ ക്ഷീണാർത്തനെങ്കിലും ഈ ഇടവകയിലെ ദുർഘടമായ മലമ്പാതകളിലൂടെ, ഒരു കൈ ഇടനെഞ്ചിൽ അമർത്തിത്തിരുമ്മിയും മറുകൈയാൽ കാലൻകുട ഊന്നിയും ഒരു കല്ലിൽനിന്നും മറ്റേ കല്ലിലേക്ക് പയ്യെപ്പയ്യെ കാൽ നിരക്കിവച്ചും ഇടവകമക്കളെ സന്ദർശിക്കാനുള്ള അദ്ദേഹത്തിന്റെ നിരന്തര യാത്രകൾ മറക്കാനാവില്ല. അദ്ദേഹത്തിന്റെ മരണദിനത്തിന് ഒരു മാസം മുമ്പുണ്ടായ സ്നേഹപൂരിതമായ ഇടപെടലിന്റെ നേർസാക്ഷ്യമാണീ ഓർമ്മക്കുറിപ്പ്. എട്ടു വർഷത്തെ സേവനത്തിനു ശേഷം മൈലപ്രായോടു വിടചൊല്ലി, അച്ചൻ യാത്രയായത് മാവേലിക്കരയിലെ ഈരെഴയിലേക്കാണ്. മൈലപ്രാ ഇടവകാംഗമായ ചരിവുപറമ്പിൽ ജോർജ്ജ് ഏബ്രഹാം (കുഞ്ഞുമോൻ) ചങ്ങനാശ്ശേരിയിലേക്ക് ചേക്കേറിയ കാലം. മുൻ സെമിനാരിക്കാരനും അഭിഷിക്തരോട് ഏറെ ആദരവുള്ള വ്യക്തിയുമായിരുന്ന അദ്ദേഹത്തിന്റെ വിവാഹം ആശീർവദിച്ചത് ഇലഞ്ഞിമറ്റം അച്ചനായിരുന്നു. (ബഹു. മൈലപ്രാ അച്ചൻ രോഗക്കിടക്കയിൽ നിന്നെഴുന്നേറ്റ് വന്ന് അവസാനമായി പങ്കെടുത്ത ചടങ്ങും ആ വിവാഹമായിരുന്നു. നമ്മുടെ 'സന്നിധി' എന്ന ദേവാലയകൂദാശാ സ്മരണികയിൽ, കാലൻകുട ഊന്നി നിൽക്കുന്ന മൈലപ്രാ അച്ചന്റെ ദീർഘകായ ചിത്രം അന്നത്തെ വിവാഹദിനത്തിൽ ചിത്രീകരിച്ച ഫോട്ടോ ആണ്).

ഈരെഴയിലെത്തിയ കുര്യനച്ചൻ ഒരു രാത്രിയിൽ ജോർജ്ജ് ഏബ്രഹാമിനെ സ്വപ്നം കണ്ടത്രേ. പിറ്റേന്നുതന്നെ വയോധികനായ അച്ചൻ രോഗാവസ്ഥപോലും മറന്ന് സഹായിയായി ഒരു പയ്യനെയും കൂടെക്കൂട്ടി ബസ്സിൽ ചങ്ങനാശ്ശേരിയിലെത്തി. 'ഇന്നലെ കുഞ്ഞുമോനെ ഞാൻ സ്വപ്നം കണ്ടു' എന്നു പറഞ്ഞുകൊണ്ട് നേരിൽ കണ്ടു സ്നേഹം പങ്കിടാനായി വീട്ടിലെത്തിയ ആ നിർമ്മലചിത്തൻ ഒരു പകൽ അവിടെ തങ്ങി. അന്നു വൈകിട്ട് തിരികെ ചങ്ങനാശ്ശേരിയിലെ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നിന്നും മാവേലിക്കരയ്ക്കുള്ള വണ്ടിയിൽ കയറി അച്ചൻ യാത്രയാവുകയും ചെയ്തു. ആടുകളെ തേടിയിറങ്ങുന്ന ഇത്തരം സമാനസ്നേഹാർദ്രനായ ഇടയൻ മറ്റൊരു ക്രിസ്തുതന്നെ അല്ലാതെ ആരാണ്! ■

www.malankaralibrary.com

# ഔദ്യോഗിക പദവികളുടെ
# ഉയരങ്ങളിൽ

പതിനാറാം വയസ്സിൽ സർക്കാർ ഉദ്യോഗസ്ഥനാവുകയും ട്രഷറി ഓഫീസർ, തഹസിൽദാർ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, സപ്ലൈ ഓഫീസർ, ഡെപ്യൂട്ടി കളക്ടർ, കേരള ലീഗൽ മെട്രോളജി ചീഫ് കൺട്രോളർ തുടങ്ങിയ പദവികൾ വഹിച്ച എം.റ്റി. ജോർജ്ജ് കാലായിൽ;

കേരള യൂണിവേഴ്സിറ്റിയിൽ ലക്ചറർ, റീഡർ, കേരള-കാലിക്കറ്റ് യൂണിവേഴ്സിറ്റികളിലെ ബിരുദാനന്തര ബോർഡ് അംഗം, പരീക്ഷാ ബോർഡ് അംഗം, എം.ഫിൽ, പി.എച്ച്.ഡി. പരീക്ഷാ പേപ്പർ സംയോജക കമിതി ചെയർമാൻ, പി.എസ്.സി-യു.പി.എസ്.സി. ചോദ്യപേപ്പർ സംയോജകൻ, കേരള യൂണിവേഴ്സിറ്റി സെനറ്റ് അംഗം, കേരള യൂണിവേഴ്സിറ്റി അദ്ധ്യാപക സമിതി പ്രസിഡന്റ് തുടങ്ങിയ സ്ഥാനമഹത്വങ്ങളിൽ വിരാജിച്ച ഡോ. റ്റി.എ. ഏബ്രഹാം തെങ്ങുംതറമേടയിൽ; കോളജ് പ്രൊഫസറും തുമ്പ ബഹിരാകാശ വിക്ഷേപണ കേന്ദ്രത്തിൽ 11 കൊല്ലം ശാസ്ത്രജ്ഞനും ഇപ്പോൾ അമേരിക്കയിൽ കാൻസർ ഗവേഷകസംഘം പ്രസിഡന്റുമായി സേവനം ചെയ്യുന്ന ഡോ. റ്റി.ജെ. തോമസ് തേക്കിൻകാട്ടിൽ; കെ.എസ്.ആർ.ടി.സി.യുടെ എം.ഡി. ആയിരുന്ന ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻ വി.എസ്. വറുഗീസ് വടക്കേതിൽ ഐ.എഫ്.എസ്.; ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡു നേടിയ സി.റ്റി. കുഞ്ഞുമാത്തൻ ചാമക്കാലായിൽ, ആർമി ക്യാപ്റ്റൻ ആയിരുന്ന ക്യാപ്റ്റൻ കെ.എസ്. സാമുവേൽ കൊച്ചുവിളയിൽ, വൈസ് ചാൻസലറുടെ സെക്രട്ടറിയായിരുന്ന ജേക്കബ് വറുഗീസ്, കൈപ്പശ്ശേരിൽ, എ.ഇ.ഒ. ആയിരുന്ന റ്റി.ജി. ജോയിക്കുട്ടി താഴത്തേതിൽ, ഏറ്റം മികച്ച അദ്ധ്യാപകനുള്ള അവാർഡു നേടിയ ശ്രേഷ്ഠാചാര്യ പുരസ്കാരം നേടിയ പട്ടം സെന്റ് മേരീസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ എബി ഏബ്രഹാം പുതിയമേലേതിൽ, ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞൻ മണിപ്പുറമ്പിൽ എബിൻ തോമസ് അങ്ങനെ നീളുന്ന ഉന്നതോദ്യോഗസ്ഥരുടെ നിര. നൂറു കണക്കിന് അദ്ധ്യാപകരാൽ സമ്പന്നവുമാണ് ഇടവക. ■



മലങ്കര കത്തോലിക്കാ സഭയിലെ ഏറ്റവും മികച്ച എഴുത്തുകാരനുള്ള 2017ലെ MCA ഗ്ലോബൽ സാഹിത്യ പുരസ്കാരം നേടിയ പീറ്റർ സി. എബ്രഹാമിനെ ഡോക്ടർ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് പൊന്നാട ചാർത്തി അനുഗ്രഹിച്ചപ്പോൾ. കേരള മുൻ ഡിജിപി ഡോ. ജേക്കബ് പുന്നൂസ്, സുപ്രീം കോടതി മുൻ ജസ്റ്റിസ് സിറിയക് ജോസഫ് എന്നിവർ സമീപം.

## മൂന്നു കാൽകഴുകൽ ശുശ്രൂഷകൾ

1942 ൽ കൂദാശ ചെയ്ത തിരുഹൃദയ ദേവാലയത്തിൽ അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ഇവാനിയോസ് തിരുമേനി പെസഹാ വ്യാഴാഴ്ച സന്ധ്യയിൽ കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിച്ചു.

ഇന്നേക്ക് 27 വർഷം മുമ്പ് അഭി. ആർച്ചു ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനി അതേ ദേവാലയത്തിൽവച്ച് കാൽകഴുകൽ ശുശ്രൂഷ നടത്തി.

മൂന്നാമത്തെ കാൽകഴുകൽ ശുശ്രൂഷ പുതിയ ദേവാലയത്തിൽവച്ച് 2023 ൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി നിർവ്വഹിച്ചു.

www.malankaralibrary.com



# സ്മരണ

"ഈ ആലയത്തിന്റെ
പൂർവ്വ മഹത്വത്തേക്കാൾ
ഉന്നതമായിരിക്കും
വരാൻ പോകുന്ന മഹത്വം.
ഈ സ്ഥലത്തിനു ഞാൻ
ഐശ്വര്യം നൽകും.
(ഹഗ്ഗായി 2:9)

www.malankaralibrary.com



നൂറ്റിയഞ്ചാം വയസ്സിലും ചുറുചുറുക്കോടെ കഴിയുന്ന ബഹുമാനപ്പെട്ട ജോൺ മാത്യു ഇലഞ്ഞിലേത്ത് അച്ചൻ പറയുന്നു...

# എനിക്ക് ഒന്നൂടെ വരണമെന്നുണ്ട്, മൈലപ്രയിൽ

പീറ്റർ സി. ഏബ്രഹാം



എനിക്ക് ഒന്നൂടെ വരണമെന്നുണ്ട്, മൈലപ്രയിൽ എന്ന് ആത്മ സന്തോഷത്തോടെ പറയുന്നത്, നൂറ്റിയഞ്ചാം വയസ്സിലും ചുറുചുറുക്കോടെ കഴിയുന്ന ബഹുമാനപ്പെട്ട ജോൺ മാത്യു ഇലഞ്ഞിലേത്ത് അച്ചനാണ്. 1948-49 കാലത്ത് മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ അദ്ദേഹം സഹായ വികാരിയായിരുന്നു. അച്ചന്റെ മൈലപ്ര വാസത്തിന് ഒരു വർഷവും മൂന്നു മാസവും മാത്രമേ ദൈർഘ്യമുണ്ടായിരുന്നുള്ളു. എങ്കിലും ഈ നൂറ്റി അഞ്ചാം വയസ്സിലും അദ്ദേഹത്തിന്റെ സുവ്യക്തമായ ഓർമ്മകളിൽ ഈ ഇടവക മുന്തിയ പരിഗണനയോടെ ജ്വലിച്ചു നിൽക്കുന്നു. മലങ്കരസഭയുടെ കേന്ദ്ര ദേവാലയമായ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലും പാളയം ബസ്ലിക്കയിലും (അന്ന് പ്രോ കത്തീഡ്രൽ) അച്ചൻ വികാരിയായിരുന്നു.

അതുല്യ വ്യക്തിപ്രഭാവമായ മാർ ഇവാനിയോസ് പിതാവിന്റെ സെക്രട്ടറിയായി സേവനം ചെയ്തശേഷമായിരുന്നു ജോൺ മാത്യൂസ് അച്ചന്റെ മൈലപ്രയിലേക്കുള്ള വരവ്. അതുകൊണ്ടുതന്നെ ഇവാനിയൻ ചൈതന്യത്തിന്റെ മാസ്മരികത അദ്ദേഹത്തിലൂടെ ഇടവകജനം അനുഭവിച്ചു. വികാരിയായ മൈലപ്ര അച്ചൻ (ഫാ. എ.ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ) മലങ്കര കത്തോലിക്കാസഭയുടെ മുന്നണിപ്പോരാളിയായി തിരക്കാർന്ന ജീവിതം നയിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ ഇടവകജനത്തിന്റെ സർവവിധശുശ്രൂഷകളും നിർവഹിച്ചിരുന്നത് ഇലഞ്ഞിലേത്ത് അച്ചനാണ്. ഇന്നേക്ക് 74 വർഷം മുമ്പ് 1949 ൽ ബഹു. അച്ചൻ മൈലപ്ര ഇടവകയോടു വിടപറഞ്ഞ് തിരുവനന്തപുരം അരമനയിലേക്കു തിരിച്ചുപോയി. മാർ ഇവാനിയോസ് പിതാവ് അമേരിക്കയിലേക്കു പോയ സാഹചര്യത്തിലാണ് അച്ചൻ മൈലപ്രയിലേക്കു നിയമിതനായതും ഒന്നേകാൽ കൊല്ലം ഇവിടെ അജപാലകനായി

www.malankaralibrary.com

കഴിഞ്ഞതും. മാർ ഇവാനിയോസ് പിതാവ് അമേരിക്കയിൽ നിന്നു തിരിച്ചു വന്നതോടെ നാലാഞ്ചിറ ബഥനിക്കുന്നിൽ മാർ ഇവാനിയോസ് കോളജിന്റെ നിർമാണം ആരംഭിച്ചു. അതിന്റെ പ്രഥമ പ്രിൻസിപ്പലായി വന്ദ്യ ബനഡിക്ട് തങ്ങളത്തിൽ ഒഐസി അച്ചൻ (ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്) നിയമിതനായി. അന്നു വൈസ് പ്രിൻസിപ്പൽ ബഹു. ജോൺ ഇലഞ്ഞിലേത്ത് അച്ചൻ ആയിരുന്നു. പിറ്റേക്കൊല്ലം അമേരിക്കയിൽനിന്ന് ഉപരിപഠനം പൂർത്തിയാക്കി വന്ദ്യ തോമസ് നങ്ങച്ചിവീട്ടിൽ അച്ചൻ തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തെ പ്രിൻസിപ്പൽ ആക്കുകയും സന്യാസിയായ ബനഡിക്ട് അച്ചനെ വൈസ് പ്രിൻസിപ്പൽ ആക്കുകയും ആയിരുന്നു. പിന്നീട് ഇലഞ്ഞിലേത്ത് അച്ചനും അമേരിക്കൻ യൂണിവേഴ്സിറ്റിയുടെ സ്കോളർഷിപ്പോടെ ഉപരിപഠനത്തിനായി അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറി. ആ കുടിയേറ്റത്തിന് മുക്കാൽ നൂറ്റാണ്ടിന്റെ പഴമയുണ്ടായിരിക്കുന്നു.

ഇങ്ങനെ ഏഴാംകടലിനക്കരെ ചേക്കേറിയിട്ടും ജനദേശത്തോടും നാട്ടുകാരോടും പ്രത്യേകിച്ച് മൈലപ്ര ഇടവകജനത്തോടും മൈലപ്ര ദേശീയരോടുമുള്ള അച്ചന്റെ സ്നേഹപൂർണ്ണമായ ഓർമ്മകൾക്ക് യാതൊരു മങ്ങലുമില്ല. മിക്കവാറും എല്ലാ വർഷവും കേരളത്തിൽ വരാനും ഈ ബന്ധങ്ങൾ പുതുക്കിപ്പോകാനും അച്ചൻ ജാഗരൂകനുമാണ്. അങ്ങനെ ഈ നൂറ്റി അഞ്ചാം വയസ്സിലും അമേരിക്കയിൽ നിന്ന് അച്ചൻ തിരിച്ചെത്തി എന്ന വാർത്ത കേട്ടാണ് ഞാനദ്ദേഹത്തെ തേടിച്ചെന്നത്. പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ മൂന്നാം നിലയിൽ 2307-ാം നമ്പർ മുറിയിലായിരുന്നു ഞങ്ങളുടെ കൂടിക്കാഴ്ച. രോഗിയായിട്ടല്ല, അവിടദ്ദേഹം അഭയപ്പെട്ടത്. അദ്ദേഹത്തിന്റെ സഹോദരീപുത്രനായ കേരളത്തിന്റെ മുൻ ഡിജിപി ജേക്കബ് പുന്നൂസ് പുഷ്പഗിരി മെഡിക്കൽ കോളഡിന്റെ ഉന്നതാധികാര ശ്രേണിയിൽ വർത്തിക്കുന്ന സാഹചര്യത്തിൽ അവിടൊരു മുറി തരപ്പെടുത്തി തെല്ലു വിശ്രമിക്കുന്നു എന്നേയുള്ളു.

കണ്ണട കൂടാതെയാണ് ഇപ്പോഴും അച്ചന്റെ എഴുത്തും വായനയും. ഒരു യൗവ്വനക്കാരനുള്ളത്ര സൂക്ഷ്മമായ കേൾവിശക്തിയുണ്ട്. ഓർമ്മകൾക്കാണെങ്കിൽ ഇപ്പോഴും പതിനേഴിന്റെ ചെറുപ്പം. നമ്മുടെ ഇടവകയുടെ സമ്പൂർണ്ണചരിത്രമടങ്ങിയ 'സന്നിധി' എന്ന ദേവാലയ കൂദാശ, സ്മരണികയുടെ കോപ്പി ഞാൻ അച്ചന് സമ്മാനിച്ചു. ആവേശപൂർവം അതിന്റെ താളുകളിലൂടെ അച്ചന്റെ സൂക്ഷ്മനയനങ്ങൾ പരതി മുന്നേറി. ഈ സന്നിധി ഒരു നിധിതന്നെയാണല്ലോ എന്നായിരുന്നു അച്ചന്റെ വിധിനിർണയം. അന്ന് ഇരുപതും ഇരുപത്തഞ്ചും വയസ്സു മാത്രം പ്രായമുണ്ടായിരുന്നവരുടെ പിൽക്കാല ഫോട്ടോകളിലെ രൂപപരമായ അന്തരം കണ്ട് അന്തംവിട്ട് അച്ചൻ ഊറിച്ചിരിക്കുന്നുണ്ടായിരുന്നു. അതിനിടയിൽ അച്ചൻ പറഞ്ഞു 'മൈലപ്ര ഇടവകയിലെ അന്നത്തെ എല്ലാ വീടുകളിലും ഞാൻ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും കടന്നുചെന്നിട്ടുണ്ട്.



ഫാ. ജോൺ മാത്യു
ഇലഞ്ഞിലേത്ത് അന്നും ഇന്നും





www.malankaralibrary.com

അന്നത്തെ ആളുകളെ എല്ലാവരേയും എനിക്ക് നല്ല ഓർമ്മയുണ്ട് മേലേതിൽ ഈശോ, കരുവഞ്ചേരിൽ ഉണ്ണി ഡോക്ടർ, വല്യത്ത് ബേബി, ജോയി, രാജൻ തുടങ്ങിയവരെപ്പറ്റി വ്യക്തിപരമായും കാലായിൽ, ചാമക്കാലായിൽ, മുരുപ്പേൽപീടികയിൽ, മേലേതിൽ, പുതിയേൽ, പുതിയമേലേതിൽ, കോഴിമലയിൽ, കൊച്ചുവിളയിൽ എന്നിങ്ങനെ പല ഭവനങ്ങളെപ്പറ്റിയും പൊതുവായും അച്ചൻ തിരക്കി. അച്ചന്റെ അപാരമായ ഓർമ്മശക്തി ഒന്നു പരീക്ഷിക്കാനായി ഞാനെന്റെ വല്യപ്പച്ചനെപ്പറ്റി ആരാഞ്ഞു. നിമിഷാർദ്ധംപോലും വേണ്ടിവന്നില്ല, തൽക്ഷണം കൃത്യമായ മറുപടി കിട്ടി; **a very tall, fair and handsome fellow.**

അച്ചന്റെ ഭവനസന്ദർശനത്തെപ്പറ്റി പറഞ്ഞല്ലോ. അവ കേവലം അനുഷ്ഠാനപരമായിരുന്നില്ല. ഹൃദയാലിവുള്ള ഒരു നല്ലിടയൻ ദൈവം തനിക്കു ദാനമായി നൽകിയവയൊക്കെ അപരനുമായി പങ്കവയ്ക്കാനുള്ള സ്നേഹയാത്രകളായിരുന്നു അവ. പഠനത്തിൽ സമർത്ഥരെന്നു കണ്ടവർക്കൊക്കെ ഉപരിപഠനത്തിനുള്ള വാതായനങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. തന്റെ സ്വത്തും സിദ്ധികളും സമയവുമെല്ലാം മറ്റുള്ളവർക്കായി വീതിച്ചു നൽകുന്നതിലുള്ള ആ ഉദാരത അന്നത്തെ നിസ്സഹായരായ വെറും സാധാരണക്കാർക്ക് എന്തൊരാശ്വാസകരമായിരുന്നെന്നോ!

അക്കാലത്ത് മിക്കവാറും എല്ലാ ദിവസവും അച്ചനോടൊപ്പം ബാഡ്മിന്റൻ കളിക്കാൻ ഇടവകക്കാരും ഇതര സുഹൃത്തുക്കളുമായ ചെറുപ്പക്കാർ പള്ളിമുറ്റത്ത് ഒത്തുകൂടുമായിരുന്നു. അങ്ങനെ ഒരു ദിവസം വൈകിട്ട് കളിച്ചുകൊണ്ടിരിക്കുമ്പോൾ രാജ്യത്തെയെന്നല്ല ലോകത്തെതന്നെ നടുക്കിയ ഒരു വാർത്ത റേഡിയോയിലൂടെ നാടെങ്ങും കാട്ടുതീ കണക്കേ പടർന്നെരിഞ്ഞ കാര്യവും അച്ചൻ അനുസ്മരിച്ചു.

മഹാത്മാഗാന്ധി വെടിയേറ്റു കൊല്ലപ്പെട്ടു എന്ന വാർത്തയായിരുന്നു അത്. ഗാന്ധിജി ജനിച്ച ഒക്ടോബർ 2 ന് തന്നെയാണ് ഇലഞ്ഞിലേത്തച്ചനും ജനിച്ചത്. 1918 ൽ. തുടർന്ന് ചിത എരിഞ്ഞുതീരുംവരെ റേഡിയോയിലൂടെ 'രഘുപതി രാഘവ രാജാറാം' എന്ന ഗാനം വിഷാദാത്മകമായി പാടിക്കൊണ്ടിരുന്ന കാര്യവും അച്ചൻ ഓർത്തുപറഞ്ഞു. 'ഇന്നും എന്നെ സങ്കടപ്പെടുത്തുന്ന മറ്റൊരോർമ്മകൂടിയുണ്ട്. എഴുപത്തഞ്ചു വർഷം മുമ്പുള്ള ആ മൈലപ്രവാസകാലത്ത്. അതെന്താണെന്നറിയാൻ ഞാൻ ജിജ്ഞാസുവായി. അച്ചൻ തുടർന്നു 'മുരുപ്പേൽ പീടികയിലെ തോമ്മാച്ചായന്റെ മകൻ ബേബിക്ക് അന്നു പ്രായം എട്ട്. പള്ളിയുടെ സർവ്വകാര്യസ്ഥനായിരുന്ന തോമ്മാച്ചായന്റെ കൂടെ ബേബിയും മിക്ക ദിവസങ്ങളിലും പള്ളിയിൽ കാണും. റാന്നിയിൽ വിവാഹം ചെയ്ത എന്റെ പെങ്ങൾ (മുൻ ഡിജിപി ജേക്കബ് പുന്നൂസിന്റെ അമ്മ) അന്ന് എന്നെ കാണാൻ ഒരു വൈകുന്നേരം, ബസിൽ വരുന്നുണ്ടെന്നറിഞ്ഞു. പള്ളിപ്പടിയിൽ വണ്ടിയിറങ്ങുന്ന പെങ്ങളെ പള്ളിമേടയിലേക്കു കൂട്ടിക്കൊണ്ടുവരാനായി ഞാൻ ബേബിയെ പറഞ്ഞുവിട്ടു. അവൻ ഉത്സാഹപൂർവ്വം പോവുകയും ചെയ്തു. എന്നാൽ ഉടനെ ഇടിവെട്ടി ഒരു തുലാമഴപ്പെയ്ത്തായിരുന്നു. എങ്ങും കയറി നിൽക്കാൻ ഒരിടമില്ല. ആ പേമഴ മുഴുവൻ നനഞ്ഞ് പെങ്ങൾ വന്ന് വണ്ടിയിറങ്ങുന്നതുവരെ ആ എട്ടുവയസ്സുകാരൻ അവിടെ നിന്നു. പെങ്ങളെയും കൂട്ടി മേടയിൽ വന്നുകയറിയ അവൻ കുളിർന്നു വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു. ഞാൻ വേഗം തോർത്ത് എടുത്തുകൊണ്ടുവന്ന് അവന്റെ തല തോർത്തിക്കൊടുത്തു. വീട്ടിൽ ചെന്ന് അവൻ ഒരാഴ്ച പനിച്ചു കിടന്നു.'

രണ്ടു മണിക്കൂറിലേറെ ഇടതടവില്ലാതെ വാചാലനായി അച്ചൻ, ഓർമകളുടെ ചൂട്ടുകറ്റ വീശിത്തെളിച്ച് എന്നിലെ ചരിത്രകുതുകിയെ കൈപിടിച്ചു നടത്തുകയായിരുന്നു. അച്ചൻ പറഞ്ഞു, 'ഞാൻ അവിടെ വരുമ്പോൾ സെന്റ് ജോർജ് ചാപ്പലിനു പകരം സേക്രഡ് ഹാർട്ട് ദേവാലയം പണിതിരുന്നു. അതിന്റെ വടക്കേ കുന്നിലുള്ള ഓടിട്ട ബംഗ്ലാവിലാണ് ഞാൻ താമസിച്ചിരുന്നത്. ഞാൻ നമ്മുടെ പള്ളിയുടെ മുൻഭാഗത്തായി അന്നൊരു തേക്കിൻതൈ നട്ടിരുന്നു. ഞാൻ തിരിച്ചുപോരുമ്പോൾ ആ തേക്കുമരം ഇരുപതടിയോളം ഉയരത്തിൽ വളർന്നു നിന്നിരുന്നു. ആ മരം ഇപ്പോഴുമുണ്ടോ?' ഞാൻ അവ്യക്ത ധാരണയോടെ പറഞ്ഞു; 'അച്ചാ,. ഒരു പക്ഷേ വളർച്ച മുറ്റിയ ആ തേക്കുമരം പുതിയ പള്ളിയുടെ നിർമ്മാണത്തിന് എടുത്തിരിക്കാം.' അതു കേട്ട് ചാരിതാർത്ഥ്യത്തോടെ അച്ചൻ പറഞ്ഞു; 'എങ്കിൽ നന്നായി. പുതിയ പള്ളിയിൽ ഞാൻ നട്ടുനനച്ച് വളർത്തിയ ആ മരത്തിനും ഇത്തിരി ഇടം കിട്ടിയല്ലോ.

ഞാനാ വൃദ്ധപിതാവിന്റെ സവിധത്തിൽ താണു നമിച്ച് സ്തുതിയുടെ ഉപചാരം ചൊല്ലി തിരിച്ചിറങ്ങവേ, അച്ചന്റെ സ്വരം പിന്നിൽ ഒരാഗ്രഹംപോലെ ധ്വനിക്കുന്നുണ്ടായിരുന്നു; 'എനിക്കൊന്നൂടെ അവിടംവരെ വരണമെന്നുണ്ട്, എന്റെ മൈലപ്രയിൽ.' ■



www.malankaralibrary.com



# മൈലപ്രയും എന്റെ ദൈവവിളിയും

വന്ദ്യ ജോസഫ്
ചാമക്കാലായിൽ റമ്പാൻ

> ദേവാലയം ഞങ്ങൾക്ക് ഹരമായിരുന്നു. അന്ന് ദേവാലയത്തിൽ ഏറ്റവും ഭംഗിയായി നടക്കുന്ന ഒന്നായിരുന്നു സൺഡേ സ്കൂൾ ക്ലാസ്സുകൾ.

എന്റെ പേര് ജോസ് ചാമക്കാലായിൽ. ചാമക്കാലായിൽ മാത്തൻ മത്തായിയുടെ മൂത്ത മകൻ തോമാസാറിന്റെ 10 മക്കളിൽ എട്ടാമനാണ് ഞാൻ. എന്റെ ബാല്യം മൈലപ്രയുമായി ബന്ധപ്പെട്ടിരിക്കുന്നു. അക്ഷരജ്ഞാനം വളരെ ആദരണീയനായ ഒരു ആശാന്റെ കീഴിലായിരുന്നു. അതിന് ശേഷം ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെയുള്ള എന്റെ പ്രാഥമിക പഠനം എൻഎംഎൽപി.സ്കൂളിൽ ആയിരുന്നു. അവിടെ ഉണ്ടായിരുന്ന ദാനിയേൽസാറിനെയും ഗ്ലോറിയമ്മ ടീച്ചറിനെയും അമ്മിണി ടീച്ചറിനെയും പത്രോസ് സാറിനെയുമൊക്കെ വളരെ നന്ദിയോടെ ഓർക്കുന്നു.


ഈ സന്ദർഭത്തിൽ മൈലപ്ര തിരുഹൃദയ കാത്തോലിക്കാ പള്ളിയിൽ ഏറ്റവും ആദരണീയനായ മൈലപ്ര അച്ചനായിരുന്നു വികാരി. മൈലപ്ര ദേവാലയത്തിന്റെ ചരിത്രം മൈലപ്ര അച്ചന്റെ ചരിത്രം കൂടിയാണ്. ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ വിശ്വാസവും ജീവിതക്രമവും മനസ്സിലാക്കിയ അനേകം ശ്രേഷ്ഠ വൈദീകരോടൊപ്പം മൈലപ്ര അച്ചൻ മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയായിരുന്നു. ആ കാലയളവിൽ പുതുതായി പട്ടം സ്വീകരിച്ച മാത്യു പൊൻമേലിൽ അച്ചനായിരുന്നു മൈലപ്ര അച്ചന്റെ ഇടവക അസിസ്റ്റന്റ്. ആ കാലയളവിലാണ് ഞാൻ ആദ്യ കുർബാന സ്വീകരിക്കുന്നത്. രണ്ടുമൂന്നു മാസത്തെ തീവ്രമായ പഠനത്തിന് ശേഷം പുണ്യശ്ലോകനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ദേവാലയത്തിൽ എഴുന്നള്ളുകയും ഞങ്ങൾ കുട്ടികൾക്ക് ആദ്യ കുർബാന നൽകുകയും ചെയ്തു. ആ ദിവസം ജീവിതത്തിൽ ഒരിക്കലും മറക്കാവുന്ന ഒന്നല്ല. ഒന്നാമതായി ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ അടുത്തു കാണുക, വന്ദ്യപിതാവിന്റെ ബലിയിൽ സംബന്ധിക്കുക, പിതാവിൽനിന്നു വി. കുർബാന സ്വീകരിക്കുക, പിതാവിനോടൊപ്പം നിന്ന് ഫോട്ടോ എടുക്കുക. അസാദ്ധ്യമായ കാര്യം സാധിച്ച നിർവൃതി. രണ്ടാമതായി ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം വി. കുർബാന സ്വീകരണം പൂർണമായ ദിവസമാണ്. ആദ്യ കുർബാന സ്വീകരണത്തിന് ശേഷം ദേവാലയത്തിൽ മദ്ബഹായിൽ പ്രവേശിക്കുവാനുള്ള അനുവാദം ലഭിച്ചു. എല്ലാ ദിവസവും രാവിലെ ദേവാലയത്തിൽ വി. കുർബാനയ്ക്ക് പോകുമായിരുന്നു. രാവിലെ വി. കുർബാന കഴിഞ്ഞാൽ ഉടനെ വല്യച്ചൻ വീട്ടിൽനിന്നു വരുമായിരുന്നു. ദേവാലയത്തിലെ ഇടതുവശത്തുള്ള ചെറിയ അൾത്താര വല്യച്ചനുവേണ്ടി മാറ്റിവച്ചിരിക്കുകയായിരുന്നു. പ്രത്യേകം കാസായും പീലാസയും കുർബാന കുപ്പായം ഉണ്ടായിരുന്നു. പിന്നെ വല്യച്ചന്റെ കുർബ്ബാനയും കഴിഞ്ഞാണ് ദേവാലയത്തിൽ നിന്ന് പോകുന്നത്. നാലാം ക്ലാസ് കഴിഞ്ഞ് ഞാൻ പഠനം പത്തനംതിട്ടയിൽ ചുട്ടിപ്പാറ സ്കൂളിലേക്ക് മാറ്റി. അഞ്ചാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ചുട്ടിപ്പാറ സ്കൂളിലാണ് പഠിച്ചത്.

എല്ലാ ശനിയാഴ്ചയും ഞങ്ങൾ കുറേ കുട്ടികൾ അധ്യാപകരുടെ നേതൃത്വത്തില് ദേവാലയത്തിലെ നെടുനീളത്തിലുള്ള ഏഴു കയറ്റുപായകൾ പുറത്തെടുത്ത് കുടഞ്ഞു വൃത്തിയാക്കുമായിരുന്നു. പള്ളി തൂത്ത് വൃത്തിയാക്കി മദ്ബഹാ അലങ്കരിച്ച് പൂക്കളും മെഴുകുതിരികളും ക്രമീകരിച്ചു പോകുമ്പോൾ ശരീരം മുഴുവൻ വിയർപ്പും മണ്ണുമായിരിക്കും. ദേവാലയം ഞങ്ങൾക്ക് ഹരമായിരുന്നു. അന്ന് ദേവാല

www.malankaralibrary.com

*In ever loving memory of...*

*Who departed to*
*our Heavenly Father*
*on 17.01.2022.*
*May his soul*
*Rest In Peace.*



**Xavier Thomas**
**Melethil House**

പാവനസ്മരണയ്ക്ക്



**റ്റി. റ്റി. ദാനിയേൽ**
**താഴത്തേതിൽ**

www.malankaralibrary.com

യത്തിൽ ഏറ്റവും ഭംഗിയായി നടക്കുന്ന ഒന്നായിരുന്നു സൺഡേ സ്കൂൾ ക്ലാസ്സുകൾ. ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു പേരാണ് കോഴിമല ഏബ്രഹാം സാർ. ഏത് ക്ലാസ്സിൽ ഏത് പാഠം പഠിപ്പിക്കാൻ തുടങ്ങിയാലും അത് അവസാനിക്കുന്നത് കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ കത്തോലിക്കാ സഭയിലായിരിക്കും. ഏക സത്യസഭ കത്തോലിക്കാ സഭ മാത്രമാണ്. ഇത് കേട്ടാണ് ഞങ്ങൾ വളർന്നുവന്നത്.

1968 ൽ ഞാൻ സ്കൂളിൽ പത്താം ക്ലാസ്സിൽ പരീക്ഷ എഴുതുകയായിരുന്നു. പത്താം ക്ലാസ്സ് കഴിഞ്ഞ് എന്ത് ചെയ്യണം ഒരു പിടിയുമില്ലായിരുന്നു. കാതോലിക്കേറ്റ് കോളജിൽ പ്രീഡിഗ്രിക്കു ചേരുവാൻ വീട്ടുകാർ അഭിപ്രായം പറഞ്ഞിരുന്നു. ഈ അവസരത്തിൽ എന്റെ കൂട്ടുകാരനായ തെക്കേടത്ത് ചെറിയാൻ റ്റി. ജോർജ്ജ് തിരുവനന്തപുരം കാണാൻ പോകുന്നു വരുന്നോ എന്ന് ചോദിച്ചു. അങ്ങനെ അവധിക്കാലമല്ലേ തിരുവനന്തപുരത്ത് പോകാം എന്ന് ചിന്തിച്ച് കൂടെ പോയി. കേശവദാസപുരത്ത് എത്തിയപ്പോൾ അവിടെ ഇറങ്ങി. തിരുവനന്തപുരം മൈനർ സെമിനാരിയിൽ ധ്യാനമുണ്ടെന്നും അതിൽ സംബന്ധിക്കാമെന്നും പറഞ്ഞു. മനസ്സില്ലാമനസ്സോടെ അതിൽ പോയി സംബന്ധിച്ചു. തിരുവനന്തപുരം മ്യൂസിയം, കടൽ, വെട്ടുകാട്, കാഴ്ചബംഗ്ലാവ്, വിമാനത്താവളം ഒക്കെ കണ്ട് തിരിച്ചുപോയി. രണ്ട് ആഴ്ച കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തു നിന്ന് ഒരു ഇന്റർവ്യൂ സംബന്ധിച്ച് കത്തുകിട്ടി. വീണ്ടും ഞങ്ങൾ തിരുവനന്തപുരത്തിന് പോയി. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവാണ് ഇന്റർവ്യൂ നടത്തിയത്. റിസൽട്ട് പിന്നാലെ അറിയിക്കാമെന്ന് പറഞ്ഞ് ഞങ്ങളെ തിരിച്ചുവിട്ടു. ഈ വിവരങ്ങൾ ഒന്നും വീട്ടുകാർക്ക് അറിയില്ല. മേയ് പകുതിയോടുകൂടി തിരുവനന്തപുരത്ത് നിന്ന് സെമിനാരിയിൽ അഡ്മിഷൻ കിട്ടിയെന്നും ജൂൺ 10ന് സെമിനാരിയിൽ വൈദികപഠനത്തിനായി ചെല്ലണമെന്നും പറഞ്ഞ് കത്ത് കിട്ടി. കത്ത് വീട്ടിൽ അപ്പന്റെ കൈയിലാണ് കിട്ടിയത്. അന്ന് സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് അപ്പൻ ഈ കത്ത് പരസ്യമായി



കത്ത് വീട്ടിൽ അപ്പന്റെ കൈയിലാണ് കിട്ടിയത്. അന്ന് സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് അപ്പൻ ഈ കത്ത് പരസ്യമായി വായിച്ചു. ആർക്കുള്ളതാണെന്ന് ആർക്കും അറിയില്ല.

വായിച്ചു. ആർക്കുള്ളതാണെന്ന് ആർക്കും അറിയില്ല. ഞാൻ കത്ത് പിടിച്ച് വാങ്ങി ഓടി. അങ്ങനെ വീട്ടിൽ അറിയിക്കാനുള്ള ബുദ്ധിമുട്ട് ഒഴിഞ്ഞു കിട്ടി. ഏറ്റവും വലിയ കടമ്പ വികാരി അച്ചന്റെ കത്താണ്. പിറ്റേ ദിവസം ഞങ്ങൾ രണ്ട് പേരും വി. കുർബാന കഴിഞ്ഞ് വികാരി അച്ചനെ കാണാൻ ചെന്നു. അന്ന് ഞങ്ങളുടെ വികാരി ഏബ്രഹാം തെക്കേടത്ത് അച്ചനായിരുന്നു. അച്ചനെക്കുറിച്ച് പറയുകയാണെങ്കിൽ ഓരോ വീട്ടിലെയും ഓരോരുത്തരെയും ബ. അച്ചന് നല്ല പരിചയവും ബന്ധവുമായിരുന്നു. ഞങ്ങളുടെ കുടുംബവുമായി പ്രത്യേകിച്ച് ഞങ്ങളുടെ ചാച്ചനുമായി നല്ല ബന്ധമായിരുന്നു ബ. അച്ചന്. എന്നാൽ എന്നെക്കുറിച്ച് അത്ര നല്ല മതിപ്പ് ഒന്നും അച്ചന് ഉണ്ടായിരുന്നില്ല. എന്റെ കൂടെ ഉണ്ടായിരുന്ന തെക്കേടത്തെ ജോർജ് അച്ചായന്റെ മകൻ ബാബുവിന് അച്ചൻ വളരെ സന്തോഷത്തോടുകൂടി സെമിനാരിയിൽ ചേരാനുള്ള കത്ത് നൽകി. എന്നാൽ എന്റെ കാര്യം വന്നപ്പോൾ അച്ചൻ ഒരുവിധത്തിലും എനിക്ക് കത്തു തരാൻ തയാറായിരുന്നില്ല. അത് അച്ചൻ മുഖത്തു നോക്കി പറയുകയും ചെയ്തു. നീ പോകണ്ട. നീ പോയാൽ അവിടെ നിൽക്കില്ല. നിനക്ക് ഞാൻ കത്ത് തരില്ല. അത് എന്റെ ജീവിതത്തിലെ ഏറ്റവും നിർണായകമായ ഒരു നിമിഷമായിരുന്നു. അതുവരെ സെമിനാരിയിൽ ചേരുന്നതിനെക്കുറിച്ച് ഞാൻ ഗൗരവമായി ചിന്തിച്ചിട്ടുപോലും ഇല്ല. ജീവിതത്തിൽ ഒരിക്കലും ഒരു അച്ചനാകുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല. എങ്ങനെയോ ബാബുവിന് കൂട്ടാളിയായി തിരുവനന്തപുരത്ത് ധ്യാനത്തിനും ഇന്റർവ്യൂനും പോയി. അത്രമാത്രം. എന്നാൽ കത്ത് തരില്ല എന്ന ബ. അച്ചൻ പറഞ്ഞപ്പോൾ അത് എന്റെ ഹൃദയത്തെ വല്ലാതെ മുറിച്ചു കളഞ്ഞു. ഞാൻ അറിയാതെ ഒന്നു രണ്ടു തുള്ളി കണ്ണുനീർ അടർന്നുവീണു. എന്നാൽ കരയാൻ എന്റെ അഹങ്കാരം എന്നെ അനുവദിച്ചില്ല. ഇതൊന്നും പറയാതെ ഞാൻ എന്റെ ചാച്ചനോട് അച്ചന്റെ കത്ത് വാങ്ങിത്തരണം എന്ന് ആവശ്യപ്പെട്ടു. പിറ്റേ ദിവസംതന്നെ എന്റെ ചാച്ചൻ അച്ചനെ കാണു

www.malankaralibrary.com

സ്നേഹ സ്മരണയ്ക്ക്





സി.ജി. മത്തായി

അന്നമ്മ മത്തായി

ചാമക്കാലായിൽ

*In Loving memory of*



**C.G. Varghese &**
**Kunjunjamma Varghese**
**Chamakalayil**

www.malankaralibrary.com

കയും കത്ത് വാങ്ങി തരികയും ചെയ്തു. ചാച്ചൻ പറഞ്ഞതായി പിന്നീട് അച്ചൻ പറഞ്ഞു: 'പോകുന്നെങ്കിൽ പോകട്ടെ, തിരിച്ചുപോരുന്നെങ്കിൽ തിരിച്ചുവരട്ടെ.' അങ്ങനെ കത്ത് കിട്ടി. പിന്നീട് കത്തിൽ പറഞ്ഞിരുന്ന എല്ലാ സാധനങ്ങളും വാങ്ങി പോകാൻ കാത്തിരുന്നു.

1968 ജൂൺ 10-ന് ആയിരുന്നു പോകേണ്ടത്. തലേദിവസം വീട്ടുകാരെയും പള്ളിക്കാരെയും ഒക്കെ കൂട്ടി നല്ല തോതിൽ ഒരു പ്രാർഥനയും എല്ലാവരേടെയും അനുഗ്രഹവും എനിക്ക് ലഭിച്ചു.

പിറ്റേ ദിവസം രാവിലെ മൂഴിയാർ-തിരുവനന്തപുരം ബസിൽ യാത്ര ആരംഭിച്ചു. ഒരു അത്ഭുതമെന്നോണം കടമ്മനിട്ടയിൽനിന്ന് രാജു തോമസും (സാമുവൽ മാർ ഐറേനിയോസ്) വടശ്ശേരിക്കരയിൽനിന്ന് ജോസഫും (ജോസഫ് മാർ തോമസ്) മൈലപ്രയിൽ നിന്ന് ചെറിയാൻ റ്റി ജോർജ്ജും (ബാബു) ഞാനും ഒരേ ബസ്സിൽ, ഒരേ ദിവസം തിരുവനന്തപുരം സെന്റ് അലോഷ്യസ് സെമിനാരിയെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. മൂന്ന് വർഷത്തെ മൈനർ സെമിനാരി ജീവിതം കഴിഞ്ഞ് ചെറിയാനെയും എന്നെയും മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിലേക്ക് അയച്ചു. രണ്ട് വർഷത്തെ തത്വശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കി റീജൻസിക്കായി തിരുവനന്തപുരത്ത് എത്തി. മംഗലാപുരത്ത് തത്വശാസ്ത്രപഠനം ആ വർഷങ്ങളിൽ രണ്ടു വർഷം മാത്രം ഉണ്ടായിരുന്നതിനാൽ ഞങ്ങളുടെ സീനിയേഴ്സിന്റെ കൂടെ റീജൻസിക്ക് വരാൻ കാരണമായി. സീനിയർ ബാച്ചിൽ മൂന്നു പേരായിരുന്നു. ബ. കോശി വർഗ്ഗീസ് (ജോഷ്വ മാർ ഇഗ്നാത്തിയോസ്) ബ. ദാനിയേൽ കുഴിത്തടം, ബ. അലക്സാണ്ടർ കോയിക്കലേത്ത് അച്ചനും ഞങ്ങൾ രണ്ടുപേരും ചേർന്ന് അഞ്ചു പേർ റീജൻസി ആരംഭിച്ചു. ബ. ദാനിയേൽ കുഴിത്തടം, ബ. ചെറിയാൻ എന്നിവർ അരമനയിൽ വന്ദ്യപിതാവിന്റെ കൂടെയും ബ. കോശി വർഗീസ്, അലക്സാണ്ടർ എന്നിവർ സ്കൂളുകളിൽ സന്ദർശിച്ച് കുട്ടികളെ വിശ്വാസം പഠിപ്പിക്കുക എന്ന ചുമതലയും ഞാൻ മൈനർ സെമിനാരിയിൽ വന്ദ്യ ജോസഫ് ഞായല്ലൂർ അച്ചന്റെ കൂടെയും ശുശ്രൂഷ ആരംഭിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ ചെറിയാൻ പഠനം നിർത്തി ഭവ



ദൈവകൃപയാൽ അനേകം ദൈവവിളി കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും അവരെ വൈദിക പദവിയിലേക്ക് ഉയരാൻ സഹായിക്കാനും എനിക്ക് സാധിച്ചു എന്ന് നന്ദിയോടെ ഓർക്കുന്നു.

നത്തിലേക്ക് പോന്നു. ഞങ്ങൾ നാലു പേരും വിജയകരമായി റീജൻസി പൂർത്തിയാക്കി. പുത്തൻപീടിക പള്ളിയിൽ സഭാവസ്ത്രം സ്വീകരിച്ചു. ഞാൻ മംഗലാപുരത്തേക്കും അവർ മൂന്നുപേരും തൃച്ചി സെമിനാരിയിലേക്കും ദൈവശാസ്ത്രപഠനത്തിനായി പോയി.

നാലു വർഷത്തെ വിജയകരമായ തത്വശാസ്ത്രപഠനം പൂർത്തിയാക്കി 1978 മാർച്ച് 19ന് ഞാൻ തിരുവനന്തപുരത്ത് എത്തി. ഞങ്ങളുടെ പട്ടം തീരുമാനിച്ചിരുന്നു. 1978 ഏപ്രിൽ 2 കോശി ശെമ്മാശൻ കിഴക്കേ തെരുവിലും ഏപ്രിൽ 3-ാം തീയതി ദാനിയേൽ ശെമ്മാശ്ശൻ ഉള്ളന്നൂർ ദേവാലയത്തിലും ഏപ്രിൽ 4ന് അലക്സാണ്ടർ ശെമ്മാശ്ശൻ വകയാർ ദേവാലയത്തിലും ഏപ്രിൽ 5ന് ഞാൻ മൈലപ്രാ ദേവാലയത്തിലും ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ തൃക്കയ്യാൽ കശ്ശീശ്ശാ പട്ടം സ്വീകരിച്ചു വൈദികരായി. അവിടെനിന്ന് എന്റെ വൈദിക ജീവിതം ആരംഭിച്ചു. എന്നെ സെമിനാരിയിൽ വിട്ടത് ബ. ഏബ്രഹാം തെക്കേടത്തച്ചനും, എന്റെ വൈദിക പട്ട സമയത്ത് എന്റെ വികാരി ബ. കുര്യൻ ഇലഞ്ഞിമറ്റം അച്ചനുമായിരുന്നു. രണ്ടുപേരും ഇന്ന് സ്വർഗത്തിലാണ്. രണ്ടു പേരെയും വളരെ നന്ദിയോടെ ഓർക്കുന്നു. അവരുടെ പ്രാർത്ഥന, സ്നേഹം, സഹകരണം, സഹായം എല്ലാം എന്നെ ഒത്തിരി വളർത്തി. എന്റെ പത്തു വർഷത്തെ സെമിനാരി ജീവിതത്തിനിടയ്ക്ക് പലരേയും സെമിനാരിയിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ എനിക്ക് സാധിച്ചു. അതിൽ ചിലർ കൊച്ചുവിളയിൽ ബോബൻ, നായിക്കംപറമ്പിൽ റെജി (ഇപ്പോൾ ബിഷപ് തോമസ് മാർ യൗസേബിയോസ്), പിന്നെ കൊച്ചുവിളയിൽ രാജൻ ഫിലിപ്. നാല്പത്തഞ്ച് വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ 58 ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്യാനും മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ ഡയറക്ടർ ആകാനും അഞ്ചു വർഷക്കാലം പദയാത്ര നയിക്കാനും എനിക്ക് സാധിച്ചു. അതുപോലെ മലങ്കര മേജർ സെമിനാരിയിൽ പ്രൊക്കുറേറ്റർഎന്ന ചുമതല വഹിച്ചുകൊണ്ട് അവിടെ സെമിനാരി കെട്ടിടംപണി വന്ദ്യ കാക്കനാട്ടു അച്ചന്റെ നേ

www.malankaralibrary.com

*In loving memory of...*



"If tears could
build a stairway &
memories were a lane,
we would walk right
up to Heaven and
bring you back again..."

**M.T. THOMAS**
**(MONI)**
**(05.10.1950 - 31.10.2016)**
**Mannil, Mylapra**

**പാവനസ്മരണയ്ക്ക്**



**എം.പി. വർഗീസ്**
**മരോട്ടിനിൽക്കുന്നതിൽ**

www.malankaralibrary.com

തൃത്വത്തിൽ നിർവഹിക്കാൻ സാധിച്ചു. വന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സാമ്പത്തിക കാര്യാലയത്തിന്റെ ചുമതല വഹിക്കാനും വന്ദ്യപിതാവിന്റെ രോഗസമയത്ത് വന്ദ്യപിതാവിനെ ശുശ്രൂഷിക്കാനും കാലംചെയ്തപ്പോൾ അതിന്റെ കാര്യങ്ങൾ ഒക്കെ നിർവഹിക്കാനും എനിക്ക് ഭാഗ്യം ലഭിച്ചു. പിന്നീട് ഒരു വർഷക്കാലത്തോളം അഡ്മിനിസ്ട്രേറ്റർ അപ്രേം പിതാവിന്റെ കൂടെ അരമനയിൽ സാമ്പത്തികകാര്യങ്ങൾ നിർവഹിക്കാനും പിന്നെ സഭയുടെ മെത്രാപോലീത്താ ആയ സിറിൾ പിതാവിന്റെ കൂടെ ഒരു വർഷം സാമ്പത്തികകാര്യങ്ങൾ നിർവ്വഹിക്കാനും സാധിച്ചു.

അതിനുശേഷം മദ്രാസ് ദേവാലയത്തിന്റെ ചുമതലയും മാർ ഗ്രീഗോറിയോസ് കോളജിന്റെ സെക്രട്ടറി ആയും സേക്രഡ് ഹാർട്ട് മെട്രിക്കുലേഷൻ സ്കൂളിന്റെറ പ്രിൻസിപ്പലായും ഏഴ് വർഷം ശുശ്രൂഷ ചെയ്തു. 2003 ൽ എന്റെ പൗരോഹിത്യ രജതജൂബിലി ആയിരുന്നു. അന്നാണ് മൈലപ്ര പുതിയ ദേവാലയത്തിന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി കല്ലിട്ടത്. അന്ന് ബ. ജോൺ ജി. വടക്കേപ്പുറം അച്ചനായിരുന്നു വികാരി. ബ. അച്ചന്റെ ത്യാഗത്തിന്റെയും അശ്രാന്തപരിശ്രമത്തിന്റെയും ഇടവക കൂട്ടായ്മയുടെയും സഹകരണത്തിന്റെയും പ്രതിഫലനമാണ് മനോഹരമായ ഈ ദേവാലയം. ബ. അച്ചനെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. അതിനുശേഷം വന്ദ്യക്ലീമീസ് പിതാവ് തിരുവനന്തപുരം ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പിതാവും തലവനുമായി ചുമതല ഏറ്റപ്പോൾ വന്ദ്യ പിതാവിന്റെ നിർദേശമനുസരിച്ച് ചെന്നൈയിൽ നിന്നു മടങ്ങിവന്ന് തിരുവനന്തപുരം മൈനർ സെമിനാരിയിൽ 3 വർഷം റെക്ടറാകാനും സാധിച്ചു. 2010ൽ തിരുവനന്തപുരം അതിഭദ്രാസനം വിഭജിച്ച് പത്തനംതിട്ട രൂപത രൂപം പ്രാപിച്ചപ്പോൾ അതിന്റെ പ്രഥമ മെത്രാനായി മാർത്താണ്ഡം രൂപതയുടെ മെത്രാൻ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനെയാണ് ചുമതല ഏൽപ്പിച്ചത്. വന്ദ്യപിതാവിന്റെ നിർദേശമനുസരിച്ച് പത്തനംതിട്ട രൂപത തിരഞ്ഞെടുക്കുകയും അതിന്റെ പ്രഥമ വികാരി ജനറലായി ഞാൻ നിയമിക്കപ്പെടുകയും ചെയ്തു. വളരെ ഭംഗിയായി വന്ദ്യപിതാവന്റെ കൂടെ 7 വർഷം ശുശ്രൂഷ ചെയ്യാൻ സാധിച്ചു. വന്ദ്യപിതാവിന്റെ സ്നേഹവും കരുതലും ഞാൻ നന്ദിയോടെ ഓർക്കുന്നു. 2014 മെയ് 20ന് മലങ്കര കത്തോലിക്കാ സഭ പരിശുദ്ധ സുന്നഹദോസ് എന്നെ കോറെപ്പിസ്കോപ്പാ ആയി ഉയർത്തി ആദരിച്ചു. സഭയോടുള്ള പ്രത്യേകം നന്ദി അറിയിക്കുന്നു. അരമനയിലെ ശുശ്രൂഷകൾക്ക് ശേഷം വന്ദ്യ പിതാവ് എന്നെ പത്തനംതിട്ട രൂപതയുടെ സെന്റ് തോമസ് മൈനർ സെമനാരിയിൽ റെക്ടറായി നിയമിച്ചു. ഇപ്പോൾ ആറു വർഷമായി ഈ ശുശ്രൂഷ ഞാൻ നിർവഹിക്കുന്നു. ദൈവകൃപയാൽ അനേകം ദൈവവിളി കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും അവരെ വൈദിക പദവിയിലേക്ക് ഉയരാൻ സഹായിക്കാനും എനിക്ക് സാധിച്ചു എന്ന് നന്ദിയോടെ ഓർക്കുന്നു.

തിരുവനന്തപുരം മേജർ അതിരൂപതയുടേയും പത്തനംതിട്ട കൂരിയ മെമ്പറായും, അഡ്മിനിസ്ട്രേഷൻ കമ്മറ്റി മെമ്പർ ആയും ഫിനാൻ കമ്മറ്റി മെമ്പറായും, പ്രെസ്ബിറ്റേറിയൻ കമ്മറ്റി മെമ്പർ, പാസ്റ്റർ കമ്മറ്റി മെമ്പർ, വിദ്യാഭ്യാസ ബോർഡ് മെമ്പർ ഇങ്ങനെ സഭയുടെ വിവിധ പ്രവർത്തനമേഖലകലിൽ പിതാക്കന്മാരോടു ചേർന്ന് പ്രവർത്തിക്കാൻ ദൈവം എന്നെ അനുവദിച്ചു. ഇതെല്ലാം മൈലപ്ര തിരുഹൃദയ കത്തോലിക്കാ ദേവാലയത്തിൽ നിന്ന് എനിക്ക് ലഭിച്ച അനുഗ്രഹങ്ങളാണ്. എന്റെ വികാരിയായിരുന്ന എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ വികാരിയായിരിക്കുന്ന ബ. പോൾ നിലക്കൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

മൈലപ്രായിൽ നിന്നു മേൽപട്ട സ്ഥാനത്തോട് ഉയർത്തപ്പെട്ട തോമസ് മാർ യൗസേബിയോസ് പിതാവിനെയും വൈദിക സഹോദരങ്ങളെയും ഇപ്പോൾ വൈദിക പരിശീലനം നടത്തുന്ന സെമിനാരിക്കാരെയും എന്റെ പ്രിയപ്പെട്ട ഇടവകാംഗങ്ങളെയും വളരെ സ്നേഹത്തോടും നന്ദിയോടും ഓർക്കുന്നു. എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുന്നു. എന്നെയും എന്നും നിങ്ങളുടെ പ്രാർഥനയിൽ ഓർക്കണമെന്ന് അപേക്ഷിക്കുന്നു. നവതി ആഘോഷിക്കുന്ന മൈലപ്രാ ദേവാലയം അനേകായിരങ്ങൾക്ക് ദൈവാനുഭവത്തിന്റെ ഒരു സ്ഥലമാകട്ടെ എന്ന് പ്രാർഥിക്കുന്നു.


ദൈവം അനുഗ്രഹിക്കട്ടെ. ■

# താഴത്തുവീട്ടിലച്ചൻ
## സ്കൂട്ടർ ഉപേക്ഷിച്ച കഥ

ജീവിതം അടിമുടി ഡിസിപ്ലിൻകൊണ്ട് നിറച്ചുവച്ച ആളായിരുന്നു ബഹു. ജോസഫ് താഴത്തുവീട്ടിലച്ചൻ. മാർ ഈവാനിയോസ് പിതാവിന്റെ അഭ്യർത്ഥന പ്രകാരം സീറോ മലബാർ സഭയിൽനിന്നും മലങ്കരയിലെത്തിയ ആദ്യകാല പുരോഹിതരിൽ ഒരാളമാണ്. അച്ചടിഭാഷയിൽ മാത്രമേ അച്ചൻ സംസാരിക്കുമായിരുന്നുള്ളൂ. അദ്ദേഹം നമ്മുടെ ഇടവകയിൽ സേവനം ചെയ്തിട്ടില്ലെങ്കിലും മൈലപ്രാ സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നു. അദ്ദേഹം നിത്യവും മൈലപ്രായ്ക്കു വന്നുകൊണ്ടിരുന്നത് ഒരു സ്കൂട്ടർ ഓടിച്ചുകൊണ്ടായിരുന്നു.

ഒരു ദിവസം മൈലപ്രാ ജംഗ്ഷന് ഇപ്പുറം ഊരകത്ത് ഇല്ലം ഭാഗത്തുവച്ച് അച്ചന്റെ സ്കൂട്ടർ ഒരപകടത്തിൽ പെട്ടു. നീളമുള്ള ഒരേണി തോളിലേറ്റി ഒരു തെങ്ങുകയറ്റക്കാരൻ, വഴിയരികിലൂടെ കുറച്ചു മുമ്പിലായി പോകുന്നത് അച്ചൻ ശ്രദ്ധിച്ചിരുന്നു. ഓർക്കാപ്പുറത്ത് പെട്ടെന്ന് ആ ഏണിക്കാരൻ ആരോടോ എന്തോ പറയാനായി ഒന്നു തിരിഞ്ഞു. ഒപ്പം ഏണിയും തിരിയുമല്ലോ. റോഡിനു വിലങ്ങനേ നിന്ന ഏണിയിൽ വന്നു തട്ടി അച്ചനും സ്കൂട്ടറും മറിഞ്ഞുവീണു. 'ഇനിമേൽ ഇത്തരം ശകടയാത്ര എനിക്കുചിതമല്ല' എന്നു പറഞ്ഞ് അച്ചൻ എന്നേക്കുമായി സ്കൂട്ടർ ഉപേക്ഷിക്കുകയും ചെയ്തു.

www.malankaralibrary.com



# ഞാനും എന്റെ പകുതിയും

സി.സി. മത്തായി ചിറ്റയ്ക്കാട്ട്



മനുഷ്യജീവിതത്തിന് അർഥവും വ്യാപ്തിയും അസ്തിത്വവും നൽകുന്നത് മനുഷ്യബന്ധങ്ങളാണ് - സ്നേഹമാണ്. അതുപ്രകാരംതന്നെയാണ് 'നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ' എന്ന് കർത്താവീശോ അരുളിയതും.

സ്നേഹിക്കുക, സ്നേഹിക്കപ്പെടുക എന്നതിലുപരി വിശ്വസിക്കപ്പെടുക എന്നതിന് ഏറെ പ്രസക്തിയുണ്ട്. ഓരോരുത്തർക്കും അവരവർക്ക് വിഹിതമായ കടമകളും കർത്തവ്യങ്ങളുമുണ്ട്. അവ നിറവേറ്റാനുള്ള ഇച്ഛാശക്തിയും ശുഷ്കാന്തിയും ഉണ്ടാകണമെന്നതുപോലെ ജീവിതപരിതഃസ്ഥിതികളുടെ അനുകൂല സാഹചര്യങ്ങളും അനിവാര്യമാണ്. ആ വസ്തുത അനുസരിച്ചുകൊണ്ടുതന്നെ പറയട്ടെ നമുക്ക് അനുകൂലമോ പ്രതികൂലമോ എന്ന പരിഗണനയ്ക്കപ്പുറം ദൈവം നമ്മോടൊപ്പം വസിക്കാൻ ദൈവത്തോടൊപ്പം നാം ആയിരിക്കേണ്ടതുണ്ട്. 'ഓർമ്മിക്കുക, ഫലം എന്തുതന്നെ ആയാലും അവ നമ്മുടെ 'നന്മയ്ക്കായിരിക്കും' ദൈവം പ്രവർത്തിക്കുന്നത്. 'വിശ്വസിക്കുക'

മൈലപ്രാ അച്ചൻ എന്നു വിളിപ്പേരുള്ള തെങ്ങുംതറ മേടയിൽ എ.ജി. ഏബ്രഹാം അച്ചനോടൊപ്പം ധാരാളം കുടുംബങ്ങൾ 1936 ജനുവരി 19 ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. താമസിയാതെ ചിറ്റക്കാട്ടു കുടുംബവും കത്തോലിക്കാ സഭയിൽ ചേർന്നു.

അക്കാലത്ത് ദേവാലയമെന്നു പറയാൻ ഇപ്പോൾ വാഹനം പാർക്കു ചെയ്യുന്ന സ്ഥലത്ത് ഒരു ചെറിയ ചാപ്പൽ മാത്രമാണ് ഉണ്ടായിരുന്നത്. ചാപ്പലിനോടു ചേർന്ന് തെക്കുവശത്തായി വൈദികർക്ക് വിശ്രമിക്കാൻ ചെറിയ മുറിയും പിന്നിലായി കുശ്ശിനിയും ഉണ്ടായിരുന്നു. സ്ഥലപരിമിതിക്കു പരിഹാരമായി മാർ ഇവാനിയോസ് പിതാവ് 1941 ൽ പുതിയ ദേവാലയത്തിന് തറക്കല്ലിട്ടു. അതിന്റെ പണി വളരെ വേഗം പൂർത്തിയാക്കി പിതാവിന്റെ തൃക്കൈകളാൽ കൂദാശ ചെയ്തു. ഇതിനെല്ലാം ഞാൻ ദൃക്സാക്ഷിയും പങ്കാളിയുമായിട്ടുണ്ട്.

ഇടവക ജനങ്ങളെ പ്രബുദ്ധരാക്കാൻവേണ്ടി പിതാവും ചേപ്പാട് റമ്പാച്ചനും ഇഞ്ചക്കലോടി അച്ചനും പലതവണ വന്ന് സുവിശേഷ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്.

സ്ഥലപരിമിതി വീണ്ടും രൂക്ഷമായപ്പോൾ ഇടവക വികാരി ബഹുമാനപ്പെട്ട ജോൺ ജി വടക്കേപ്പുറത്തച്ചന്റെ നേതൃത്വത്തിൽ അതിമനോഹരമായ ദേവാലയം നിർമിച്ചു. ആത്മീയ സംഘടനകളുമായി ചേർന്നു പ്രവർത്തിക്കുമ്പോൾ നമ്മളും അറിയാതെ പല സേവനപ്രവർത്തനങ്ങളിലും പങ്കാളികളായി മാറും. പാവപ്പെട്ടവർക്കായും വേദനിക്കുന്നവർക്കായും നമ്മുടെ അധ്വാനത്തിന്റെ പങ്കും മാറ്റിവയ്ക്കും.

ആത്മീയ സംഘടനകളുടെ പ്രവർത്തനത്താൽ അനുഗൃഹീതമാണ് മൈലപ്ര ഇടവക. എന്റെ പള്ളിയിലെ 'വിൻസെന്റ് ഡി പോൾ' സംഘടനയിലെ അംഗമായിരിക്കുമ്പോൾ ഒരു നിർദ്ധന കുടുംബത്തിന് വീടു നിർമിക്കാൻ സഹായിച്ചു. എന്റെ പേരിലുണ്ടായിരുന്ന ഒരു കല്ലറ സ്വമനസ്സാ പള്ളിക്കു വിട്ടുകൊടുത്തതുമൂലം രണ്ടു കുടുംബങ്ങൾക്ക് സ്വന്തമായി കല്ലറ നിർമിക്കാൻ സാധിച്ചു. ഒരു സാധു കുടുംബത്തിന് സാമ്പത്തിക സഹായം മാസംതോറും ചെയ്തുവരുന്നു. എനി

www.malankaralibrary.com

ക്ക് ഓർമ്മവച്ച നാൾ മുതൽ അതായത് 85 കൊല്ലമായി എന്റെ പള്ളിയിലെ പെരുനാളുകൾ, ക്രിസ്തുമസ്, ഈസ്റ്റർ, ന്യൂ ഇയർ, മറ്റു സമ്മേളനങ്ങൾ ഇവയ്ക്കൊന്നിനും മുടക്കം വരുത്തിയിട്ടില്ല.

മൈലപ്ര പള്ളിയുടെ അഗ്രജസ്ഥാനത്തായിരുന്ന എ.ജി. ഏബ്രഹാം അച്ചനെയും റവ. ഡോ. തോമസ് മാർ യൗസേബിയോസ് പിതാവിനെയും മുൻവികാരിമാരായി സേവനം അനുഷ്ഠിച്ച വൈദികശ്രേഷ്ഠരെയും ജോസഫ് ചാമക്കാലായിൽ റമ്പാച്ചനെയും ഇടവകയുടെ സമ്പത്തായ പുത്രീപുത്രന്മാരെയും കന്യാസ്ത്രീകൾ, വൈദികർ എന്നിവരെയും നമ്മെ വിട്ടുപിരിഞ്ഞുപോയിട്ടുള്ള എല്ലാവരെയും ഓർക്കുന്നു.

നവതി ആഘോഷിക്കുന്ന ഈ ഇടവകയ്ക്കൊപ്പം നവതിയിലാണ് ഞാനും. 30 കൊല്ലം ഗവ. സ്കൂൾ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച് പ്രഥമാദ്ധ്യാപകനായി 1984 ൽ വിരമിച്ച് 38 കൊല്ലമായി വിശ്രമജീവിതം നയിക്കുന്നു. ഇപ്പോഴും എല്ലാ ദിവസവും രാവിലെ പള്ളിയിലേക്കാണ് ആദ്യ നടത്തം. നവതിയിലും ഗംഭീരമായി ശതാബ്ദിയും പിന്നിട്ട് കാലാകാലങ്ങളോളം ഈ ഇടവക ഉയരത്തിൽ നിൽക്കട്ടെ എന്നു മാത്രമാണ് പ്രാർഥന...

'ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി.' ■

# കുഞ്ഞാടിന്റെ കണ്ണിന് നീല ഗോലി

ഇന്നേക്ക് 82 വത്സരം മുമ്പുണ്ടായ ഒരു കൊച്ചു സംഭവം. അതായത്, 1944 ൽ മൈലപ്രായിൽ തിരുഹൃദയ നാമത്തിൽ പ്രൗഢമായ ഒരു ദേവാലയം പണിതുകൊണ്ടിരിക്കുന്ന കാലം. മദ്ബഹായുടെ പണിയിലാണ്, കുളച്ചൽകാരൻ സൂസൻ അന്തോണി എന്ന വിഖ്യാത വാസ്തുവിദഗ്ധന്റെ ശ്രദ്ധ മുഴുവനും അൾത്താരയുടെ മുൻഭാഗത്തായി ('ചിത്തോല' കൊണ്ട് അലങ്കരിക്കാനുള്ള ഭിത്തിയിൽ), കാൽമുട്ടുകൾ മടക്കിക്കിടക്കുന്ന ഒരു കുഞ്ഞാടിന്റെ ശില്പം വരാൽപശയാൽ കൊഴുപ്പിച്ച കുമ്മായക്കൂട്ടുകൊണ്ട് മനോഹരമായി നിർമ്മിച്ചുകൊണ്ടിരിക്കുകയായിരുന്നു സൂസൻ അന്തോണി. ശില്പം ഏതാണ്ട് പൂർത്തിയാകാറായി. ഇനി അതിന്റെ കണ്ണ് മെനഞ്ഞുവയ്ക്കണം. ശില്പി ഒന്നു നടുവു നിവർത്താനായി പള്ളിയുടെ പുറത്തേക്കിറങ്ങി. പള്ളിമുറ്റത്ത് ഒരു പറ്റം ബാലകർ ഗോലി കളിക്കുന്നു. മിക്ക സായാഹ്നങ്ങളിലും ഇടവകയിലെ ബാലന്മാർ പലരും പള്ളിമുറ്റത്ത് കളിക്കാൻ ഒത്തുകൂടുക പതിവായിരുന്നു. പിള്ളേരുടെ ഗോലികളി നോക്കി രസിച്ച് ശില്പി അങ്ങനെ കുറച്ചുനേരം നിന്നു. ചിറ്റക്കാട്ട് മത്തായി എന്ന പതിമൂന്നുകാരന്റെ കയ്യിലെ തിളങ്ങുന്ന നീല ഗോലിയിലായിരുന്നു സൂസൻ അന്തോണിയുടെ കണ്ണ്. ശില്പിയുടെ ഭാവന ഉണർന്നു. ഈ നീലഗോലി കുഞ്ഞാടിന്റെ കണ്ണിന്റെ സ്ഥാനത്ത് പതിച്ചുവച്ചാലോ!

'കുഞ്ഞേ ആ ഗോലി മേസ്തിരിക്കു തരുമോ?'

അതു കേട്ട ഉടൻ ബാലൻ ആ ഗോലി ശില്പിയുടെ നേരേ നീട്ടി. ഗോലിയുമായി ശില്പി വേഗം മദ്ബഹായ്ക്കുള്ളിലേക്കു കടന്നു. ഒരു വശം ചെരിഞ്ഞു കിടക്കുന്ന ദൈവകുഞ്ഞാടിന്റെ കണ്ണിന്റെ സ്ഥാനത്ത് സൂസൻ അന്തോണി ആ ഗോലി പതിപ്പിച്ചു വച്ചപ്പോൾ ആ ശില്പത്തിനു ജീവൻ തുടിക്കുന്നതായി തോന്നി.

ഇപ്പോൾ നവതി ആഘോഷിക്കുന്ന തിരുഹൃദയ ദേവാലയത്തിലെ ഏറ്റം സീനിയർ അംഗമായ ചിറ്റക്കാട് മത്തായി സാർ ഈ 95-ാം വയസിലും അന്നത്തെ ഗോലിയുടെ കഥ കൗതുകത്തോടെ ഓർക്കുകയാണ്. ■



www.malankaralibrary.com

‘ഞാൻ എല്ലാ
ജനതകളെയും
കുലുക്കും.
അങ്ങനെ എല്ലാ
ജനതകളുടെയും
അമൂല്യനിധികൾ
ഇങ്ങോട്ടു വരും.
ഈ ആലയം ഞാൻ
മഹത്വപൂർണ്ണ
മാക്കും’
(ഹഗ്ഗായി 2:7)



# എന്റെ ദേവാലയവും ഞാനും

# ഒരു തിരിഞ്ഞുനോട്ടം

www.malankaralibrary.com

സിസ്റ്റർ ലുസീന ഡിഎം



വെറും 16 വർഷം മൈലപ്രയിൽ ജീവിച്ചശേഷം വേറൊരു സ്ഥലത്തേക്ക് പറിച്ചുനടപ്പെട്ട ജീവിതത്തിന്റെ വഴിത്താരയിലേക്ക് ഒരു തിരിഞ്ഞുനോട്ടം. സന്യാസജീവിതത്തിന്റെ അനുഗ്രഹപ്രദമായ 58 വർഷം പൂർത്തിയാക്കുന്ന ഈ നാളുകളിൽ എന്റെ പ്രിയപ്പെട്ട സ്വന്തം ഇടവകയായ മൈലപ്ര തിരുഹൃദയ ദേവാലയത്തെക്കുറിച്ച് ഓർക്കുമ്പോൾ സന്തോഷംകൊണ്ട് നന്ദികൊണ്ട് എന്റെ ഹൃദയം നിറയുന്നു. അഭിമാനമാണ് എനിക്കുള്ളത്. എന്റെ ഹൃദയത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്നത് ഉയരത്തിൽ തലയെടുപ്പോടെ നല്ല കരുത്തോടെ നിൽക്കുന്ന കരിങ്കൽ ദേവാലയമാണ്. ദൈവദാസനായ മാർ ഇവാനിയോസ് പിതാവിന്റെ പാദസ്പർശം ഏറ്റു വാങ്ങിയ സ്ഥലം. മലങ്കരയുടെ മൂത്ത പുത്രി. സഭാപ്രശ്നങ്ങളുടെ നടുവിൽ, സഹനത്തിന്റെ തീച്ചൂളയിൽ കടഞ്ഞെടുത്ത വിശ്വാസസമൂഹം. ആ സമൂഹത്തിലെ ഒരംഗം ആകാനുള്ള ഭാഗ്യം ലഭിച്ചതിൽ ഞാൻ ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

എന്റെ ജീവിതത്തിന് അടിത്തറപാകിയത് ഇടവക ദേവാലയവും ആ ദേവാലയത്തോട് എനിക്കുണ്ടായിരുന്ന സ്നേഹബന്ധവുമാണ്. എനിക്ക് അവിടെനിന്നു കിട്ടിയ നന്മകൾ എന്റെ കഴിവുകൊണ്ടല്ല. ദൈവത്തിന്റെ ദാനം. അതിന്റെ പിന്നിൽ ശക്തിയുള്ള ഒരു തലമുറയുണ്ട്. ഈ ദേവാലയത്തെയും ഇടവകസമൂഹത്തെയും ഇന്നത്തെ നിലയിൽ ആക്കിത്തീർക്കാൻ രാപകൽ കണ്ണുനീരോടെ പ്രാർത്ഥിച്ചവർ, അധ്വാനിച്ചവർ. തങ്ങളുടെ സമ്പത്തും ആരോഗ്യവും സമയവും എല്ലാം നിർലോഭം സന്മനസ്സോടെ വ്യയം ചെയ്തവർ. അവരെ സ്മരിക്കാതിരിക്കാൻ സാധ്യമല്ല. പാറപോലെ ഉറച്ച അവരുടെ വിശ്വാസം, സഭയോടുള്ള അവരുടെ സ്നേഹം ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹം, ആദരം, ഇവർ ദൈവത്തിൽ പൂർണമായി ആശ്രയിച്ചുകൊണ്ട് പ്രവർത്തിച്ചപ്പോൾ മൈലപ്രയിൽ, മനോഹരമായ നല്ല ഉറപ്പുള്ള ഒരു കരിങ്കൽ ദേവാലയം ഉയർന്നു. സകല ജനതകളെയും ആകർഷിക്കത്തക്കവിധം അത് തലയുയർത്തി നിന്നു.

മലങ്കരയുടെ മൂത്ത പുത്രിക്ക് 90 വയസ്സ്. നവതി ആഘോഷിക്കാനുള്ള ഭാഗ്യം സിദ്ധിച്ചവരാണ് നമ്മൾ. ഒരു ആത്മശോധനയുടെ സമയം ആഗ്രഹിക്കുന്ന വിധത്തിൽ മുൻപോട്ടു പോയോ, അതോ പുറകോട്ടാണോ എന്ന് ആത്മാർത്ഥമായി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നല്ല കെട്ടുറപ്പുള്ള കരിങ്കൽ ദേവാലയത്തിന്റെ അതേ സ്ഥാനത്തുതന്നെയാണ് മനോഹരമായ പുതിയ ദേവാലയവും.

'ഈ ആലയത്തിന്റെ പൂർവ്വ മഹത്വത്തേക്കാൾ ഉന്നതമായിരിക്കും വരാൻ പോകുന്ന മഹത്വം. ഈ സ്ഥലത്തിനു ഞാൻ ഐശ്വര്യം നൽകും.' സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. (ഹഗ്ഗായി 2/9)

> ഓരോ ഇടവകയും കാലത്തിന് അനുസൃതമായി വളരണം. നമ്മുടെ പിതാക്കന്മാർ പ്രവർത്തിച്ചതിന്റെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്നത്. ഒരു 50 വർഷം നാം മുമ്പോട്ടു ചിന്തിക്കണം. അടുത്ത തലമുറയ്ക്കു വേണ്ടി നാം നല്ലതു കരുതിവയ്ക്കണം.

ആദ്യത്തേതിനേക്കാൾ ഐശ്വര്യപൂർണമാണോ ഇന്നത്തെ അവസ്ഥ. ഒരു ഇടവകയെ മഹത്വപൂർണമാക്കുന്നത് ആരാധനാ സമൂഹം ഒന്നിച്ച് ഒന്നായി ഏകഹൃദയത്തോടെ ദൈവത്തെ ആരാധിക്കുമ്പോഴാണ്, സ്തുതിക്കുമ്പോഴാണ്. ഒരു ഇടവകയുടെ മനോഹാരിത വലിയ കെട്ടിടങ്ങളിലോ ഉന്നത സ്ഥാനമാനങ്ങളിലോ സമ്പത്തിലോ ഒന്നുമല്ല. സ്നേഹമുള്ള, സന്തോഷമുള്ള, സഹകരണമുള്ള, പരസ്പരം ബഹുമാനമുള്ള, ഒരു കൂട്ടായ്മ. അതാണ് ദൈവം ആഗ്രഹിക്കുന്നത്.

ഓരോ ഇടവകയും കാലത്തിനനുസൃതമായി വളർന്നുകൊണ്ടേയിരിക്കണം. നമ്മുടെ പിതാക്കന്മാർ പ്രവർത്തിച്ചതിന്റെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്നത്. ഒരു 50 വർഷം നാം മുമ്പോട്ടു ചിന്തിക്കണം. ഇടവകയിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഒരു വ്യക്തിയുടെ തീരുമാനമല്ല. ഒരു കൂട്ടായ്മയുടെ തീരുമാനമാണ്. അതിന് ദൈവത്തിന്റെ കൈയൊപ്പ് ഉണ്ടായിരിക്കും. ഒരു വ്യക്തിക്കുവേണ്ടിയല്ല, ഒരു സമൂഹത്തിനുവേണ്ടി, അടുത്ത തലമുറക്കുവേണ്ടിയാണ്. അതിൽ കഴിവനുസരിച്ച് സന്മനസ്സോടെ സഹകരിക്കുക എന്നതാണ് ദൈവയിഷ്ടം. അടുത്ത തലമുറക്കുവേണ്ടി നാം നല്ലതു കരുതിവയ്ക്കണം. നന്മ ചെയ്താലും തിന്മ ചെയ്താലും വിമർശിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നന്മക്കുവേണ്ടിയുള്ള വിമർശനം നല്ലതാണ്. സഭയെയും സമൂഹത്തെയും വൈദികരേയും സിസ്റ്റേഴ്സിനേയും എല്ലാം വിമർശിക്കുന്നത് കൂടുതലും ക്രിസ്ത്യാനികളാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അവരുടെ കാഴ്ചപ്പാടിൽ ഇവർക്കൊന്നും ഒരു നന്മയുമില്ല. ഇങ്ങനെയുള്ളവർക്ക് ആരിലും നന്മ കാണാൻ സാധിക്കുകയില്ല എന്നതാണു സത്യം. ഹൃദയത്തിൽ നിന്നാണല്ലോ അധരങ്ങൾ സംസാരിക്കുന്നത്. നമ്മുടെ 10 തിന്മകൾ മറച്ചുവച്ചാണ് നാം വേറൊരാളുടെ ഒരു തിന്മ എടുത്തു കാണിക്കുന്നത്. വിധിക്കപ്പെടാതിരിക്കാൻ നീ ആരെയും വിധിക്കരുത്. എല്ലാവരിലും നന്മ കാണാൻ പഠിക്കുക. നീതിമാന്മാരെയല്ല പാപികളെ വിളിക്കാനാണ് ഈശോ

www.malankaralibrary.com

സ്നേഹ
സ്മരണയ്ക്ക്



സി. എം. തോമസ്
ചാമക്കാലായിൽ, മൈലപ്ര

പാവനസ്മരണയ്ക്ക്



ബേബി, വടക്കേതിൽ

www.malankaralibrary.com

വന്നത്. ഏതു പാപിയെയും സ്നേഹിച്ച് കരുണ കാണിച്ചവനാണ് ഈശോ. ഈശോ നമ്മുടെ മാതൃക ആയിരിക്കട്ടെ. അവന്റെ വാക്കുകൾ, പ്രവൃത്തികൾ നമുക്കനുകരിക്കാം. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവഇഷ്ടം നിറവേറട്ടെ എന്നാഗ്രഹിച്ചുകൊണ്ട് ഇപ്പോൾ ദൈവം നമുക്കു നൽകിയിരിക്കുന്ന ഇടയന്റെ നേതൃത്വത്തിൽ സ്നേഹത്തോടെ സന്തോഷത്തോടെ മുന്നേറാം. അവിടെയാണ് ദൈവമഹത്വം ദർശിക്കുവാൻ സാധിക്കുക.

എന്റെ ചെറുപ്രായത്തിലെ മധുര സ്മരണകൾ അയവിറക്കുമ്പോൾ മൈലപ്ര അച്ചനെയും(അച്ചനപ്പച്ചൻ) പള്ളിയുടെ വികാരിയും ബ. തോമസ് കരിലയച്ചൻ മൈലപ്ര സ്കൂളിന്റെ ഹെഡ്മാസ്റ്ററും. രണ്ടുപേരും പള്ളിയിൽ വി. കുർബാന അർപ്പിക്കുന്നുണ്ട്. ഞങ്ങളൊക്കെ പള്ളിയിൽ വരും. വി. കുർബാനയിൽ സംബന്ധിക്കും. വേദപാഠ ക്ലാസ്സിൽ അധ്യാപകർ വളരെ തീക്ഷ്ണതയോടെ പഠിപ്പിക്കും. അങ്ങനെ മുന്നോട്ടു പോയി.

1961 ൽ മൈലപ്ര ഇടവകയുടെ സഹവികാരിയായി ബ. മാത്യു പെൻമേലിൽ അച്ചൻ വന്നു. തീക്ഷ്ണതകൊണ്ട് ജ്വലിക്കുന്ന കൊച്ചച്ചൻ. അച്ചന്റെ ആധ്യാത്മിക തീക്ഷ്ണതയും പ്രവർത്തന ശൈലിയും കുട്ടികളായ ഞങ്ങളെ ദേവാലയത്തോട് വളരെയധികം അടുപ്പിച്ചു. ദിവസവും രാവിലെ വി. കുർബാനയിൽ സംബന്ധിക്കാനും വേദപാഠം നന്നായി പഠിക്കാനും ഞങ്ങളെ നിർബന്ധിച്ചു. അന്നൊക്കെ രണ്ടുമണിക്കായിരുന്നു വേദപാഠക്ലാസ്സുകൾ. അച്ചനും വന്ന് ക്ലാസ് എടുക്കും. ശനിയാഴ്ച കുട്ടികളുടെ ലീജിയൻ ഓഫ് മേരി ഉണ്ടാവും. അതിന്റെ ഭാഗമായി പള്ളിയും പരിസരവും വൃത്തിയാക്കുക, പൂക്കൾ ശേഖരിച്ച് അൾത്താര അലങ്കരിക്കുക, രോഗികളെ സന്ദർശിക്കുക, വേദപഠന ക്ലാസിൽ വരാത്ത കുട്ടികളെ വിളിച്ചുകൊണ്ടുവരിക എന്നിങ്ങനെ ജോലികൾ പലതാണ്. പിന്നെ അതിന്റെ കൂട്ടത്തിൽ കളിയും നടക്കും. പള്ളിപ്പറമ്പിലെ മാങ്ങാ തീരുകയും ചെയ്തു. ഞങ്ങളുടെ മാതാപിതാക്കന്മാരും ഞങ്ങളെ പ്രോത്സാഹിപ്പിക്കുമായിരുന്നു. ഞങ്ങളെല്ലാവരും പഠിക്കുന്നത് മൈലപ്ര എസ്എച്ച്.ലും അതുകൊണ്ട് പള്ളിയും സ്കൂളും തമ്മിൽ നല്ല

> ഒരു ഇടവകയുടെ മനോഹാരിത വലിയ കെട്ടിടങ്ങളിലോ ഉന്നത സ്ഥാനമാനങ്ങളിലോ സമ്പത്തിലോ ഒന്നുമല്ല. സ്നേഹമുള്ള, സന്തോഷമുള്ള, സഹകരണമുള്ള, പരസ്പരം ബഹുമാനമുള്ള, ഒരു കൂട്ടായ്മ. അതാണ് ദൈവം ആഗ്രഹിക്കുന്നത്.

ബന്ധമുണ്ടായിരുന്നു.

അനുഗ്രഹപ്രദമായ ഒരു കാലഘട്ടമായിരുന്നു ഞങ്ങൾ പഠിച്ച കാലം. പ്രഗത്ഭരായ വൈദികശ്രേഷ്ഠരാണ് സ്കൂളിലെ പ്രധാനാധ്യാപകർ. അവർ താമസിക്കുന്നത് പള്ളിമേടയിൽ. കാലാകാലങ്ങളിലായി ബ. തോമസ് കരിയിലച്ചൻ, ബ. സഖറിയാസ് ചങ്ങംകരിലച്ചൻ, ബ. ജോസഫ് താഴത്തുവീട്ടിലച്ചൻ, പിന്നെ അധ്യാപകരായി വേറെ വൈദികർ, വീട്ടുകാരും നാട്ടുകാരും ഇടവകയിലുമുള്ള കുറെ അധ്യാപകർ. സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിൻറെയും ഒരു പഠന കാലം. നല്ല അന്തരീക്ഷം. വഴിതെറ്റാൻ അനുവദിക്കാത്ത, സാധിക്കാത്ത ഒരു സാഹചര്യം. ഈ നല്ല അന്തരീക്ഷത്തിലാണ് ഞങ്ങൾ വളർന്നതും പഠിച്ചതും. അധ്യാപകർ വളരെ ആത്മാർഥമായി ഞങ്ങളെ വഴിനടത്തി.

ഇടവകാംഗങ്ങളായ അധ്യാപകർ വളരെ തീക്ഷ്ണതയോടെ സജീവമായി ദേവാലയത്തിലെ ആരാധനാനുഷ്ഠാനങ്ങളിൽ പങ്കുകൊണ്ടു. അവരുടെ പ്രാർഥനയും പാട്ടും കേട്ടാണ് ഞങ്ങൾ പഠിച്ചിരുന്നത്. വളരെ ത്യാഗത്തോടെ ആത്മാർത്ഥതയോടെ ഭാവിതലമുറയുടെ നൻമക്കായി അവർ തങ്ങളെത്തന്നെ വ്യയം ചെയ്തു.

കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു. 'നിന്റെ ദേശത്തെയും, ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് മഹത്തരമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും. ഉല്പ 12/12.

ഞങ്ങളുടെ കാലത്ത് പൗരോഹിത്യ സന്ന്യാസജീവിതത്തോട് നല്ല ആഭിമുഖ്യം പുലർത്തുന്ന കുട്ടികളും അതിനെ ആദരവോടെ കാണുന്ന മാതാപിതാക്കളും അന്ന് ഉണ്ടായിരുന്നു. ഞങ്ങളുടെ കാലഘട്ടത്തിൽ ഞങ്ങളുടെ സീനിയേഴ്സ് ആയിരുന്നവർ മഠത്തിൽ പോയി. അതിൽ ഒരാൾ എന്റെ സിസ്റ്റർ ആയിരുന്നു. (അവൾ തിരിച്ചുപോന്നു). 1963 ൽ ഞാൻ പത്താം ക്ലാസ് പരീക്ഷ എഴുതി. റിസൽട്ട് വന്നു. പാസ്സായി. ആ അവധിക്ക് അച്ചായനും അമ്മയുംകൂടി ചേച്ചിയെ കാണുന്നതിനായി നാലാഞ്ചിറ മഠത്തിൽ പോയി. എന്നെയും കൂടെ കൊണ്ടുപോയി. ആ നിമിഷം വരെയും മഠത്തിൽ പോകണം എന്നുള്ള ചിന്തയോ ആഗ്രഹമോ എനിക്കുണ്ടായിട്ടില്ല. ദൈവം തനിക്കിഷ്ടപ്പെട്ടവരെ തന്റെ അടുക്കലേക്കു വിളിക്കുന്നു. യോഗ്യതയല്ല തന്റെ വിളിയുടെ അളവുകോൽ എന്ന് എന്റെ വിളിയിൽ കൂടി എനിക്കു മനസ്സിലായി. ചേച്ചിയെ കണ്ട് തിരിച്ചുപോരാൻ തുടങ്ങിയപ്പോൾ മദർ സ്ലോമോ പറഞ്ഞു. 'കൊച്ച് ഒരാഴ്ച ഇവിടെ നിൽക്കട്ടെ.' ഒന്നും പറയാതെ അച്ചായൻ എന്നെ ഉടൻതന്നെ തിരിച്ച് വീട്ടിൽ എത്തിച്ചു. മദർ പറഞ്ഞ ആ നിമിഷംതന്നെ എന്നിൽ മഠത്തിൽ ചേരണമെന്നുള്ള ആഗ്രഹത്തിന്റെ വിത്ത് ഇട്ടുകഴിഞ്ഞു. മദറിൽകൂടി ദൈവം എന്നെ വിളിക്കുന്നു എന്നു ഞാൻ മനസ്സിലാക്കി. വീട്ടിൽ വന്നുകഴിഞ്ഞ് എന്റെ സ്വഭാവത്തിൽ പല മാറ്റങ്ങളും സംഭവിക്കുന്നതായി വീട്ടുകാർക്കു തോന്നി. ആദ്യം തന്നെ വി. കൊച്ചുത്രേസ്യായുടെ ജീവചരിത്രം സംഘടിപ്പിച്ച് അതു വായിച്ചു. എന്റെ തീരുമാനം ഞാൻ ഉറപ്പിച്ചു. എന്റെ ആഗ്രഹം ആദ്യം പൊന്മേലിലച്ചനോടു പറഞ്ഞു. അച്ചൻ വളരെയധികം എതിർത്തു സംസാരിച്ചു. നീ മഠത്തിൽ പോകുന്നില്ല എന്നുതന്നെ അച്ചൻ തീർത്തു പറഞ്ഞു. എന്റെ നിർബന്ധം കാരണം അച്ചൻ വീട്ടിൽ വിഷയം അവതരിപ്പിച്ചു. നാനാഭാഗത്തുനിന്നും എതിർപ്പ്. ഒരാളു പോയി അതു


www.malankaralibrary.com

*In Loving Memory of Kochuvilayil Family*



**Mariyamma Zachariah & D.G. Zachariah**

(1917 - 2012) (1913 - 1992)



**K.S. Samuel**

(1936 - 2021)



**K.S. Varughese**

(1939 - 2005)

**By: Kochuvilayil Family**

www.malankaralibrary.com

മതി. അച്ചായൻ എന്നോട് യുദ്ധംതന്നെ പ്രഖ്യാപിച്ചു. ഇതിൽ ഞാൻ തന്നെ ജയിക്കും എന്നു ഞാൻ തീർത്തു പറഞ്ഞു. എനിക്കു തടസ്സം നിന്ന ഒരു വ്യക്തിയാണ് കൊച്ചുവിളയിലെ ജോർജച്ചായൻ. അന്ന് സ്കൂളിൽ ജോലിയുണ്ടായിരുന്നു. 'മോളേ നീ മഠത്തിൽ പോകരുത്. നീ കോളജിലൊക്കെ പോയി പഠിച്ച് മിടുക്കിയായി ജീവിക്ക്. ആ വീട്ടിൽ 3 സിസ്റ്റേഴ്സ്. സിസ്റ്റർ മേഴ്സലിൻ ഞങ്ങളുടെ കൂടെയുണ്ട്. അവസാനം, ഒരു തീരുമാനം കാണാതെ വന്നപ്പോൾ ഞാൻ അച്ചനോട് ഏതെങ്കിലും മഠത്തിൽ എന്നെ കൊണ്ടുവിട്ടാൽ മതി, അല്ലെങ്കിൽ ഈ ലോകത്തിലുള്ള ഏതെങ്കിലും മഠത്തിന്റെ അഡ്രസ്സ് തന്നാലും മതി എന്നു പറഞ്ഞു. അവസാനം ഏതോ ഒരു മഠത്തിന്റെ അഡ്രസ്സ് തന്നു. മഠം എവിടെയാണ്. എങ്ങനെയാണ് ഒന്നും ഞാൻ ചോദിച്ചില്ല. എന്റെ ആഗ്രഹം ഞാനെഴുതി. മറുപടി വന്നു. കിട്ടിയത് അച്ചായന്റെ കൈയിൽ. കത്ത് എന്റെ നേരേ നീട്ടിയിട്ടു പറഞ്ഞു. എവിടെ വേണമെങ്കിലും പൊയ്ക്കോ. ഞാൻ ഇനി തടയുകയില്ല.

1963 ജൂൺ 13 ന് ഞാൻ മൈലപ്രയോടു യാത്ര പറഞ്ഞു. ഞാൻ പോകുന്നതിനു മുൻപുതന്നെ പൊന്മേലിലച്ചൻ അമ്പിളികോണം എന്ന സ്ഥലത്തേക്ക് മാറിപ്പോയി. അച്ചായനും ഞാനുംകൂടി അമ്പിളികോണത്തു ചെന്ന് അച്ചനെയും കൂട്ടി ഒരറിവും പരിചയവുമില്ലാത്ത മാർത്താണ്ഡം മഠത്തിൽ വന്നെത്തി. ചെന്ന ദിവസം ഞാൻ മാത്രം. എന്നെ മദറിന്റെ കൈയിൽ ഏൽപ്പിച്ചിട്ട് അവർ തിരിച്ചുപോയി. 15-ാം തീയതിയായിരുന്നു അവിടെ ചെല്ലേണ്ട തീയതി. 15 ആയപ്പോഴേക്കും വേറെ 15 പെൺകുട്ടികൾ പാലാ, ഭരണങ്ങാനം, കുട്ടനാട്, മോനിപ്പള്ളി, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽനിന്നെത്തി. 15 പേരും സീറോ മലബാർ. ഞാൻ മാത്രം മലങ്കര. ഏറ്റവും ഇളയ ആൾ ഞാൻ. ഒരനുജത്തിയെപ്പോലെ എല്ലാ കാര്യങ്ങളിലും അവരെന്നെ സഹായിച്ചു. 16 പേരും ഈശോയുടെ മണവാട്ടികളായി. 16 പേരിൽ ഏറ്റവും മൂത്ത രണ്ടു പേർ മരിച്ചു ബാക്കി 14 പേരും രാജ്യത്തിന്റെ പല ഭാഗങ്ങളിൽ സേവനം ചെയ്യുന്നു.

'ഞാൻ കാണിച്ചുതരുന്ന ദേശത്തേക്കു നീ പോവുക' പൊന്മേലിലച്ചനിലൂടെ ദൈവം എനിക്കു കാണിച്ചുതന്ന ദേശത്തേക്കു ഞാൻ പോയി. 60 വർഷം മുമ്പാണ് മാർത്താണ്ഡത്തേക്കു ഞാൻ വരുന്നത്. എന്റെ ദൈവവിളിക്കു നേരെ വന്ന പ്രതിബന്ധങ്ങളൊന്നും എന്നെ തളർത്തിയില്ല, പിൻതിരിപ്പിച്ചില്ല. ദൈവം എന്നെ തന്റെ വേലയ്ക്കായി വിളിക്കുന്നു എന്നെനിക്ക് മനസ്സിലായപ്പോൾ അതിനെതിരായി വന്ന പ്രതിബന്ധങ്ങളെയെല്ലാം തരണംചെയ്യാൻ ആ ചെറുപ്രായത്തിൽ എങ്ങനെ സാധിച്ചു? ദൈവം ഇഷ്ടപ്പെട്ടവരുടെ ഗണത്തിൽ എന്നെയും ചേർത്തു. ദൈവം വിളിച്ചാൽ പിന്നെ ആർക്കും വിട്ടുകൊടുക്കുകയില്ല എന്ന സത്യം എന്റെ വിളിയിൽകൂടി ഞാൻ അനുഭവിച്ചറിഞ്ഞു. ഏന്റെ ദേവാലയത്തോടും, വി. കുർബ്ബാനയോടും ദൈവിക കാര്യങ്ങളോടുള്ള അടുപ്പവും താല്പര്യവും അതിൽനിന്ന് ആർജിച്ചെടുത്ത ദൈവികശക്തിയുമാണ് എല്ലാ പ്രയാസങ്ങളെയും തരണം ചെയ്യാൻ എന്നെ ശക്തിപ്പെടുത്തിയത്.



1963 മുതൽ 2023. ഇന്നുവരെയുള്ള ആ വഴിത്താരയിലൂടെ തിരിഞ്ഞുനോക്കുമ്പോൾ നഷ്ടം ഒന്നുമില്ല. ലാഭം മാത്രമേ ഉള്ളൂ. ഇത്രയും നാൾ സന്യാസത്തിൽ ജീവിക്കുവാനുള്ള കൃപ ദൈവം എനിക്കു തന്നു. മനുഷ്യൻ ബലഹീനനാണല്ലോ. ബലഹീനതയും കുറവുകളും കുറ്റങ്ങളും ഉള്ളപ്പോഴും എന്നെ വിളിച്ചവൻ വിശ്വസ്തനാണ് എന്നെ തന്റെ കയ്യിൽ താങ്ങിക്കൊള്ളും എന്ന ഉത്തമ വിശ്വാസം എനിക്കുണ്ട്. 16 വർഷം എന്റെ കുടുംബം എന്നെ സംരക്ഷിച്ചു. 60 വർഷം എന്റെ സമൂഹം എന്നെ സംരക്ഷിച്ചു, സംരക്ഷിക്കുന്നു.

എന്റെ കുടുംബത്തോടും എന്റെ സമൂഹത്തോടും എനിക്കു നന്ദി മാത്രമേ ഉള്ളു. മറ്റു സഹോദരങ്ങൾക്ക് കിട്ടുന്നതിനേക്കാൾ പരിഗണന എനിക്ക് സഹോദരങ്ങളിൽ നിന്നു കിട്ടുന്നുണ്ട്. എന്റെ മാതൃദേവാലയത്തിൽനിന്ന് എനിക്കു കിട്ടിയ നന്മകളെ വളർത്താൻ ജീവിതംതന്നെ നന്ദിയായി അർപ്പിക്കുന്നു. കിട്ടിയ നന്മകളെ മറച്ചുവച്ച്, നന്മ ചെയ്തവരെയും ചെയ്യുന്നവരെയും സഭയേയും സഭാസംവിധാനങ്ങളെയും വിമർശിച്ചുകൊണ്ട് സ്വന്തം ആത്മാവിനെ നശിപ്പിക്കുന്ന എത്രയോ സഭാമക്കളുണ്ട്. ആ കൂട്ടത്തിൽ എല്ലാ വിഭാഗങ്ങളുമുണ്ട്. ഇതിൽനിന്നു വ്യത്യസ്തമായി, സന്തോഷത്തിന്റെ സ്നേഹത്തിന്റെ കരുതലിന്റെ ഒരു ഇടവക.. സഭയെ, സഭാപിതാക്കന്മാരെ, വൈദികരെ, സമർപ്പിതരെ സ്നേഹിക്കുന്ന 100% ഫലം പുറപ്പെടുവിക്കുന്ന ഒരു ഇടവകയായി തീരട്ടെ എന്നു ഞാൻ ആത്മാർഥമായി പ്രാർത്ഥിക്കുന്നു. എല്ലാവരെയും എല്ലാ പ്രവർത്തനങ്ങളെയും ഈശോയുടെ തിരുഹൃദയത്തിൽ കരുണയ്ക്കായി സമർപ്പിക്കുന്നു. ■

www.malankaralibrary.com

# *In Loving Memory of*







**M. P. Thomas**
**(25.11.1899 - 31.12.1987)**

**V.C. Kocheetha**
**(Died on: 07.12.1977)**

**N. T. George**
**(30.09.1925 - 13.03.2003 )**

**Kunjamma George**
**(06.08.1932 - 04.08.2012)**

*Moncy & Family, Thadathel Kudumbam*

## പാവനസ്മരണയ്ക്ക്



**എം. ടി. ഏബ്രഹാം**
**മണിപ്പറമ്പിൽ**

www.malankaralibrary.com

# മറക്കാനാകുമോ മൈലപ്രയിലെ

# ശുശ്രൂഷാ നാളുകൾ

റവ. ജോൺ തുണ്ടിയത്ത്
കോറെപ്പിസ്കോപ്പ

**2013-17** കാലഘട്ടത്തിൽ മൈലപ്ര ഇടവക വികാരിയായി ശുശ്രൂഷ ചെയ്യാൻ ലഭിച്ച അവസരം വലിയ അനുഗ്രഹമായി കാണുന്നു. പത്തനംതിട്ട ഭദ്രാസനം സ്ഥാപിതമായി 3 വർഷം ആകുമ്പോഴാണ് അവിടെ വികാരിയായി എത്തിയത്. രൂപതയിലെ ഏറ്റവും വലിയ ഇടവക, ഭദ്രാസനത്തിന്റെ മുന്നോട്ടുള്ള പുരോഗതിക്ക് മുതൽക്കൂട്ടായി നിന്ന ഇടവക എന്നിങ്ങനെ അഭിമാനാർഹമായ സ്ഥാനമുള്ള മൈലപ്രയിൽ ശുശ്രൂഷ ചെയ്യുന്നത് ഏതൊരു വൈദികനെയും പോലെ എനിക്കും ഏറെ അഭിമാനമായിരുന്നു. വൈദികരെ സ്നേഹിക്കുന്ന നല്ല ഇടവക സമൂഹത്തിന്റെ കൂട്ടായ്മ, ഏതു നല്ല കാര്യങ്ങൾ പറഞ്ഞാലും കലവറയില്ലാതെ പിന്തുണ തരുന്ന ഇടവക മക്കൾ. ഇത്തരം ഇടവകയിൽ സേവനമനുഷ്ഠിക്കുന്നത് സന്തോഷവും അഭിമാനവുമാണ്. പ്രാർഥനാ യോഗങ്ങളും ഭക്ത സംഘടനകളും വിശ്വാസ പരിശീലന ക്രമീകരണങ്ങളും ആയി വൈദിക ജില്ലയിലെ മാത്രമല്ല, രൂപതയിലെ തന്നെ മുന്നിൽ നിൽക്കുന്ന കൂട്ടായ്മയാണ് മൈലപ്ര ഇടവക. നാലു വർഷക്കാലം മാത്രമാണ് അവിടെ ശുശ്രൂഷ ചെയ്തതെങ്കിലും വലിയ നല്ല ഓർമകളുമായാണ് തിരുഹൃദയ ദേവാലയ പടികളിറങ്ങിയത്.



റാന്നി പെരുനാട് വൈദിക ജില്ലാ ആസ്ഥാന ദേവാലയമായതിനാൽ ജില്ലാ വകാരി സ്ഥാനത്തോടൊപ്പം തോന്ന്യാമല, മേരിഗിരി ഇടവകകളിലും ഈ ദേവാലയത്തോടൊപ്പം ശുശ്രൂഷ നിർവഹിച്ചിരുന്നു. ബഹുമാനപ്പെട്ട ഫാ. ജോസ് പതാലിൽ, ബഹുമാനപ്പെട്ട ഫാ. ഫീലിപ്പോസ് ചരിവുപുരയിടത്തിൽ തുടങ്ങിയ സഹ വൈദികരോടൊത്ത് അവിടെയുള്ള താമസം സന്തോഷപ്രദമായിരുന്നു.

ബഹുമാനപ്പെട്ട ജോൺ ജി. വടക്കേപ്പുറത്ത് അച്ചന്റെ നേതൃത്വത്തിൽ പണിത മനോഹരമായ ദേവാലയം തലയെടുപ്പോടെ മൈലപ്രയുടെ നെറുകയിൽ നിൽക്കുമ്പോൾ പള്ളിപ്പടി എന്ന പേര് ഏറ്റവും അർഹവും അഭിമാനവുമാണല്ലോ. താഴെ മുറ്റത്തു നിന്നിരുന്ന കൊടിമരം അൽപം മിനുക്കുപണി നടത്തി ദൈവാലയമുറ്റത്താക്കാനും ആ നാളുകളിൽ കഴിഞ്ഞു. ഇടവകയുടെ വരുമാന മാർഗമായിരുന്ന വാണിജ്യ സമുച്ചയത്തിന് ഒരു നില കൂടി പൂർത്തീകരിക്കാനും ദൈവജനത്തിന്റെ ആഗ്രഹത്തോടു ചേർന്നുനിൽക്കാനും കഴിഞ്ഞു. ചിരകാല ആഗ്രഹമായിരുന്ന ഓഡിറ്റോറിയത്തിന്റെ പ്രാഥമിക ചിന്തകളും ആ കാലഘട്ടത്തിൽ നടത്താൻ ശ്രമിച്ചിരുന്നു.

മൈലപ്ര ദേവാലയത്തെ പുരോഗതിയിലേക്കു നയിച്ച തെങ്ങുംതറയിൽ മൈലപ്ര അച്ചന്റെ ഭൗതിക ശരീരം അടക്കം ചെയ്തിരിക്കുന്ന കല്ലറയുടെ അടുത്ത് സെമിത്തേരിയിലേക്കു പോകുന്ന വഴി നവീകരിക്കുന്നതിനും സമീപത്ത് പരിശുദ്ധ ലൂർദ് മാതാവിന്റെ രൂപം പ്രതിഷ്ഠിക്കുന്നതിനും സാധിച്ചു. ഇടവകയിൽ ശുശ്രൂഷ ചെയ്തിരുന്ന വൈദികരുടെ പേരും ചിത്രവും അടങ്ങുന്ന ഫലകം മേടയിലും ദേവാലയത്തിലും സ്ഥാപിച്ചത് മുൻ വികാരിമാരെ സ്മരിക്കാൻ ഏറെ സഹായമായി.

ഇടവക തിരുനാൾ ആഘോഷങ്ങൾക്ക് ആത്മീയമായും ഭൗതികമായും മോടികൂട്ടാനും ശ്രമങ്ങൾ നടത്തിയിരുന്നു. ഇടവക കണക്കുകൾ കംപ്യൂട്ടർവൽക്കരിക്കാനും ശ്രമം നടത്തി.

മൈലപ്ര തിരുഹൃദയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അൽപം കൂടി പുരോഗതിയിലാക്കാൻ ആ കാലഘട്ടത്തിൽ ശ്രമം നടത്തി. മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ ചിരകാല സ്വപ്നമായിരുന്ന ഹയർ സെക്കൻഡറി സ്കൂൾ അംഗീകാരം വാങ്ങിയെടുക്കുകയും 2 ബാച്ചുകൾ ഉൾപ്പെടുത്തുകയും 3 നിലയിലുള്ള കെട്ടിടം നിർമിക്കുകയും ചെയ്തു. ഹൈസ്കൂളിനും അത്തരത്തിൽ 3 നിലയിൽ സെന്റ് അൽഫോൻസ ഹാൾ പണിയാൻ കഴിഞ്ഞു. റോഡ് വശത്ത് സ്ഥലപരിമിതിയിൽ ബുദ്ധിമുട്ടിയിരുന്ന എംഎസ് സി എൽപി സ്കൂൾ ഹൈസ്കൂൾ വളപ്പിലേക്ക് മാറ്റിസ്ഥാപിച്ചു. അൺ ഇക്കണോമിക് ആയിരുന്ന സ്ഥാപനത്തിലേക്ക് ഇതോടെ 400 കുട്ടികളായി. എൽപി സ്കൂൾ ഇരുന്ന സ്ഥലത്ത് നഴ്സറി സ്കൂൾ സ്ഥാപിക്കാൻ കഴിഞ്ഞതും നേട്ടമായി. നൂറോളം കുട്ടികൾ അവിടെയുണ്ട്. മൈലപ്രയുടെ മുഖച്ഛായ തന്നെ മാറ്റാൻ ഈ സ്ഥാപനങ്ങളിലെ മാറ്റങ്ങൾ സഹായമായി എന്ന് എല്ലാവരും സാക്ഷ്യപ്പെടുത്തുമ്പോൾ

www.malankaralibrary.com



സി.ജി. തോമസ്



ഏലിയാമ്മ

മണിപ്പറമ്പിൽ
ചരിവുപറമ്പിൽ

പ്രിയ മാതാപിതാക്കളുടെ
ധന്യ സ്മരണകളോടെ...
മക്കൾ:



സാം തോമസ്



മേരിക്കുട്ടി

സ്നേഹ സ്മരണയ്ക്ക്



മത്തായി ജോർജ്ജ്
മണ്ണിൽ മേമുറിയിൽ, മൈലപ്ര

www.malankaralibrary.com

ചാരിതാർത്ഥ്യം ഉണ്ട്.

മുന്നൂറിൽ കൂടുതൽ കുടുംബങ്ങളുള്ള മൈലപ്ര തിരുഹൃദയ ഇടവക വ്യക്തിപരമായി എന്നെയും സ്നേഹിക്കുന്നു എന്നതിൽ അഭിമാനമുണ്ട്. എല്ലാവരോടും ഒരുപോലെ സ്നേഹം പകരാനും കരുതാനും ശ്രമിച്ചിരുന്നു എന്നാണ് എന്റെ ചിന്ത.

എംസിഎയുടെ സഭാതല ആത്മീയ ഉപദേഷ്ടാവായും സിനഡൽ കമ്മിഷന്റെ വൈദിക കമ്മിഷൻ സെക്രട്ടറിയായും പത്തനംതിട്ട രൂപതയിലെ വിവിധങ്ങളായ ഉത്തരവാദിത്തങ്ങൾ ഏൽപിക്കപ്പെട്ടിരുന്ന കാലമായതിനാലും എത്രമാത്രം വിശ്വസ്തതയോടെ ഇടവക കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു എന്നത് ഇടവക ജനങ്ങളാണ് വിലയിരുത്തേണ്ടത്.




ബഹുമാനപ്പെട്ട പോൾ നിലയ്ക്കൽ അച്ചന്റെയും ഇടവകാംഗങ്ങളുടെയും നേതൃത്വത്തിൽ മൈലപ്ര തിരുഹൃദയ ദൈവാലയത്തിന്റെ നവതി ആഘോഷം ഗംഭീരമായി തുടങ്ങിയതു കണ്ടതിലും വൈവിധ്യങ്ങളായ പരിപാടികൾ ഉൾപ്പെടുത്തി നല്ലനിലയിലുള്ള സമാപനം നടത്തി എന്നു കാണുന്നതിലും ഈയുള്ളവൻ ഏറെ അകലെ കടലുകൾക്കപ്പുറത്തുനിന്ന് സന്തോഷിക്കുന്നു, അഭിമാനിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു. ശതാബ്ദി ആഘോഷങ്ങൾക്കു പാദമെടുത്തുവയ്ക്കാനും ഈ നവതി ആഘോഷങ്ങൾ വഴി കഴിയട്ടെ എന്നു പ്രാർഥിക്കുന്നു. ■

# 'നീ വരുന്നോ നമ്മുടെ കൂടെ?'

മൈലപ്ര ഇടവകയുടെ ആത്മീയ കൂടാരമായി സെന്റ് ജോർജ്ജ് ചാപ്പൽ ഉള്ള കാലം. അവിടെ ഒരു നാൾ എത്തിയ മാർ ഇവാനിയോസ് തിരുമേനി തിരുവനന്തപുരത്തേക്കു ഒരു സായന്തനത്തിൽ തിരികെ പോകാൻ ഒരുങ്ങുകയാണ്. കൊമ്പൻമീശക്കാരനായ ഡ്രൈവർ കീവറീച്ചൻ ബ്യൂക്ക്-8 രാജകീയ വാഹനം റോഡിലേക്കിറക്കി. പള്ളിപ്പടിവഴി പത്തനംതിട്ടയ്ക്കുള്ള വഴിയൊന്നും അന്നില്ല. കുമ്പഴവഴി വേണം പോകാൻ. കാർ അല്പം മുമ്പോട്ട് നീങ്ങിക്കഴിഞ്ഞാണ് വോക്കിംഗ് സ്റ്റിക്ക് എടുക്കാൻ മറന്നുപോയ കാര്യം തിരുമേനി ഓർത്തത്. പിതാവിനെ കാണാൻ അവിടെ ഓടിക്കൂടിയ ആളുകളുടെ ഇടയിൽ കണ്ട ഒരു കൊച്ചു പയ്യന്റെ നേരെ പിതാവ് ആംഗ്യം കാട്ടി അവനെ വിളിച്ചടുപ്പിച്ചു. എന്നിട്ട് കല്പിച്ചു. 'നീ പോയി ചാപ്പലിൽ നിന്നും നമ്മുടെ വടി ഇങ്ങു കൊണ്ടുവാ.' പയ്യൻ ഓടിപ്പോയി മനോഹരമായ കൊത്തുപണികുള്ള നടക്കമ്പ് എടുത്തുകൊണ്ട് പിതാവിനു കൊടുത്തു. ഉടൻ പിതാവിന്റെ സിംഹധ്വനി വീണ്ടുമുയർന്നു. 'നീ വരുന്നോ നമ്മുടെ കൂടെ തിരുവനന്തപുരത്തിന്.' എന്തു പറയണമെന്നറിയാതെ പയ്യൻ ഒന്നു വിരണ്ടു. 'വരുന്നെങ്കിൽ ഇപ്പോൾ കേറിക്കോണം.' ആ ആജ്ഞാശക്തിയിൽ പയ്യൻ, കാറിന്റെ തുറക്കപ്പെട്ട വാതായനത്തിലൂടെ അകത്തു കയറിപ്പറ്റി വിറപൂണ്ട് ഇരുന്നു.

ആ സംഭവത്തിനു ശേഷം എട്ടര പതിറ്റാണ്ടുകളോളം പിന്നിട്ടിരിക്കുന്നു. പിതാവിന്റെ തണലിൽ ആ തൈച്ചെടി വളർന്നു. പട്ടം അരമനയിലെ ജോലിക്കാരനായി, മാർ ഇവാനിയോസ് കോളജിലെ ബസ് ഡ്രൈവറായി, കുടുംബസ്ഥനായി, പട്ടം കത്തീഡ്രൽ കോമ്പൗണ്ടിന്റെ പിൻഭാഗത്ത് റോഡ്സൈഡിൽ ഭൂമി സ്വന്തമാക്കി, മക്കളെ നല്ല നിലയിൽ പഠിപ്പിച്ചു, നല്ല പാർപ്പിടം നിർമ്മിച്ചു. നാട്ടുമ്പുറത്തിന്റെ അരിഷ്ടതകളിൽപ്പെട്ടു വലഞ്ഞു പോയേക്കാമായിരുന്ന ഒരു ജന്മം മലങ്കരയുടെ മഹാപ്രവാചകനായ ഒരാചാര്യന്റെ 'നീ വരുന്നോ' എന്നുള്ള ഒരൊറ്റ ചെറുവാക്യത്തിന്റെ മഹിതശോഭയാൽ അടിമുടി പൂത്തുലഞ്ഞ് സഫലമായ അനുഭവചരിതമാണിത്. പാറയിൽ ജോർജ്ജ് എന്ന ആ പയ്യൻ പണ്ടേ മൈലപ്രയോട് വിടപറഞ്ഞ് അനന്തപുരിയുടെ സുഭഗതയിൽ അലിഞ്ഞുചേർന്നെങ്കിലും ഈ ഇടവകയോട് അദ്ദേഹത്തിന്റെ പിൻതലമുറ ഏറെനാൾ ഗാഢമായ ബന്ധം പുലർത്തിപ്പോരുകതന്നെ ചെയ്തുകൊണ്ടിരുന്നു..

www.malankaralibrary.com

*In Loving Memory of*



**Annamma Mathen & Varkey Mathen**
Chamakalayil, Mylapra



**Mariamma John & C.M. John**
Chamakalayil, Mylapra

**By: Roy, Suja, Nidhin, Nithya, Joel, Neethu, Steve & Josh**
**Chamakalayil, Mylapra**

www.malankaralibrary.com




# മൈലപ്രയെന്നൊരു ദേശമുണ്ട്, ഓർമകളേറെയുണ്ട്


സാംതോമസ് **മണിപ്പറമ്പിൽ**



**കേ**വലം രണ്ടോ മൂന്നോ അക്ഷരങ്ങളിൽ പ്രതിഷ്ഠ നേടിയ എന്റെ ജന്മനാട് മൈലപ്ര. നെൽപ്പാടങ്ങളും ചെറിയ കുന്നുകളും താഴവാരങ്ങളും കൃഷിയിടങ്ങളുമായി വിവിധ ജാതിമതസ്ഥർ അവരവരുടെ വിശ്വാസാചാരങ്ങളിൽ അധിഷ്ഠിതമായ പള്ളികൾ, അമ്പലങ്ങൾ, പ്രാർഥനാലയങ്ങൾ ഇവയൊക്കെ കാത്തുസൂക്ഷിച്ച ഐക്യതയിൽ കഴിയുന്ന പ്രകൃതിദത്തമായി അനുഗ്രഹിച്ച പരിപാലന ദേശം. 'ദൈവത്തിന്റെ സ്വന്തം നാട് എന്നു പറയുമായിരുന്ന കാലം. ശൈശവം, ബാല്യം, കൗമാരം ഈ ജീവിതഘട്ടങ്ങളെല്ലാം എത്ര സുന്ദരം. കാർഷികോത്സവമായ ചിങ്ങമാസ ഓണക്കാലം. ഊഞ്ഞാലാട്ടം, മുതിർന്നവരും യുവതിയുവാക്കളും കുട്ടികളും ഏകോപിച്ചുള്ള പൂക്കളമത്സരം. മുതിർന്നവരുടെ വാശിയേറിയ പന്തുകളി. എല്ലാം എല്ലാം എത്ര ഉത്സാഹഭരിതമായിരുന്നു. എന്നാൽ ഇന്നത്തെപ്പോലെ ആധുനികത്വം ഇല്ലാത്ത വീതി കുറഞ്ഞ ടാറിടാത്ത റോഡ്. വാഹനങ്ങൾ നന്നേ കുറവ്. കൽക്കരി, കനൽ ഇന്ധന ഊർജത്തോടെ ഓടുന്ന വേഗം കുറഞ്ഞ ബസ്. അതിലും വേഗതയിലോടുന്ന 'അഞ്ചലോട്ടക്കാരൻ' തപാൽ ഉരുപ്പടികൾ സഞ്ചിയിലാക്കി തോളിലിട്ടു കാലിൽ ചിലമ്പും ചിലങ്കയും ഒരു ദണ്ഡും കൈയിലേന്തി കോമാളിവേഷ

www.malankaralibrary.com

## സ്നേഹ സ്മരണയ്ക്ക്



**തോമസ് സാമുവേൽ**
(06.09.1924–29.04.2022)



**ഏലിയാമ്മ സാമുവേൽ**
(01.07.1927–30.11.2012)



**ശോശാമ്മ പി.എഫ്.**
(18.09.1956–31.08.2008)



**മോളി പി.എഫ്.**
(14.07.1959–20.04.2020)

**പുതിയേൽ കുടുംബം**

## പാവനസ്മരണയ്ക്ക്



**റ്റി. ജി. കോശി**
**താഴത്തേതിൽ**

www.malankaralibrary.com

ത്തിൽ' ഒരു മിനിമം വേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്ന അഞ്ചലോട്ടക്കാരനെ അത്ഭുതത്തോടും കൗതുകത്തോടുമാണ് ഞങ്ങൾ കുട്ടികൾ ആ കാലത്ത് നോക്കി കണ്ടത്. ആ തൊഴിലിൽ അയാൾ കാണിക്കുന്ന കൃത്യനിഷ്ഠയും ആചാരമര്യാദകളും മാതൃകാപരമായിരുന്നു.

വ്യക്തിപരവും സാമൂഹികപരവുമായ അറിവിന്റെ ഭദ്രതയ്ക്കാവശ്യമായ പെരുമാറ്റശീലങ്ങൾ, നിലത്തെഴുത്താശാന്റെ ശിക്ഷണത്തിലുള്ള കുടിൽപള്ളിക്കൂടം, എൽപി സ്കൂൾ, മിഡിൽ സ്കൂൾ, ഹൈസ്കൂൾ, ട്രെയിനിങ് സ്കൂൾ, കൂടാതെ നാടിന്റെ തൊഴിൽ മേഖലയുടെ ഉന്നമനത്തിനായി നെയ്ത്തുശാല, കോഴിവളർത്തൽകേന്ദ്രം, കുട്ടികളുടെ കളിസ്ഥലങ്ങൾ തുടങ്ങിയവയുടെ ഉപജ്ഞാതാവും ഉപദർശകനും മൈലപ്ര ദേശത്തിന്റെ ജീവനാഡിയുമായി നിന്നത് തെങ്ങുംതറമേടയിൽ ആലുനിൽക്കുന്നതിൽ വല്യപ്പച്ചനായിരുന്നു.

അമേരിക്കയിൽ നിന്നു ബോട്ടണി ബിരുദാനന്തര ബിരുദം നേടി കേരള യൂണിവേഴ്സിറ്റിയിൽ പല പ്രധാന ഉന്നതപദവികളും വഹിച്ച് കേശവദാസപുരത്ത് (തിരുവനന്തപുരം) വിശ്രമജീവിതം നയിക്കുന്ന ഡോ. ടി.എ. ഏബ്രഹാമിനാൽ ( നമ്മുടെ വല്യച്ചന്റെ സീമന്തപുത്രൻ ജോയി) വിരചിതമായ മൈലപ്ര അച്ചന്റെ ഓർമ്മക്കുറിപ്പ് എന്ന ബുക്കിന്റെ ഏടുകളിൽ ഒരു സാമൂഹികപരിഷ്കർത്താവെന്നു നിസ്സംശയം വിശേഷിപ്പിക്കാവുന്നക്കാവുന്ന നമ്മുടെ വല്യച്ചന്റെ ദൈനംദിന 'ജീവചരിത്ര' കുറിപ്പുകൾ അതീവ ശ്രദ്ധയോടെ വിവരിച്ചിരിക്കുന്നു.

## ബാല്യകാല സ്മൃതികൾ

ഞങ്ങൾ ആറുമക്കൾ. നാല് ആണും രണ്ട് പെണ്ണും. സന്മാർഗീയതയിലൂന്നിയുള്ള മക്കളുടെ വളർച്ചയിൽ മാതാപിതാക്കളുടെ പങ്ക് ഏറെയായിരുന്നു. അതുകൊണ്ടുതന്നെ ഇടവകപ്പള്ളിയും പള്ളിക്കൂടവും ഞങ്ങളുടെ അവിഭാജ്യ ഭാഗമായി. മൈലപ്ര തിരുഹൃദയ പ്പള്ളിയിലെ മണിനാദം പ്രഭാത്തിലുയരുമ്പോൾ ഞങ്ങളുടെ ചരിവുപറമ്പിൽ മണിപ്പറമ്പിൽ കുടുംബത്തിൽ അപ്പച്ചന്റെ വിളിയുയരും. പ്രാർഥനാ മുറിയിൽ



ചെറിയ മണി മുഴങ്ങുമ്പോൾ എല്ലാവരും എത്തിയിരിക്കും. സി.ജി. തോമസ് എന്ന എന്റെ അപ്പച്ചന്റെ സഹോദരന്മാർ സി.ജി. മത്തായി, സി.ജി. ഏബ്രഹാം എന്നിവർ മൈലപ്ര സ്കൂളിലെ അധ്യാപകരായിരുന്നു എന്നു മാത്രമല്ല, എന്റെ ഗുരുക്കന്മാരും ആയിരുന്നു.


## മാർ ഇവാനിയോസ് പിതാവിന്റെ ഇടവക സന്ദർശനം

സാധാരണപോലെ വർഷത്തിലൊരിക്കൽ ഉണ്ടാകാറുള്ള ഇടവക സന്ദർശനത്തിനെത്തിയ അഭിവന്ദ്യ മാർ ഇവാനിയോസ് പിതാവ് മൈലപ്ര പള്ളിമേടയിലെ പോർട്ടിക്കോവിലുള്ള ചാരുകസേരയിൽ കിടന്നുകൊണ്ട് ഇടവക പ്രതിനിധികളുമായി സംസാരിക്കുന്നതിനിടയിൽ അതേ ഹാളിൽതന്നെ ഉണ്ടായിരുന്ന വല്യച്ചനോടും എന്റെ അപ്പച്ചനോടും ഒപ്പം നിന്നിരുന്ന എന്നെയും വന്ദ്യ പിതാവ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

'മൈലപ്ര അച്ചൻ...'

പിതാവിന്റെ വിളികേട്ടപാടെ വല്യച്ചൻ പിതാവിന്റെ അരികെയെത്തി. ആ കുട്ടിയേതാ! ഇവാനിയോസ് പിതാവ് ചോദിച്ചു. 'ഇടവക' ട്രസ്റ്റി കുഞ്ഞുതോമാച്ചനും മകനുമാണ് അത്. കൈമാടി ഞങ്ങളെ പിതാവിന്റെയടുത്തേക്കു വിളിച്ചു. തിരുമേനിയുടെ അടുത്തേക്കു ചെല്ലുമ്പോൾ കൈ മുത്തണമെന്ന് അപ്പച്ചൻ എന്നോടു പറഞ്ഞിരുന്നു. തിരുമേനി എന്റെ കൈയിൽ പിടിച്ച് അദ്ദേഹം ചാരിക്കിടക്കുന്ന കസേരയ്ക്കരികെ എന്നെ ചേർത്തുനിർത്തുന്നതിനിടയിൽ ധൃതിയിൽ ഞാൻ പിതാവിന്റെ കൈ മുത്തിയ സമയം തികച്ചും വ്യത്യസ്തമായ ഒരനുഭവം ഉണ്ടായി. അത് 'ഭയമോ' ഭക്തിയോ എന്തായിരുന്നു എനിക്കിന്നും നിശ്ചയമില്ല. പെട്ടെന്ന് പിതാവിന്റെ കൈ മുത്തിയ അവസരത്തിൽ അദ്ദേഹത്തിന്റെ കൈവിരലിൽ അണിഞ്ഞിരുന്ന മുദ്രമോതിരത്തിന്റെ വർണ്ണപ്പകിട്ടുള്ള കല്ല് എന്റെ നെറ്റിയിൽ ബലമായി തട്ടിയുണ്ടായ വേദനയിൽ അസ്വസ്ഥത തോന്നിയെങ്കിലും ഞാൻ പറഞ്ഞില്ല. അന്ന് എനിക്ക് ഏഴോ എട്ടോ വയസ്സു മാത്രം. നിമിഷങ്ങളോളം മുഖത്തേക്കു നോക്കി എന്റെ കൈയിൽ പിടിച്ച് അടുത്തു നിർത്തി 'മൈലപ്ര അച്ചാ ഈ കുട്ടിയെ എനിക്കു വേണം' എന്നു പറഞ്ഞു. വല്യച്ചൻ അപ്പച്ചനെ നോക്കി. രണ്ടു പേരും മൗനമായി നിന്നതേയുള്ളു. 'പെട്ടെന്നൊരു തീരുമാനമെടുക്കേണ്ടതില്ല. ആലോചിച്ച് വേണ്ടത്ര സമയമെടുത്തു പറഞ്ഞാൽ മതി. ദൈവത്തിന്റെ രഹസ്യവിധികൾ എന്താണെന്ന് നമുക്കറിയില്ല. കുട്ടിയെ കൂട്ടിക്കൊണ്ടുപോയി അവന്റെ സന്തോഷവും സമ്മതവും ഈ കാര്യത്തിൽ അറിയേണ്ടതുണ്ട്.. '

www.malankaralibrary.com



ഞങ്ങൾ പോരുമ്പോൾ പിതാവ് എന്റെ തലയിൽ കൈ വച്ച് അനുഗ്രഹിക്കുകയും ചെയ്തു. ധൃതിയിൽ പിതാവിന്റെ കൈ മുത്തിയപ്പോൾ മുദ്ര മോതിരത്തിലെ പല നിറം കാട്ടുന്ന കല്ല് എന്റെ നെറ്റിയിൽ തട്ടിയുണ്ടായ വേദന ഇപ്പോഴും ഉണ്ടെന്ന് അപ്പച്ചനോട് പറഞ്ഞപ്പോൾ കിട്ടിയ മറുപടി...

കർത്താവീശോ തമ്പുരാൻ കുരിശ്ശിൽ തറയ്ക്കപ്പെട്ട് എത്രമാത്രം വേദന സഹിച്ചാണ് മരിച്ചത്. അത് മോനൊന്നോർത്തുനോക്ക്. അതിന്റെ എത്രയോ ചെറുതാണ് ഈ വേദന. ഇത് വേദനയല്ല. എന്നുമെന്നും ഓർമ്മിക്കാൻ മോന് ദൈവം തന്ന് അനുഗ്രഹിച്ച ഒരു അനുഗ്രഹ പാരിതോഷികം.

അതെന്തെന്ന് മനസ്സിലാക്കാതെ ഞാൻ അപ്പച്ചനെ നോക്കി.

എന്നു പറഞ്ഞാൽ ഒരു വലിയ സമ്മാനം.

ഇപ്പോ എനിക്കു വേദനയില്ലല്ലോ. ഞാൻ പറഞ്ഞു.

മടങ്ങിപ്പോരുമ്പോൾ എനിക്കു സംശയം. അതെങ്ങനെയാ വേദന സമ്മാനമാകുന്നത്. എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലായില്ല. പിന്നീട് ക്രമേണ അതിന്റെ അന്തരാർഥം ചെറിയ ചെറിയ കഥകളിലൂടെ വിശുദ്ധരുടെ ജീവചരിത്രഭാഗവും മറ്റും പറഞ്ഞ് മനസ്സിലാക്കിത്തന്നത് 'സഹന' മെന്ന ദൈവിക സമ്മാനത്തിലൂടെ ചെറുതും വലുതുമായ ഏതു കഷ്ടതകളെയും മനഃക്ലേശങ്ങളെയും നമുക്ക് തരണം ചെയ്യാൻ കഴിയും എന്ന 'അവബോധം' എന്നിൽ സൃഷ്ടിക്കുകയായിരുന്നു.

## വീടും നാടും

വർത്തമാനകാലം, ഭാവികാലം, എന്നതിലുപരി ഭൂതകാല ചിന്തകളാണ് എന്നെ പ്രചോദിപ്പിക്കുന്നത്. ന്തുകൊണ്ടെന്നാൽ അവ അനുകരണീയമാംവിധം സ്വീകാര്യതയുള്ളവ എന്നതുകൊണ്ടുതന്നെ.

കാലങ്ങൾ കഴിയുന്തോറും ആ ചിന്തകൾക്ക് പ്രബലത ഏറുകയും ചെയ്യുന്നു. നാട്ടിൽനിന്ന് അകലത്താവുമ്പോൾ ഇടയ്ക്കൊക്കെ നാട്ടിൽ വരിക ഒരു ഞായറാഴ്ച ക്രമീകരിച്ചുകൊണ്ടായിരിക്കും അതിനു കാരണം വൃദ്ധമാതാപിതാക്കളായ അപ്പച്ചന്മാരും അമ്മച്ചിമാരുമുണ്ട് അവരുടെയൊക്കെ സ്നേഹം. കുഞ്ഞുങ്ങളെപ്പോലെ കളങ്കമറ്റതാണെന്ന് തോന്നാറുണ്ട്. ഒരു ഞായറാഴ്ച ദിവ്യബലി സമർപ്പിച്ചയുടനെ ഒരമ്മച്ചി ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ച തെരുതെരാ ഉമ്മതന്നുകൊണ്ട് എന്റെ മോനെ നിന്നെ ഒന്നു കണ്ടല്ലോ സന്തോഷമായി. കരഞ്ഞുകൊണ്ടാണ് ആ സന്തോഷക്കണ്ണീർ പൊഴിച്ചത്. എന്റെ കണ്ണുകളും നിറഞ്ഞിരുന്നു.

'എങ്കിലും ചില വൃദ്ധ മാതാപിതാക്കളെങ്കിലും മറ്റുള്ളവരോട് പറയാൻ മടിക്കുന്ന വിഷമ പ്രശ്നങ്ങൾ അവർക്കുണ്ടെന്നുള്ളതാണ് സത്യം. പക്ഷെ അത് സാമ്പത്തികമല്ലെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. 'സ്നേഹിക്കുകയും, സ്നേഹിക്കപ്പെടുകയും ചെയ്യുന്നത് സുഖകരവുമാണ്. എന്നാൽ സ്നേഹമുള്ളവരൊക്കെ കാലാകാലങ്ങളിൽ വേദനിക്കുന്നവരാണ്. അത് എന്തിനെന്ന് അവർ പറയുകയില്ല. ആഴമുള്ള വേദനയുടെ നൊമ്പരം സ്വന്തം വേദനയെക്കുറിച്ച് വാചാരലാകുന്നവർക്ക് മനസ്സിലാകുകയുമില്ല. സ്നേഹവും ബന്ധങ്ങളും നിലനിൽക്കുന്നതിൽ ക്ഷമ, സഹനം ഇവ വലിയ പങ്കാണ് വഹിക്കുന്നത്. ആ സദ്ഗുണം ദൈവം നൽകിയ വരദാനമാണ്.

'സ്നേഹം ബോദ്ധ്യമാക്കേണ്ട കാര്യമില്ല. ജീവിതംകൊണ്ട് സമർത്ഥിച്ചാൽ മതി.'

## പുതിയ അനുഭവം

ആത്മീയതയുടെ പുതിയ വാതായനങ്ങളും ജാലകങ്ങളും തുറക്കപ്പെട്ടു. എങ്കിലും ഏകാന്തത അനുഭവപ്പെട്ടു. ചിന്താകുലനായി കണ്ട എന്നെ സെമിനാരി ചാപ്പലിൽ പോയി അല്പനേരം ധ്യാനിച്ച് പ്രാർത്ഥിക്കാൻ റക്ടറച്ചൻ നിർദ്ദേശിച്ചതായി ഒരു സീനിയർ ബ്രദർ വന്ന് എന്നോട് പറഞ്ഞു. അത് ഞാൻ അനുസരിക്കുകയും ചെയ്തു. അസ്വസ്ഥതയ്ക്കും ഏകാന്തതയ്ക്കും ശമനമുണ്ടായി എന്നു പറയാം..... എങ്കിലും

'ദൈവത്തിന്റെ രഹസ്യവിധികൾ എന്താണെന്ന് നമുക്കറിയില്ല എന്ന് ദൈവദാസനാം ഇവാനിയോസ് പിതാവ് വല്യച്ചനോടും എന്റ അപ്പച്ചനോടുമായി പറഞ്ഞത് ഞാൻ അനുസ്മരിച്ചു...

ചില സന്ദർഭങ്ങളിൽ മാർ ഇവാനിയോസ് പിതാവ് സെമിനാരി ചാപ്പലിൽ വന്നിരുന്നു. പ്രാർഥിക്കുമ്പോൾ നെഞ്ചത്തടിച്ചുകൊണ്ടുള്ള ശബ്ദം സ്പഷ്ടമായി കേൾക്കാൻ കഴിഞ്ഞത് ഒരു പുതിയ അനുഭവമായിരുന്നു.

ഏകാന്തത ദുഃഖത്തിന്റെ കൂട്ടുകാരനെങ്കിലും ആത്മീയാനന്ദത്തിന്റെ സാഹചര്യംകൂടിയാണെന്ന് അനുഭവിച്ചറിഞ്ഞു.

www.malankaralibrary.com

## റവ. ഫാ. ജോൺ മാത്യു ഇലഞ്ഞിലേത്ത്

മൈലപ്ര ഇടവക അസിസ്റ്റന്റ് വികാരിയായി ഏറെക്കാലം സേവനമനുഷ്ഠിച്ചിരുന്ന കാലം. വർഗഭേദമില്ലാതെ എല്ലാ ജനത്തെയും അദ്ദേഹം ദൈവജനമായി കണക്കാക്കി. ഏവരുടേയും പ്രീതി ആർജ്ജിച്ച് ഇടവകയെ നയിച്ചു.

കുട്ടിക്കാലംതൊട്ടേ സെമിനാരി പ്രവേശന പ്രേരകശക്തിയും ആത്മീയഗുരുവും അദ്ദേഹമായിരുന്നു. ജെ നെടുംചിറയുടെ മേരിദാസൻ എന്ന നാടകം മാർ ഇവാനിയോസ് കോളജ് ഓഡിറ്റോറിയത്തിൽ അരങ്ങേറുമ്പോൾ മേരിദാസനായി അഭിനയിച്ച് സമ്മാനങ്ങൾ നേടിയപ്പോൾ ആശംസകളും ആശിസ്സും അർപ്പിച്ചവരുടെ മുമ്പിൽതന്നെ കലാപ്രചോദകനായ ജോൺ മാത്യു അച്ചനും ഉണ്ടായിരുന്നത് പ്രചോദനംതന്നെ ആയിരുന്നു.

സഹായം അഭ്യർത്ഥിച്ചെത്തുന്ന ആരെയും അദ്ദേഹം നിരാശയരാക്കിയിരുന്നില്ല. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന് നിർബന്ധമായും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരൗൺസ് സഹായം ഒരു ടൺ വേദപ്രസംഗത്തേക്കാൾ വിശിഷ്ടമെന്നു തെളിയിച്ച ഒരു പുരോഹിതശ്രേഷ്ഠനാണദ്ദേഹം. അദ്ദേഹം നൂറ്റിയഞ്ചാം വയസിലും ആരോഗ്യത്തോടെ അമേരിക്കയിൽ കഴിയുന്നു.

കവിയും ഭാഷാപണ്ഡിതനും ഗ്രന്ഥകാരനും ദേവഗിരി വൈസ് പ്രിൻസിപ്പലുമായിരുന്ന ഡോ. ചെറിയാൻ കുനിയന്തോടത്ത് യു.എസ്.എ.യിൽ പോയ അവസരത്തിൽ ജോൺ മാത്യു ഇലഞ്ഞിലേത്ത് അച്ചനുമായി പരിചയപ്പെട്ട അദ്ദേഹത്തോടൊപ്പം താമസിക്കുകയും ചെയ്തിരുന്നു. ജോൺ മാത്യു അച്ചന്റെ സഹോദരീപുത്രൻ ജേക്കബ് പുന്നൂസിന്റെ (റിട്ട. ഡിജിപി) കുടുംബത്തെ സന്ദർശിക്കുവാൻ ഇടയ്ക്കിടെ നാട്ടിലേക്കു വരുമായിരുന്ന അവസരത്തിൽ അദ്ദേഹത്തെ കാണുവാൻ ഡോ. കുനിയന്തോടത്തച്ചനും ഞാനും പോകുമായിരുന്നു.

മൈലപ്രയെക്കുറിച്ച് ഓർക്കുമ്പോൾ ഇങ്ങനെ ഒട്ടേറെ ഓർമകൾ ഉയർന്നുവരുന്നു. എല്ലാം കുറിക്കണമെങ്കിൽ പുസ്തകം തന്നെ വേണ്ടിവരും. അതിനു തുനിയുന്നില്ല. മൈലപ്രയുടെ മഹിമയായി ഈ ഇടവക നിലനിൽക്കട്ടെ. ■



## അരം + അരം = കിന്നരം

പ്രിയദർശന്റെ ജനപ്രിയ സിനിമയായ അരം + അരം = കിന്നരത്തിൽ മോഹൻലാൽ, ജഗതി ശ്രീകുമാർ എന്നിവർക്കൊപ്പം നമ്മുടെ ഇടവകാംഗമായ അഭിനയപ്രതിഭ മണിപ്പറമ്പിൽ സാം തോമസ് (ബേബി) നിർണായക റോളിൽ അഭിനയിക്കുന്നുണ്ട്. പറഞ്ഞുവരുന്നത് അതിനെപ്പറ്റിയല്ല; സിനിമാക്കമ്പം തലയ്ക്കു പിടിച്ച് അദ്ദേഹം സ്കൂൾ പഠനകാലത്ത് കോയമ്പത്തൂരിലേക്ക് തീവണ്ടി കയറിപ്പോയ കാര്യമാണ്. പ്രൈമറി വിദ്യാർത്ഥിയായിരുന്ന കാലം മുതൽ നാടകങ്ങളിൽ അഭിനയിച്ച് സമ്മാനങ്ങൾ വാരിക്കൂട്ടിയ പയ്യനാണ്. കുലീന കുടുംബത്തിൽപെട്ടവർക്ക് സിനിമാ പ്രവർത്തനം നിഷിദ്ധമായി കരുതപ്പെട്ടിരുന്ന കാലമായിരുന്നു അത്.

തമിഴ് നടൻ ശിവാജി ഗണേശന്റെ അഭിനയം കണ്ട് ഭ്രമിച്ച് അതുപോലെ അഭ്രപാളികളിൽ നായകനടനായി തിളങ്ങണമെന്ന് മോഹാവേശത്തോടെയാണ് സാം തോമസ് സിനിമയുടെ ഈറ്റില്ലമായ കോയമ്പത്തൂരിലേക്ക് ചേക്കേറിയത്. അന്ന് മൈലപ്ര പള്ളിയിലെ ട്രസ്റ്റി കൂടിയായിരുന്ന പിതാവ് മണിപ്പറമ്പിൽ സി.ജി. തോമസിന് ഈ പ്രിയപുത്രൻ പുരോഹിതനായിക്കാണണം എന്നായിരുന്നു ആശ. ഇവിടെ സഹായകവികാരിയായിരുന്ന ജോൺ മാത്യൂസ് ഇലഞ്ഞിലേത്ത് അച്ചന്റെ (106 വയസ്സുള്ള അച്ചൻ ഇപ്പോഴും ആരോഗ്യവാനായി കഴിയുന്നു). പിന്തുണയോടെ അദ്ദേഹം മകനെ കോയമ്പത്തൂരിൽ ചെന്ന് തിരികെ കൊണ്ടുവന്നു. പയ്യൻ പിന്നീട് വൈദിക വിദ്യാർത്ഥിയായി തിരുവനന്തപുരത്തെത്തി. അപ്പോഴും സിനിമാ മോഹമായിരുന്നു മനം നിറയെ. 'സാംസൺ ആൻഡ് ദലീല' എന്ന ഇംഗ്ലിഷ് സിനിമ പട്ടത്തെ കൊട്ടകയിൽ അരങ്ങേറുന്നുണ്ടെന്നറിഞ്ഞ് സാക്ഷാൽ മാർ ഇവാനിയോസ് പിതാവിൽനിന്ന് അനുവാദം ഒപ്പിച്ചെടുത്ത് സിനിമാ കാണാൻ പോവുകപോലുമുണ്ടായി.

പിൽക്കാലത്ത് കോഴിക്കോട് ദൈവഗിരി കോളജിൽ ഉദ്യോഗം നേടിയപ്പോഴും നാടകപ്രവർത്തനം തീവ്രമാക്കി. ഒട്ടേറെ നാടകങ്ങൾ സ്വയം എഴുതി അരങ്ങിലെത്തിച്ചു. നാടക മഹാപ്രതിഭ തിക്കൊടിയന്റെ ഉറ്റ ചങ്ങാതിയായി വളർന്നു. കോഴിക്കോടിന്റെ സാംസ്കാരിക നേതൃത്വരംഗത്ത് കർമനിരതനായി. കുറേ ടി.വി. സീരിയലുകളിലും അഭിനയിച്ചു. ആകാശവാണിയിലെ സ്ഥിരം നാടകക്കാരനായി മാറി. 250 ൽപരം റേഡിയോ നാടകങ്ങൾക്ക് ശബ്ദം നൽകി. പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. മികച്ച സാഹിത്യകാരനുള്ള 'കുടുംബദീപം' അവാർഡ് നേടി. എന്നിട്ടും പഴയ വെള്ളിത്തിരമോഹം ഹൃദയത്തെ വീർപ്പുമുട്ടിക്കാറുണ്ട്. മൈലപ്രായുടെ ഗ്രാമഭൂമികയിലേക്ക് തിരിച്ചുവരവിനുള്ള ആഗ്രഹം ബാക്കിയാക്കി ജീവിതസായന്തനത്തിൽ കോഴിക്കോടിന്റെ നഗരഹൃദയത്തിൽ കഴിയുകയാണ് ഈ അഭിനയപ്രതിഭ. ■

www.malankaralibrary.com



# മൈലപ്രയെന്ന വിശ്വാസ നീരൊഴുക്ക്

സിസ്റ്റർ ആൻ



ദീപ്ത സ്മരണകളുറങ്ങുന്ന മൈലപ്രയുടെ മണ്ണ്.... എന്നും ഗതകാലത്തിന് മാധുര്യം നൽകുന്ന സുഖമുള്ള ഓർമയാണ്. ജീവിതത്തിന്റെ പച്ചപ്പും കൗമാരത്തിന്റെ പ്രസരിപ്പും വിളങ്ങിനിന്ന പ്രായത്തിൽ ഈ പുണ്യദേശത്തിന്റെ സ്പർശം ഏൽക്കാൻ കഴിഞ്ഞതിന്റെ കൃതാർഥതയോടെ ഞാനെന്റെ ഓർമകൾ ഇവിടെ കുറിക്കട്ടെ.

ജന്മംകൊണ്ട് മൈലപ്രയുടെ മകളല്ലെങ്കിലും പതിനെട്ട് വർഷക്കാലം ഈ ദേശത്തിന്റെ നന്മയും കൃപയും സ്വീകരിച്ച് ജീവിക്കാൻ എനിക്കു കഴിഞ്ഞു എന്നുള്ളത് നന്ദിയോടെ ഞാനോർക്കുന്ന ഒരു കാര്യമാണ്. എന്റെ കുടുംബത്തെയും എന്നെയും ഇടവകയുടെ സ്വന്തമായി സ്വീകരിക്കാനും ഇടവകയുടെ ഭാഗഭാഗിത്വത്തിലേക്കു കൊണ്ടുവരാനുമൊക്കെ കഴിഞ്ഞു എന്നുള്ളത് ഹൃദയവിശാലതയുടെ നേർക്കാഴ്ചയാണ്.

ഇന്ന് ഞാനെന്ന വ്യക്തിയെ, സന്യാസിനിയെ രൂപപ്പെടുത്തുന്നതിൽ, എന്റെ പ്രേഷിത മേഖലയെ ബലപ്പെടുത്തുന്നതിൽ കാലാകാലങ്ങളിൽ ഇടവകയിൽ ശുശ്രൂഷ ചെയ്ത വികാരിയച്ചന്മാർ, ബഹുമാനപ്പെട്ട സിസ്റ്റർമാർ, സൺഡേ സ്കൂൾ അധ്യാപകർ, വിവിധ ഭക്ത സംഘടനാ ഭാരവാഹികൾ എന്നിവർ നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. മൈലപ്ര ദേശം ജന്മം നൽകിയ സഭാ മക്കൾ ദേശദേശാന്തരങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതും ഈ മണ്ണിന്റെ പൂർവജന്മ സുകൃതമാണ്.

എന്റെ ദൈവവിളിയെ അതിന്റെ വിത്ത് പൊട്ടിമുളക്കാൻ പരുവപ്പെടുത്തിയത് ഇടവക കൂട്ടായ്മയുടെ ചിട്ടയായ ജീവിതസാക്ഷ്യമാണ്. എനിക്കു മുമ്പേ ഇടവകയിൽ നിന്നു ദൈവവിളി സ്വീകരിച്ച അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ്, ജോസഫ് ചാമക്കാലായിൽ റമ്പാൻ, റവ. ഫാ. ജോഷ്വാ താഴത്തേതിൽ അച്ചൻ, വിവിധ സന്യസ്ത സമൂഹങ്ങളിലായിരിക്കുന്ന വൈദികർ, എന്റെ സന്യസ്ത ജ്യേഷ്ഠ സഹോദരിമാർ എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കുകയാണ്. മൈലപ്ര മഠത്തിൽ കാലാകാലങ്ങളിൽ ഉണ്ടായിരുന്ന ബഹുമാനപ്പെട്ട സിസ്റ്റർമാർ, പ്രത്യേകമായി എന്നെ മഠത്തിലേക്ക് പ്രാർഥനാപൂർവം അയച്ച ബഹുമാനപ്പെട്ട ജോൺ ജി. വടക്കേപ്പുറം അച്ചൻ, ബഹുമാനപ്പെട്ട ജസ്റ്റിൻ കോന്നാത്തുവിള അച്ചൻ, ബഹുമാനപ്പെട്ട മദർ തമീം എന്നിവരെ വളരെ നന്ദിയോടെ ഞാനോർക്കുന്നു. ഇന്നും ചിട്ടയോടെ എന്റെ ആരാധനാ ജീവിതവും സന്യാസ ജീവിതവും മുന്നോട്ടു പോകാൻ ഇടയാകുന്നത് ഈ ഇടവക സമൂഹത്തിന്റെ വിശ്വാസ നീരൊഴുക്കിന്റെ തുടർച്ചയാണ്.

നവതി ആഘോഷിച്ച ഈ വർഷത്തിൽ അനേകം സുമനസ്സുകളുടെ കണ്ണീരിൽ കുതിർന്ന പ്രാർഥനയും അധ്വാനവും ജീവിത സാക്ഷ്യവുമൊക്കെ പിൻബലമായുണ്ട്. പുണ്യശ്ലോകനായ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ പാദമുദ്ര പിൻപറ്റി കഴിഞ്ഞ 90 വർഷമായി ഇടവക നീങ്ങുന്നു. അനശ്വരമായ വിശ്വാസ സാക്ഷ്യം ദേശത്തിനും ജഗത്തിനും നൽകാൻ ഇടവക സമൂഹത്തിനു കഴിഞ്ഞു. തുടർന്നും പൂർവകാലത്തേക്കാൾ ഒരുപടികൂടി നമ്മുടെ സഭയോടും സമൂഹത്തോടും ചേർന്ന് മുന്നേറാൻ ഇടവകയ്ക്ക് സാധിക്കട്ടെ എന്നു പ്രാർഥിക്കുന്നു. ആശംസിക്കുന്നു. പാവങ്ങളോട് പക്ഷം ചേരുന്ന സുവിശേഷ മൂല്യങ്ങളെ നെഞ്ചോട് ചേർത്ത് അനാവൃതമാക്കുന്ന ഒരു യുഗത്തിന്റെ മണ്ണായി മൈലപ്ര മാറട്ടെ. ■

www.malankaralibrary.com




# നവതി
# നിറവിൽ

2022 മെയ് നാലിന് അഭിവന്ദ്യ ഡോ. സാമുവൽ
മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം
നിർവഹിച്ചതോടെ നവതിയാഘോഷങ്ങൾക്ക് തുടക്കമായി

www.malankaralibrary.com

# പ്രൗഢഗംഭീരം നവതി

ബിനോയ് വർഗീസ്
(സെക്രട്ടറി, നവതി ആഘോഷ കമ്മിറ്റി)





**1928** ൽ കത്തോലിക്കാ സമൂഹം മൈലപ്രയിൽ രൂപീകൃതമാകുകയും 1930-ൽ പുനരൈക്യപ്രസ്ഥാനത്തിന്റെ ഭാഗമാവുകയും ചെയ്തു. 1932-ൽ മൈലപ്രയിൽ ആദ്യത്തെ മലങ്കര കത്തോലിക്കാ ദൈവാലയം കൂദാശ ചെയ്തു. ആയതിന്റെ 90-ാം വാർഷികം (നവതി) വിപുലമായി ആചരിക്കാൻ 2022 ഏപ്രിൽ 24ന് കൂടിയ പൊതുയോഗം തീരുമാനിച്ചു. ഇടവക കമ്മിറ്റി കൂടാതെ 20 അംഗങ്ങൾ കൂടി ചേർത്ത് വിപുലമായ കമ്മിറ്റി രൂപീകരിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന (2022 മെയ് 4 മുതൽ 2023 മെയ് 5) പരിപാടികൾക്ക് കമ്മിറ്റി രൂപം നൽകി.

ഒരു മാസത്തിൽ ഒരു പരിപാടിയെന്ന നിലയിലാണ് ആഘോഷ പരിപാടികൾ ക്രമീകരിച്ചത്. ജൂൺ- തിരുഹൃദയ വണക്കമാസാചരണം, ജൂലൈ- മാർ ഇവാനിയോസ്, വി. ദേവസഹായം പിള്ള എന്നിവരുടെ കബർ സന്ദർശനം, ഓഗസ്റ്റ് - രൂപതാതല യൂത്ത് സമ്മേളനം, സെപ്റ്റംബർ- എം.സി.എ. നേതൃത്വ പരിശീലനം, ഒക്ടോബർ- മാതൃവേദി രൂപതാതലസമ്മേളനം, നവംബർ- പരേതരായ മുൻ വികാരിമാരുടെ കബറിടം സന്ദർശനം, ഡിസംബർ-മെഗാഷോ, ജനുവരി-രൂപതാദിനം, ഫെബ്രുവരി, മാർച്ച് -ആതുരാലയ സന്ദർശനം, മെയ് -നവതിയാചരണസമാപനം കൂടാതെ നവതി നിർമ്മാണ പ്രവർത്തനങ്ങളിൽ വൈദീകമന്ദിരം, ഓഡിറ്റോറിയം എന്നിവ ഉൾപ്പെടുത്താനും തീരുമാനിച്ചു. നവതിയാചരണങ്ങളുടെ ഉദ്ഘാടനം 2022 മെയ് നാലിന് സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ബഹു. വികാരിയച്ചൻ ഫാ. പോൾ നിലയ്ക്കൽ സ്വാഗതവും ട്രസ്റ്റി പ്രമോദ് ജോർജ് കോഴിമലയിൽ നന്ദിയും പറഞ്ഞു. നവതി ലോഗോ പ്രകാശനം, നവതിയാഘോഷപരിപാടികളുടെ പ്രഖ്യാപനം എന്നിവ അന്നേദിവസം നിർവഹിക്കപ്പെട്ടു. നവതിയാഘോഷങ്ങളുടെ ജനറൽ കൺവീനറായി ബോബി ഏബ്രഹാം പുതിയ മേലേതിൽ, സെക്രട്ടറി ബിനോയ് വർഗീസ് ചൊള്ളംമാങ്കൽ, ജോയിന്റ് സെക്രട്ടറി മനോജ് തെക്കേടം ഗ്രീൻവില്ല, ഭവനനിർമ്മാണ കമ്മിറ്റി കൺവീനർ ജോസഫ് പുതിയേൽ, മീഡിയ കമ്മിറ്റിയംഗങ്ങളായി ജസ്റ്റിൻ, ആൻഡ്രൂസ് എന്നിവരെ നിയോഗിച്ചു.

ആഘോഷങ്ങളുടെ ഭാഗമായി ദൈവദാസൻ മാർ ഇവാനിയോസ് വി. ദേവസഹായം പിള്ള എന്നിവരുടെ കബറിങ്കലേക്കു തീർത്ഥയാത്ര 2022 ജൂലൈ 30ന് നടത്തി. രണ്ട് വാഹനങ്ങളിലായി 51 പേർ തീർത്ഥയാത്രയിൽ പങ്കെടുത്തു. മാർ ഇവാനിയോസ് തിരുമേനിയുടെ കബറിടത്തിൽ നടത്തിയ കുർബാ

www.malankaralibrary.com



# ആഘോഷം

നസ്റ്റ് വികാരി ഫാ. പോൾ നിലയ്ക്കൽ കാർമികത്വം വഹിച്ചു. നവ്യമായ അനുഭവമായിരുന്നു ആ യാത്ര. പുനരൈക്യ പ്രസ്ഥാനത്തിന്റെ നായകൻ ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനിയുടെ ഓർമ എല്ലാവർക്കും ശക്തി പകരുന്നതായിരുന്നു. നാഗർകോവിലിനടുത്ത് കാറ്റാടി മലയിൽ വിശുദ്ധ ദേവസഹായം പിള്ളയുടെ കബറിടം, അദ്ദേഹത്തെ തടവിൽ പാർപ്പിച്ച സ്ഥലം, അദ്ദേഹത്തിന്റെ ജന്മഗേഹം എന്നിവ സന്ദർശിക്കാനും കഴിഞ്ഞത് പുതിയ അനുഭവമായി.

എംസിഎ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നവതിയുടെ ഭാഗമായി നേതൃത്വപരിശീലനം 2022 സെപ്റ്റംബർ 10-ാം തീയതി നടത്തി. അഞ്ചൽ കോളേജ് റിട്ട. പ്രിൻസിപ്പൽ പ്രഫ. കെ.വി. തോമസ്കുട്ടി ക്ലാസുകൾക്ക് നേതൃത്വം നൽകി. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ സാമുവൽ മാർ ഐറേനിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. നൂറ്റിയെൺപതിലധികം പ്രതിനിധികൾ പങ്കെടുത്തു.

നവതിയാഘോഷങ്ങളുടെ രണ്ടാം ഘട്ടം വിവിധ പരിപാടികളോടെ നടത്തി. ഇടവകയും മാതൃവേദി രൂപതാസമിതിയും ചേർന്ന് അമ്മമാർക്കുള്ള ധ്യാനം ഒക്ടോബർ 29 ശനിയാഴ്ച ദൈവാലയത്തിൽ നടത്തി. രാവിലെ 9.30 ന് ആരംഭിച്ച ധ്യാനശുശ്രൂഷകൾക്ക് റവ. ഫാ. ദാനിയേൽ പൂവണ്ണത്തിൽ നേതൃത്വം നൽകി. രൂപതാദ്ധ്യക്ഷൻ അനുഗ്രഹപ്രഭാഷണം നടത്തി. 1500-ൽ അധികം അമ്മമാർ പങ്കെടുത്തു.

പരേതരായ മുൻ വികാരിമാരുടെ കബറിടം സന്ദർശനം വ്യത്യസ്ത അനുഭവമായിരുന്നു. സന്ദർശനവേളയിൽ വിശ്വാസസമൂഹം കല്ലറകൾക്ക് അരികിൽ വൈദീകരുടെ ശുശ്രൂഷ കാലഘട്ടം ഓർമ്മിച്ച് പ്രാർത്ഥനാപൂർവ്വം നിന്നത് മറക്കാനാവാത്ത കാഴ്ചയായിരുന്നു. കബറിടസന്ദർശനം 2 ഞായറാഴ്ചകളിലായാണ് ക്രമീകരിച്ചത്. 2023 ജനുവരി 29-ന് ഉച്ചയ്ക്ക് 2 മണിക്ക് പള്ളിയിൽ നിന്നാരംഭിച്ച് പുത്തൻകാവ് (ഫാ. ഏബ്രഹാം തെക്കേടത്ത്), മെഴുവേലി (ഫാ. സഖറിയാസ് നെടിയകാലായിൽ), വയലത്തല (ഫാ. തോമസ പൊൻമേലിൽ), കാട്ടൂർ(ഫാ. മാത്യു പൊന്മേലിൽ.), പുത്തൻപീടിക (ഫാ. ജോർജ് ജേക്കബ് കോറെപ്പിസ്കോപ്പ), ആഞ്ഞിലികുന്ന് (ഫാ. ഗീവർഗീസ്, ചരുവിലേത്ത്), കുമ്പഴ (ഫാ. ഫിലിപ്പോസ് മേടയിൽ) എന്നീ വൈദീകരുടെ കബറിടങ്ങൾ സന്ദർശിച്ചു.

ഫെബ്രുവരി 2ന് ഉച്ചകഴിഞ്ഞ് ആരംഭിച്ച സന്ദർശനം മാമ്പാറ (ഫാ. മാത്യു കാലായിൽ) വടശ്ശേരിക്കര (കുരിശുമല മാത്യൂസ് റമ്പാച്ചൻ) നെടുമൺകാവ് (ഫാ. ഫിലിപ്പോസ് തോമസ്), എന്നിവിടങ്ങളിലെത്തി പ്രാർത്ഥന നടത്തിയ ശേഷം തിരികെയെത്തി മൈലപ്രാ അച്ചന്റെ കബറിലും ധൂപപ്രാർത്ഥന നടത്തി. കല്ലറകളിലെ ധൂപപ്രാർത്ഥനയ്ക്ക് വികാരി പാ. പോൾ നിലയ്ക്കൽ, ഫാ. വറുഗീസ് ചാമക്കാലായിൽ എന്നിവർ നേതൃത്വം നൽകി. ടി. ജി. ജോയിക്കുട്ടി താഴത്തേതിൽ, ജോർജ് വറുഗീസ് വടക്കേതിൽ, എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി.

www.malankaralibrary.com



നവതിയാഘോഷ സമാപന സമ്മേളനത്തിൽ മേജർ ആർച്ച് ബിഷപ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ അനുഗ്രഹപ്രഭാഷണം നടത്തുന്നു.

മുൻ വികാരിയച്ചന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും നവതിയാഘോഷങ്ങളുടെ ഭാഗമായി നടത്തി. ഫെബ്രുവരി 5ന് വൈകിട്ട് 4 ന് പ്രാർത്ഥനയെതുടർന്ന് വന്ദ്യ. ജോസ് കടകംപള്ളിൽ കോറെപ്പിസ്കോപ്പ, റവ. ഫാ. വർഗീസ് പ്ലാവിളയിൽ, റവ. ഫാ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ, റവ. ഫാ. ജോൺ ജി. വടക്കേപ്പുറം, റവ. ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ, ഫാ. ജോർജ് തോമസ് കൊച്ചുവിളയിൽ എന്നിവർ ചേർന്ന് തുടർന്ന് വി. കുർബാനയർപ്പിച്ചു. പീറ്റർ സി. ഏബ്രഹാം ചരിവുപുരയിടത്തിൽ, പ്രമോദ് കെ. ജോർജ്ജ് കോഴിമലയിൽ, ജോർജ് വർഗീസ് വടക്കേതിൽ, ബോബി ഏബ്രഹാം പുതിയമേലേതിൽ, ജോൺ സി.റ്റി. ചാമക്കാലായിൽ എന്നിവർ ബഹു. വൈദികരുടെ ശുശ്രൂഷ കാലയളവിനെ അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു. വൈദികരുടെ ശുശ്രൂഷകൾക്ക് നന്ദിയർപ്പിച്ചുകൊണ്ടുള്ള മെമെന്റോ നൽകി ആദരിച്ചു.

സൺഡേ സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ചീക്കനാൽ ആശ്വാസഭവൻ ഫെബ്രുവരി 26ന് സന്ദർശിച്ചു. കുട്ടികൾ സമാഹരിച്ച 30000/- രൂപ സംഭാവനയായി നൽകുകയും ചെയ്തു. നവതിയുടെ ഭാഗമായി നിർമ്മിച്ച പാസ്റ്ററൽ സെന്ററിന്റെ .കൂദാശ 2023 ഏപ്രിൽ 23ന് ഉച്ചകഴിഞ്ഞ് 4.30 ന് രൂപതാദ്ധ്യക്ഷൻ നിർവഹിച്ചു. വൈദികരും സിസ്റ്റേഴ്സും വിശ്വാസ സമൂഹവും ഉൾപ്പെടെ ധാരാളം പേർ പങ്കെടുത്തു. അന്നേദിവസം തന്നെ പള്ളി ഓഫീസിന്റെ കൂദാശയും നടത്തി, 80 വയസ് പൂർത്തയാക്കിയ ഇടവകാംഗങ്ങളെ ആദരിക്കുന്ന ചടങ്ങും അന്ന് നടത്തി. അന്നേദിവസം വൈകിട്ട് നടന്ന വി. കുർബാനയ്ക്ക് ശേഷം രൂപതാദ്ധ്യക്ഷൻ 80 വയസ് പൂർത്തിയായവർക്ക് ആശംസകൾ അർപ്പിച്ച് കൊണ്ട് പൊന്നാടയണിയിച്ച് ആദരിച്ചു. 83 പേർ ആദരം ഏറ്റുവാങ്ങി.

നവതി ആഘോഷങ്ങളുടെ ഭാഗമായി നിർമിക്കുന്ന ഓഡിറ്റോറിയത്തിന്റെ നിർമാണവും പുരോഗമിക്കുകയാണ്.

ഒരു വർഷം നീണ്ടുനിന്ന നവതിയാഘോഷപരിപാടികളുടെ സമാപനം ഈ വർഷത്തെ പ്രധാന തിരുനാൾ ദിവസം നടത്തി. 2023 മെയ് 5ന് തിരുനാൾ കുർബാനയെത്തുടർന്ന് നടത്തപ്പെട്ട സമാപനസമ്മേളനത്തിൽ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. വന്ദ്യ ജോസ് ചാമക്കാലായിൽ റമ്പാൻ, ബഥനി സസന്യാസിനി സമൂഹം പത്തനംതിട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ തമിം എസ്ഐസി. എന്നിവർ പ്രസംഗിച്ചു.

ഇടവക വികാരി ഫാ. പോൾ നിലയ്ക്കൽ സ്വാഗതവും നവതിയാഘോഷകമ്മറ്റി കൺവീനർ ബോബി ഏബ്രഹാം പുതിയമേലേതിൽ നന്ദിയും പറഞ്ഞു. പൊതുസമ്മേളനത്തിനു മുന്നോടിയായി മൈലപ്ര പള്ളി നവതി ആഘോഷത്തിന്റെ ഭാഗമായി തയാറാക്കിയ പ്രിയം മൈലപ്ര എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും നടന്നു. ■



നവതി വർഷത്തിലെ തിരുനാളിന് രൂപതാധ്യക്ഷൻ ഡോ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത കൊടിയേറ്റുന്നു.

www.malankaralibrary.com



# നവതി
# ചിത്രങ്ങളിലൂടെ





www.malankaralibrary.com





# ഓർമയിൽ ഇവർ എന്നെന്നും

മുൻ വികാരിമാരുടെ കബറിടങ്ങളിലേക്ക് ഇടവകാംഗങ്ങൾ വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്തിയ പ്രാർഥനാ യാത്രയിൽനിന്ന്...





www.malankaralibrary.com



നവതിയുടെ
ഭാഗമായി
മുൻ വികാരിമാരെ
ഇടവകയിൽ
ആദരിച്ചപ്പോൾ





www.malankaralibrary.com







# നവതി ആദരം













www.malankaralibrary.com





# നവതി ആദരം













ഇടവകയിലെ
80 വയസ്സ്
കഴിഞ്ഞവരെ
നവതിയുടെ
ഭാഗമായി
ആദരിച്ചപ്പോൾ



www.malankaralibrary.com

# നവതി ആദരം













ഇടവകയിലെ
80 വയസ്സ്
കഴിഞ്ഞവരെ
നവതിയുടെ
ഭാഗമായി
ആദരിച്ചപ്പോൾ





www.malankaralibrary.com



# നവതി യാത്ര

ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനിയുടെയും വിശുദ്ധ ദേവസഹായം പിള്ളയുടെയും കബറിടങ്ങളിലേക്ക് ഇടവകാംഗങ്ങൾ നടത്തിയ യാത്ര








www.malankaralibrary.com

# ഇടവക ട്രസ്റ്റിയുടെ അകാലമരണം

**1977**ൽ ചരിവുപറമ്പിൽ സി.ജി. മത്തായി സാർ മൈലപ്രാ ഇടവകയുടെ ട്രസ്റ്റി ആയിരുന്നു. അദ്ദേഹത്തിന്റെ രണ്ടു കൊച്ചുമക്കളെ ഇറാഖിലുള്ള മകളുടെ പക്കലേക്ക് വിമാനത്തിൽ അയയ്ക്കാനായി മത്തായിസാർ ഡൽഹിയിലെത്തി. 10 വയസ്സിൽ താഴെ മാത്രം പ്രായമുള്ള കൊച്ചുമക്കളുമായി അദ്ദേഹം ഒരു ഹോട്ടൽമുറിയിൽ തങ്ങി. അന്നു രാത്രി മത്തായിസാർ 61-ാം വയസ്സിൽ ഹൃദയസ്തംഭനം മൂലം അന്തരിക്കുകയായിരുന്നു. കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട് പോലീസ് സംഘം എത്തിയാണ് വാതിൽ തുറന്നത്. മത്തായിസാറിന്റെ ഇളയ മകൻ ഏബ്രഹാം മാത്യു (തങ്കച്ചൻ) അന്ന് പട്ടാളത്തിലെ അവധിക്ക് മൈലപ്രായിലെ വീട്ടിൽ ഉണ്ടായിരുന്നു. ഹോട്ടൽ അധികാരികളുടെ ഫോൺ സന്ദേശത്തെ തുടർന്ന് തങ്കച്ചൻ വല്ലാതെ പരിഭ്രമിച്ചുപോയി.

അന്നു വികാരിയായിരുന്ന ബ. കുര്യൻ ഇലഞ്ഞിമറ്റം അച്ചൻ തങ്കച്ചനെ ആശ്വസിപ്പിക്കുകയും അദ്ദേഹത്തെകൂടി മണ്ണിൽ ജോർജച്ചായന്റെ അംബാസിഡർ കാറിൽ വേഗം തിരുവനന്തപുരം അരമനയിലേക്കു യാത്രയായി. അവിടെ ച്ചെന്ന് അഭിവന്ദ്യ ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെ കണ്ട് കുര്യൻ അച്ചൻ കാര്യങ്ങൾ വിശദീകരിച്ചു. വന്ദ്യ പിതാവ് ഉടൻതന്നെ ഡൽഹിയിലേക്ക് 2 വിമാന ടിക്കറ്റുകൾ അടിയന്തിരമായി തരപ്പെടുത്തി തങ്കച്ചനെയുംകൊണ്ട് ഡൽഹിക്കു പറന്നു. രാത്രിയിലായിരുന്നു യാത്ര. തിരുമേനി അതിനു മുമ്പേ, ഡൽഹിയിലെ ആർച്ചു ബിഷപ്പിനെയും ഇക്കാര്യം അറിയിച്ചിരുന്നു. ഗ്രിഗോറിയോസ് തിരുമേനിയുടെ ആകസ്മികമായ വരവിനെപ്പറ്റി അറിഞ്ഞ് കേന്ദ്രമന്ത്രി സി.എം. സ്റ്റീഫൻ ഉൾപ്പെടെയുള്ള ഒരു വലിയ ഗണം മലയാളികൾ ഡൽഹി വിമാനത്താവളത്തിൽ ആ രാത്രിയിൽ കാത്തുനിന്നിരുന്നു. കേട്ടറിഞ്ഞ് ധാരാളം വൈദികരും കന്യാസ്ത്രീകളും അവിടെ സന്നിഹിതരായിരുന്നു. അങ്ങനെ വിദൂരതയിലായിരുന്നിട്ടുപോലും രണ്ട് ആർച്ചുബിഷപ്പുമാരുടെയും രണ്ടു കേന്ദ്രമന്ത്രിമാരുടെയും നൂറുകണക്കിന് വൈദികരുടെയും കന്യാസ്ത്രീകളുടെയും മലയാളി സമാജം പ്രവർത്തകരുൾപ്പെടെ ബഹുശതം അൽമായരുടെയും പ്രാർത്ഥനാസാന്നിദ്ധ്യത്തിൽ മൈലപ്രായുടെ ആദ്യകാല ഗുരുനാഥനും മിലിട്ടറി ഉദ്യോഗസ്ഥനും ഇടവക ട്രസ്റ്റിയും ആയിരുന്ന മത്തായിസാറിന്റെ ശവസംസ്കാരകർമ്മം ഒരവിസ്മരണീയ സംഭവമായി മാറി.

# മരണത്തിലും ഇരുവരും ഒരുമിച്ച്...

**1980**ലെ വർത്തമാനപത്രങ്ങളിൽ വന്ന ഒരു അത്യപൂർവ്വ വാർത്തയുടെ ശീർഷകമാണിത്. നമ്മുടെ ഇടവകയിലെ ഭാര്യാഭർത്താക്കന്മാരായിരുന്ന ഒരപ്പച്ചനും അമ്മച്ചിയും ഒരു ദിവസം തന്നെ അന്തരിച്ചു. തെക്കേടത്തു വീട്ടിലെ ഇട്ടിച്ചെറിയായും ഭാര്യ അന്നമ്മ ചെറിയാനുമായിരുന്നു അവർ. അപ്പച്ചന് അന്ന് 100 വയസ്. അമ്മച്ചിക്ക് 97 ഉം അപ്പച്ചൻ തീരെ അവശനായി മരണം കാത്ത് കിടക്കയിൽ കഴിയുകയാണ്. വികാരി അച്ചൻ വന്ന് തൈലാഭിഷേക ശുശ്രൂഷ നൽകിക്കഴിഞ്ഞു. എന്നാൽ അമ്മച്ചിക്ക് യാതൊരു രോഗവും ഉണ്ടായിരുന്നില്ലതാനും. എങ്കിലും അമ്മച്ചി ആവർത്തിച്ച് പറയുമായിരുന്നു; 'ആദ്യം പോകുന്നത് ഞാനായിരിക്കും' എന്ന്.

ആ പ്രസ്താവം അറംപറ്റിയ മാതിരി പെട്ടെന്ന് അമ്മച്ചിക്ക് പനി പിടിച്ചു. കൊച്ചുമകൻ ലിങ്കൺ ഏബ്രഹാം സ്കൂൾ വിട്ട് അന്നു വൈകിട്ട് വീട്ടിലെത്തിയപ്പോൾ പനി ബാധിച്ച് വിറയ്ക്കുന്ന അമ്മച്ചി കെട്ടിപ്പിടിച്ച് കരഞ്ഞു. അന്നു രാത്രി അമ്മച്ചി മരിച്ചു. ബന്ധുമിത്രാദികൾ ഓടിക്കൂടി. വികാരിയച്ചനും പള്ളിക്കാരും വന്നു. എല്ലാവരും അപ്പച്ചനെ സമാശ്വസിപ്പിച്ചു.

സ്ത്രീകളുടെ ശവസംസ്കാരശുശ്രൂഷ ആരംഭിച്ചു. പ്രാർത്ഥന പകുതിയായപ്പോഴേക്കും അപ്പച്ചനും മരിച്ചു. ഉടൻ പ്രാർത്ഥന നിർത്തിവച്ച് വികാരി അച്ചൻ വീട്ടുകാരുമായി ആലോചിച്ച് ഇരുവരെയും ഒരുമിച്ച് സംസ്കരിക്കാനുള്ള ക്രമീകരണം ചെയ്യുകയായിരുന്നു. അങ്ങനെ ഒരേ സമയം രണ്ടു മൃതശരീരങ്ങളും ഒരുക്കിക്കിടത്തി പ്രാർത്ഥനകൾ മുഴുമിപ്പിച്ച് ഒരേ മഞ്ചലിൽ ദേവാലയത്തിലേക്ക് കൊണ്ടുപോയി ഒരേ കല്ലറയിൽ അടക്കുകയും ചെയ്തു.

www.malankaralibrary.com

# സ്മരണിക കമ്മിറ്റി


ഫാ. പോൾ നിലയ്ക്കൽ
തെക്കേതിൽ
വികാരി


ഫാ. ജോർജ് സാമുവൽ
കുളത്തുംകരോട്ട്
സഹവികാരി


ബോബി ഏബ്രഹാം
എഡിറ്റർ


ബിനോയ് വർഗീസ്
കൺവീനർ


ജോർജ് വർഗീസ്
ഇടവക ട്രസ്റ്റി


സി.ടി. ജോമോൻ
ഇടവക സെക്രട്ടറി


പീറ്റർ സി.
ഏബ്രഹാം


പ്രമോദ് ജോർജ്


മാത്യു ജോർജ്


സന്തോഷ്
വർഗീസ്


ജിമ്മിലൈറ്റ് സി.
ജോയ്സ്


അഡ്വ. മനോജ്
തെക്കേടം


ജോൺ ജോർജ്


ജിമ്മി ഫിലിപ്


എബി വർഗീസ്


ഷിബിൻ ഷാജി


പി.വി. സാംകുട്ടി
ചാമക്കാലായിൽ
നവതി പെരുന്നാൾ
കമ്മിറ്റി ജനറൽ
കൺവീനർ


**എം.എസ്. സാമുവൽ**
**ഓഡിറ്റോറിയം കമ്മിറ്റി**
**ജനറൽ കൺവീനർ**


**ടി.ജി. ജോയിക്കുട്ടി**
**ഓഡിറ്റോറിയം കമ്മിറ്റി**
**ഫിനാൻസ് കൺവീനർ**

www.malankaralibrary.com

## മൈലപ്ര മലങ്കര കത്തോലിക്കാ പള്ളി തിരുനാൾ

പത്തനംതിട്ട ● മൈലപ്ര തിരുഹൃദയ മലങ്കര കത്തോലിക്കാ പള്ളിയിലെ ഗീവർഗീസ് സഹദായുടെ തിരുനാൾ മേയ് ഒന്നു മുതൽ 5 വരെ നടക്കുമെന്ന് അധികൃതർ പറഞ്ഞു. ഇതിനൊപ്പം ഇടവകയുടെ നവതി ആഘോഷത്തിനും തുടക്കമാകും. ഒരു വർഷം നീണ്ടുനിൽക്കുന്ന നവതി ആഘോഷങ്ങളുടെ ഭാഗമായി ഓഡിറ്റോറിയം, പുതിയ പരീസനേജ്, ഓഫിസ് കെട്ടിടം എന്നിവയും നിർമിക്കുമെന്ന് വികാരി ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ പറഞ്ഞു.

1ന് 6.30ന് നവ വൈദികരായ ഫാ.ഡേവിഡ് പേഴുംമൂട്ടിൽ, ഫാ. മാത്യു ജോസഫ് പരുമൂട്ടിൽ, ഫാ. സ്കോട്ട് സ്ലീബ പുളിമൂടൻ എന്നിവരുടെ കാർമികത്വത്തിൽ കുർബാന, വി.ഗീവർഗീസ് സഹദായുടെ തിരുസ്വരൂപ പ്രതിഷ്ഠ, കൊടിയേറ്റ്. 11ന് ചെമ്പെടുപ്പ് റാസ, കൊടിമരഘോഷയാത്ര. 2ന് 4.30ന് ഫാ.ജേക്കബ് മാത്യു ചാത്തനാട്ടിന്റെ കാർമികത്വത്തിൽ കുർബാന, 3ന് ഫാ.ലസ്റ്റിൻ ലോറൻസിന്റെ കാർമി[...] കുർബാന, ദിവ്യ കാ[...] ക്ഷിണം. 4ന് 7ന് ജോ[...] ലായിൽ കോറെപ്പിസ്[...] .ജോഷ്വ താഴത്തേത[...] ഗീസ് ചാമക്കാലായി[...] ടെ കാർമികത്വത്തി[...] സഹദായുടെ [...] ചെമ്പ് പ്രതിഷ്ഠ, [...] ആഘോഷങ്ങളു[...] ഡോ.സാമുവൽ മാർ ഐറേ[...] യോസ് നിർവഹിക്കും. തു[...] തിരുനാൾ റാസ. 5ന് 8ന് [...]



മൈലപ്ര തിരുഹൃദയ മലങ്കര കത്തോലിക്കാ പള്ളിയിൽ ഗീവർഗീസ് സഹദായുടെ തിരുനാളിന് ഡോ.സാ[...] മുവൽ മാർ ഐറേനിയോസ് കൊടിയേറ്റുന്നു. ജോസഫ് ചാമക്കാലായിൽ റമ്പാൻ, വികാരി ഫാ.പോ[...] നിലയ്ക്കൽ തുടങ്ങിയവർ സമീപം.

# നവതി ആഘോഷം

# വാർത്തകളിൽ

## മൈലപ്ര മലങ്കര കത്തോലിക്കാ പള്ളി തിരുനാൾ കൊടിയേറി

മൈലപ്ര ● തിരുഹൃദയ മലങ്കര കത്തോലിക്കാ പള്ളി തിരുനാളിന് ഡോ.സാമുവൽ മാർ ഐറേനിയോസ് കൊടിയേറ്റി.

ജോസഫ് ചാമക്കാലായിൽ റമ്പാൻ, വികാരി ഫാ.പോൾ നിലയ്ക്കൽ എന്നിവർ സഹ കാർമികരായി. ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം ദേവാല[...] പടിഞ്ഞാറേ നടയിൽ മാ[...] നിയോസിന്റെ കാർമിക[...] പ്രതിഷ്ഠിച്ചു. തുടർന്ന് കു[...] നടത്തി.

ദേവാലയത്തിന്റെ നവതി[...] നുബന്ധിച്ച് പണിപൂർത്ത[...] ക്കിയ സേക്രട്ട് ഹാർട്ട് പാസ്റ്റ[...] സെന്ററിന്റെ കൂദാശയും മാർ ഐറേനിയോസ് നിർവഹിച്ചു.

30ന് രാവിലെ 7ന് കുർബാന 11ന് ചെമ്പെടുപ്പ് റാസ[...] ഒന്നു മുതൽ 3 വ[...] കുർബാന[...]

## പള്ളി തിരുന്നാളും നവതിയാഘോഷ സമാപനവും

മൈലപ്ര ● തിരുഹൃദയ കത്തോലിക്കാ പള്ളി തിരുന്നാളും നവതിയാഘോഷങ്ങളുടെ സമാപനവും ഇന്ന് മുതൽ മേയ് 7 വരെ നടക്കും. ഇന്ന് 3ന് നവതി സ്മാരക പാഴ്സനേജിന്റെ കൂദാശയും തിരുനാൾ കൊടിയേറ്റും നടക്കും. ഡോ.സാമുവൽ മാർ ഐറേനിയസ് കാർമികത്വം വഹിക്കും. 4 ന് കുർബാനയെ തുടർന്നുള്ള കുടുംബ സമ്മേളനത്തിൽ ഇടവകയിലെ 80 വയസ് പൂർത്തിയായവരെ ആദരിക്കും. നാളെ (24) മുതൽ 29 [...] കുർബാനയർപ്പിക്കും. 11 ന് ഇടവകയുടെ അതിർത്തികളിലേക്കു ചെമ്പെടുപ്പ് റാസ. 3 ന് കൊടിമരഘോഷയാത്ര കുമ്പഴ വടക്ക് ജംക്ഷനിൽ നിന്ന് ദേവാലയത്തിലേക്ക്. മേയ് 1ന് 4 ന് പ്രാർഥനയെ തുടർന്ന് ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പ കുർബാനയർപ്പിക്കും. തുടർന്ന് ഭക്ത സംഘടനകളുടെ വാർഷികം. 2 ന് 4ന് ഫാ. ജേക്കബ് പുത്തനാലിക്കൽ കുർബാനയർപ്പിക്കും. 3 ന് 4ന് ഫാ. ലോറൻസ് തയ്യിൽ കുർബാ[...] പ്രതിഷ്ഠ. 6 ന് ഡോ.തോമസ് മാർ യൗസേബിയസ് തിരുനാൾ സന്ദേശം നൽകും. തുടർന്ന് തിരുനാൾ റാസ. 5 ന് 7 ന് തുടർന്ന് മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ കുർബാനയർപ്പിക്കും. തുടർന്ന് നവതിയാഘോഷങ്ങളുടെ സമാപനസമ്മേളനം. പിന്നീട് ഗീവർഗീസ് സഹദായുടെ കുരിശു[...] പള്ളിയിലേക്ക് റാസ. [...]ന്ന് കൊടിയിറ[...] ചെമ്പെടു[...] [...]ൾ കർമ[...] ക്കുന്നത[...]

## മൈലപ്ര തിരുഹൃദയ പള്ളി തിരുനാൾ റാസ ഇന്ന്

മൈലപ്ര ● തിരുഹൃദയ കത്തോ[...] ലിക്കാ പള്ളി പെരുന്നാളിനോട[...] ബന്ധിച്ചുള്ള തിരുനാൾ റാ[...] ഇന്ന് നടക്കും. രാവിലെ 6.30[...] പരേതർക്കായി കുർബാന, സെ[...] ത്തേരിയിൽ ധൂപപ്രാർഥന, ഗീ[...] ഗീസ് സഹദായുടെ കുരിശുപള്ള[...] യിൽ ചെമ്പ് പ്രതിഷ്ഠ. 4ന് വാ[...] [...]മേളം. 6ന് സന്ധ്യാപ്രാർഥനയ്[...] [...]ശേഷം തിരുനാൾ സന്ദേശം, [...] [...]ന്ന് തിരുനാൾ റാസ, വാദ്യ[...] [...]ളുടെ ഡിസ്പ്ലേ, ആകാശ[...] [...]ച്ച.



മൈലപ്ര തിരുഹൃദയ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ഗീവർഗീസ് സഹദായുടെ തിരുനാൾ സമാപനത്തോടനുബന്ധിച്ച് നടത്തിയ ചെമ്പെടുപ്പ് റാസ

www.malankaralibrary.com

പെരുന്നാൾ ആശംസകൾ...

Super Premium Applicator of

asianpaints

40 YEARS EXPERIENCE

# PHILIP COLOURS

Interior & Exterior Painting Service-Kottayam

9495496492- 9867405132 - 9744254784

Email: philipcolours@gmail.com

*Our service*

- All type of paintings
- Commercial & residential
- wood polish
- Sandblasting
- Putty works
- Texture coating work
- Water proofing service
- Stone works

**SPECIALIST IN CHURCH PAINTING**

40 Years Of Trusted Services

www.malankaralibrary.com

MODERN ROOFING & GLAZING



# TRUSTED ROOFING EXPERTS

**20 Years of Expericence**

## WE'R COMMITED TO PROVIDE QUALITY ROOFING SERVICES.

Moden Roofing & Glazing is one of the top roofing company in kerala. It is established in the year of 2002.We have twenty years of work experience in the field of expertise management and strict supervision. We are committed to provide quality roofing services include stainless steel works, castiron gate, structural fabrication,Ms grills and board cladding.



## Services

### ROOFING WORKS

We offers high quality roofing work and roof repair services all over kerala. Our roofing specialists do the job right the first time. Any roofing need, we've got you. Perfection is always our goal, but excellence will suffice.

### STRUCTURAL FABRICATION

Structural engineering plans and designs are necessary whether your project involves minor updates or large-scale construction. We provide you the best structure that includes new additions, buildings, re-modeling, deck design.

### STAINLESS STEEL WORKS

We are very passionate about steel fabrication with special focus on offering a premium quality products & services to exceed our client's expectations. Most of our projects are related to the fabrication for both domestic and commercial sectors.













MODERN ROOFING & GLAZING

**+91 94477 42365**

+91 94477 4236, +91 9061605599,0481 2444005
www.modernroofing.in | modernroofing23@gmail.com
Address: Modern Roofing & Glazing Thrickodithanam P.O